B. B. Nayar

## എ കെ ജി പഠന ഗവേഷണ കേന്ദ്രം
തിരുവനന്തപുരം

# കേന്ദ്രസംസ്ഥാനബന്ധങ്ങൾ

സെമിനാർ

മെയ് 5–6, 1984

340-5

യൂണിവേഴ്സിററി സ്ററുഡൻസ് സെൻറർ
തിരുവനന്തപുരം

B.B. Nagar

## എ കെ ജി പഠന ഗവേഷണ കേന്ദ്രം

തിരുവനന്തപുരം

# കേന്ദ്രസംസ്ഥാനബന്ധങ്ങൾ

11755

സെമിനാർ

മെയ് 5–6, 1984

PC Library & Research Center

യൂണിവേഴ്സിററി സ്ററുഡൻസ് സെൻറർ

തിരുവനന്തപുരം

# പരിപാടി

## മെയ് 5, ശനി

**രജിസ്ട്രേഷൻ :** 9.30 - 10.30

**ഒന്നാം സമ്മേളനം :** 10.30 - 1.30

*കേന്ദ്രസംസ്ഥാനബന്ധങ്ങൾ: ഭരണഘടനാപരവും നിയമപരവുമായ പ്രശ്നങ്ങൾ*

അധ്യക്ഷൻ : ജസ്ററിസ് ചന്ദ്രശേഖരമേനോൻ (റിട്ട:)

ഉദ്ഘാടനം: ബഹു: ഗുജറാത്ത് ഹൈക്കോടതി ചീഫ് ജസ്ററിസ് സുബ്രഹ്മണ്യൻപോററി

സംസ്ഥാന നിയമനിർമാണവും കേന്ദ്രനിയന്ത്രണങ്ങളും : എസ് ഈശ്വരയ്യർ

340.5

സംസ്ഥാന ഭരണഘടനാപ്രതിസന്ധിയും കേന്ദ്രഇടപെടലും : എൻ കെ ജയകുമാർ

സംസ്ഥാനങ്ങൾക്ക് സ്വയംഭരണം ഉറപ്പുവരുത്തുന്നതിൻെറ ആവശ്യകത : എം എം ചെറിയാൻ

കേന്ദ്രസംസ്ഥാനബന്ധങ്ങൾ: ഇന്നത്തെ സാഹചര്യത്തിൽ : കെ സുധാകരൻ

**ചർച്ച : 3,00 - 4.30**

ചർച്ച തുടങ്ങുന്നവർ : പ്രൊ. ജഗന്നാഥപ്പണിക്കർ,
പിരപ്പൻകോട് ശ്രീധരൻനായർ
ജോൺ ജോസഫ്,
ബാബു മാത്യു
വർക്കല രാധാകൃഷ്ണൻ

**രണ്ടാംസമ്മേളനം :** 4.30 - 6.15

*കേന്ദ്രസംസ്ഥാനബന്ധങ്ങൾ: ഭരണപരവും സാംസ്കാരികവുമായ പ്രശ്നങ്ങൾ*

അധ്യക്ഷൻ : ഇ കെ നായനാർ

കേന്ദ്രസംസ്ഥാന ബന്ധങ്ങൾ: ഭരണപരവും സാംസ്കാരികവുമായ പ്രശ്നങ്ങൾ : പ്രൊ:. രാമൻ പിള്ള

വ്യവസായബന്ധമേഖലയും
കേന്ദ്രസംസ്ഥാന ബന്ധങ്ങളും : ഡോ: കെ രാമചന്ദ്രൻ നായർ

കേന്ദ്രസംസ്ഥാനബന്ധങ്ങളും
വിദ്യാഭ്യാസ പ്രശ്നങ്ങളും : പി കെ രാജൻ

കേന്ദ്രസംസ്ഥാന ബന്ധങ്ങൾ:
ഗവർണറും അഖിലേന്ത്യാ
സർവീസുകളും : ഡോ. ഡി ജയദേവദാസ്

കേന്ദ്രസംസ്ഥാനബന്ധങ്ങളിലെ
ഭരണപരമായ ചില പ്രശ്നങ്ങൾ : ഡോ. എം വി പൈലി

## ചർച്ച 6.15—7.30

ചർച്ച തുടങ്ങുന്നവർ : എം എസ് മധുസൂദനൻ,
കെ എൻ രവീന്ദ്രനാഥ്,
പി കെ നമ്പ്യാർ,
പി നരേന്ദ്രൻ

## മെയ് 6 ഞായർ

## മൂന്നാം സമ്മേളനം 10.00 – 11.30

*കേന്ദ്രസംസ്ഥാനബന്ധങ്ങൾ:*
*ധനപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ*

അധ്യക്ഷൻ : ഡോ. ഐ എസ് ഗുലാത്തി

സർക്കാരിയകമ്മിഷൻ ചോദ്യാവ
ലി—പ്രാഥമിക പ്രതികരണങ്ങൾ : ഡോ. ഐ എസ് ഗുലാത്തി,
ഡോ. കെ കെ ജോർജ്

കേന്ദ്രസംസ്ഥാനബന്ധങ്ങളും
സംസ്ഥാനതലബന്ധങ്ങളും : പ്രൊ. കെ എൻ ഗംഗാധരൻ

ഫിനാൻസ്കമ്മീഷൻ അവാർഡു
കളും സംസ്ഥാനങ്ങളിലേക്കുള്ള
വിഭവകൈമാററവും : പ്രൊ. ഇ ടി മാത്യു

നികുതിപിരിവും പങ്കുവെക്കലും: ഇ പി ജനാർദനൻ

കേന്ദ്രസംസ്ഥാനബന്ധങ്ങളും
ജലവൈദ്യുതി വിക്സനവും : കെ വിജയചന്ദ്രൻ

## ചർച്ച 11.30 – 1.00

ചർച്ച നയിക്കുന്നവർ : കെ വി നമ്പ്യാർ,
ഡോ. ജേക്കബ് ഈപ്പൻ
പ്രൊ. ടി ഗോപാലകൃഷ്ണൻ

ഇടവേള 1.00 – 2.30

## നാലാം സമ്മേളനം 2.30 – 4.00

*കേന്ദ്രസംസ്ഥാനബന്ധങ്ങൾ:*
*ചരിത്രപരവും സൈദ്ധാന്തികവുമായ പ്രശ്നങ്ങൾ*

അധ്യക്ഷൻ : കെ ചന്ദ്രശേഖരൻ

| | |
|---|---|
| മുതലാളിത്തപ്രതിസന്ധിയും ഇന്ത്യൻഫെഡറലിസത്തിന്റെ പ്രശ്നങ്ങളും : | സി പി നാരായണൻ |
| ഇന്ത്യൻദേശീയതകളുടെ പ്രശ്നം— ഒരവലോകനം : | സി പി ജോൺ |
| കേന്ദ്രസംസ്ഥാനബന്ധങ്ങളും ദേശീയഉദ്ഗ്രഥനവും: ഒരു ചരിത്രാധിഷ്ഠിത പരിശോധന : | പി ഗോവിന്ദപ്പിള്ള |
| കേന്ദ്ര സംസ്ഥാന ബന്ധം : | സി കെ കരിം |

## ചർച്ച 4.00 - 5.00

| | |
|---|---|
| ചർച്ച തുടങ്ങുന്നവർ : | പി ആർ നമ്പ്യാർ,<br>ബി ബി നായർ,<br>കെ എൻ ഗണേശ്,<br>ഡോ. കെ എം എൻ മേനോൻ |

## ഇടവേള 5.00 - 5.30

## സിമ്പോസിയം : 5.30 - 8.00

*സർക്കാരിയ കമ്മിഷൻ ചോദ്യാവലിയും*
*രാഷ്ട്രീയപാർടികളും*

അധ്യക്ഷൻ : വി എസ് അച്ചുതാനന്ദൻ

കെ ചന്ദ്രശേഖരൻ
എം എം ലോറൻസ്
പി കെ വാസുദേവൻനായർ
പി സി ചാക്കൊ
ആർ എസ് ഉണ്ണി

# ഒന്നാം സമ്മേളനം
# കേന്ദ്രസംസ്ഥാന ബന്ധങ്ങൾ ഭരണഘടനാപരവും നിയമപരവുമായ പ്രശ്നങ്ങൾ

## അധ്യക്ഷ പ്രസംഗം

### ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അധികാരങ്ങൾ തീരുമാനിക്കുന്നതിലും നിർവചിക്കുന്നതിലും അക്കാലത്തെ രാഷ്ട്രീയസംഭവവികാസങ്ങളും അതിനോട് ബന്ധപ്പെട്ട പരിതസ്ഥിതികളും ഭരണഘടനാനിർമാതാക്കളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്നുള്ളത് സ്വാഭാവിക മാത്രമാണ്. കേന്ദ്രാധികാരത്തെ അത്യധികം പരിമിതപ്പെടുത്തിയിരുന്ന 'ബ്രിട്ടീഷ് ക്യാബിനററ് പദ്ധതി' (British Cabinet Plan) മുസ്ലീംലീഗിനെ പ്രീതിപ്പെടുത്താനുള്ള ഒരു വിട്ടുവീഴ്ച എന്ന നിലയിൽ സ്വീകരിക്കുവാൻ ഭരണഘടനാനിർമാണസഭ തയ്യാറായി. എന്നാൽ ഈ വിട്ടുവീഴ്ചാമനോഭാവത്തിനും രാഷ്ട്രത്തിന്റെ ഐക്യത്തെ രക്ഷിക്കുവാൻ സാധിക്കാതെ വന്നു. ഇന്ത്യയുടെ ചില പ്രത്യേകഭാഗങ്ങൾ സ്വതന്ത്രഭാരതത്തിൽ നിന്നും വേർപെടുന്ന സമയത്താണ് യൂണിയൻ അധികാര സമിതിയുടെ (Union Powers Committee) റിപ്പോർട്ട് അതിന്റെ അധ്യക്ഷനും പ്രധാനമന്ത്രിയുമായ പണ്ഡിററ് ജവഹർലാൽ നെഹ്റു ഭരണഘടനാനിർമാണസഭയിൽ സമർപ്പിച്ചത്. അന്നത്തെ പരിതസ്ഥിതികളിൽ സ്വാഭാവികമായി ഉയർന്നുവന്ന മുദ്രാവാക്യം 'അതിശക്തമായ കേന്ദ്രം' എന്നതായിരുന്നു. സ്വതന്ത്രഭാരതത്തിൽ പരിപൂർണ്ണമായി ലയിച്ച ഒരു സംയോജിതരാഷ്ട്രം സൃഷ്ടിക്കുന്നതിൽ അന്നത്തെ നാട്ടുരാജാക്കന്മാരും അവരുടെ അനുയായികളും വേണ്ട സഹകരണമനോഭാവം കാണിച്ചിരുന്നില്ല. നാട്ടുരാജാക്കന്മാരെ അവഗണിച്ച് നാട്ടുരാജ്യങ്ങളിലെ ഉണർന്നെഴുന്നേററ ജനതയുമായി നേരിട്ട് ബന്ധപ്പെട്ട് വിപ്ലവപരമായ ഒരു പരിവർത്തനത്തിന് കോൺഗ്രസ് നേതൃത്വം തയ്യാറുമല്ലായിരുന്നു. ഇക്കാരണങ്ങളാൽ, പ്രതീക്ഷിക്കാവുന്നതുപോലെ, യൂണിയൻ അധികാര സമി

തിയുടെ റിപ്പോർട്ട് ശക്തമായ കേന്ദ്രമുള്ള ഫെഡറേഷനുവേണ്ടി യുള്ളതായിരുന്നു. ഒരു ഫെഡറേഷനോ അതോ ഒരു ഏകീകൃത രാഷ്ട്രമോ (Unitary State) ഏതായിട്ടാണ് ഭാരതം രൂപപ്പെടുവാൻ പോകുന്നതെന്ന്, ആ റിപ്പോർട്ട് രാഷ്ട്രമീമാംസവിദ്യാർത്ഥികൾക്കും ചിന്തകന്മാർക്കും സംശയമുണ്ടാക്കിട്ടുണ്ടെങ്കിൽ അതിന് അത്ഭുതത്തിന്നവകാശമില്ല. കേന്ദ്ര-സ്റ്റേററ് ഘടകങ്ങളുടെ അധികാര വിഭജനത്തിന് സമിതി സമർപ്പിച്ച രൂപരേഖക്ക് ആധാരം ബ്രിട്ടീഷ് പാർലിമെൻറ് പാസ്സാക്കിയ 1935 ലെ ഗവൺമെണ്ട് ഓഫ് ഇന്ത്യാ ആക്ട് (Government of India Act of 1935) ആണ്. അധികാര വിഭജന സംബന്ധമായി മൂന്ന് വിശദമായ ലിസ്ററുകൾ തയ്യാറാക്കി (1) 'ഫെഡറൽ' ഇപ്പോഴത്തെ യൂണിയൻ-ലിസ്ററ് (2) 'പ്രവിശ്യകൾ' ഇപ്പോഴത്തെ സ്റേററ് ലിസ്ററ്, (3) കൺകറൻറ് (Concurrent) ലിസ്ററ്. ഈ മൂന്ന് ലിസ്ററിലും പെടാതെ, വിശദീകരിക്കാത്ത, അവശിഷ്ടമായ അധികാരങ്ങൾ കേന്ദ്രത്തിന്നായിരിക്കണമെന്നായിരുന്നു സമിതിയുടെ ദൃഢമായ അഭിപ്രായം.

അക്കാലത്ത് ഒരു സുപ്രസിദ്ധ രാജ്യതന്ത്രജ്ഞൻ ചൂണ്ടിക്കാട്ടിയ മാതിരി, ഈ അധികാര വിഭജനരീതി ഭാരതത്തിൻെറ രാഷ്ട്രീയ ഭദ്രതയെ തന്നെ ശക്തമായി ആട്ടിയിരുന്നു. പരിതസ്ഥിതിയുടെ പ്രതിഫലനമായിരുന്നു അത്. ബ്രിട്ടീഷ് കാബിനററ് മിഷൻ പദ്ധതിയനുസരിച്ച് സ്റേററുകൾ അങ്ങേയററം അധികാരമുള്ള, മൗലികാധികാരങ്ങളുള്ള ഘടകങ്ങൾ ആവണമെന്നായിരുന്നു അഭിപ്രായം. വളരെ ചുരുക്കം കാര്യങ്ങളിൽ മാത്രം കേന്ദ്രത്തിന് അധികാരം വിട്ടുകൊടുക്കണമെന്നായിരുന്നു. എന്നാൽ അധീശശക്തിയുടെ 'ജൂൺ 3 ലെ പ്ലാൻ' എന്ന് പ്രസിദ്ധമായ തീരുമാനം കൊണ്ടും അതിൻെറ അടിസ്ഥാനത്തിൽ ബ്രിട്ടീഷ് പാർലമെൻറ് പാസ്സാക്കിയ ഇന്ത്യൻ ഇൻഡിപെൻറൻസ് ആക്ട് (Indian Independence Act) കാരണവും സ്ഥിതിഗതികൾ പാടെ വ്യത്യാസപ്പെട്ടു. വളരെ അധികാരം നിക്ഷിപ്തമായ കേന്ദ്രവും പരിമിതപ്പെട്ട കുറച്ചു അധികാരം മാത്രമുള്ള സ്റേററുഘടകങ്ങളും കൂടിയ ഒരു രാഷ്ട്രം ജനിച്ചു. ഭരണഘടനാനിർമ്മാതാക്കൾ 1935 ലെ ഗവൺമെൻറ് ഓഫ് ഇൻഡ്യാ ആക്ടിനെ (Government of India Act, 1935) അടിസ്ഥാനമാക്കി കേന്ദ്രവും സ്റേററുകളും തമ്മിൽ അധികാര വിഭജനം ചെയ്തുവെന്നു മാത്രമല്ല. പ്രവിശ്യലിസ്ററിൽപെട്ട ചില ഇനങ്ങൾ സമവർത്തിലിസ്ററിലേക്കും (Concurrent List), സമവർത്തി ലിസ്ററിൽപെട്ട ചിലതു കേന്ദ്രലിസ്ററിലേക്കും മാററുകയുമുണ്ടായി. ഇങ്ങനെ വിപുലമായ അധികാരമുള്ള ഒരു കേന്ദ്രത്തോടു കൂടിയ രാഷ്ട്രം രൂപംകൊണ്ടു.

ഭാവിയിലുണ്ടാകാവുന്ന ചില ഭവിഷ്യത്തുകൾ അന്നുതന്നെ ചില ചുമതലപ്പെട്ട കേന്ദ്രങ്ങളും വ്യക്തികളും ചൂണ്ടിക്കാണിക്കുകയുണ്ടായി എന്നത് ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. ഫെഡറൽ സ്വഭാവം തീരെ നഷ്ടപ്പെട്ട ഭരണകൂടമാണ് സംജാതമാകുന്നതെന്ന് അവർ വ്യക്തമാക്കി. പലപ്പോഴും യുക്തി പൂർവ്വവും പരിപക്വവുമായ അഭിപ്രായങ്ങൾ ഉന്നയിക്കാറുള്ള ശ്രീ. സന്താനം, ഭരണഘടനാനിർമാണസഭയിൽ വെച്ചുതന്നെ അധികാര വിഭജനത്തിൻെറ കാര്യത്തിൽ ഭരണഘടനനിർമാതാക്കളുടെ സമീപനം ഔചിത്യരഹിതവും തെററുമാണെന്ന് വ്യക്തമാക്കി. അദ്ദേഹം ഭരണഘടനാനിർമാണസഭയിൽ പ്രസംഗിച്ചു, 'എനിക്കും ഈ രാജ്യത്തിന് ഒരു സുശക്തമായ ഭരണകൂടം വേണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ, കേന്ദ്ര ഗവൺമെണ്ടിൻെറ ശക്തിയെപ്പററി എൻെറ വിഭാവന 'യൂണിയൻ അധികാരസമിതി'യുടെ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നതിൽനിന്നും തുലോം വ്യത്യസ്തമാണ്. സർവ്വ കാര്യങ്ങൾക്കും കേന്ദ്ര ഗവൺമെണ്ടിനെ ഉത്തരവാദിയാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല, പ്രവിശ്യകളിലുള്ള ജനങ്ങളുടെ ജീവിത ഭദ്രതക്കുള്ള ആദ്യത്തെ ചുമതല പ്രവിശ്യാഭരണകൂടങ്ങളുടേതാണ്. വ്യക്തമായ അഖിലേന്ത്യാ കാര്യങ്ങളിൽ മാത്രമേ കേന്ദ്ര ഗവൺമെണ്ടിനു ചുമതല പാടുള്ളു. കേന്ദ്ര ഗവൺമെണ്ടിൻെറ അധികാരം, അഖിലേന്ത്യാടിസ്ഥാനമുള്ള കാര്യങ്ങളിൽ അതിനുണ്ടാവേണ്ട അധികാരത്തിനെമാത്രം അടിസ്ഥാനമാക്കിയല്ല നിലകൊള്ളുന്നത്. പ്രവിശ്യാസംബന്ധിയായ കാര്യങ്ങളിൽ ഉള്ള ചുമതലകളിൽ നിന്നും വിട്ടുനിൽക്കാൻ കേന്ദ്രത്തിനുള്ള സ്വാതന്ത്ര്യവുമായും ബന്ധപ്പെട്ടിരിക്കുന്നു. അപ്രകാരം കേന്ദ്ര- പ്രവിശ്യാഭരണകൂടങ്ങളുടെ അധികാരപരിധികൾ വിധിപരമായും നിഷേധപരമായും വേർതിരിക്കുമ്പോൾ മാത്രമേ ഒരു ശരിയായ ഫെഡറൽ സംവിധാനത്തിന് അടിസ്ഥാനമുണ്ടാകുകയുള്ളു'. സാമ്പത്തികാസൂത്രണം സമവർത്തിലിസ്ററിൽ (Concurrent List) ഉൾപ്പെടുത്തുന്നതിലുള്ള അബദ്ധത്തെ മി. സന്താനം പിന്നീട് ചൂണ്ടിക്കാണിക്കുന്നു. ആസൂത്രണം കേന്ദ്ര ഗവൺമെണ്ടിനും പ്രവിശ്യ (സ്റേററ്) ഗവൺമെണ്ടുകൾക്കും ഒരുപോലെ പ്രാധാന്യമുള്ള രംഗമാണ്. ഈ രംഗത്തുള്ള കേന്ദ്ര-പ്രവിശ്യ (Central and provincial, now State) ഭരണകൂടങ്ങളുടെ നയങ്ങൾ ക്രമമായി സമാനപദവിയിൽ ഘടിപ്പിക്കുവാനുള്ള ശ്രമങ്ങളാണു വേണ്ടതെന്ന് അദ്ദേഹം ഭരണഘടനാനിർമാണസഭയെ ഓർമപ്പെടുത്തി. സമവർത്തി (Concurrent) ലിസ്ററിൽ ആസൂത്രണം ഉൾപ്പെടുന്നതുകൊണ്ട് പ്രവിശ്യ(Prvincial, now state) ലിസ്ററിൽ മാത്രം വരുന്ന വിഷയങ്ങളെ സംബന്ധിച്ചുപോലും ആസൂത്രണം ചെയ്യുന്നത്, തങ്ങളുടെ താൽപര്യവും ഇഷ്ടവും അ

നുസരിച്ച് തടയുവാനും ആ കാര്യത്തിൽ അധികാരം കൈയ്യടക്കാനും കേന്ദ്രത്തിന് സാധിക്കും എന്നദ്ദേഹം മുന്നറിയിപ്പു നൽകി. ധനസ്ഥിതി വിതരണത്തെ സംബന്ധിച്ച് പിന്നീടദ്ദേഹം സംസാരിക്കുകയുണ്ടായി. യൂണിയൻ അധികാര സമിതി (Union Powers Committee) സമർപ്പിച്ച റിപ്പോർട്ടിൽ, ഭൂനികുതിയും ആദായം കുറഞ്ഞുവരുന്ന ചില ചുരുക്കം വിഷയങ്ങളുമൊഴികെ, പ്രധാനവിഷയങ്ങളിലുള്ള നികുതിചുമത്തുവാനുള്ള അധികാരം കേന്ദ്രത്തിനാണ് തിരിച്ചു വച്ചിട്ടുള്ളത്. ഇതിൽ നിന്നും സംജാതമാകുന്ന സ്ഥിതിഗതികളെ മി. സന്താനം ചൂണ്ടിക്കാട്ടി. കേന്ദ്രത്തിൻെറ പടിക്കൽ എപ്പോഴും കാത്തുനിൽക്കേണ്ടിവരുന്ന ഭിക്ഷാംദേഹികളായി സ്റേററുകളെ മാററുകയാണ് ഇതുകൊണ്ട് വരുവാൻ പോകുന്നത്. ''ഞങ്ങരംക്ക് ഞങ്ങളുടെ ജനങ്ങരംക്ക് വിദ്യാഭ്യാസം നൽകുവാൻ സാധിക്കുന്നില്ല. ഞങ്ങരംക്ക് ജനങ്ങരംക്കാവശ്യമായ ആരോഗ്യസംരക്ഷണ നടപടികരം എടുക്കുവാൻ സാധിക്കുന്നില്ല, റോഡുകരം നന്നാക്കുവാനും വ്യവസായങ്ങരം സ്ഥാപിക്കുവാനും ഞങ്ങരംക്കെന്തെങ്കിലും തരിക'' എന്ന് സ്റേററുഘടകങ്ങരം കേന്ദ്രത്തിൻെറ അടുക്കൽപോയി യാചിക്കുന്ന ഒരു സ്ഥിതി ഉണ്ടാകുവാൻ പാടില്ലെന്ന് അദ്ദേഹം വാദിച്ചു.

ശരിയായ രൂപത്തിലുള്ള ഒരു ഫെഡറൽസംവിധാനമല്ല ഭരണനിർമാണസഭ നമുക്ക് തന്നിട്ടുള്ളത്. ഭരണഘടന 2- ഉം 3- ഉം വകുപ്പുകരം (Articles 2 and 3) അനുസരിച്ച് ഒരു സാധാരണ ഭൂരിപക്ഷം കൊണ്ടുമാത്രം പാർലിമെൻറിനു പുതിയ സ്റേററുകരം സ്ഥാപിക്കുവാനും നിലവിലിരിക്കുന്ന സ്റേററുകളുടെ വിസ്തീർണത്തെയോ, അതിരുകളെയോ, നാമത്തേയോ ഭേദപ്പെടുത്തുവാനും സാധിക്കും. പാർലിമെൻറ് എത്ര തവണ ഈ അധികാരം ഉപയോഗിച്ചിട്ടുണ്ട്. ഇന്ത്യയിലെ സോളിസിററർ ജനറൽ ആയിരുന്ന മി. എസ് എൻ. കാക്കർ ഒരിക്കൽ അഭിപ്രായപ്പെട്ടതുപോലെ, കേന്ദ്രത്തിന് അതിൻെറ സ്വന്തമായ നടപടിമൂലം സ്റേററുകരംക്ക് ഭരണഘടനാപരമായി വിഭജിച്ചു കൊടുത്തിട്ടുള്ള അധികാരങ്ങളെ തീരെ അവഗണിച്ചുകൊണ്ട് നിയമങ്ങരം കൊണ്ടുവരുവാൻ വലിയ പ്രയാസമില്ല. സ്റേററുകരംക്കു മാത്രം അധികാരമുള്ള വിഷയങ്ങരം ഒരു പ്രത്യേക ലിസ്ററു മൂലം ഭരണഘടനാ നിർമാണസഭ നിർവചിച്ചിട്ടുണ്ടെന്നുള്ളത് സത്യമാണ്. എന്നാൽ സ്റേററുനിയമസഭകരംക്ക് നിയമങ്ങരം പാസ്സാക്കുവാനുള്ള അധികാരം സമവർത്തി ലിസ്ററിൽ (Concurrent list) വിവരിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചുള്ള നിയമ നിർമ്മാണത്തിന് കേന്ദ്രത്തിനുള്ള അധികാരത്തിന് അധീനമാണ്. അതിനെ ആശ്ര

യിച്ചിരിക്കും. അതു മാത്രമല്ല, ചില പ്രത്യേക പരിതസ്ഥിതികളിൽ സ്റേററിനു മാത്രം അവകാശമുള്ള വിഷയങ്ങളെ സംബന്ധിച്ചുപോലും യൂണിയൻ ഗവൺമെൻറിന് അതിൻെറതായ അധികാരം വിനിയോഗിച്ച് നിയമനിർമാണം നടത്തുവാൻ ഭരണഘടന അനുവദിക്കുന്നു. ഇതു ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തിനെ തീരെ നിഷേധിക്കുന്ന ഒന്നാണ് എന്നതിന് സംശയമില്ല. ഭരണഘടന- 250 ാം വകുപ്പ് ഈ അവസരത്തിൽ പ്രസക്തമാണ്. നമുക്ക് അത് പരിശോധിക്കാം.

'250 - അടിയന്തരാവസ്ഥാ വിളംബരം പ്രവർത്തനത്തിലുണ്ടെങ്കിൽ സ്റേററ് ലിസ്ററിലെ ഏതെങ്കിലും വിഷയം സംബന്ധിച്ച് ഇന്ത്യയുടെ മുഴുവൻ രാജ്യക്ഷേത്രത്തിനോ, അതിൻെറ ഏതെങ്കിലും ഭാഗത്തിനോവേണ്ടി നിയമങ്ങൾ നിർമിക്കുവാൻ' പാർലമെൻറിനുള്ള അധികാരം.

(1) ഈ അദ്ധ്യായത്തിൽ എന്തുതന്നെയിരുന്നാലും, ഒരുഅടിയന്തരാവസ്ഥാവിളംബരം പ്രവർത്തനത്തിലിരിക്കുമ്പോൾ പാർലമെൻറിന്, സ്റേററ് ലിസ്ററിൽ എണ്ണി പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയങ്ങൾ സംബന്ധിച്ച് ഇന്ത്യയുടെ മുഴുവൻ രാജ്യക്ഷേത്രത്തിനോ, അതിൻെറ ഏതെങ്കിലും ഭാഗത്തിനോവേണ്ടി നിയമങ്ങൾ നിർമിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാകുന്നു.

(2) ഏതു നിയമം നിർമിക്കുവാൻ, ഒരു അടിയന്തിരാവസ്ഥാ വിളംബരം പുറപ്പെടുവിക്കുന്നതുമൂലമല്ലാതെ പാർലമെൻറിന് അധികാരമുണ്ടാകുകയില്ലയോ, പാർലമെൻറിനാൽ നിർമിക്കപ്പെട്ട അങ്ങിനെയുള്ള ആ നിയമത്തിന്, ആ അധികാരമില്ലായ്മയുടെ വ്യാപ്തിയോളം ആ വിളംബരം പ്രവർത്തനരഹിതമായതിനുശേഷം ആറുമാസക്കാലത്തിൻെറ അവസാനത്തിൽ, മേൽപറഞ്ഞ കാലത്തിൻെറ അവസാനത്തിനുമുമ്പ് ചെയ്യപ്പെട്ടതോ, ചെയ്യപ്പെടുവാൻ വിട്ടുപോയതോ ആയ കാര്യങ്ങൾ സംബന്ധിച്ചൊഴികെ പ്രഭാവം ഇല്ലാതാകുന്നതാകുന്നു''.

249-ാം വകുപ്പും ഇവിടെ പ്രസക്തമാണ്.
''249 - സ്റേററ് ലിസ്ററിലെ ഒരു വിഷയം സംബന്ധിച്ച് ദേശീയ താത്പര്യത്തിനുവേണ്ടി നിയനിർമാണം ചെയ്യുവാൻ പാർലമെൻറിനുള്ള അധികാരം.

(1) ഈ അദ്ധ്യായത്തിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ ഏതുതന്നെയിരുന്നാലും രാജ്യസഭയിൽ ഹാജരാകുകയും വോട്ടു ചെയ്യുക

യും ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാതെയുള്ളവരാൽ പിൻതാങ്ങപ്പെട്ടിട്ടുള്ള പ്രമേയം മുഖേന ആ പ്രമേയത്തിൽ നിർദ്ദിഷ്ടമായ ഏതെങ്കിലും വിഷയം സംബന്ധിച്ച്, പാർലമെൻറിൻെറ നിയമങ്ങൾ നിർമ്മിക്കേണ്ടത് ദേശീയ താത്പര്യത്തിന് ആവശ്യകമോ ഉദ്ദിഷ്ട ഫലദായകമോ ആണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ, ആ പ്രമേയം പ്രാബല്യത്തിലിരിക്കുമ്പോൾ ആ വിഷയം സംബന്ധിച്ച് ഇന്ത്യയുടെ മുഴുവൻ രാജ്യക്ഷേത്രത്തിനോ, അതിൻെറ ഏതെങ്കിലും ഭാഗത്തിനോവേണ്ടി പാർലമെൻറ് നിയമങ്ങൾ നിർമ്മിക്കുന്നതു നിയമാനുസൃതമായിരിക്കുന്നതാകുന്നു.

(2) (1)-ാം ഖണ്ഡത്തിൽ കീഴിൽ പ,സ്സാക്കപ്പെട്ട ഒരു പ്രമേയം അതിൽ വിനിർദ്ദിഷ്ടമായിട്ടുള്ളതും ഒരു കൊല്ലത്തിൽ കവിയാത്തതും ആയ കാലത്തോളം പ്രാബല്യത്തിലായിരിക്കുന്നതാകുന്നു. ..........................................................................

251-ാം വകുപ്പു പ്രകാരം, 249-ഉം 250-ഉം വകുപ്പുകൾ പ്രകാരം പാർലിമെൻറിനാൽ നിർമിക്കപ്പെട്ട നിയമങ്ങൾക്ക് സ്റേററ്നിയമസഭകൾ നിർമിച്ച നിയമങ്ങളുമായി വൈരുദ്ധ്യമുണ്ടെങ്കിൽ, പാർലിമെൻറിനാൽ നിർമിക്കപ്പെട്ട നിയമം പ്രാബല്യത്താൽ തുടരുന്ന കാലത്തോളം സ്റേററ് നിയമസഭ നിർമിച്ച നിയമം ആ വൈരുദ്ധ്യത്തിൻെറ വ്യാപ്തിയോളം പ്രവർത്തനരഹിതമായിരിക്കും.

അടിയന്തരാവസ്ഥാ വിളംബരം ചെയ്യൽ യൂണിയൻഭരണകൂടത്തിൻെറ മാത്രം അധികാരത്തിൽപെട്ടതാകുന്നു. യൂണിയൻ ഭരണകൂടത്തിൻെറ അങ്ങിനെയൊരു തീരുമാനംമൂലം ബന്ധപ്പെട്ട സ്റേററിൻെറ 249-ാം വകുപ്പുപ്രകാരം വിനിയോഗിക്കാവുന്ന അധികാരം അടിയന്തരാവസ്ഥ നിൽക്കുന്ന കാലത്തോളം എടുത്തുകളയുന്നു.

ഭരണഘടന. 257-ാം വകുപ്പു സ്റേററിൻെറ നിർവാഹകാധികാരം (Executive powers) കേന്ദ്ര നിർവാഹകാധികാരത്തിന് പരിപൂർണമായി കീഴ്പ്പെടുത്തിയിരിക്കുന്നു. അതുപ്രകാരം ഓരോ സ്റോററിൻേറയും നിർവാഹകാധികാരം യൂണിയൻെറ നിർവ്വഹകാധികാരത്തിൻെറ പ്രയോഗത്തിന് വിഘാതമുണ്ടാക്കുകയോ. ഭംഗം വരുത്തുകയോ ചെയ്യാത്ത വിധത്തിൽ പ്രയോഗിക്കപ്പെടേണ്ടതും ആ ആവശ്യത്തിനു വേണ്ടതാണെന്നു ഇൻഡ്യാഗവൺമെണ്ടിനു തോന്നുന്ന നിർദ്ദേശങ്ങൾ ആ സ്റേററിനു നൽകുന്നതിലേക്കു, യൂണിയൻെറ നിർവാഹകാധികാരം വ്യാപിപ്പിക്കാവുന്നതുമാകുന്നു.

സാമ്പത്തികകാര്യങ്ങളിൽ, ഒരു ഫെഡറൽ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ വലിച്ചെറിഞ്ഞതായി കാണാവുന്നതാണ്.

268-ാം വകപ്പുപ്രകാരം സ്റേററുകളുടെ ആവശ്യത്തിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും, സ്റേററുകളാൽ പിരിക്കപ്പെടുകയും വിനിയോഗിക്കപ്പെടേണ്ടതുമായ പല നികുതികളും ചുമത്തുവാനുള്ള അധികാരം സ്റേററിനു നിഷേധിക്കപ്പെട്ടിരിക്കുന്നു. ആ അധികാരം കേന്ദ്രത്തിനാണ്. സ്റേററുകൾ, കേന്ദ്രം ആ വകയിൽ അവർക്കു നൽകുന്നതും തിരിച്ചു വച്ചിട്ടുള്ളതുമായ സംഖ്യകൾ കൊണ്ട് തൃപ്തിപ്പെടണം. 270 ഉം 272-ഉം വകുപ്പുകൾ അതു വ്യക്തമാക്കുന്നു.

നമുക്ക് ഇപ്പോൾ 355-ാം വകുപ്പു പരിശോധിക്കാം.— സ്റേററുകളുടെ രക്ഷിതാവായിട്ടാണ് കേന്ദ്ര ഗവൺമെണ്ടിനെ കരുതുന്നത്. അതനുസരിച്ച് ഒരു സ്റേററിലെ ഗവർണരിൽനിന്ന് ഒരു റിപ്പോർട്ട് കിട്ടിയതിൻമേൽ, അല്ലെങ്കിൽ മററുവിധത്തിൽ, രാഷ്ട്രപതിക്കു ആ സ്റേററിലെ ഭരണം ഈ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ച് നടത്തികൊണ്ടുപോകുവാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഉത്ഭവിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെടുകയാണെങ്കിൽ, രാഷ്ട്രപതിക്കു ഒരു വിളംബരം മുഖേന ആ സ്റേററിലെ ഗവൺമെൻറിൻെറ ചുമതലകൾ മുഴുവനുമോ അവയിൽ ഏതെങ്കിലുമോ തന്നിലേക്കുതന്നെ ഏറെറടുക്കാവുന്നതാണ്. രാഷ്ട്രപതിയുടെ ബോദ്ധ്യപ്പെടൽ, അന്തിമവും നിർണായകവും ആയിരിക്കുകയും ഏതെങ്കിലും കാരണത്തിൻമേൽ ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു. റീഡിംഗ് പ്രഭു (Lord Reading), നൈസാമിനോട് 1920-കളിൽ പറയുകയുണ്ടായി. "Paramonntcy is paramunt ". ഇന്ത്യൻ ഭരണഘടന പറയുന്നു ; യൂണിയൻ ഗവൺമെൻറ് തീർച്ചയാക്കിയാൽ അത് ഒരുവിധത്തിലും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതാകുന്നു എന്ന്. 356-ാം വകുപ്പനുസരിച്ച് സ്റേററ് നിയമസഭയുടെയും നിർവാഹകമണ്ഡലത്തിൻെറയും അധികാരങ്ങൾ മുഴുവനുമായിതന്നെ യൂണിയൻ നിയമസഭയിലും നിർവ്വാഹക മണ്ഡലത്തിലും നിക്ഷിപ്തമാക്കുവാൻ സാധിക്കും. എവിടെയാണ് ഫെഡറൽ തത്വങ്ങൾ പരിരക്ഷിക്കപ്പെട്ടിരിക്കുന്നത് ? 356 -ാംവകുപ്പനുസരിച്ച് യൂണിയൻ ഗവൺമെൻറിനു, സ്ററേററ് ഗവൺമെണ്ട് ഭരണഘടനക്കനുസരിച്ച് നടത്തികൊണ്ടു പോകുവാൻ അസാദ്ധ്യമാണെന്ന് ഒരു കൽപ്പിതകഥ സൃഷ്ടിച്ച് സ്റേററ് ഗവൺമെണ്ടിൻെറ എല്ലാ അധികാരങ്ങളും കൈയ്യടക്കുവാൻ സാധിതമാണ്. എന്തുകൊണ്ടെന്നാൽ ഏതേതു പരിതസ്ഥിതികളിലും സ്ഥിതിവിശേഷങ്ങളിലുമാണ് സ്റേററ് ഗവൺമെണ്ട് ഭരണഘടനാനുസൃതമായി ഭരിക്കുവാൻ അസാദ്ധ്യ

മാണ് എന്നു പറയാൻ വ്യക്തമായ മാർഗ രേഖകളൊന്നും ഭരണ ഘടനയിൽ കാണുന്നില്ല.

ഒരു നല്ല ന്യായാധിപൻ, ഒരു ഉന്നത നിയമജ്ഞൻ എന്നീ നലകി ളിൽ പേരു കേട്ട സുപ്രീംകോടതിയിലെ റിട്ടയാർഡ് ജഡ്ജി ജഗൻ മോഹൻ റെഡ്ഢി, സ്റേററിനെ പ്രവർത്തനരഹിതമാക്കുന്ന തര ത്തിൽ കേന്ദ്രത്തിന് അതിൻെറ മേലുള്ള പിടി വിടർത്തുന്നതി ൻെറ പ്രാധാന്യത്തെപററി പറയുകയുണ്ടായി, പ്രത്യേകിച്ച് സാമ്പ ത്തിക കാര്യങ്ങളിൽ. സാമ്പത്തിക മണ്ഡലത്തിൽ സ്റേററിനെ നിർജീവമാക്കുന്ന കേന്ദ്രത്തിൻെറ അധികമായ ശക്തി ഇന്ന് ഒരു രഹസ്യമല്ലെന്നും സ്റേററിൻെറ പദ്ധതികൾക്കെല്ലാംതന്നെ കേ ന്ദ്രത്തിനെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതി ദയനീയമാണെന്നു അദ്ദേഹം പറയുകയുണ്ടായി. വ്യത്യസ്ഥ കക്ഷിയാണ് അധികാര ത്തിലുണ്ടിയിരുന്നത് എന്നതുകൊണ്ട് ഒരിക്കൽ ഗുജറാത്ത് ഗവൺ മെണ്ടിനു ചില പ്രധാന പ്രവർത്തനങ്ങൾക്ക് 16% പലിശക്ക് കേന്ദ്ര ഗവൺമെണ്ടിൽ നിന്നും സംഖ്യ കടം വാങ്ങേണ്ടിവന്ന അവസ്ഥയെ അദ്ദേഹം ചിത്രീകരിക്കുകയുണ്ടായി.

ഒരു ശരിയായ ഫെഡറൽ സംവിധാനത്തിൻെറ പ്രത്യേകതകൾ 'സെതൽവാദ് കമ്മിഷൻ' എന്ന ഭരണ പരിഷ്ക്കാര കമ്മിഷൻ, അ തിൻെറ ഒരു പഠന സംഘം സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തുക യുണ്ടായി.

1. സ്വതന്ത്രവും അതിൻെറതായ രംഗത്ത് പരമോന്നതത്വവുമുള്ള ഘടകങ്ങളുടെ അന്യോന്യമുള്ള സമ്മതപ്രകാരം, അവരുടെ പൊ തു താൽപര്യത്തിനുവേണ്ടിയുള്ള അധികാരപരിത്യാഗത്തിൽ ഒരു കേന്ദ്രം ജന്മമെടുക്കുന്നത്.

2. ഭരണഘടനയിൽ നിർവ്വചിക്കാത്ത അധികാരം (residuial powers) ഓരോ ഘടകത്തിനുമായിരിക്കും. കേന്ദ്രത്തിനല്ല.

3. യൂണിയനു കൊടുക്കാത്ത കാര്യങ്ങൾക്കായുള്ള പ്രത്യേക ഭരണസംവിധാനം ഓരോഘടകങ്ങൾക്കുമുണ്ടായിരിക്കണം.

4. ഭരണഘടനക്ക് പരമോന്നതത്വം ഉണ്ടായിരിക്കണം. അതു കാരണം എല്ലാഘടകങ്ങളുടേയും സമ്മതത്തോടുകൂടി മാത്രമേ ഭരണ ഘടന ഭേദഗതി ചെയ്യുവാൻ പാടുള്ളു.

5. അധികാര വിഭജനത്തെ സംബന്ധിച്ചിടത്തോളം യൂണി യനും ഘടകങ്ങളും അതാതിൻേറതായ മണ്ഡലങ്ങളിൽ സ്വതന്ത്ര വും സമാന പദവിയോടു കൂടി ക്രമമായി ഒന്നിച്ചു ഘടിപ്പിക്കപ്പെ ട്ടതു മായിരിക്കണം. ദേശീയ പ്രാധാന്യമുള്ള കാര്യങ്ങൾ യൂണി

യൻെറ പരിധിയിലും. പ്രാദേശിക പ്രാധാന്യമുള്ള കാര്യങ്ങൾ ഘടകങ്ങളുടെ പരിധിയിൽ പെട്ടിരിക്കണം.

6. ഭരണഘടന വ്യാഖ്യാനിക്കുവാനും ഭരണഘടനാ വിരുദ്ധമായ പ്രവർത്തനങ്ങൾ ഏതു അധികാര കേന്ദ്രത്തിൻേറതാണെങ്കിലും അതു അസാധുവായി പ്രഖ്യാപിക്കുവാനുള്ള അധികാരവും, ഘടകങ്ങൾ തമ്മിലും, ഏതെങ്കിലും ഒരു ഘടകവും യൂണിയനും തമ്മിലും ഉണ്ടാകാവുന്ന അഭിപ്രായ വ്യത്യാസങ്ങളും കലഹങ്ങളും തീരുമാനിക്കുവാനുള്ള ചുമതലയും നീതിന്യായ കോടതികളിൽ നിക്ഷിപ്തമായിരിക്കണം.

ഇതിൽ അവസാനം പറഞ്ഞതു മാത്രമേ വ്യക്തമായി ഇന്ത്യൻ ഭരണഘടനയിൽ കാണുന്നുള്ളൂ.

ഈ അടിസ്ഥാനത്തിൽ വീക്ഷിക്കുമ്പോൾ ഇന്ത്യൻ ഭരണഘടന കൂടുതലായും ഒരു ഏകീകൃത സ്റേററിൻെറ സ്വഭാവങ്ങളാണ് പ്രതിഫലിപ്പിക്കുന്നത്, ഒരു ഫെഡറേഷൻേറതല്ല എന്ന അഭിപ്രായഗതിയെ തള്ളിക്കളയുവാൻ പാടില്ല. സ്റേററ് ഓഫ് രാജസ്ഥാൻ-വേ- യൂണിയൻ ഓഫ് ഇൻഡ്യ (AIR- 1978 5 C. 1362)- എന്ന കേസ്സിൽ സുപ്രീംകോടതി പ്രകടിപ്പിച്ച അഭിപ്രായം ഈ അഭിപ്രായത്തെ ശക്തിപ്പെടുത്തുന്നുണ്ട്.

ഒരു അവികസിത രാഷ്ട്രത്തെ ദേശീയമായി ശക്തിപ്പെടുത്തുവാനും രാഷ്ട്രീയമായും സാമ്പത്തികമായും പൊരുത്തപ്പെടുത്തുവാനും, ക്രമപ്പെടുത്തിയ പദ്ധതി അനുസരിച്ച് രാഷ്ട്രത്തെ പുരോഗതിയിലേക്ക് നയിക്കുവാനും ഫെഡറേഷൻെറ തത്വങ്ങളിൽ അയവു വരുത്തി ഒരു ഏകീകൃത ഭരണകൂടം ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്ന ഒരു ചിന്താഗതിയുള്ളതും ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. ചീഫ് ജസ്ററിസ് ബേഗ് രാജസ്ഥാൻ കേസ്സിൽ ഇങ്ങനെയൊരഭിപ്രായം രേഖപ്പെടുത്തിയതായി കാണുവാൻ സാധിക്കും.

1971 ൽ, തമിഴ്നാട് ഗവൺമെണ്ട് ഡാക്ടർ പി. വി രാജമന്നാർ (മദിരാശി റിട്ട. ചീഫ് ജസ്ററിസ), ഡാക്ടർ ലക്ഷ്മണസ്വാമി മുതലിയാർ, ജെ: ചന്ദ്രറെഡ്ഡി എന്നീ മൂന്ന് അംഗങ്ങളുള്ള ഒരു കമ്മീഷനെ കേന്ദ്ര- സ്റേററ് ബന്ധങ്ങളെ കുറിച്ച് പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ നിയോഗിക്കുകയുണ്ടായി. 256, 257 വകുപ്പുകൾ തീരെ എടുത്തു കളയേണ്ടതാണെന്ന് അവർ അഭിപ്രായപ്പെട്ടു. കേന്ദ്ര-സ്റേററ് കൺകറൻറ് ലിസ്റ്റുകളിൽ വളരെ ഭേദഗതി വരുത്തേണ്ടതാണെന്നും സ്റേററിൻെറ അധികാര

ങ്ങൾ കൂടുതൽ വിഷയങ്ങളിൽ ഉണ്ടായിരിക്കണമെന്നും കമ്മീഷൻ റിപ്പോർട്ടു ചെയ്യുകയുണ്ടായി. നിയമ നിർമാണത്തിലും നികുതി ചുമത്തലിലും പ്രത്യേമായി ഭരണഘടനയിൽ നിർവചിക്കാത്തതു സ്റേററിൻെറ അധികാരത്തിൽപ്പെട്ടതായിരിക്കണമെന്ന് കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായി. ഭരണഘടനയിലെ 356, 357, 365 വകുപ്പുകളും മുഴുവനായി എടുത്തു മാററണമെന്നും അവർ നിർദ്ദേശിച്ചു. ഹൈക്കോടതിയിൽ നിന്നും സാധാരണ സിവിൽ, ക്രിമിനൽ കാര്യങ്ങളിൽ സുപ്രീംകോടതിയിലേക്ക് അപ്പീൽ ആവശ്യമില്ലെന്നും അവർ അഭിപ്രായപ്പെട്ടു. ഭരണഘടന സംബന്ധമായ കേസുകളോ, അല്ലെങ്കിൽ കേന്ദ്ര നിയമങ്ങളുടെ വ്യാഖ്യാന പ്രശ്നങ്ങളോ വരുന്ന കേസ്സുകളോ മാത്രമേ സുപ്രീംകോടതിയുടെ തീരുമാനത്തിന് വിധേയമാവേണ്ടതുള്ളൂ എന്നാണ് അവരുടെ അഭിപ്രായം.

കേന്ദ്രമന്ത്രിസഭക്കുള്ള അമിതമായ എക്സിക്യൂട്ടീവ് അധികാരമാണ് കാതലായ ഒരു പ്രശ്നം. ഭരണഘടനനിർമാണ സഭയിൽ തന്നെ ഇതിൽ നിന്നും ഉത്ഭവിക്കാവുന്ന ബുദ്ധിമുട്ടുകൾ ഒറീസയിലെ ബിശ്വനാഥദാസ് ചൂണ്ടിക്കാണിക്കുകയുണ്ടായി.

അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള യൂണിയൻെറ അധികാരത്തെ സംബന്ധിച്ച്, ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധ രാഷ്ട്രപതി കാണിക്കണമെന്ന് ഡാക്ടർ അംബേദ്ക്കർ ഭരണഘടനാസമിതിയിൽ വ്യക്തമാക്കുകയുണ്ടായി. ആ അധികാരം വിനിയോഗിക്കുന്നതിനുമുമ്പായി രാഷ്ട്രപതി സ്റേററിന് അവിടത്തെ സ്ഥിതിയെ സംബന്ധിച്ച് ഒരു മുന്നറിയിപ്പ് (Warning) നൽകണം. അതിനു ഫലമില്ലെങ്കിൽ ജനങ്ങൾക്ക് കാര്യം അവരവർതന്നെ തീരുമാനിക്കുന്നതിനുവേണ്ടി ഒരു തിരഞ്ഞെടുപ്പ് നടത്തണം. ഈ രണ്ടു മാർഗങ്ങളും കൊണ്ടു ഫലമില്ലെങ്കിൽ മാത്രമേ 356-ാം വകുപ്പു പ്രകാരം രാഷ്ട്രപതി നടപടി എടുക്കുകയുള്ളൂ എന്നാണ് അന്നത്തെ നിയമമന്ത്രിയും ഭരണഘടനാനിർമാതാക്കളിൽ പ്രമുഖനുമായ ഡാ. അംബേദ്ക്കർ പറഞ്ഞത്. പക്ഷേ അതേമാതിരിയാണോ ഇന്നുവരെ 356-ാം വകുപ്പു പ്രകാരം കേന്ദ്രം പ്രവർത്തിച്ചിട്ടുള്ളത്? ഒരിക്കലുമല്ല.

പ്രശ്നം ഇപ്പോഴും അധികാരത്തിൻെറ പ്രശ്നമാണ്. വ്യക്തിയുടേതായാലും സംഘങ്ങളുടേതായാലും അധികാരത്തിന് കടിഞ്ഞാൺ വേണം. അവിടെയാണ് സ്വതന്ത്രവും നിർഭയവുമായ ഒരു നീതിന്യായ പീഠത്തിൻെറ ആവശ്യകത.

ഏതായാലും കേന്ദ്ര-സ്റേററ് അധികാരങ്ങളെപററിയും ബന്ധത്തെപററിയും ഒരു പഠനത്തിനു ബുദ്ധി ജീവികളും സാധാരണക്കാരും ഉൽസാഹം കാണിക്കുന്നത് പ്രോൽസാഹജനകമായ ഒരു കാര്യമാണ്.

# സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം ഉറപ്പുവരുത്തുന്നതിൻെറ ആവശ്യകത

എം. എം. ചെറിയാൻ

സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശങ്ങൾ നൽകണം എന്ന ആവശ്യം ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു പ്രധാന ചർച്ചാവിഷയമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഈ ആവശ്യത്തെ അനുകൂലിച്ചുകൊണ്ടും പ്രതികൂലിച്ചുകൊണ്ടും ഏറെ അഭിപ്രായപ്രകടനങ്ങൾ നടന്നുകഴിഞ്ഞു. സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശങ്ങൾ നൽകണമെന്ന അഭിപ്രായത്തെ പിന്തുണക്കുന്നവർ ഇന്ത്യയെപ്പോലെ ഭാഷാപരമായും സാംസ്കാരികമായും മതപരമായും വൈവിധ്യമുള്ള ജനങ്ങളെ ഉൾക്കൊള്ളുന്ന ഒരു വലിയ രാജ്യത്ത് സ്വാതന്ത്ര്യവും സ്വയംഭരണാവകാശങ്ങൾ ഉള്ളതുമായ സംസ്ഥാനങ്ങളുടെ സ്വയവും ബോധപൂർവവുമായ പ്രവർത്തനങ്ങളിലൂടെ മാത്രമെ ദേശീയോദ്ഗ്രഥനം കൈവരിക്കാൻ കഴിയൂ എന്നു ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നത് രാജ്യത്തിൻെറ ഐക്യം വർധിപ്പിക്കുകയെ ഉള്ളുഎന്ന് അവർ വാദിക്കുന്നു. വിവിധ ജനവിഭാഗങ്ങളുടെയും സംസ്ഥാനങ്ങളുടെയും ജനാധിപത്യപരമായ അവകാശങ്ങളെയും അവയുടെ വ്യതിരിക്തതകളെയും അംഗീകരിച്ചുകൊണ്ടല്ലാതെ കെട്ടുറപ്പുള്ള ഒരു ഏകീകൃത ഇന്ത്യയെ വാർത്തെടുക്കുവാൻ കഴിയില്ല. ഈ വാദഗതി ശക്തമായ ഒരു കേന്ദ്രത്തിനു വേണ്ടി ശബ്ദമുയർത്തുന്നവരുടെ ആവശ്യങ്ങൾക്ക് എതിരല്ല എന്നു വ്യക്തമാക്കിക്കൊള്ളട്ടെ. കേന്ദ്രവും സംസ്ഥാനങ്ങളും അതതുകളുടെ വ്യക്തമായി നിർവചിക്കപ്പെട്ട മേഖലകളിൽ ശക്തമായിരിക്കതന്നെവേണം എന്നാണവർ ഉദ്ദേശിക്കുന്നത്. എന്നാൽ സംസ്ഥാനങ്ങൾക്ക് സ്വയംഭരണാവകാശങ്ങൾ നൽകണമെന്ന ആവശ്യത്തെ എതിർക്കുന്നവർ അത്തരം നടപടികൾ ദേശീയ സർക്കാ

രിനെ ക്ഷീണിപ്പിക്കും എന്നു ഭയപ്പെടുന്നു. സംസ്ഥാനങ്ങളെ വരുതിക്കു നിർത്തുവാൻ പ്രാപ്തിയുള്ള ഒരു ശക്തമായ കേന്ദ്രത്തിനു മാത്രമെ ശക്തിയുള്ള രാജ്യത്തെ വാർത്തെടുക്കുവാൻ കഴിയൂ എന്നാണവർ പറയുന്നത്.

1947-നു മുമ്പ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിൻെറ എല്ലാ പ്രമേയങ്ങളിലും പ്രൊവിൻസുകൾക്ക് സ്വയംഭരണാവകാശം നൽകണം എന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിലെ ഭരണകക്ഷിയായി മാറിയ കോൺഗ്രസ് അതിൻെറ വാഗ്ദാനങ്ങളിൽനിന്ന് പുറകോട്ടുപോയി. 'ഭാഷാസംസ്ഥാനങ്ങൾ' എന്ന ആശയത്തെ എതിർക്കുന്നതിനാണ് കോൺഗ്രസ് പിന്നീടു മുതിർന്നത്. ഈ പശ്ചാത്തലത്തിൽ, ഇന്ത്യൻ ഭരണഘടനയുടെ വിവിധ പരിണാമഘട്ടങ്ങളെ പരിശോധിക്കുന്നത് രസകരമായിരിക്കും.

1950 ജനുവരി 26 നു നിലവിൽവന്ന ഭരണഘടനയുടെ 1-ാം ഷെഡ്യൂൾ എ, ബി, സി, ഡി എന്നിങ്ങനെ 4 വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. 'എ' വിഭാഗത്തിൽ ആസ്സാം, ബീഹാർ, ബോംബെ, മധ്യപ്രദേശ്, മദ്രാസ്, ഒറീസ്സ, പഞ്ചാബ്, ഉത്തർപ്രദേശ്, പടിഞ്ഞാറൻ ബംഗാൾ എന്നിങ്ങനെ 9 സംസ്ഥാനങ്ങളും; 'ബി' വിഭാഗത്തിൽ ഹൈദരബാദ്, ജമ്മു-കാഷ്മീർ, മധ്യഭാരത്, മൈസൂർ, പട്യാലയും കിഴക്കൻ പഞ്ചാബും, രാജസ്ഥാൻ, സൗരാഷ്ട്രം, തിരു-കൊച്ചി എന്നിങ്ങനെ 8 സംസ്ഥാനങ്ങളും ഉൾപ്പെട്ടിരുന്നു. 'സി' വിഭാഗത്തിൽ ആജ്മീർ, ഭോപ്പാൽ, ബിലാസ്പ്പൂർ, കുടക്, ഡെൽഹി, ഹിമാചൽപ്രദേശ്, കച്ച്, മണിപ്പൂർ, ത്രിപുര, വിന്ധ്യപ്രദേശം എന്നീ പ്രദേശങ്ങളാണ് ഉൾപ്പെട്ടിരുന്നത്. ആന്തമാൻ-നിക്കോബാർ ദ്വീപുകൾ ഉൾപ്പെട്ട പ്രദേശമായിരുന്നു. 'ഡി' വിഭാഗം. ഭരണഘടനയുടെ 1-ാം ഖണ്ഡം ഒന്നാം ഷെഡ്യൂളിലെ മേൽപറഞ്ഞ 4 വിഭാഗങ്ങളിൽ ഉൾപ്പെട്ട പ്രദേശം എന്നാണ് ഇന്ത്യയെ നിർവചിച്ചത്. എന്നാൽ മേൽസൂചിപ്പിച്ചരീതിയിലുള്ള ഒരു ഭാരതമല്ല ഇന്നു നിലവിലുള്ളത്. 1950-ലെ പേരിലും രൂപത്തിലും നിലനിൽക്കുന്ന സംസ്ഥാനങ്ങൾ ഇന്ന് തുലോം കുറവാണ്. 1-ാം ഷെഡ്യൂളിനെ അതിൻെറ മൂലരൂപത്തിൽ തിരിച്ചറിയാൻ കഴിയാത്ത രീതിയിലുള്ള ഭേദഗതികളാണ് അത് രൂപംകൊണ്ട 6 വർഷങ്ങൾക്കകം വന്നുകൂടിയത്.

ഭരണഘടന രൂപംകൊണ്ട് അധികം താമസിയാതെതന്നെ ഭാഷയെയും സംസ്ക്കാരത്തെയും അടിസ്ഥാനപ്പെടുത്തിയുള്ള സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ രാജ്യത്ത് ഉയർന്നുവന്നു. ഈ പ്രക്ഷോഭണങ്ങളാണ് സംസ്ഥാന പുനരേകീകരണ നിയമങ്ങൾക്കു വഴിതെളിച്ചത്. അങ്ങനെ 1956-ൽ മലയാളം സംസാരിക്കു

ന്നവരെ യോജിപ്പിച്ചുകൊണ്ട് കേരളം പിറവികൊണ്ടു. തെലുങ്കു സംസാരിക്കുന്നവർ തമിഴ് സംസാരിക്കുന്നവരിൽനിന്ന് വേറിട്ട ഒരു സംസ്ഥാനത്തിനുവേണ്ടി വാദിച്ചു. അങ്ങനെ മദ്രാസിനെ വിഭജിച്ച് ആന്ധ്രാപ്രദേശവും മദ്രാസും (ഇപ്പോഴത്തെ തമിഴ്നാട്)രൂപംകൊണ്ടു. മധ്യപ്രദേശും രാജസ്ഥാനും പ്രത്യേക സംസ്ഥാനങ്ങളായി മാറി. ഗുജറാത്ത് സംസാരിക്കുന്നവർ മഹാരാഷ്ട്രയിൽനിന്നു വേറിട്ട ഒരു സംസ്ഥാനത്തിനുവേണ്ടി ശബ്ദമുയർത്തിയപ്പോൾ 1960–ലെ ബോംബെ പുനരേകീകരണ നിയമപ്രകാരം ഗുജറാത്തും മഹാരാഷ്ട്രയും ഉടലെടുത്തു. കർണാടകസംസ്ഥാനവും ഈ രീതിയിൽ തന്നെയാണ് രൂപംകൊണ്ടത്. ഭാഷയുടെയും സംസ്കാരങ്ങളുടെയും അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുനരേകീകരണങ്ങളൊന്നുംതന്നെ സമാധാനപരമായ മാർഗങ്ങളിലൂടെ നേടിയെടുത്തവയല്ല എന്നു നമുക്കറിയാം ഈ ആവശ്യത്തിനുവേണ്ടി വലിയ പ്രക്ഷോഭണങ്ങൾ നടന്നു. ആയിരങ്ങൾ ജയിലിലടയ്ക്കപ്പെടുകയും ഏറെപ്പേർ പൊലീസിന്റെ വെടിയേററു മരണമടയുകയും ചെയ്തു. സിക്കുകാരുടെ രൂക്ഷമായ സമരത്തിലൂടെയാണ് 1960-ൽ പഞ്ചാബിനു് ഹരിയാനയിൽനിന്നു വേറിട്ട് ഒരു പ്രത്യേക സംസ്ഥാനം ലഭ്യമായത്,

ഇന്ത്യൻ ഭരണഘടന ഒരു ഫെഡറൽസംവിധാനത്തിനാണ് രൂപം കൊടുത്തിട്ടുള്ളത്. എന്നാൽ, ഈ സംവിധാനം ഭരണഘടനാപരമായി ത്തന്നെ ശക്തവും അധികാരപ്രമത്തവുമായ കേന്ദ്രത്തിന്റെ ചട്ടക്കൂട്ടിൽ അടയ്ക്കപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. കരംപിരിക്കുവാനുള്ള സംസ്ഥാനങ്ങളുടെ അധികാരത്തെ സ്വേഷ്ടം വെട്ടിച്ചുരുക്കുവാനും എല്ലാ വരുമാനങ്ങളും കേന്ദ്രത്തിലേക്ക് സ്വരുക്കൂട്ടുവാനും കേന്ദ്രസർക്കാരിന് അധികാരമുണ്ട്. ഈ അധികാരത്തിന്റെ തിക്ത ഫലങ്ങൾ നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ പ്രധാന വരുമാനഇനമായ വിൽപ്പനനികുതിയെപ്പോലും കേന്ദ്രപരിധിയിൽ കൊണ്ടുവരുന്നതിന് നീക്കങ്ങളാരംഭിച്ചിരിക്കുകയാണ്. ഇത്തരം നടപടികൾ സാമ്പത്തിക ആവശ്യങ്ങൾക്കായി കേന്ദ്രസർക്കാരിന്റെ മുമ്പിൽ പിച്ചപ്പാളയുമായി നിൽക്കുവാൻ സംസ്ഥാനങ്ങളെ നിർബന്ധിക്കുന്നു. ഇറക്കുമതി–കയററുമതികളുടെ കാര്യത്തിലും കേന്ദ്രം സംസ്ഥാനങ്ങളുടെ താൽപര്യത്തെ കണക്കിലെടുക്കാറില്ല എന്ന് നമുക്ക് അനുഭവമുണ്ട്. ഇത്തരത്തിലുള്ള സാമ്പത്തികപരാധീനത സംസ്ഥാനങ്ങളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. പ്രസിഡന്റിന് തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഗവൺമെന്റുകളെ പിരിച്ചുവിടുവാൻ അധികാരം നൽകുന്ന 356, 357 എന്നീ ഖണ്ഡങ്ങളും ഒരു ഫെഡറൽഭരണസംവിധാനത്തിന് നിരക്കുന്നതല്ല. രാജ്യസഭയിൽ എല്ലാ സംസ്ഥാനങ്ങൾക്കും തുല്യ

പങ്കാളിത്തം നൽകേണ്ടത് ചെറിയ സംസ്ഥാനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിന് ആവശ്യമാണ്. അഖിലേന്ത്യാസർവീസുകളിൽപ്പെട്ടവരെ സംസ്ഥാനസർക്കാരിന്റെ പരിധിയിൽപ്പെട്ട കാര്യങ്ങളുടെ ഭരണനിർവഹണത്തിന് നിയമിക്കുന്നതും അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നതിനും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പൂർണ്ണഅവകാശം ഭരണഘടനയിൽ ഉറപ്പുവരുത്തണം. പൊതുതാൽപര്യമർഹിക്കുന്ന പ്രതിരോധം, റെയിൽവെ, നയതന്ത്രബന്ധങ്ങൾ, വാർത്താവിനിമയം തുടങ്ങിയ ചുരുക്കം ചില മേഖലയൊഴികെ മറ്റെല്ലാ മേഖലയുടെയും നിയന്ത്രണം സംസ്ഥാനങ്ങൾക്ക് നൽകാവുന്നതാണ്.

ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിഘടനവാദവും വേറിട്ടുപോകൽ വാദവും ശക്തമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശങ്ങൾ നൽകുന്നത് അഭികാമ്യമല്ല എന്നു ധരിക്കുന്നവരുണ്ട്. സാമ്പത്തികവളർച്ചയുടെയും ആസൂത്രണത്തിന്റെയും മുഴുവൻ മേഖലകൾ കേന്ദ്രസർക്കാരിലേക്ക് ചുരുക്കിക്കൊണ്ട് സംസ്ഥാനങ്ങളെ പൂർണ്ണമായി കേന്ദ്രത്തിന്റെ ആശ്രിതരാക്കിത്തീർക്കുന്ന നടപടികൾ കൂടുതൽ കൂടുതലായി കൈക്കൊണ്ടുവരുന്ന പശ്ചാത്തലത്തിലും, അതുകാരണത്താലുമാണ് വിഘടനവാദത്തിന്റെ പേരിലുള്ള കലാപങ്ങളും പൊട്ടിത്തെറികളും ഉണ്ടായിട്ടുള്ളത് എന്ന വസ്തുത ഇവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. രാഷ്ട്രപുരോഗതിയിൽ തങ്ങൾക്ക് ലഭിക്കേണ്ടതായ പങ്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയോടുള്ള പ്രതികരണമാണ് വിഘടനവാദത്തിനും വേറിട്ടുപോകൽ വാദത്തിനും പശ്ചാത്തലമൊരുക്കുന്നത്. സംസ്ഥാനങ്ങളുടെ അവകാശങ്ങളുടെമേലുള്ള അനുസ്യൂതമായ കയ്യേററം ഗുരുതരമായ സ്ഥിതിവിശേഷങ്ങളിലേക്ക് നയിക്കുമെന്ന് സ: ഇ എം എസ് നമ്പൂതിരിപ്പാട് തന്റെ പൂനാപ്രഭാഷണത്തിൽ സൂചിപ്പിച്ചത് അനുസ്മരിക്കുന്നു. ഈ സൂചനയെ ഗൗരവത്തോടെ ഉൾക്കൊണ്ടുകൊണ്ട് ഫെഡറൽ സ്റേററ് സംവിധാനം യഥാർത്ഥമാക്കിയിരുന്നെങ്കിൽ ആസാമിന്റെയും പഞ്ചാബിന്റെയും മണ്ണ് രക്തപങ്കിലമാകില്ലായിരുന്നു. ഭാരതത്തിലെ എല്ലാ ഭാഷാ-സാംസ്കാരിക ജനവിഭാഗങ്ങൾക്കും തങ്ങളുടേതായ രീതിയിൽ സ്വയം വളരുവാനുള്ള പൂർണസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുവാൻ ഏകീകൃത ഇന്ത്യയുടെ ഭരണാധികാരികൾ തയ്യാറായാൽമാത്രമെ ഇന്ത്യയുടെ ഐക്യം കാത്തുരക്ഷിക്കുവാൻ ഇനി നമുക്ക് കഴിയുകയുള്ളു എന്നതാണ് സത്യം.

നിലവിലുള്ള ഭരണഘടനയുടെകീഴിൽ ഒരു ഭരണാധികാരിക്കും തൊട്ടുകളിക്കാൻ പാടില്ലാത്ത രീതിയിൽ സംസ്ഥാനങ്ങളുടെ സ്വയംഭ

രണാവകാശങ്ങഠം സംരക്ഷിക്കപ്പെടണം എന്ന ആവശ്യത്തിന് ജനാധിപത്യ അവകാശങ്ങഠം നിലനിർത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുംവേണ്ടിയുള്ള ജനകീയപോരാട്ടവുമായി നേരിട്ടു ബന്ധമുണ്ട്. ഇന്ത്യൻ ഭരണഘടന നിലവിൽവന്ന നാളുകഠംമുതൽ തുടർന്നുവന്ന അധികാരകേന്ദ്രീകരണ പ്രവണതയുടെ മൂർധന്യദശയായിരുന്നു 1975–ൽ അടിച്ചേൽപ്പിക്കപ്പെട്ട അടിയന്തിരാവസ്ഥ. കാബിനററു സമ്പ്രദായം തകർന്നുവീണതും ജനപ്രതിനിധിസഭ പ്രധാനമന്ത്രിയുടെ റബർസ്ററാമ്പായിമാറിയതും ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൻെറ ഏജൻറാക്കി മാററിയതും ജനങ്ങളുടെ മൗലികാവകാശങ്ങഠം റദ്ദാക്കപ്പെട്ടതും അന്നു നാം കണ്ടു. 42–ാം ഭരണഘടനാഭേദഗതിയിലൂടെ സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശങ്ങഠം പൂർണമായി ഇല്ലാതാക്കിക്കൊണ്ട് അവയെ മുഴുവനായി കേന്ദ്രത്തിൻെറ ആശ്രിതരാക്കിമാററിയത് ഈ കാലഘട്ടത്തിലാണ്. ഇതെല്ലാം നടന്നതാകട്ടെ, നിലവിലുള്ള ഭരണഘടനയുടെ ചട്ടക്കൂടിനകത്തായിരുന്നുതാനും.

അടിയന്തിരാവസ്ഥക്കു അന്ത്യംകുറിച്ചുകൊണ്ട് കേന്ദ്രഭരണത്തിൽവന്ന ജനതാപാർടി അതിൻെറ പ്രകടനപത്രികയിൽ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരുന്നു.

> ''എല്ലാതലങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്താതെ, 'ജനങ്ങളുടെ, ജനങ്ങളാലുള്ള സർക്കാരിനെക്കുറിച്ച് പറയുന്നത് നിരർഥകമാണ്. ഈ ലക്ഷ്യം യാഥാർഥ്യമാക്കുന്നതിന് ജനതാപാർടി പ്രതിജ്ഞാബദ്ധമാണ്. ജനകീയപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട്, ഫലപ്രദമായ സാമ്പത്തിക സംവിധാനവും സൂക്ഷ്മനിലവാരത്തിലുള്ള ആസൂത്രണവും ഉറപ്പുവരുത്തുന്നതിനുതകുന്ന ചെറിയ ജില്ലകഠംക്കും ചെറിയ വികസന ബ്ലോക്കുകഠംക്കും രൂപംകൊടുക്കുന്നതിൻെറ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തും. പഞ്ചായത്തുകളെയും മുൻസിപ്പാലിററികളെയും ഒരു ജനകീയ സർക്കാരിൻെറ അടിസ്ഥാനഘടകങ്ങളായി പ്രവർത്തിക്കുന്നതിനുതകുന്ന അധികാരങ്ങളും ചുമതലകളും പ്രദാനംചെയ്തു പ്രവർത്തനനിരതമാക്കും.''

മേൽപറഞ്ഞ പ്രസ്താവനകഠം അതിൻെറ എല്ലാ പരിമിതികളോടും കൂടിത്തന്നെ സ്വാഗതാർഹമായിരുന്നെങ്കിൽക്കൂടി, സംസ്ഥാനങ്ങഠംക്ക് കൂടുതൽ അധികാരങ്ങളും സ്വയംഭരണാവകാശങ്ങളും നൽകിക്കൊണ്ട് ഫെഡറൽസംവിധാനത്തെ യഥാർഥമാക്കും എന്ന് ആ സർക്കാരും ഉറപ്പുതന്നില്ല. അതുകൊണ്ടുതന്നെ, അധികാരവികേന്ദ്രീകരണപ്രക്രിയയെ ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ ജനതാസർക്കാർ പൂർണമായും പരാജയപ്പെടുകയാണുണ്ടായത്.

അധികാരങ്ങഠം മുഴുവൻ കയ്യടക്കിവച്ചിരിക്കുന്ന ഒരു കേന്ദ്രസർ

ക്കാരും അതിനെ ആശ്രയിച്ചുമാത്രം നിലനിൽക്കാൻ കഴിയുന്ന കുറെയേറെ സംസ്ഥാനങ്ങളും എന്ന നിലയിലുള്ള ഒരു ഭരണസംവിധാനം പരീക്ഷിച്ചു പരാജയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ സംവിധാനത്തിനു താങ്ങാവുന്നതിലേറെ പ്രശ്നങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നാൽ രാജ്യം നേരിടുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിന് സംസ്ഥാനങ്ങളുടെ അധികാരപരിധികളിലേക്ക് കൂടുതൽ കൂടുതൽ കയ്യേററം നടത്തുന്നതിനുള്ള ശ്രമത്തിലാണ് കേന്ദ്രസർക്കാർ ഇന്ന് ഏർപ്പെട്ടിട്ടുള്ളത്. ഈ പ്രവണതയെ എതിർത്തുപരാജയപ്പെടുത്തേണ്ടത് ഇന്ത്യയുടെ ഐക്യം കാത്തുരക്ഷിക്കുന്നതിനും ഇന്ത്യയിലെ ജനാധിപത്യസംവിധാനം നിലനിർത്തുന്നതിനും അത്യന്താപേക്ഷിതമാണ്.

# സംസ്ഥാനങ്ങളിലെ ഭരണഘടനാ പ്രതിസന്ധിയും കേന്ദ്ര ഇടപെടലും

എൻ. കെ. ജയകുമാർ

ഇന്ത്യൻ ഭരണഘടന രൂപം നൽകിയിട്ടുള്ള ഫെഡറൽ സംവിധാനത്തിൻെറ സ്വഭാവം നിയമജ്ഞൻമാരും രാഷ്ട്ര മീമാംസ വിദഗ്ധരും ഏറെ ചർച്ച ചെയ്തിട്ടുള്ള ഒരു വിഷയമാണ്. എന്നാൽ കേവലം താത്വികതലത്തിലുള്ള ചർച്ചകൾക്കുപരിയായി, മൂന്നു പതിററാണ്ടിലേറെയായി നാം നേടിയ അനുഭവത്തിൻെറ വെളിച്ചത്തിൽ ഇന്ത്യൻ ഭരണഘടനയിലെ കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ നിർവ്വചിക്കുന്ന വകുപ്പുകൾ രാജ്യത്തിൻെറ സാമൂഹ്യ–സാമ്പത്തിക പുരോഗതിക്കും ജനാധിപത്യ വ്യവസ്ഥിതിയുടെ വളർച്ചക്കും പ്രായോഗികതലത്തിൽ എത്രത്തോളം സഹായകരമായിട്ടുണ്ട് എന്നുള്ള അതിപ്രധാനവും പ്രസക്തവുമായ ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. സാങ്കേതികമായ ഒരു സമീപനത്തിലൂടെ മാത്രം ഈ ചോദ്യത്തിന് ശരിയായ ഒരുത്തരം കണ്ടെത്താനാവില്ലെന്ന് എടുത്തു പറയേണ്ടതില്ല. അതോടൊപ്പംതന്നെ, പല കാരണങ്ങളാലും, ഇന്ത്യൻ ഭരണ ഘടനയുടേയും നിയമവ്യവസ്ഥയുടേയും അടിസ്ഥാനപരമായ ചട്ടക്കൂടിനുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടു വരുത്താവുന്ന പരിമിതമായ മാററങ്ങളെക്കുറിച്ചു മാത്രമേ ഈ അവസരത്തിൽ നമുക്ക് ചർച്ചചെയ്യാൻ കഴിയൂ എന്നും ഓർക്കേണ്ടതുണ്ട്. ഭരണഘടനയുടെ 356–ാം വകുപ്പ് സംസ്ഥാനഭരണം ഏറെറടുക്കാൻ പ്രസിഡണ്ടിനു നൽകിയിരിക്കുന്ന അധികാരത്തെക്കുറിച്ചും ഈ അധികാരവിനിയോഗത്തിൽ സംസ്ഥാന ഗവർണർമാർക്കുള്ള പങ്കിനെക്കുറിച്ചും പ്രതിപാദിക്കുന്ന ഈ പ്രബന്ധത്തിൽ അവലംബിച്ചിരിക്കുന്ന സമീപനം മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

വിമർശനപരമായ ഒരു പഠനത്തിലേക്കു കടക്കുന്നതിനുമുമ്പ്, ഭരണഘടനാവ്യവസ്ഥകൾ ചുരുക്കത്തിൽ ഒന്നു പരിശോധിക്കുന്നത് നന്നായിരിക്കും.

ഭരണഘടനയുടെ 355—ാം വകുപ്പനുസരിച്ച് ഓരോ സംസ്ഥാനത്തേയും ബാഹ്യമായ ആക്രമണങ്ങളിൽ നിന്നോ ആഭ്യന്തരകലാപങ്ങളിൽ നിന്നോ സംരക്ഷിക്കുന്നതിനും, സംസ്ഥാന ഭരണം ഭരണഘടനാ വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള കടമ കേന്ദ്രത്തിനുണ്ട്. തുടർന്ന് 356—ാം വകുപ്പ് ഗവർണ്ണറുടെ റിപ്പോർട്ടിൽനിന്നോ അല്ലാതെയോ, സംസ്ഥാനഭരണം ഭരണഘടനാ വ്യവസ്ഥക്കനുസൃതമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതി സംജാതമായിരിക്കുന്നതായ് പ്രസിഡണ്ടിനു ബോദ്ധ്യപ്പെട്ടാൽ സംസ്ഥാനത്തിൻെറ ഭരണം ഏറ്റെടുക്കാൻ പ്രസിഡണ്ടിനു അധികാരം നൽകുന്നു. ഈ വകുപ്പനുസരിച്ച് സംസ്ഥാന ഭരണം ഏറ്റെടുത്തുകൊണ്ടുള്ള പ്രസിഡണ്ടിൻെറ പ്രഖ്യാപനം പാർലമെൻറിൻെറ ഇരുസഭകളും പ്രമേയം മുഖാന്തിരം രണ്ടുമാസത്തിനുള്ളിൽ അംഗീകരിച്ചില്ലെങ്കിൽ, അതിന് നിയമപ്രാബല്യം ഇല്ലാതാകും. എന്നാൽ ലോകസഭ നിലവിലില്ലാത്ത ഒരവസ്ഥയിൽ, പ്രസിഡണ്ടിൻെറ പ്രഖ്യാപനം രണ്ടുമാസത്തിനുള്ളിൽ രാജ്യസഭ അംഗീകരിച്ചിട്ടുണ്ടെങ്കിൽ, ലോകസഭ നിലവിൽവന്ന് മുപ്പതുദിവസത്തിനുള്ളിൽ പ്രസ്തുത പ്രഖ്യാപനത്തിന് അംഗീകാരം നൽകിയാൽ മതിയാകും. പാർലമെൻറ് അംഗീകരിച്ച ഈ പ്രഖ്യാപനം സാധാരണഗതിയിൽ ആറുമാസത്തേക്ക് മാത്രമേ പ്രാബല്യത്തിൽ ഉണ്ടായിരിക്കുകയുള്ളു എന്ന് വ്യവസ്ഥയുമണ്ടെങ്കിലും, വീണ്ടും പാർലമെൻറ അംഗീകാരം നൽകിയാൽ അതിന് തുടർന്നും പ്രാബല്യമുണ്ടായിരിക്കും. എന്നാൽ ഒരു കാരണവശാലും മൂന്നു വർഷത്തിലേറെ 356—ാം വകുപ്പനുസരിച്ചുള്ള ഒരു പ്രഖ്യാപനത്തിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഈ പ്രഖ്യാപനം പ്രാബല്യത്തിലിരിക്കുന്ന കാലയളവിൽ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള നിയമനിർമ്മാണം പാർലമെൻറിനോ, പാർലമെൻറ് അധികാരപ്പെടുത്തിയതനുസരിച്ചോ നടത്തുവാൻ 357—ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. പാർലമെൻറിനു യുക്തമെന്നു തോന്നിയാൽ ഈ അധികാരം പ്രസിഡൻറിനോ പ്രസിഡൻറിൻെറ നിയോഗാനുസരണമോ വിനിയോഗിക്കാവുന്നതാണ്. ചുരുക്കത്തിൽ ഒരു സംസ്ഥാനത്തിൻെറ ഭരണം മൂന്നുവർഷത്തോളം നീണ്ടു പോകാവുന്ന ഒരു കാലയളവിലേക്ക് കേന്ദ്രത്തിന് ഏറ്റെടുത്തു നടത്താനുള്ള വ്യവസ്ഥകളാണ് ഭരണഘടനയുടെ 355, 356, 357, എന്നീ വകുപ്പുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ചരിത്രപരമായി പരിശോധിച്ചാൽ ഭരണഘടനയുടെ 356—ാം വകുപ്പിൻെറ ഉത്ഭവം 1935 ലെ ഗവൺമെൻറ് ഓഫ് ഇന്ത്യാ ആക്ററിലെ 93—ാം വകുപ്പിൽ നിന്നാണെന്നു കാണാം. പരിമിതമായ തോതിലാണെങ്കിലും സ്വയംഭരണാവകാശം ലഭിച്ച കോൺഗ്രസ് നേതൃത്വത്തിലുള്ള പ്രോവിൻഷ്യൻ ഗവൺമെൻറുകളുടെ നിലനിൽപ്പിന് ഏററവും വലിയ ഭീഷണി ഉയർത്തിയ 93—ാം വകുപ്പിനെ അന്നത്തെ കോൺഗ്രസ് നേ

ത്വത്വം അതിനിശിതമായി എതിർത്തതിൽ അതിശയമില്ല. എന്നാൽ അത്തരത്തിലുള്ള ഒരു വകുപ്പ് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയിലും എഴുതി ചേർക്കാൻ അതേ കോൺഗ്രസ് നേതൃത്വം കാണിച്ച വ്യഗ്രത കൗതുകകരമാണ്. എങ്കിലും ഭരണഘടന നിർമ്മാണസഭയിൽ നടന്ന ചർച്ചകൾ പരിശോധിച്ചാൽ, പ്രസിഡൻറു ഭരണത്തിനുള്ള വ്യവസ്ഥകൾ ഇന്നു നാം കാണുന്ന രീതിയിൽ ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യത ഭരണഘടനാ ശിൽപ്പികൾ മുൻകൂട്ടി കണ്ടിരുന്നില്ല എന്ന് വ്യക്തമാകും. ഭരണഘടനയുടെ നിർമ്മാണത്തിൽ അതിപ്രധാനമായ ഒരു പങ്കുവഹിച്ച ഡോ: അംബേദ്കറുടെ താഴെപ്പറയുന്ന വാക്കുകൾ തന്നെ ഇതിനു മതിയായ തെളിവാണ്. 1

> "ഈ ഭരണഘടനാ വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്യപ്പെടാനോ രാഷ്ട്രീയ ഉദ്ദേശങ്ങൾക്കുവേണ്ടി ഉപയോഗിക്കാനോ ഉള്ള സാധ്യതകൾ പൂർണ്ണമായും തള്ളിക്കളയാനാവില്ല. ഈ വ്യവസ്ഥകൾ ഒരിക്കലും ഉപയോഗിക്കേണ്ടി വരില്ലെന്നും അവ അവമൃതാക്ഷരമായി (dead letter) നിലകൊള്ളും എന്നുമാണ് നമ്മുടെ പ്രതീക്ഷ. എപ്പോഴെങ്കിലും ഈ അധികാരം പ്രയോഗിക്കേണ്ടിവന്നാൽ തന്നെയും പ്രസിഡൻറ് തന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിക്കുന്നതിന് മുമ്പ് ചില മുൻകരുതലുകൾ എടുക്കും എന്നാണ് എൻെറ പ്രതീക്ഷ. ആദ്യമായി ചെയ്യുന്നത്, കാര്യങ്ങൾ ഭരണഘടനയുടെ ഉദ്ദേശപ്രകാരം നടക്കുന്നില്ല എന്നുള്ള കാര്യം സംസ്ഥാന ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ താക്കീത് ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ലെങ്കിൽ അടുത്തതായി ചെയ്യേണ്ടത് സംസ്ഥാനത്തു തെരഞ്ഞെടുപ്പു നടത്താനും അങ്ങനെ അവിടത്തെ ജനങ്ങൾക്കുതന്നെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അവസരം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയാണ്. ഇതൊന്നും പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ മാത്രമേ 356—ാംവകുപ്പനുസരിച്ച് പ്രസിഡൻറ് പ്രവർത്തിക്കാവൂ"

വളരെ വിപുലമായ ഒരധികാരം, അത് വിനിയോഗിക്കുന്നതിനാവശ്യമായ കാരണങ്ങളോ സാഹചര്യങ്ങളോ വ്യക്തമാക്കാതെ പ്രസിഡൻറിൽ നിക്ഷിപ്തമാക്കിയതുവഴി ഭരണഘടനാ നിർമ്മാതാക്കൾ അവർ ഒരിക്കലും ഉദ്ദേശിക്കാത്ത തരത്തിലുള്ള നിരവധി ഭീഷണികൾ ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നേരെ ഉയർന്നുവരാനിടയാക്കി. 356—ാം വകുപ്പിൻെറ ശരിയായ ഉദ്ദേശ ലക്ഷ്യങ്ങളോ പരിധിയോ, ആ വകുപ്പു നൽകുന്ന അധികാരം വിനിയോഗിക്കേണ്ടിവരുന്നതിന് മുമ്പ് കൈക്കൊള്ളേണ്ട നടപടിക്രമങ്ങളോ വ്യക്തമായി നിർവചിക്കാൻ ആർക്കും കഴിയാത്തതിൻെറ പ്രധാന കാരണം 356—ാം വകുപ്പിനുള്ള അവ്യക്തതയുടെ പരിവേഷമാണ്. അതുകൊണ്ടുതന്നെയാവണം ഈ വിഷയത്തെ സംബന്ധിച്ചു നടത്തിയിട്ടു

ള്ള പഠനങ്ങൾ മിക്കവാറും വസ്തുതാധിഷ്ഠിത പഠനങ്ങളുടെ (em i rical studensis) രൂപത്തിലായിട്ടുള്ളത്. ഈ പഠനങ്ങൾ സസൂക്ഷ്മം പരിശോധിച്ചാൽ താഴെപ്പറയുന്ന വസ്തുതകൾ വ്യക്തമാകും.[2]

1 ഭരണഘടനയുടെ 356–ാം വകുപ്പനുസരിച്ച് പ്രസിഡൻറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിക്കുന്ന കാര്യത്തിൽ വ്യക്തമായ തത്വങ്ങളോ, വസ്തുനിഷ്ഠമായ സമീപനമോ, ആവിഷ്ക്കരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

2 ഏററവും അടിയന്തിര ഘട്ടങ്ങളിൽ അഥവാ തികച്ചും ഒഴിവാക്കപ്പെടേണ്ട ഒരു പ്രത്യേകാധികാരമാണ് 356–ാം വകുപ്പ് നൽകുന്നത് എന്നുള്ള കാഴ്ചപ്പാട് ഉണ്ടായിട്ടില്ല.

3 തികച്ചും രാഷ്ട്രീയമായ ഉദ്ദേശങ്ങൾക്കുവേണ്ടി പ്രസ്തുത അധികാരം ദുർവിനിയോഗം ചെയ്യാനുള്ള പ്രവണത പ്രകടമാണ്.

4 ഏറെക്കുറെ ഒരുപോലുള്ള സാഹചര്യങ്ങളിൽ, കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ താൽപര്യങ്ങൾക്കനുസൃതമായി വ്യത്യസ്ഥങ്ങളായ നിലപാടുകളാണ് സ്വീകരിക്കപ്പെടുന്നത്.

5 മേൽ സൂചിപ്പിച്ച തരത്തിലുള്ള 356–ാം വകുപ്പിൻെറ ദുർവിനിയോഗം നിമിത്തം സംസ്ഥാന ഗവർണ്ണർമാർ കേന്ദ്രത്തിൻെറ ചട്ടുകങ്ങളായി തരംതാഴുകയും അങ്ങനെ അവരുടെ സ്ഥാനത്തിൻെറ അന്തസിനുതന്നെ മങ്ങലേൽപ്പിക്കുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നിഗമനങ്ങളിൽ ഒന്നുപോലും രാഷ്ട്രീയ പാർട്ടികളുടേയോ, രാഷ്ട്രീയ വീക്ഷണമുള്ള വ്യക്തികളുടേയോ വകയല്ല. മറിച്ച് വസ്തുനിഷ്ഠമായും അഗാധമായും ഈ പ്രശ്നത്തെ സംബന്ധിച്ച് ഗവേഷണപഠനം നടത്തിയിട്ടുള്ള നിയമജ്ഞൻമാരുടേയും രാഷ്ട്രീയ മീമാംസാ വിദഗ്ധരും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രബന്ധങ്ങളിലും പുസ്തകങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുള്ളവയാണ്. അതുകൊണ്ടുതന്നെ രാഷ്ട്രീയ പക്ഷപാതിത്വത്തിൻെറ പേരിൽ നമുക്ക് ഈ നിഗമനങ്ങൾ തള്ളിക്കളയാനാവില്ല.

356–ാം വകുപ്പനുസരിച്ചുള്ള പ്രസിഡൻഷ്യൽ അധികാരത്തെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള നിയമജ്ഞൻമാരിൽ ചിലരെങ്കിലും പ്രസ്തുത അധികാരം ആവശ്യമാണെന്നും അതിൻെറ വിനിയോഗം തികച്ചും നീതീകരിക്കാവുന്ന ചുററുപാടുകളിൽ മാത്രമേ നടത്തിയിട്ടുള്ള എന്നും കരുതുന്നവരാണ്.[3] ഇത്തരത്തിലുള്ള നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുള്ളവരുടെ പഠനങ്ങൾ പരിശോധിച്ചാൽ വ്യക്തമാവുന്ന ഒരു പ്രധാന ന്യൂനത അവർ ഭരണഘടനാ വ്യവസ്ഥകളുടെ സാങ്കേതിക വ്യാഖ്യാനങ്ങളിൽമാത്രം ഒതുങ്ങിനിന്നുകൊണ്ടുള്ള സങ്കുചിതമായ ഒരു സമീപനമാണു സ്വീകരിച്ചിരിക്കുന്നത് എന്നുള്ളതാണ്. മുമ്പ് സൂചിപ്പിച്ച വസ്തുതാധിഷ്ഠിത പഠനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ഈ അഭിപ്രായഗതികൾക്ക് വ്യക്തിനിഷ്ഠമായ അഭിപ്രായ

ാം കടനങ്ങളിൽ കവിഞ്ഞ വില കൽപ്പിക്കേണ്ടതില്ല.

ഭരണഘടനയിലെ ഏററവും ജനാധിപത്യവിരുദ്ധമായ വകുപ്പെന്നും[4] ഫെഡറൽ വ്യവസ്ഥിതിയുടെ ഘാതകനെന്നും[5] വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള 356-ാം വകുപ്പ് ഇന്നത്തെ നിലയിൽ ഭരണഘടനയിൽ തുടരുന്നത് അഭികാമ്യമല്ല എന്ന കാര്യത്തിൽ സംശയമില്ല. ഈ വകുപ്പ് നിലനിർത്തണമോ അതോ ഭേദഗതി ചെയ്യണമോ, ഭേദഗതി ചെയ്യുന്നമെങ്കിൽ ഏതുവിധത്തിൽ—എന്നീ ചോദ്യങ്ങൾ പരിഗണിക്കുന്നതിനു മുൻപായി അധികാര ദുർവിനിയോഗത്തിനെതിരായി നിലവിലുള്ള ഭരണഘടനാ പരിരക്ഷകൾ ചുരുക്കത്തിൽ ഒന്നു പരിശോധിക്കാം.

356-ാം വകുപ്പനുസരിച്ചുള്ള പ്രസിഡൻറിൻെറ പ്രഖ്യാപനം പാർലമെൻറിൻെറ അംഗീകാരത്തിനു വിധേയമാണെന്നുള്ളതാണ് ഏററവും വലിയ പരിരക്ഷയായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എന്നാൽ പാർലമെൻറിൽ ഭൂരിപക്ഷമുള്ള കക്ഷിനിയന്ത്രിക്കുന്ന കേന്ദ്രഗവൺമെൻറിൻെറ തീരുമാനപ്രകാരമാണല്ലോ 356-ാം വകുപ്പനുസരിച്ചുള്ള അധികാരം പ്രസിഡൻറ് വിനിയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസിഡൻഷ്യൽ പ്രഖ്യാപനത്തിന് പാർലമെൻറിൻെറ അംഗീകാരം നേടുകയെന്നത് ഒട്ടുംതന്നെ വിഷമകരമായ ഒരു കർത്തവ്യമല്ല. പാർലമെൻറിൻെറ അംഗീകാരം നേടാനുള്ള വ്യവസ്ഥ 356-ാം വകുപ്പിൻെറ രാഷ്ട്രീയ ദുർവിനിയോഗത്തിനെതിരായ ഒരു പരിരക്ഷയായി കണക്കാക്കാൻ നിർവാഹമില്ല. കൂടാതെ ഈ പരിമിതമായ പരിരക്ഷപോലും പലപ്പോഴും കാററിൽ പറത്തപ്പെടുന്നതായും കാണാൻ കഴിയും. ഉദാഹരണത്തിന്, ഒറീസയിൽ പ്രസിഡൻറു ഭരണം ഏർപ്പെടുത്തികൊണ്ടുള്ള വിജ്ഞാപനത്തിന്, പാർലമെൻറിൻെറ അംഗീകാരം രണ്ടു മാസത്തിനുള്ളിൽ ലഭിക്കാത്തതുമൂലം 1971 മാർച്ച് 22 ന് നിയമപ്രാബല്യം നഷ്ടപ്പെട്ടു. എന്നാൽ അടുത്തദിവസംതന്നെ മറെറാരു വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യത്തിൽ പ്രസിഡൻറിന് യാതൊരു മന:സാക്ഷിക്കുത്തും അനുഭവപ്പെട്ടില്ല. 1972 ൽ ബീഹാറിലും ഇതാവർത്തിക്കപ്പെട്ടു. പാർലമെൻറ് അംഗീകാരം നൽകാൻ വിസമ്മതിക്കുന്ന ഒരു സ്ഥിതി, വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും, പ്രസിഡൻറിനാൽ പിരിച്ചുവിടപ്പെട്ട ഒരുനിയമസഭയെ പുനർജീവിപ്പിക്കാൻ കഴിയുകയില്ല. ഈ വസ്തുത "പാർലമെൻറിൻെറ അംഗീകാരം" എന്ന ഭരണഘടനാ പരിരക്ഷയുടെ പൊള്ളയായ സ്വഭാവം വെളിപ്പെടുത്തുന്നു.

356-ാം വകുപ്പിൻെറ ദുർവിനിയോഗം തടയുന്നതിന് പ്രസിഡൻറിന് ഇക്കാര്യത്തിൽ പൂർണ്ണമായ വിവേചനാധികാരം നൽകണമെന്നാണ് ഒരു നിയമജ്ഞൻ വാദിക്കുന്നത്.[6] ഇത് കൂടുതൽ അപകടകരമായ പ്രശ്നങ്ങളിലേക്ക് വഴിതെളിക്കാനാണ് സാധ്യത. പാർലമെൻറിൽ മതിയായ ഭൂരിപക്ഷം ഉള്ള ഒരു ഭരണകക്ഷിക്ക്, ക്യാബിനററിൻെറ നിർദേശപ്രകാരം പ്രസിഡൻറ് പ്രവർത്തിച്ചില്ലെങ്കിൽ, പ്രസിഡ

ൻറിനെ ഇംപീച്ച് ചെയ്യാൻ കഴിയും. പ്രസിഡൻറും മന്ത്രിസഭയും തമ്മിലുള്ള വൈരുധ്യങ്ങൾ നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിക്ക് അനുയോജ്യമല്ല. കൂടാതെ നാം സ്വീകരിച്ചിട്ടുള്ള പാർലമെൻററി ജനാധിപത്യത്തിൽ, പ്രസിഡൻറിൻെറ വിവേചനാധികാരങ്ങൾ പരമാവധി കുറയ്ക്കുകയാണ് അഭിലഷണീയം.

സാധാരണഗതിയിൽ അധികാര ദുർവിനിയോഗത്തിനെതിരായി ഫലപ്രദമായ നടപടികളെടുക്കാൻ കോടതികൾക്കു കഴിയും. എന്നാൽ 136—ാം വകുപ്പനുസരിച്ചുള്ള അധികാരദുർവിനിയോഗത്തിൻെറ സ്ഥിതി വ്യത്യസ്തമാണ്. സംസ്ഥാനഭരണം ഏറെറടുത്തുകൊണ്ടുള്ള പ്രസിഡൻറിൻെറ വിജ്ഞാപനത്തിൻെറ ഭരണഘടനാസാദ്ധ്യത പല കേസുകളിലും കോടതികളിൽ ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഇടപെടാൻ കോടതികൾക്ക് അധികാരമില്ല എന്നുള്ള നിലപാടാണ് പൊതുവെ ഹൈക്കോടതികൾ സ്വീകരിച്ചുപോന്നിട്ടുള്ളത്.[7] ഇത്തരമൊരു നിലപാടു സ്വീകരിക്കാൻ കോടതികളെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ ആന്ധ്രാഹൈക്കോടതി ജഡ്ജിയായിരുന്ന (ഇപ്പോൾ സുപ്രീം കോടതി ജസ്ററിസായി) ജസ്ററിസ് ചിന്നപ്പ റെഡ്ഡി വ്യക്തമാക്കിയിട്ടുണ്ട്.[8]

"ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാനകാര്യം (കോടതി) ഇടപെടേണ്ട സാഹചര്യങ്ങളേതെന്നു ഭരണഘടനയിൽ അക്കമിട്ടുപറയുന്നില്ല എന്നതും നിയമപരമായ തീർപ്പിനാവശ്യമായ പ്രശക്തമായ പരിഗണനകൾ ഏതെന്നതിനെ സംബന്ധിച്ച തൃപ്തികരമായ മാനദണ്ഡം നിലവിലില്ലാത്തതുമാണ്. തൃപ്തികരമായ മാനദണ്ഡങ്ങളുടെ അഭാവം, ഇതിനെ കോടതികളുടെ മേഖലയ്ക്കപ്പുറത്തുള്ള, അന്തസത്തയിൽ രാഷ്ട്രീയമായ, ഒരു പ്രശ്നമാക്കി മാററുന്നു. 356—ാം വകുപ്പുപ്രകാരം നടപടിയെടുക്കുന്നതിനു പ്രശക്തമായ പരിഗണനകൾ ഏതെന്നും ഈ പരിഗണനകളെ എങ്ങനെ തുലനംചെയ്യണമെന്നും ഉള്ളത് വ്യക്തമായും രാഷ്ട്രീയവിവേകത്തെ സംബന്ധിച്ച കാര്യമാണ്. അത് നിയമപരമായി പരിശോധിക്കേണ്ട ഒന്നല്ല. മാത്രമല്ല 356—ാം വകുപ്പുപ്രകാരമുള്ള വിളംബരത്തെത്തുടർന്ന് അതീവഗുരുതരമായ അനന്തരസംഭവങ്ങൾ ഉണ്ടാകുമെന്നതും വ്യക്തമാണ്. അത്തരം അനന്തരസംഭവങ്ങളുടെ അവ്യക്തത, അവയെ സംബന്ധിച്ച് കോടതികൾ നിയമാധികാരം കയ്യാളുന്നത് തന്ത്രരഹിതവും അപ്രയോഗികവുമാക്കിതീർക്കുന്നു."

കോടതികൾ പൊതുവേ ഇത്തരത്തിലുള്ള ഒരു നിലപാടാണു സ്വീകരിച്ചതെങ്കിലും അവയ്ക്ക് ഇടപെടാനുള്ള വിദൂരമായ സാധ്യതപോലും ഇല്ലാതാക്കുന്നതിനുള്ള ഉദ്ദേശത്തോടെയാണ് 38—ാം ഭരണഘടനാ ഭേദഗതി (1975) മൂലം 356—ാം വകുപ്പിൻെറ കീഴിൽ പ്രസിഡൻറ് പുറപ്പെടുവിക്കുന്ന വിജ്ഞാപനം ഒരു കാരണവശാലും കോടതിയിൽ

ചോദ്യംചെയ്യപ്പെടാവുന്നതല്ല എന്ന് വ്യക്തമാക്കി എഴുതിചേർത്തത്[9] എന്നാൽ ഈ വകുപ്പു നിലവിലിരിക്കേതന്നെ, 356-ാം വകുപ്പനുസരിച്ചുള്ള പ്രസിഡൻറിൻെറ അധികാരത്തിൻെറ വ്യാപ്തിയും അതിൽ കോടതികൾക്ക് ഇടപെടാമോ എന്ന പ്രശ്നവും സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് വിധേയമാവുകയും, താഴെപറയുന്ന ചില പ്രത്യേക സാഹചര്യങ്ങളിൽ പ്രസിഡൻറിൻെറ അധികാരവിനിയോഗത്തിൽ കോടതിക്ക് ഇടപെടാവുന്നതാണ് എന്ന് കോടതി അഭിപ്രായപ്പെടുകയും ചെയ്തു.[10]

1 പ്രസിഡൻറിൻെറ ഉത്തരവ് ദുരുദ്ദേശപരമായിരിക്കുക.
2 ബാഹ്യമോ, അപ്രസക്തമോ ആയ പരിഗണനകൾ ഉത്തരവിനെ സ്വാധീനിച്ചിട്ടുണ്ടാകുക.
3 പ്രസക്തമായ പരിഗണനകൾ കണക്കിലെടുക്കാതിരിക്കുക.
4 ഭരണഘടനാവ്യവസ്ഥകൾക്കു വിരുദ്ധമായ ഏതെങ്കിലും ഒരു കാര്യത്തിനുവേണ്ടി പ്രസ്തുത അധികാരം വിനിയോഗിക്കുക.

മേൽപറഞ്ഞ ഏതെങ്കിലും ഒരു സാഹചര്യം നിലവിലുണ്ടെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തുന്നത് പ്രായോഗികമായി നോക്കിയാൽ അസാദ്ധ്യമായ ഒരു ചുമതലതന്നെയാണ്. അതിനാൽ പ്രസിഡൻറിൻെറ വിജ്ഞാപനത്തിൻെറ നിയമസാദ്ധ്യത പരിശോധിക്കാൻ കോടതിക്കുണ്ടെന്ന് സുപ്രീംകോടതി പറയുന്ന അധികാരം പ്രതീകാത്മകമായി (Symbolic), മാത്രമേ കണക്കാക്കാൻ കഴിയൂ. കോടതികൾക്ക് ഇത്തരം അധികാരദുർവിനിയോഗത്തിനെതിരായി ഒന്നും ചെയ്യാൻ കഴിയില്ല എന്നതാണ് വസ്തുത. അതിനുള്ള ചുമതല കോടതികളെ ഏൽപിക്കുന്നത് പല കാരണങ്ങൾകൊണ്ടും അത്ര അഭിലഷണീയവുമല്ല.

356-ാം വകുപ്പു നൽകുന്ന അധികാരം പ്രസിഡൻറ് ദുർവിനിയോഗം ചെയ്താൽ, അതിനെതിരായി പാർലമെൻറിനോ ജുഡീഷ്യറിക്കോ ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയാത്ത ഒരു അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ 356-ാം വകുപ്പ് എടുത്തുകളയുക അല്ലെങ്കിൽ ഉചിതമായ വിധത്തിൽ അത് ഭേദഗതി ചെയ്യുക എന്നീ രണ്ടു പോംവഴികളാണു നമ്മുടെ മുന്നിലുള്ളത്.

1983 ഒക്ടോബറിൽ കാശ്മീരിൽ വച്ചു നടത്തിയ പ്രതിപക്ഷ കക്ഷികളുടെ സമ്മേളനത്തിൽ, 356-ാം വകുപ്പ് എടുത്തുകളയണമെന്ന ആവശ്യമാണ് പൊതുവേ ഉയർന്നു വന്നത്.[11] എന്നാൽ അതേസമയം സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ഭരണഘടനയുടെ 356-ം, 357-ാം വകുപ്പുകൾ ഉചിതമായ വിധത്തിൽ ഭേദഗതി ചെയ്യണമെന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. തമിഴ്നാട് ഗവൺമെൻറ് നിയോഗിച്ച രാജമന്നാർ കമ്മററി 356-ാം 357-ാം വകുപ്പുകൾ നീക്കം ചെയ്യുകയോ ദുർവിനിയോഗത്തിനെതിരായി മതിയായ പരിരക്ഷകൾ ഉൾപ്പെടുത്തി ഭേദഗതിചെയ്യുകയോവേണം എന്നുള്ള അഭിപ്രായമാണ് പ്രകടിപ്പിച്ചത്[12]

1977 ഡിസംബറിൽ പശ്ചിമബംഗാൾ ഗവൺമെൻറ് തയ്യാറാക്കിയ രേഖയിലും[13] ഇന്ത്യൻ കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ശ്രീനഗർ സമ്മേളനത്തിൽ അവതരിപ്പിച്ച രേഖയിലും[14] ഈ ഭരണഘടനാ വകുപ്പുകൾ നീക്കം ചെയ്യണമെന്നുള്ള അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

ഏറെക്കാലമായി തുടരെ ദുർവിനിയോഗം ചെയ്യപ്പെട്ടിട്ടുള്ള 356-ാം വകുപ്പ് ഭരണഘടനയിൽ നിന്നു നീക്കം ചെയ്യണമെന്നുള്ളവാദം അത്ര എളുപ്പം തള്ളിക്കളയാവുന്നതല്ല. എന്നാൽ ഇന്ത്യയിൽ നിലവിലുള്ള ചാല പ്രത്യേക പരിതഃസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് ഈ വകുപ്പുകൾ ഭേദഗതിചെയ്തു നിലനിർത്തുന്നതായിരിക്കും കൂടുതൽ അഭികാമ്യം എന്നുതോന്നുന്നു.

356-ാംവകുപ്പ് ഭേദഗതിചെയുന്നതിന് രാജമന്നാർകമ്മററി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രസിഡൻറ് ഭരണം ഏർപ്പെടുത്തുന്നതിയുള്ള ഒരേ ഒരുഉപാധി, ഒരു സംസ്ഥാനത്തെ പൂർണ്ണമായ നിയമസമാധാന തകർച്ചയായിരിക്കണം. സംസ്ഥാനഗവൺമെൻറിന് ജനങ്ങളുടെ സുരക്ഷിതത്വവും സ്വത്തിന് സംരക്ഷണവും ഉറപ്പുവരുത്താൻ കഴിയാത്ത ഒരു സ്ഥിതി സംജാതമാവണം.

2. ഗവർണറുടെ റിപ്പോർട്ട് അനുസരിച്ച് മാത്രമേ 356-ാം വകുപ്പ് പ്രസിഡൻറിൽ നിഷിപ്തമാക്കിയിട്ടുള്ള അധികാരം വിനിയോഗിക്കാവൂ.

3. 356-ാം വകുപ്പനുസരിച്ചുള്ള പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനു മുമ്പായി ഗവർണറുടെ റിപ്പോർട്ട്, പ്രസിഡൻറ് സംസ്ഥാന നിയമസഭയ്ക്ക് റഫർ ചെയ്യേണ്ടതും നിയമസഭയ്ക്ക് അതിൻമേൽ അഭിപ്രായം പറയാനുള്ള അവസരം നൽകേണ്ടതുമാണ്.

മേൽപറഞ്ഞ ഭേദഗതികൾ നടപ്പിൽ വരുത്തിയാലും 356-ാം വകുപ്പു ഇന്നത്തേതു പോലെതന്നെ ദുർവിനിയോഗം ചെയ്യാൻ കഴിയും. കാരണം ഒരു സംസ്ഥാനത്തു നിയമ സമാധാന തകർച്ച ഉണ്ടെന്ന് ഗവർണർ റിപ്പോർട്ടുചെയ്താൽ, സംസ്ഥാന ഭരണം ഏറെറടുക്കാൻ പ്രസിഡണ്ടിനുള്ള അധികാരം നിലനിർത്തിയിരിക്കുകയാണ്. നിയമസമാധാനം നിലനിർത്തുന്നത് ഭരണഘടനാപരമായിത്തന്നെ സംസ്ഥാനത്തിൻെറ ചുമതലയിൽപ്പെടുന്ന ഒരു വിഷയമാണെന്നുകൂടി ഓർക്കുക. ഇത്തരം സാഹചര്യങ്ങളിൽ, ഗവർണറുടെ അഥവാ കേന്ദ്രത്തിൻെറ വിലയിരുത്തൽ ശരിയായിക്കൊള്ളണമെന്നില്ല. രാജമന്നാർ കമ്മററി നിർദ്ദേശിച്ച ഭേദഗതികൽ 356-ാം വകുപ്പിൻെറ സ്വഭാവത്തിൽ മൗലികമായ മാററം വരുത്താൻ പര്യാപ്തമല്ല. പ്രതിപക്ഷകക്ഷികളുടെ കാശ്മീർ സമ്മേളനം അംഗീകരിച്ച പ്രമേയത്തിലും 356-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും, വ്യക്തമായി ഏതെല്ലാം സാഹച

ര്യങ്ങളിലാണ് പ്രസിഡൻറിൻെറ പ്രത്യേകാധികാരം പ്രയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഭരണ ഘടനാപ്രതിസന്ധിയുണ്ടായാൽ ആറു മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പു നടത്തണമെന്നും, അതിനു മതിയായ കാരണങ്ങളാൽ സാധിക്കാതെ വന്നാൽ, പ്രസിഡൻറ് 263–ാംവകുപ്പിൽ വിഭാവന ചെയ്തിട്ടുള്ള ഇൻറർ സ്റേററ് കൗൺസിലുമായി ആലോചിക്കുകയും, കൗൺസിലിൻെറ അഭിപ്രായം പാർലമെൻറിനു മുമ്പാകെ വക്കുകയും വേണം എന്നുള്ള നിർദ്ദേശമാണ് പ്രധാനമായും പ്രസ്തുത പ്രമേയത്തിൽ അടങ്ങിയിട്ടുള്ളത്.

356–ാം വകുപ്പ് ഭേദഗതി ചെയ്യുമ്പോൾ, പ്രധാനമായി വേണ്ടത് പ്രസിഡൻറിൻെറ അധികാരം പ്രയോഗിക്കാവുന്ന സാഹചര്യങ്ങൾ വക്തമായി നിർവ്വചിക്കുകയാണ്. ഇങ്ങനെ ചെയ്താൽ ഇക്കാര്യത്തിൽ കേന്ദ്രത്തിനുള്ള വിവേചനാധികാരം ഇല്ലാതാക്കുവാനും അതുവഴി ഈ വകുപ്പിൻെറ ദൂർവിനിയോഗം ഒഴിവാക്കാനും കഴിയും. ഈ രീതിയിൽ 356–ം 357–ം വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗരേഖയാണ് ചുവടെ കൊടുക്കുന്നത്.

1 (1) ഒരു സംസ്ഥാനത്ത് നിലവിലുള്ള മന്ത്രിസഭക്ക് നിയമസഭയുടെ വിശ്വാസം നിയമസഭയിൽ നടന്ന വോട്ടെടുപ്പിലൂടെ നഷ്ടപ്പെട്ടതായി ഗവർണ്ണർക്ക് ബോദ്ധ്യം വരികയോ;

2 നിയമസഭയുടെ വിശ്വാസം ഉള്ള ഒരു മന്ത്രിസഭ തെരഞ്ഞെടുപ്പു നടത്തുവാൻ തീരുമാനിച്ച് നിയമസഭ പിരിച്ചുവിടാൻ ഗവർണ്ണറേ ഉപദേശിക്കുകയോ;

3 ഒരു സംസ്ഥാനത്ത് പൊതുതെരഞ്ഞെടുപ്പിനുശേഷം, ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ഇല്ലാതെ വരികയോ, ഏററവും വലിയ കക്ഷിയുടെ നേതാവ് മന്ത്രിസഭ രൂപീകരിക്കാൻ സാധ്യമല്ല എന്ന വിവരം രേഖാമൂലം ഗവർണറെ അറിയിക്കുകയോ; ചെയ്തതായി ഗവർണർ പ്രസിഡൻറിന് റിപ്പോർട്ട് ചെയ്താൽ മാത്രം അതിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന നിയമസഭ പിരിച്ചുവിടുകയും സംസ്ഥാനഭരണം താൽക്കാലികമായി പ്രസിഡൻറിന് ഏറെറടുക്കുകയും ചെയ്യാവുന്നതാണ്.

II ഇപ്രകാരം സംസ്ഥാനഭരണം ഏറെറടുത്തുകൊണ്ടുള്ള പ്രസിഡൻറിൻെറ വിജ്ഞാപനം രണ്ടു മാസത്തിനുള്ളിൽ പാർലമെൻറിൻെറ ഇരുസഭകളുടെയും അംഗീകാരത്തിനു സമർപ്പിക്കേണ്ടതും അപ്രകാരം പാർലമെൻറ് അംഗീകരിച്ച വിജ്ഞാപനം അതു പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസത്തിൽ കൂടുതൽ യാതൊരു കാരണവശാലും പ്രാബല്യത്തിൽ തുടരാൻ പാടില്ലാത്തതുമാകുന്നു.

III ഒരു സംസ്ഥാനം പ്രസിഡൻറിൻെറ ഭരണത്തിൽ തുടരുന്ന കാലയളവിൽ ആ സംസ്ഥാനത്തിനാവശ്യമായ നിയമനിർമ്മാണം നടത്തുന്ന

തിന്, ആ സംസ്ഥാനത്തു നിന്നുള്ള പാർലമെൻറംഗങ്ങൾ ഉൾപ്പെടുന്ന ഒരു കമ്മററിയെ പാർലമെൻറിനു ചുമതലപ്പെടുത്താവുന്നതാകുന്നു.

IV ഇപ്രകാരം ചുമതലപ്പെടുത്തുന്നതിനു മുമ്പായി അത്യാവശ്യസ്വഭാവമുള്ള നിയമനിർമ്മാണ നടപടികൾ നടത്തുന്നതിന് പ്രസിഡൻറിന് അധികാരം ഉണ്ടായിരിക്കുമെങ്കിലും, അവ പാർലമെൻറു സമ്മേളിച്ചു 30 ദിവസത്തിനുള്ളിൽ പാർലമെൻറിൻെറ അംഗീകാരത്തിനു സമർപ്പിക്കേണ്ടതാണ്.

V ഏതെങ്കിലും സംസ്ഥാനഭരണം പ്രസിഡൻറ് ഏറെറടുക്കാനിടയായാൽ, അതിനുള്ള സാഹചര്യങ്ങളും അനന്തര നടപടികളും രേഖപ്പെടുത്തിയ ഒരു റിപ്പോർട്ട് ആറു മാസത്തിനുള്ളിൽ 263—ാം വകുപ്പനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഇൻറർ—സ്റേററ് കൗൺസിലിന് സമർപ്പിക്കേണ്ടതും കൗൺസിലിൻെറ അഭിപ്രായം പാർലമെൻറിൽ അവതരിപ്പിക്കേതുമാണ്.

മേൽപറഞ്ഞ തരത്തിലുള്ള ഭരണഘടനാ ഭേദഗതികൾ നടപ്പിൽ വരുത്തിയാൽതന്നെയും, 356—ാം വകുപ്പിൻെറ ദുർവിനിയോഗം പൂർണ്ണമായും തടയണമെങ്കിൽ സംസ്ഥാന ഗവർണ്ണർമാരെ നിയമിക്കുന്നതിലും അവരുടെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിലും ഇന്ന് കേന്ദ്ര ഗവൺമെൻറിനുള്ള അനിയന്ത്രിതമായ അധികാരം ഇല്ലാതായേ മതിയാകൂ. പല സംസ്ഥാന ഗവർണ്ണർമാരുടേയും പെരുമാററം ആ സ്ഥാനത്തിൻെറ അന്തസിനു നിരക്കാത്തതും, രാഷ്ട്രീയ പ്രേരിതവുമാണ്. സ്വന്തം നിലനിൽപ്പിനുവേണ്ടി കേന്ദ്രത്തിൻെറ പ്രീതി സമ്പാദിക്കേണ്ടത് ഗവർണർമാർക്ക് ഒരാവശ്യമായി വന്നിരിക്കുന്നു. ഒരു വ്യക്തിയുടെ കഴിവോ, സത്യസന്ധതയോ അല്ല ഗവർണ്ണറായി അയാളെ അവരോധിക്കപ്പെടുന്നതിനുള്ള മാനദണ്ഡം. ഇക്കാരണങ്ങൾ കൊണ്ടുതന്നെയാണ്, രാഷ്ട്രീയ വീക്ഷണങ്ങളിൽനിന്നും തികച്ചും സ്വതന്ത്രനായ ഒരു നിയമ പണ്ഡിതൻ താഴെ പറയുംവിധം അഭിപ്രായപ്പെട്ടത്.15

"കോൺഗ്രസ്പാർട്ടിയുടെ സുദീർഘമായ ഭരണത്തിനിടയിൽ ഗവർണർപദവിക്ക് മൂല്യശോഷണം സംഭവിക്കുകയുണ്ടായി. കാരണം ഗവർണറും സംസ്ഥാനമുഖ്യമന്ത്രിയും തമ്മിൽ പ്രവർത്തനപരമായ പാരസ്പര്യം സാക്ഷാത്കരിക്കാൻ സാധ്യതയില്ലാതിരിക്കുന്നതുതന്നെ. ഗവർണർ സാധാരണയായി ഒന്നുകിൽ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട, വാർദ്ധക്യം ബാധിച്ച ഒരു കോൺഗ്രസുകാരനായിരിക്കും. അതല്ലെങ്കിൽ നിഷ്ക്രിയത്വമെന്ന ഗുണത്തിൻേറയോ, വിധേയത്വസ്വഭാവത്തിൻേറയോ പേരിൽ കേന്ദ്രഗവൺമെൻറ് നിയമിക്കുന്ന ആരെങ്കിലുമായിരിക്കും. ഫലമെന്തായാലും അത് ഉന്നതസ്ഥാനത്തിൻെറ ഉപയോഗശൂന്യതയിൽ കലാശിക്കുന്നു."

വളരെയേറെ ചുമതലകളും ഉത്തരവാദിത്വങ്ങളും അധികാരങ്ങളും

ഗവർണർമാർക്ക് ഭരണഘടന നൽകിയിട്ടുണ്ട്. എന്നാൽ സുപ്രധാനമായ ഈ പദവിയുടെ കാര്യത്തിൽ, മററു പല പദവികൾക്കും ഉള്ളതുപോലുള്ള ഭരണഘടനാപരിരക്ഷകൾ പ്രകടമായും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഈ ദുരവസ്ഥക്ക് ഒരു മാററം ഉണ്ടായേ മതിയാകൂ. പ്രസിദ്ധ ഭരണഘടനാ വിദഗ്ധനായ ശ്രീ. സീർവായിയുടെ അഭിപ്രായത്തിൽ, ഗവർണർമാരെ നീക്കംചെയ്യുന്നതിനു ഒരു സുപ്രീംകോടതി ജഡ്ജിയെ നീക്കംചെയ്യുന്നതിനുവേണ്ടി ഭരണഘടനയുടെ 124—ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം പിന്തുടരേണ്ടതാണ്.[16] എന്നാൽ ഇതുകൊണ്ടുമാത്രമായില്ല. ഗവർണർമാരുടെ നിയമനക്കാര്യത്തിൽ കേന്ദ്രത്തിനുള്ള അനിയന്ത്രിതഅധികാരം എടുത്തുകളയേണ്ടത് ആവശ്യമാണ്. എന്നാൽമാത്രമേ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടവരോ ഏറാൻമൂളികളോ (ശല്യക്കാരോ) ആയ കോൺഗ്രസ് നേതാക്കളുടേയും, നട്ടെല്ലില്ലായ്മക്ക് പേരുകേട്ട ഉദ്യോഗസ്ഥൻമാരുടേയും അവസാന അഭയസ്ഥാനമായി രാജ്ഭവനുകൾ മാറാതിരിക്കൂ. ഗവർണർമാരുടെ നിയമനക്കാര്യത്തിൽ അതാത് സംസ്ഥാനങ്ങൾക്ക് നിർണ്ണായകമായ പങ്ക് നൽകുകയും, നിയമിച്ചുകഴിഞ്ഞാൽ ഭരണഘടനാ സൃഷ്ടമായ, മററു അധികാരസ്ഥാനങ്ങളുടെ കാര്യത്തിലുള്ളതുപോലുള്ള് സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്.

സംസ്ഥാനങ്ങളിലെ രാഷ്ട്രീയ അസ്ഥിരതയ്ക്കും തുടർന്നുള്ള പ്രസിഡൻറിൻെറ ഭരണത്തിനും വഴിതെളിഞ്ഞത് വ്യാപകമായ തോതിലുള്ള കാലുമാററങ്ങളാണെന്നുള്ള വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. കാലുമാററങ്ങൾകൊണ്ട് ഏററവും പ്രയോജനംസിദ്ധിച്ചിട്ടുള്ള ഒരു കക്ഷി അധികാരത്തിലിരിക്കുന്ന കാലത്തോളം കാലുമാററം തടയാനുള്ള നിയമനിർമ്മാണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ വകയില്ല. എങ്കിലും അത്തരമൊരു നിയമനിർമ്മാണത്തിനുവേണ്ടിയുള്ള ശക്തമായ പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ ഇടതുപക്ഷകക്ഷികൾ മുൻകൈ എടുക്കേണ്ടതാണ്. ജനങ്ങളുടെ ശരിയായ ഇച്ഛ പ്രതിഫലിക്കുന്ന രീതിയിൽ നിയമസഭകളും പാർലമെൻറും സംഘടിപ്പിക്കുന്നതിനാവശ്യമായ മാററങ്ങൾ തെരഞ്ഞെടുപ്പ് നിയമങ്ങളിൽ വരുത്തേണ്ടതും അടിയന്തിരപ്രാധാന്യമർഹിക്കുന്നു.

ഭരണഘടനയുടെ 356—ാം വകുപ്പിനെക്കുറിച്ചുള്ള ഈ പഠനം പ്രധാനമായും വിരൽചൂണ്ടുന്നത് രണ്ടു നിഗമനങ്ങളിലേക്കാണ്.

1. 356—ാം വകുപ്പിൻെറ ദുർവിനിയോഗം തടയാൻ ഉപയുക്തമായ വിധത്തിൽ പ്രസ്തുത വകുപ്പ് ഭേദഗതിചെയ്യുക.
2. ഗവർണർമാരുടെ നിയമനത്തിലും അവരെ നിയന്ത്രിക്കുന്നതിലും ഇന്നു കേന്ദ്രഗവൺമെൻറിനുള്ള അധികാരത്തിനു പരിമിതികൾ ഏർപ്പെടുത്തുകയും, ഗവർണ്ണർമാർക്ക് നിഷ്പക്ഷമായും നീതിപൂർവ്വമായും പ്രവർത്തിക്കാനുള്ള സാഹചര്യവും ഭരണഘടനാ

സംരക്ഷണവും ഉറപ്പുവരുത്തുകയും ചെയ്യുക.

ഇന്ത്യയിൽ ശരിയായ അർത്ഥത്തിലുള്ള ഒരു ജനകീയജനാധിപത്യ വ്യവസ്ഥിതി സ്ഥാപിക്കുക എന്ന അന്തിമമായ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ നമുക്ക് സഹായകരമായിത്തീരുന്ന ഏതാനും താൽകാലികനടപടികൾ എന്ന നിലയിൽ മാത്രമേ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുള്ളൂ.

# കുറിപ്പുകൾ

1. Constituent Assembly Debates, Vol. IX P. 177 (ഏകദേശ തർജ്ജമ)
2. ഈ നിഗമനങ്ങൾക്കടിസ്ഥാനം താഴെപ്പറയുന്ന ഗവേഷണപഠനങ്ങളാണ്: Rajeev Dhavan (ed), President's Rule in the Indian States (1979); S. Maheshwari, President's Rule in India (1977); J. R. Siwach, Polities of President's Rule in India (1979); Dua B. D., Presidential Rule in India (1979; M S. Dahiya, Office of the Governor in India (1979); Meera Srivastava, Constitutional Crisis in the States in india (1980).
3. ഉദാഹരണത്തിന്, K. P. Krishna Shetty, "President's Power under Artidi 356 of the Constitution - Theory and Practice" in Alice Jacob (ed), Constitutional Developments sice Independence (1975) 335, at pp. 345, 354, M. V. Pylee, "The States under Constitutionnl Emergency". in S. A. A. Hagg: (ed) Union - State Relations in India (1967) 73, at p. 85; p. Singh, Governor's Office in Independent India (1968) 195, എന്നിവ നോക്കുക.
4. M. S Dahiya, Office of the Governor in India (1979).
5. V. R. Krishna Iyer, "Center - State Relations: Fraud on the Constitution", Popular Jurist (Jan - Feb. 1984) 5, at p. 8.
6. M. M. Ismail, The President and the Governors in the Indian Constitution (1972) p. 87.
7. ഉദാ: K. K. Aboo V. Union of India A. I. R. 1965 Ker. 229 Rea Birinder Singh V. Union of India AIR 1968 Punj. 441 Inre: A. Sreeramulu A I R 1974 A P 106; Bijayananda V. President of India A I R 1974 Ori. 52.
8. In re: A. Sreeramulu A I R 1974 A. P. 106, 110.
9. ഇത് പിന്നീട്, ഭരണഘടനയുടെ 44–ാം ഭേദഗതി (1978) മൂലം നീക്കംചെയ്തു.

10. Rajasthan V. Union of India A I R 1977 S. C. 1361

11. Sati Sahni (ed), Centre-State Relations (1983). കാശ്മീർ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട രേഖകളും പ്രസംഗങ്ങളും, സമ്മേളനം അംഗീകരിച്ച പ്രമേയവും ഈ പുസ്തകത്തിൽ ക്രോഡീകരിച്ചിരിക്കുന്നു.

12. Report of the Centre-State Relations Inquiry committee, 1971.

13. Mathew Kurien and P. N. Varughese (ed) Centre-State Relations (1981) പശ്ചിമബംഗാൾ ഗവ: തയ്യാറാക്കിയ രേഖയുടെ പ്രസക്ത ഭാഗങ്ങൾ ഈ പുസ്തകത്തിന്റെ 209 മുതൽ 214 വരെയുള്ള പേജുകളിൽ നൽകിയിരിക്കുന്നു.

14. On Centre-State Relations (1983) (C P I (M) പ്രസിദ്ധീകരണം)

15. Kagzi M. C. J., "A critique of the Rajamannar Committee Report" in Alice Jacod (ed), Constitional Devolepments since Independence (1975) 255, at app. 273-4

16. Seervai H. M., The Emergency, Future Safeguards and the Habeas Corpus Case: A criticism (1978) P. 109

രണ്ടാംസമ്മേളനം—കേന്ദ്രസംസ്ഥാന ബന്ധങ്ങൾ
ഭരണപരവും സാംസ്കാരികവുമായ പ്രശ്നങ്ങൾ

# അധ്യക്ഷപ്രസംഗം

ഇ കെ നായനാർ

കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു സജീവ ചർച്ചാവിഷയമായിതീർന്നിരിക്കയാണ്. ഈ പ്രശ്നത്തെക്കുറിച്ച് പഠിക്കുവാൻ, അർധമനസ്സോടെയാണെങ്കിലും, ഒരു കമ്മിഷനെ നിയമിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറായി. ഇന്ത്യയിലെ രാഷ്ട്രീയകക്ഷികളും കോൺഗ്രസിതരസർക്കാരുകളും കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി അഭിപ്രായങ്ങൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷ പാർടികളുടെ ശ്രീനഗർ സമ്മേളനവും അതിൽ അവർ അംഗീകരിച്ചരേഖയും ഈ അവസരത്തിൽ സ്മരണീയമാണ്. എല്ലാ പ്രമുഖ രാഷ്ട്രീയപാർടികളും അവരുടെ നിലപാടുകൾ വ്യക്തമാക്കികൊണ്ട് സർക്കാരിയാകമ്മിഷൻെറ ചോദ്യാവലിക്ക് മറുപടിനൽകിക്കഴിഞ്ഞു.

രാഷ്ട്രീയപ്രവർത്തകർക്കിടയിൽ മാത്രമല്ല അക്കാദമിക്ക് ബുദ്ധിജീവികൾക്കിടയിലും ബഹുജനസംഘടനാ പ്രവർത്തകർക്കിടയിലും എല്ലാം ഇത് സംബന്ധിച്ച് ചർച്ചകൾ നടക്കുന്നുണ്ട്. ഏതാനും മാസങ്ങൾക്ക് മുമ്പ് കർണാടക സർക്കാരിൻെറ സാമ്പത്തിക ആസൂത്രണകൗൺസിൽ ബാംഗ്ലൂരിൽ സംഘടിപ്പിച്ച ഒരു സെമിനാറുമായി ബന്ധപ്പെടുവാനുള്ള അവസരം എനിക്കുണ്ടായി. അഖിലേന്ത്യാ പ്രശസ്തരായ നിയമജ്ഞൻമാർ, ധനശാസ്ത്രജ്ഞൻമാർ, രാഷ്ട്രീയപ്രവർത്തകർ, പത്രപ്രവർത്തകർ തുടങ്ങി ഒട്ടേറെ പ്രമുഖർ ആ സെമിനാറിൽ പങ്കെടുത്തിരുന്നു. കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ ആകെ പുനരവലോകനം ചെയ്യണമെന്നും ഫെഡറൽ സംവിധാനം ഉറപ്പിക്കണമെന്നുമുള്ള അഭി

പ്രായത്തെ പൊതുവെ സെമിനാർ സ്വാഗതം ചെയ്തു.

അത്രത്തോളം വിപുലമല്ലെങ്കിലും നമ്മുടെ നാട്ടിന്റെ വിവിധതുറകളിൽ പ്രവർത്തിക്കുന്ന പ്രഗദ്ഭമതികൾ ഈ സെമിനാറിലും പങ്കെടുക്കുന്നുണ്ട്. ഇത്തരമൊരു സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്. അഞ്ചുപ്രബന്ധങ്ങളാണ് ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നത്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ ഭരണപരവും സാംസ്കാരികവുമായ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി ഈ പ്രബന്ധങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്.

ദേശീയരംഗത്തെ മുഖ്യപ്രശ്നങ്ങളിലൊന്നായ ഭാഷാപ്രശ്നം സംബന്ധിച്ച് വിശദമായ ഒരു പ്രബന്ധംകൂടി ഈ സമ്മേളനത്തിൽ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. ഒട്ടേറെ സമരങ്ങൾക്കും സമ്മർദങ്ങൾക്കും ശേഷമാണെങ്കിലും ഭാഷാസംസ്ഥാനങ്ങൾ രൂപീകരിക്കുവാൻ കോൺഗ്രസ് സർക്കാർ നിർബന്ധിതമായി. ഭാഷാസംസ്ഥാനരൂപികരണം കൊണ്ട് ഭാഷാപ്രശ്നം പരിഹൃതമായില്ല. എന്തായിരുന്നു കാരണം? ഈ സംസ്ഥാനഭാഷകൾ നിയമനിർമാണരംഗത്തും, നീതിന്യായ നിർവഹണരംഗത്തും, വിദ്യാഭ്യാസ മാധ്യമമേഖലയിലും ഉപയോഗിച്ചുകൊണ്ട് അവയെ വികസിപ്പിവാൻ ശ്രമിക്കുന്നതിനുപകരം ഇംഗ്ലീഷ് നിലനിർത്തുന്നതിനോ ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനോ ആണ് ശ്രമിച്ചത്. അഹിന്ദിസംസ്ഥാനങ്ങളിലെ ആളുകൾക്ക് ഹിന്ദി പഠിക്കുന്നതിന് എല്ലാ പ്രോത്സാഹനങ്ങളും നൽകുന്നതിനെ അനുകൂലിക്കേണ്ടതുതന്നെ. എന്നാൽ അതോടൊപ്പം എല്ലാ ഇന്ത്യൻ ഭാഷകളുടേയും സമത്വം അംഗീകരിക്കപ്പെടണം. ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ അഹിന്ദിസംസ്ഥാനങ്ങളിൽ വ്യാപകമായ അസ്വസ്ഥതകൾക്ക് രൂപം നൽകി. ഹിന്ദിയല്ല ഇംഗ്ലീഷായിരിക്കണം രാഷ്ട്രഭാഷ എന്നുവരെ ചിലർ വാദിച്ചു.

ഈ തർക്കത്തിന് കേന്ദ്രസർക്കാർ കണ്ട പരിഹാരം ത്രിഭാഷാ പദ്ധതിയായിരുന്നു. ഇന്ന് ഫലത്തിൽ ഹിന്ദി പ്രദേശങ്ങളിൽ നിലവിലുള്ളത് ദ്വിഭാഷാ പദ്ധതിയാണെന്ന വസ്തുത ഈ പരിഹാരത്തിന്റെ അപ്രായോഗികത വെളിപ്പെടുത്തുന്നു.

തങ്ങളുടെ ആവശ്യങ്ങൾക്ക് ഉതകുംവിധത്തിലുള്ള ഭാഷ, ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങൾ തമ്മിൽ വർധിച്ചുവരുന്ന സാമ്പത്തിക-സാമൂഹിക-ബൗദ്ധികബന്ധങ്ങളുടെ പ്രക്രിയയിലൂടെ വളർന്നുവരുമെന്ന കാഴ്ചപ്പാടാണ് ഞാൻ

പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിനുള്ളത്. അതുവരെ എല്ലാനിയമങ്ങളും സർക്കാർ ഉത്തരവുകളും കേന്ദ്രത്തിൻെറ പ്രമേയങ്ങളും എല്ലാ ഭാഷകളിലും വിവർത്തനം ചെയ്ത് നൽകണം. അതതു സംസ്ഥാനങ്ങളിലാവട്ടെ ഭരണ-നീതിന്യായ-വിദ്യാഭ്യാസരംഗങ്ങളിലെല്ലാം ഉപയോഗിക്കുന്ന ഭാഷ മാതൃഭാഷയായിരിക്കണം.

ഇനി ഭരണപരമായ ചില പ്രശ്നങ്ങളിലേക്ക് കടക്കാം. നമ്മുടെ ഭരണഘടനാ വ്യവസ്ഥപ്രകാരം ഭരണാധികാരം കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ അധികാര വിഭജനത്തിൻെറ വിശദാംശങ്ങൾ പരിശോധിച്ചാൽ സംസ്ഥാനങ്ങളുടെ നില താരതമ്യേന ദുർബലമാണെന്ന് കാണുവാൻ വിഷമമില്ല. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യൻനാഷണൽ കോൺഗ്രസ് സ്വീകരിച്ചിരുന്ന ഫെഡറേഷൻ സങ്കൽപത്തിൽനിന്ന് വളരെയേറെ വ്യത്യസ്തമായിരുന്നു സ്വാതന്ത്ര്യത്തിനുശേഷം അവർ സ്വീകരിച്ച നിലപാട്. ഇന്ത്യൻ ബൂർഷ്വാഭരണവർഗത്തിന് വന്നുചേർന്ന ഈ മനംമാററത്തിൻെറ പൊരുൾ അന്വേഷിക്കുന്നതിന് ഈ സന്ദർഭത്തിൽ തുനിയുന്നില്ല.

ഇത്തരത്തിൽ സ്വതവെ ദുർബലമായ ഫെഡറൽഘടനയെ വീണ്ടും തുരങ്കംവെക്കുന്നതിനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ മൂന്ന് പതിററാണ്ടിലേറെകാലമായി ഇന്ത്യൻ ഭരണാധികാരികൾ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനങ്ങളിലെ ജനങ്ങളുടെ രാഷ്ട്രീയ അവകാശങ്ങളെ മറികടക്കാനുള്ള ഒരു ഉപകരണമാക്കി ഗവർണർ സ്ഥാനത്തെ കേന്ദ്രസർക്കാർ അധഃപതിപ്പിച്ചിരിക്കുന്നു. യഥാർഥത്തിൽ സ്വതന്ത്രഭാരതത്തിലെ ഗവർണർ, ഗവർണർ ജനറലിനോടുമാത്രം ഉത്തരവാദിത്വമുണ്ടായിരുന്ന ബ്രിട്ടീഷ് ഭരണകാലത്തെ പ്രവിശ്യാ ഗവർണർമാരുടെ ഒരു പിന്തുടർച്ചാവകാശിമാത്രമാണ്. ആധുനിക ഇന്ത്യയിലെ സംസ്ഥാന ഗവർണർമാർക്കും കേന്ദ്ര സർക്കാരിനോടുമാത്രമാണ് ഉത്തരവാദിത്വമുള്ളത്. ഫലത്തിൽ ഗവർണർ കേന്ദ്രത്തിലെ ഭരണകക്ഷിയുടെ ഒരു ഏജൻറ് മാത്രമാണ്. മററെന്തെങ്കിലുമൊരു പരിവേഷം ഗവർണർ സ്ഥാനത്തിനുണ്ടായിരുന്നെങ്കിൽ പോലും മൂന്നു പതിററാണ്ടുകാലത്തെ കോൺഗ്രസ് ഭരണം അത് നശിപ്പിച്ചിരിക്കുന്നു. പ്രതിപക്ഷ പാർടികൾ അധികാരത്തിൽ വരുന്നതിനെ തടയുവാനും കോൺഗ്രസിനെ ഭരണത്തിൽ പ്രതിഷ്ഠിക്കുന്നതിനും ഗവർണർസ്ഥാനം ദുരുപയോഗപ്പെടുത്തിയ എത്രകഥകൾ വേണമെങ്കിലും നിരത്തു

വാൻ കഴിയും. ന്യൂനപക്ഷ മന്ത്രിസഭകളുടെ അനുഭവങ്ങാം നമുക്കപരിചിതമല്ലല്ലോ. എന്തിനേറെ, ഗവർണറുടെ 'നിഷ്പക്ഷത' സംബന്ധിച്ച വാചകമടികാം ഒരു പരിഹാസച്ചിരിപോലും ഇന്നർഹിക്കുന്നില്ല. ഈ സ്ഥാനം തന്നെ വേണ്ടെന്നുവക്കുകയല്ലേ നമ്മുടെ ഫെഡറൽ സംവിധാനത്തിൻെറ ഭാവിക്കുനല്ലത്? അതല്ലെങ്കിൽ, സംസ്ഥാന നിയമസഭയോടും സംസ്ഥാന സർക്കാരിനോടും ഉത്തരവാദിത്വമുള്ള ഒരാളായിരിക്കണം ആ സ്ഥാനത്തിരിക്കേണ്ടത്.

ഗവർണർ പദവിയുടെ കാര്യങ്ങാംക്കുപുറമേ കേന്ദ്രത്തിന് സംസ്ഥാനങ്ങളുടെ ഭരണകാര്യങ്ങളിലിടപെടുവാൻ അവസരം നൽകുന്ന നിരവധിവകുപ്പുകാം ഭരണഘടനയിലുണ്ട്. 356-ാം ഖണ്ഡികപ്രകാരം, നിർദേശങ്ങാം നടപ്പാക്കുന്നില്ലെന്നതിൻെറ പേരിൽ, സംസ്ഥാന സർക്കാരിനെ പിരിച്ചുവിടാൻ കേന്ദ്രസർക്കാരിന്നധികാരം ഉണ്ട്. സംസ്ഥാനങ്ങളിൽ പ്രസിഡൻറുഭരണം അടിച്ചേൽപ്പിക്കുന്നത് ഇതുപയോഗിച്ചാണ്. ഒന്നാം തെരഞ്ഞെടുപ്പിനുമുമ്പ് പ്രസിഡൻറു ഭരണത്തിൻെറ വടിപ്രയോഗം ആദ്യം നടത്തിയത് പഞ്ചാബിലായിരുന്നു. മുഖ്യമന്ത്രി ഗോപീചന്ദ്ഭാർഗവ 1951 ജൂൺ 21-ാംന് നാടകീയമായി രാജിവെക്കുവാൻ നിർബന്ധിതനായി. അന്നുമുതൽ ഇന്നുവരെ വിവിധസംസ്ഥാനങ്ങളിലായി എഴുപതോളം പ്രാവശ്യം പ്രസിഡൻറ് ഭരണം അടിച്ചേൽപ്പിച്ചിട്ടുണ്ട്. ഇതിൽ ഏററവും കുപ്രസിദ്ധമായത് 1959-ൽ കേരളത്തിൽ നടപ്പാക്കിയ പ്രസിഡൻറുഭരണമായിരുന്നു. "ഒരിക്കലും ഈ വകുപ്പ് ഉപയോഗിക്കപ്പെടില്ലെന്നും ഇത് ഒരു 'ഡെഡ്ലെററർ' ആയി അവശേഷിക്കുകയേ ഉള്ളൂവെന്നു" മുള്ള ഡോ. അംബേദ്കറുടെ പ്രത്യാശയിൽ എന്താണിനി അവശേഷിക്കുന്നതെന്ന് ഗവേഷണം ചെയ്യേണ്ടിയിരിക്കുന്നു.

സാമ്പത്തികമായ സുസ്ഥിരതയുടെ മേൽ ഭീഷണി ഉയർന്നുവന്നിരിക്കുന്നു എന്നതിൻെറ പേരിൽ സംസ്ഥാന ഭരണത്തിൽ ഇടപെടാൻ 360-ം വകുപ്പ് പ്രസിഡൻറിന് അധികാരം നൽകുന്നുണ്ട്.

സംസ്ഥാനഭരണം, പ്രതിജ്ഞാബദ്ധവും അതിൻെറ സുഗമമായ നടത്തിപ്പിന് ആവശ്യവുമായ നിയമനിർമാണം നടത്തുന്നതിന് കേന്ദ്രാധികാരം വിലങ്ങുതടിയാവാറുണ്ട്.

1957–'59-ലെ കേരളസർക്കാർ രൂപംനൽകിയ ഭൂപരിഷ്കരണനിയമത്തിനും വിദ്യാഭ്യാസനിയമത്തിനും തടസ്സങ്ങാം സൃഷ്ടിക്കാൻ കേന്ദ്രത്തിന് കഴിഞ്ഞു. ബംഗാാം കാർ

ഷികബില്ലിൻെറയും ആന്ധ്രാ ഉപരിസഭ നിർത്തലാക്കൽ ബില്ലിൻെറയും അനുഭവങ്ങരം സമകാലീനസംഭവങ്ങളാണല്ലൊ. പലപ്പോഴും പ്രസിഡൻറിൻെറ അംഗീകാരത്തിനയക്കുന്ന ബില്ലുകരം വർഷങ്ങളായി അംഗീകാരം കിട്ടാത്തതുകൊണ്ട് നടപ്പാക്കുവാൻ സാധ്യമാകാതെ വരുന്നുണ്ട്. കേരള നിയമസഭ പാസ്സാക്കിയ താഴെപ്പറയുന്ന ബില്ലുകരംക്ക് ഇതുവരെ പ്രസിഡൻറിൻെറ അംഗീകാരം കിട്ടിയിട്ടില്ല.

1. 10-8-'77 ൽ പാസ്സാക്കിയ *ബദലി വർക്കേഴ്സ് വേജസ് ബിൽ 1977.*
2. 31-7-'78 ൽ പാസ്സാക്കിയ *പബ്ലിക് പ്രോപ്പർട്ടി (പ്രിവൻഷൻ ഓഫ് ഡിസ്ട്രിക്ഷൻ ആൻറ് ലോസ്) ബിൽ 1978.*
3. 29-10-'79 ൽ പാസ്സാക്കിയ *കേരളാകാഷ്യു വർക്കേഴ്സ് റിലീഫ് ആൻറ് വെൽഫയർഫണ്ട് ബിൽ 1979.*
4. 2-4-'80-ൽ പാസ്സാക്കിയ *കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ 1980.*

കേന്ദ്രത്തിന് അതിൻെറ പരിധിയിൽപെടുന്ന കാര്യങ്ങളിൽ സമ്പൂർണ്ണാധികാരം ഉള്ളതുപോലെ ഓരോ സംസ്ഥാന നിയമസഭക്കും അതതിൻെറ പരിധിയിൽപെടുന്ന കാര്യങ്ങളിൽ നിയമനിർമാണം നടത്താൻ സമ്പൂർണ്ണാധികാരം ഉണ്ടായിരിക്കണം.

സംസ്ഥാനങ്ങളുടെ അധികാരപരിധി ഇനിയും വിപുലീകരിക്കണം. "അവശിഷ്ടാധികാരങ്ങരം" സംസ്ഥാനങ്ങരംക്ക് നൽകിക്കൊണ്ട് 248-ാം വകുപ്പ് ഭേദഗതി ചെയ്യണം. ഏതെങ്കിലും ഒരു സംസ്ഥാനത്തിനുമാത്രമായി ചെയ്യാനാവാത്ത ദേശരക്ഷ, വിദേശവ്യാപാരം ഉരംപ്പെടെയുള്ള വിദേശകാര്യങ്ങരം, നാണയകാര്യങ്ങരം, വാർത്താവിനിമയം സാമ്പത്തികകാര്യഏകോപനം എന്നീ മേഖലകളിലായി കേന്ദ്രാധികാരം പരിമിതപ്പെടുത്തണം. ആസൂത്രണത്തിൽ സംസ്ഥാനങ്ങരംക്ക് പങ്കാളിത്തം നൽകുവാനുതകുന്ന രീതിയിൽ ഭരണഘടന ഭേദഗതി ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

സംസ്ഥാനഭരണത്തിൻെറ ഉദ്യോഗസ്ഥശൃംഖലയുടെ നേതൃത്വം ഐ എ എസ്, ഐ പി എസ് തുടങ്ങിയ അഖിലേന്ത്യാസർവീസുകളിൽനിന്നുവരുന്നവർക്കാണ്. കേന്ദ്രസർക്കാരിൻെറ അച്ചടക്കത്തിനും മേൽനോട്ടത്തിനും വിധേയമായിട്ടാണ് അവർ പ്രവർത്തിക്കുന്നത്. ഇത് നിരവധി പ്രശ്നങ്ങരംക്ക് ഇടനൽകുന്നു. ഇതുപോലെതന്നെ കേന്ദ്രത്തി

നുകീഴിലുള്ള പൊലീസ്-അർധസൈനികവിഭാഗങ്ങൾ സംസ്ഥാനങ്ങൾക്കുള്ളിൽ പ്രവർത്തിക്കുന്നത് ക്രമസമാധാന പാലനം എന്ന സംസ്ഥാനാധികാരത്തിൻമേലുള്ള കേന്ദ്രസർക്കാരിൻെറ അനധികൃതമായ ഇടപെടലാണ്.

ഇത്തരത്തിലുള്ള ഭരണപരമായ പ്രശ്നങ്ങൾ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ സംഘർഷങ്ങളും തർക്കങ്ങളും വളർന്നുവരുന്നതിൽ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. ഒരേ പാർടിതന്നെ കേന്ദ്രത്തിലും സംസ്ഥാനത്തും ഭരണം നടത്തുന്ന സന്ദർഭങ്ങളിൽ ഇത്തരം തർക്കങ്ങൾ കേന്ദ്രഭരണകക്ഷിയുടെ ചട്ടകൂട്ടിനകത്തുനിന്ന് ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിരുന്നു. എന്നാൽ കോൺഗ്രസ് ഭരണകുത്തകയുടെ തകർച്ചയും, ബംഗാൾ, ത്രിപുര, കാശ്മീർ, തമിഴ്നാട്, കർണാടകം, ആന്ധ്രാ എന്നിവിടങ്ങളിലെ പ്രതിപക്ഷസർക്കാരുകളുടെ ഉയർച്ചയും കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച ഒരു പുനരവലോകനം അടിയന്തരപ്രാധാന്യമുള്ള ഒന്നാക്കി മാററിയിരിക്കുന്നു.

ഫെഡറൽ അന്തഃസത്തക്ക് അനുയോജ്യമല്ലാത്ത വകുപ്പുകൾ ഇല്ലായ്മചെയ്യൽ മാത്രമല്ല, അന്തർസംസ്ഥാന കൗൺസിൽ സംബന്ധിച്ച 254 പോലുള്ള വകുപ്പുകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളും അടിയന്തിര പ്രാധാന്യമർഹിക്കുന്നതായിതീർന്നിരിക്കുന്നു. കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിൽ ശരിയായ സന്തുലനം കാര്യക്ഷമമായ ഭരണനിർവഹണത്തിനുമാത്രമല്ല, നാനാമത വിശ്വാസികളും, സംസ്കാരവൈജാത്യകത്തിനുടമകളും, ബഹുഭാഷക്കാരുമായ ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ രാഷ്ട്രത്തിൻെറ ഐക്യം നിലനിർത്തുവാനുംകൂടി ആവശ്യമാണ്. ഇതിനനുയോജ്യമായ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിൽ ഇത്തരം സെമിനാറുകൾക്ക് വലുതായ ഒരു പങ്കുണ്ട്.

# വ്യവസായബന്ധമേഖലയും കേന്ദ്ര-സംസ്ഥാന ബന്ധങ്ങളും

**ഡോക്ടർ കെ. രാമചന്ദ്രൻ നായർ**
( ധനശാസ്ത്രവകുപ്പ്, കേരള സർവ്വകലാശാല )

വിഷയത്തിലേക്ക് കടക്കുന്നതിന് മുമ്പ്, ആമുഖമായി ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനക്ക് രൂപം നൽകിയവർ രാജ്യത്തിന്റെ വലുപ്പവും വൈവിദ്ധ്യതയും കണക്കിലെടുത്ത് ഒരു ഫെഡറൽ സംവിധാനമാണ് രാജ്യത്തിന് ഏററവും അനുയോജ്യമായത് എന്ന തീരുമാനത്തിലെത്തി. നിരവധി സംസ്ഥാനങ്ങൾ ഒന്ന് ചേർന്ന ഒരു രാഷ്ട്രത്തിൽ തീർച്ചയായും ശക്തമായ ഒരു കേന്ദ്രം വേണമെന്നും അവർ നിശ്ചയിച്ചു. അത് ലാക്കാക്കി അധികാരങ്ങളും അവകാശങ്ങളും പങ്കിട്ടപ്പോൾ സുശക്തമായ ഒരു കേന്ദ്രത്തിനാവശ്യമുള്ളതിനേക്കാൾ അധികം അധികാരങ്ങളും അവകാശങ്ങളും കേന്ദ്രത്തിന് നൽകി. അതിന്റെ ഫലമായി കേന്ദ്രം വേണ്ടതിലും അധികം ശക്തമാകുകയും സംസ്ഥാനങ്ങൾ താരതമ്യേന അശക്തമാകുകയും ചെയ്തു. ഭരണഘടന നിലവിൽ വന്ന അന്നു മുതൽ ഈ അസന്തുലിത അധികാര വിതരണം പ്രശ്നങ്ങൾ സൃഷ്ടിച്ചു തുടങ്ങി. ജനാധിപത്യ പ്രക്രിയയിൽ കൂടി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വ്യത്യസ്ത രാഷ്ട്രീയപാർട്ടികൾ അധികാരത്തിൽ വരാൻ തുടങ്ങിയതോടു കൂടി പ്രശ്നങ്ങൾ സങ്കീർണ്ണമായി. ഇതിനിടയ്ക്ക്, ഭരണഘടനയിൽ അനുശാസിക്കുന്നതിലുമുപരി കൂടുതൽ അധികാരങ്ങൾ പിടിച്ചെടുക്കാൻ കേന്ദ്രം മുതിർന്നതോടു കൂടി വ്യാപകമായ കേന്ദ്രസംസ്ഥാന സംഘട്ടനങ്ങൾ ഒഴിവാക്കാൻ വയ്യാതായി.

കേന്ദ്രസംസ്ഥാന ധനകാര്യബന്ധങ്ങളായിരുന്നു ഏററവും കൂടുതൽ ചർച്ചചെയ്യപ്പെട്ട വിഷയം. ഭരണഘടനയിലെ നിർദ്ദേശപ്രകാരം നിയമിക്കപ്പെട്ട ധനകാര്യകമ്മീഷണുകൾ പ്രശ്നങ്ങൾക്ക് താല്ക്കാലിക പരിഹാരം കാണാനാണ് ഇന്നേ വരെ ശ്രമിച്ചിട്ടുള്ളത്. എല്ലാ സംസ്ഥാനങ്ങളേയും തൃപ്തിപ്പെടുത്തുന്ന ഒരു ഫോർമുല ഇന്നേ വരെ ഉണ്ടാക്കാൻ അവയ്ക്ക് കഴിഞ്ഞിട്ടില്ല. സംസ്ഥാന

തലത്തിൽ വരവിനേക്കാൾ ചെലവ് വർദ്ധിച്ചപ്പോൾ, മിയ്ക്ക സംസ്ഥാനങ്ങളും കേന്ദ്രത്തെ ആശ്രയിക്കാൻ നിർബന്ധിതരായി. സംസ്ഥാനങ്ങൾ വേണ്ടത്ര വിഭവസമാഹരണം നടത്തുന്നില്ല എന്ന് കേന്ദ്രം കുററപ്പെടുത്തി. റിസർവ്വ് ബാങ്കിൽ നിന്ന് സംസ്ഥാനങ്ങൾക്ക് നൽകുന്ന ഓവർ ഡ്രാഫ്ററ് കർശനമായി നിയന്ത്രിച്ചു. കേന്ദ്രത്തിന് ആവശ്യം വരുമ്പോഴൊക്കെ സഹായം എത്തിക്കുന്ന റിസർവ്വ് ബാങ്ക് സംസ്ഥാനങ്ങളോടു കാണിക്കുന്ന വിവേചന മനസ്ഥിതി കേന്ദ്രത്തിൻെറ സമ്മർദ്ദം കൊണ്ടാണ് എന്ന് വ്യക്തമായി കഴിഞ്ഞു.

ആസൂത്രണകമ്മീഷനെക്കുറിച്ചും സംസ്ഥാനങ്ങൾക്ക് പരാതിയുണ്ട്. ഇന്നേവരെയുള്ള കമ്മീഷൻെറ പ്രവർത്തനം വിലയിരുത്തിയാൽ ഈ കമ്മീഷൻ ഒരു കേന്ദ്രഗവർമെൻറ് വകുപ്പാണോ എന്ന് തോന്നും. സ്വതന്ത്രമായി പദ്ധതികൾക്ക് രൂപം നൽകേണ്ട കമ്മീഷൻ കേന്ദ്രസർക്കാരിൻെറ ആവശ്യപ്രകാരവും നിർദ്ദേശപ്രകാരവുമാണ് പ്രവർത്തിക്കുന്നത്. നിർഭാഗ്യവശാൽ ഭരണകക്ഷി പൊതുതെരഞ്ഞെടുപ്പിലൂടെ ജനങ്ങളെനേരിടുന്ന സന്ദർഭത്തിലാണ് ചില പഞ്ചവത്സരപദ്ധതികളുടെ രൂപരേഖ തയ്യാറാക്കപ്പെട്ടത്. അതിൻെറഫലമായി പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യങ്ങളും, മാനങ്ങളും, വിഭവവിതരണവും മററും ഭരണകക്ഷിയുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റേറായുടെ ഒരു പകർപ്പായിതീർന്നു. 1958—ൽ ലോകസഭയിൽ വച്ച എസ്ററിമേററ്സ് കമ്മിററിയുടെ റിപ്പോർട്ടിൽ ആസൂത്രണ കമ്മീഷൻെറ ഘടന അഴിച്ചുപണിയണമെന്ന് പറഞ്ഞിരുന്നു. പ്രധാനമന്ത്രിയേയും കേന്ദ്രമന്ത്രിമാരേയും പങ്കെടുപ്പിക്കാതെ തികച്ചും സ്വതന്ത്രമായ ഒരു എക്സ്പെർട്ട് കമ്മീഷനായി പ്രവർത്തിക്കണമെന്ന് കമ്മിററി നിർദ്ദേശിച്ചു. എന്നാലിന്നും ആസൂത്രണ കമ്മീഷൻെറ ഘടനയിലും പ്രവർത്തന ശൈലിയിലും മൗലികമായ ഒരു മാററവും ഉണ്ടായിട്ടില്ല.

കേന്ദ്ര—സംസ്ഥാന ബന്ധങ്ങളെ സ്പർശിക്കുന്ന മററ് ചില കാര്യങ്ങളും ഇന്ന് വ്യാപകമായി ചർച്ചചെയ്യപ്പെടുന്നുണ്ട്. ഗവർണ്ണർ, തെരഞ്ഞെടുപ്പ് കമ്മീഷൻ, യൂണിയൻ പബ്ലിക്ക്സർവ്വീസ് കമ്മീഷൻ കംപ്ട്രോളർ—ആഡിററർ ജനറൽ, ഹൈക്കോടതി ജഡ്ജിമാർ, അഖിലേന്ത്യാ സർവ്വീസുകൾ, അന്തർ സംസ്ഥാന നദീജലതർക്കങ്ങൾ, റേഡിയോ—ടെലിവിഷൻ എന്നീ വാർത്തവിനിമയ സർവ്വീസുകൾ എന്നിവയാണ് അതിൽ മുഖ്യം. ഈയിടക്ക് ചില സംസ്ഥാനങ്ങൾ മുൻകയ്യെടുത്ത് ശ്രീനഗറിലും കൽക്കത്തയിലും നടത്തപ്പെട്ട സമ്മേളനങ്ങളിൽ കേന്ദ്ര—സംസ്ഥാനബന്ധങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെട്ടു. ഭരണഘടനയുടെ 263—ാം വകുപ്പിൽ നിർദ്ദേശിക്കുന്ന അന്തർ—സംസ്ഥാന കൗൺസിൽ ഇതേവരെ രൂപീകരിക്കാൻ കേന്ദ്രം ഒ

രു നടപടിയും എടുത്തിട്ടില്ല. ഇത് തികച്ചും നിഷേധാത്മകമായ ഒരു നിലപാടാണ്. പൊതു താല്പര്യമുള്ളതും തർക്കത്തിനിടനൽകിയിട്ടുള്ളതുമായ വിഷയങ്ങൾ ചർച്ചചെയ്ത് അവയ്ക്ക് പരിഹാരം കാണാൻ മററൊരു സംവിധാനവും നമ്മുടെ ഫെഡറൽ ഭരണഘടനയിൽ ഇല്ല എന്നുള്ളതാണ് സത്യം. ഇന്ത്യയിൽ സുശക്തമായ ഒരു കേന്ദ്രം വേണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. എന്നാലത് സംസ്ഥാനങ്ങളെ ബലഹീനമാക്കിയിട്ടു വേണോ? ഒരു കാര്യം ഓർക്കുന്നത് നല്ലതാണ്. ഇന്ത്യ എന്നുപറഞ്ഞാൽ, അത് ന്യൂദൽഹിയല്ല.

കേന്ദ്ര—സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ അധികം പേരെയും ആകർഷിക്കാത്ത ഒരു പ്രശ്നമാണ് വ്യവസായ ബന്ധ മേഖലയിലുണ്ടാകുന്ന കേന്ദ്ര—സംസ്ഥാന സംഘട്ടനങ്ങൾ, അല്ലെങ്കിൽ അതിനുള്ള സാധ്യതകൾ. ഭരണഘടനയനുസരിച്ച്, തൊഴിൽ നിയമ നിർമ്മാണവും അതു സംബന്ധിച്ച ഭരണനിർവ്വഹണവും കേന്ദ്രത്തിന്റേയും സംസ്ഥാനങ്ങളുടേയും പൊതുചുമതലയിലാണ്. ഒരേ കാര്യത്തെ സംബന്ധിച്ച് കേന്ദ്രനിയമവും സംസ്ഥാന നിയമവും ഉണ്ടായാൽ ഭരണഘടനയനുസരിച്ച് കേന്ദ്രനിയമമാണ് നിലനിൽക്കുക. കേന്ദ്രനിയമങ്ങളെ സംബന്ധിച്ചുള്ള റൂളുകൾ ഉണ്ടാക്കാൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ട്. ചില കാര്യങ്ങളിൽ തൊഴിൽ നിയമങ്ങൾ ഉണ്ടാക്കാൻ കേന്ദ്രം തയ്യാറില്ല എന്നുവരാം. ഉദാഹരണത്തിന് കർഷകതൊഴിലാളികളെ സംബന്ധിച്ച നിയമം. കേന്ദ്രത്തിന്റേയും സംസ്ഥാനങ്ങളുടേയും അധികാരങ്ങളും ചുമതലകളും യൂണിയൻ ലിസ്ററ്, കൺകറൻറ് ലിസ്ററ്, സ്റേററ്ലിസ്ററ് എന്നീ വിഭാഗങ്ങളിലായി തരംതിരിച്ചിരിക്കുന്നു. ഈ വിഭജനം ഒരു തർക്കവിഷയമായി തീർന്നിരിക്കയാണ്. തർക്കം പരിഹരിക്കാൻ നടപടിക്രമങ്ങൾ ഒന്നുമില്ല.

വ്യവസായബന്ധത്തെ സംബന്ധിക്കുന്ന സുപ്രധാനനിയമങ്ങളൊക്കെ കേന്ദ്രത്തിന്റേതാണ്. ഉദാഹരണത്തിന്, ട്രെയിഡ്യൂണിയൻ നിയമം, വ്യവസായ തർക്കനിയമം, പേമെൻറ് ഓഫ് വേജസ്നിയമം, ബോണസ്നിയമം എന്നിവ. ഈ കേന്ദ്രനിയമങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ സ്വീകാര്യമായിട്ടില്ല; കാരണം സംസ്ഥാനതലത്തിൽ വ്യവസായബന്ധത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വ്യത്യസ്തങ്ങളാണ്. വ്യവസായത്തിന്റെ ഘടന, തൊഴിൽ ശക്തിയുടെപ്രത്യേക സ്വഭാവം, ട്രെയിഡുയൂണിയൻ സംസ്ക്കാരം, എന്നിവയാണവ. നിയമനിർമ്മാണത്തിനു മുമ്പ് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുന്ന പതിവ് കേന്ദ്രം സ്വീകരിച്ചിട്ടില്ല. ഒരുതരം അടിച്ചേൽപ്പിക്കലാണ് സാധാരണയായി കണ്ടുവന്നിട്ടുള്ളത്. സംസ്ഥാന തലത്തിലെ പ്രത്യേകതകളും സാഹചര്യവും കണക്കിലെടുക്കാതെ, പണിമുട

ക്കുകളും വർഗസമരങ്ങളും ചെറുത്ത് ഇല്ലാതാക്കാനാണ് തൊഴിൽ നിയമനിർമ്മാണം വഴി കേന്ദ്രം ഈയടുത്ത കാലത്ത് ശ്രമിച്ചു വരുന്നത്.

കേന്ദ്രത്തിന്റെ ചിന്താഗതിയിൽ പണിമുടക്കുകൾ ഒരു മഹാരോഗമാണ്. ഒരേ വ്യവസായത്തിലെ ഒന്നിലധികം യൂണിയനുകൾ, യൂണിയനുകൾ തമ്മിലുള്ള കിടമത്സരം, യൂണിയനുകളെ നിയന്ത്രിക്കുന്ന പുറത്തുനിന്നുള്ള നേതൃത്വം, ചുമതലാബോധമില്ലാത്ത പ്രവർത്തനശൈലി, രാഷ്ട്രീയ അതിപ്രസരം എന്നിവയാണ് മുഖ്യരോഗകാരണങ്ങൾ എന്ന ഉറച്ച നിഗമനത്തിലെത്തിയിരിക്കുന്ന കേന്ദ്രം യൂണിയനുകളെ കർശനമായിനിയന്ത്രിക്കാൻ ട്രെയിഡു യൂണിയൻ നിയമവും വ്യവസായത്തർക്കനിയമവും ഈയിടക്ക് ഭേദഗതിചെയ്തു. ഈ ഭേദഗതികൾ സംസ്ഥാനങ്ങളുമായി ആലോചിക്കാതെ കേന്ദ്രംസ്വമേധയാരൂപം നൽകിയതാണ്. ചിലസംസ്ഥാനങ്ങളും അഖിലേന്ത്യാ ട്രെയിഡു യൂണിയൻ സംഘടനകളും പ്രതിഷേധം പ്രകടിപ്പിച്ചെങ്കിലും ഭൂരിപക്ഷത്തിന്റെ ശക്തി ഉപയോഗിച്ച് ഭേദഗതികൾ കേന്ദ്രം നിയമമാക്കി.

യഥാർത്ഥത്തിൽ, ചില സംസ്ഥാനങ്ങൾ എങ്കിലും പണിമുടക്കിനെ ഒരു മഹാരോഗമായി കാണുന്നില്ല. മറിച്ച് സമൂഹത്തിൽ അഴിഞ്ഞാടുന്ന ഒരു മഹാരോഗത്തിന്റെ ബാഹ്യലക്ഷണമായിട്ടാണ് ഈ സംസ്ഥാനങ്ങൾ പണിമുടക്കിനെ വീക്ഷിക്കുന്നത്. സാമൂഹ്യ—സാമ്പത്തിക ബന്ധങ്ങളിലെ അനീതിയും അസമത്വവും, ജീവിക്കാൻ മതിയാകാത്ത വേതനം, തൃപ്തികരമല്ലാത്ത തൊഴിൽസ്ഥിതി, ഒച്ചിനെപ്പോലെ ഇഴയുന്ന തർക്കപരിഹാരനടപടിക്രമം, ജനാധിപത്യ അവകാശങ്ങളെ കാററിൽപ്പറത്തുന്നതും അടങ്ങിയൊതുങ്ങി ഇരുന്നില്ലെങ്കിൽ ഉള്ള അവകാശങ്ങൾ കൂടി ഇല്ലായ്മ ചെയ്യുമെന്നുള്ള ഭീഷണി ഉൾക്കൊള്ളുന്നതുമായ കേന്ദ്രനയങ്ങൾ എന്നിവ ഒത്തുചേർന്നതാണ് യഥാർത്ഥത്തിൽ നിലവിലുള്ള രോഗം. രോഗത്തെ ചികിൽസിച്ച് മാററാൻ ശ്രമിക്കാതെ വ്യവസായബന്ധ മേഖലയിൽ സമാധാനം ഉണ്ടാക്കാം എന്ന കേന്ദ്രത്തിന്റെ ആഗ്രഹം ഒരു വ്യാമോഹം മാത്രമാണ്.

ട്രെയിഡുയൂണിയൻ നിയമത്തിന്റെ ഭേദഗതിവഴി യൂണിയനുകളുടെ രജിസ്ട്രേഷൻ റദ്ദാക്കാനും, അവക്ക് പിന്നീട് വേണ്ടി വന്നാൽ പുനർരജിസ്ട്രേഷൻ നൽകാതിരിക്കാനും, അംഗസംഖ്യയും പ്രാതിനിധ്യ സ്വഭാവവും വെരിഫിക്കേഷൻ വഴി തീരുമാനിക്കാനും, യൂണിയൻ തർക്കങ്ങളെ നിർബന്ധിത അഡ്ജൂഡിക്കേഷനു വിടാനും,യൂണിനുകളുടെ മേൽ 500 ഉറുപ്പിക വരെ പിഴ ഏർപ്പെടുത്താനും ഉള്ള അധികാരങ്ങളാണ് ബ്യൂറോക്രസിയുടെ ഭാഗമായ ട്രെയിഡു യൂണിയൻ രജിസ്ട്രാർക്ക് നൽകിയിട്ടുള്ളത്. ട്രെയിഡു യൂണി

യൻ അവകാശങ്ങൾക്ക് വേണ്ടി പെരുതുന്നതുപോലും കുററകരമാക്കാൻ തീരുമാനിച്ചിരിക്കുന്ന കേന്ദ്രനീക്കം ശക്തിമത്തായ ട്രേയിഡു യൂണിയൻ പ്രസ്ഥാനം നിലവിലിരിക്കുന്ന കേരളം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾക്ക് സ്വീകാര്യമാകാൻ വഴിയില്ല. ഒരേ വ്യവസായത്തിലുള്ള ഒന്നിലധികം യൂണിയനുകളെ നിയന്ത്രിക്കണമെന്ന് വാദിക്കുന്ന കേന്ദ്രം, ഏഴോ, അതിൽ കൂടുതലോ തൊഴിലാളികൾ ഒന്നിച്ചു ചേർന്നാൽ ഒരു യൂണിയൻ ഉണ്ടാക്കാം എന്നുള്ള നിലവിലുള്ള നിയമത്തിൽ മാററം വരുത്തിയിട്ടില്ല. ഒന്നിലധികം യൂണിയനുകളുണ്ടായാൽ അവ തമ്മിൽ കിടമൽസരം ഉണ്ടാകുമെന്നുള്ളത് തീർച്ച. രാജ്യത്തെ തൊഴിലാളിവർഗത്തിൻെറ പൊതുവായ സ്വഭാവം കണക്കിലെടുത്താൽ പുറത്തുനിന്നുള്ള നേതൃത്വം ചില മേഖലകളിലെങ്കിലും ഇനിയും ഒഴിച്ചു കൂടാത്തതാണെന്ന് കാണാം. അകത്തുനിന്നുള്ള നേതൃത്വം ഉരുത്തരുിയുന്നതുവരെ പുറത്ത് നിന്നുള്ള നേതൃത്വം വേണ്ടിവരും.

യൂണിയൻപ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയാൽ മാത്രമേ കൂട്ടായ വിലപേശൽ സമ്പ്രദായത്തിനു സ്ഥിര പ്രതിഷ്ഠ ലഭ്യമാകൂ. ഈ ലക്ഷ്യം നേടാൻ ഏത് നടപടിയാണ് വേണ്ടത് എന്നുള്ളതിനെക്കുറിച്ച് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയ്ക്ക് യോജിപ്പില്ല. കൂട്ടായ വിലപേശലിന് തങ്ങളെ ആര് പ്രതിനിധീകരിക്കണം എന്ന് തീരുമാനിക്കാനുള്ള മൗലികാവകാശം തൊഴിലാളികൾക്ക് നൽകാൻ കേന്ദ്രം തയ്യാറല്ല. പാർലമെൻറിലേയ്ക്കും, നിയമസഭയിലേക്കും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാൻ ഏതൊരു പൗരനും അവകാശം നൽകിയിരിക്കുന്ന നമ്മുടെ ജനാധിപത്യത്തിൽ തൊഴിലാളികൾക്ക് കൂട്ടായ വിലപേശലിന് തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാൻ രഹസ്യ ബാലററ് അനുവദിക്കാൻ പാടില്ല എന്നുള്ള വാദഗതി വിചിത്രം തന്നെ. സർക്കാരിൻെറ ഭാഗമായ ബ്യൂറോക്രസി നടത്തുന്ന വെരിഫിക്കേഷൻെറ വെളിച്ചത്തിൽ ഭൂരിപക്ഷം യൂണിയനെ നോമിനേററ് ചെയ്യുന്ന നടപടി ജനാധിപത്യപരമല്ല എന്ന് പറയേണ്ടിരിക്കിരിക്കുന്നു. ഇക്കാര്യത്തിൽ കേന്ദ്ര—സംസ്ഥാന സംഘട്ടനം ഏത് സമയത്തും ഉണ്ടായേക്കാം.

ഇന്ന് എല്ലാ സംസ്ഥാനങ്ങളിലും ആസൂത്രിത വികസനത്തിൻെറ ഭാഗമായി കേന്ദ്രമേഖലയിലുള്ള സ്ഥാപനങ്ങളും വ്യവസായസംരംഭങ്ങളും ധാരാളമായി പ്രവർത്തിക്കുന്നു. തുറമുഖങ്ങൾ, എണ്ണപ്പാടങ്ങൾ, എണ്ണശുദ്ധീകരണശാലകൾ, ഖനികൾ, റെയിൽവേ, കമ്പിത്തപ്പാൽ, കേന്ദ്രസർക്കാർ ആഫീസുകൾ, ബാങ്കുകൾ ഇൻഷുറൻസ് കമ്പനികൾ എന്നിവയാണവ. ചില സംസ്ഥാനങ്ങളിൽ സംസ്ഥാന

മേഖലയേക്കാൾ വിപുലമാണ് കേന്ദ്രമേഖല. ഈ സാഹചര്യത്തിൽ സംസ്ഥാന തലത്തിലെ തൊഴിൽസ്ഥിതി, വേതനഘടന, ലാഭവീതനിരക്ക് എന്നിവയെ കേന്ദ്രനയങ്ങൾ സ്വാധീനിക്കുന്നു. കേന്ദ്രമേഖലയിലും സംസ്ഥാനമേഖലയിലും വ്യത്യസ്ത വേതനഘടന നിലനിൽക്കുന്നു. വേതനനിരക്കുകളിലും അന്തരമുണ്ട്. കേന്ദ്രമോ സംസ്ഥാനമോ എന്ന വേർതിരിവ് പരിഗണിക്കാതെ എല്ലാ ജീവനക്കാർക്കും ഒരേ തോതിലുള്ള ക്ഷാമബത്ത പോലും നൽകുന്ന പതിവ് ഇവിടെയില്ല. ഒരു ദേശീയ വേതനനയം ഇല്ലാത്തതിന്റെ ഫലമായി ചില മേഖലകളിൽ ഉയർന്ന വേതനനിരക്കുകളും മററ് മേഖലകളിൽ വളരെ കുറഞ്ഞ വേതനനിരക്കുകളും നിലനിൽക്കുന്നു. സംസ്ഥാനങ്ങളിലെ ചില വിഭാഗം ജീവനക്കാർ കേന്ദ്ര വേതനനിരക്കുകൾ ആവശ്യപ്പെടുമ്പോൾ കേന്ദ്രമേഖലയിലെ ചില വിഭാഗം ജീവനക്കാർ സംസ്ഥാന വേതനനിരക്കുകൾ ആവശ്യപ്പെടുന്നു. വേതന നിർണ്ണയം തികച്ചും അശാസ്ത്രീയമായതുകൊണ്ടാണിത് സംഭവിക്കുന്നത്. വേതന നയം എങ്ങിനെ ശാസ്ത്രീയമാക്കാം എന്നുള്ളതിനെക്കുറിച്ച് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാൻ കേന്ദ്രം തയ്യാറാകേണ്ടതാണ്.

ഒരു ദേശീയ വേതനനയം രൂപീകരിക്കാൻ കേന്ദ്രം ഇതുവരെ ക്രിയാത്മകമായ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. 1973-ൽ പ്രൊഫസർ എസ്. ചക്രവർത്തി ചെയർമാനായിട്ടുള്ള കമ്മിററി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ കേന്ദ്രം പരിഗണിച്ചില്ല. കമ്മിററിയുടെ റിപ്പോർട്ട്തന്നെ കുറേനാൾ പൂഴ്ത്തിവയ്ക്കപ്പെടുകയാണുണ്ടായത്. എന്നാൽ ഇപ്പോൾ അന്തർ സംസ്ഥാനതലത്തിൽ ഒരു പ്രാദേശിക വേതനനയം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്രം എടുത്തു പറയുകയാണ്. ഇതിന്റെ പിറകിൽ ദുരുദ്ദേശമില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ വേതന നിരക്കുകൾ വളരെ കൂടുതലായതുകൊണ്ടാണ് കശുവണ്ടി, കൈത്തറി മുതലായ പരമ്പരാഗത വ്യവസായങ്ങൾ ക്ഷയിക്കുന്നതെന്നും അയൽസംസ്ഥാനങ്ങളിലേക്ക് കുടിയേറിപ്പോകുന്നതെന്നും വാദിക്കുന്നവർ, അയൽസംസ്ഥാനങ്ങളിൽ വേതനം ഉയർത്തണമെന്ന് പറയാതെ, കേരളത്തിൽ അത് താഴ്ത്തണമെന്ന് നിർദ്ദേശിക്കുന്നത് തികച്ചും വിചിത്രംതന്നെ. തൊഴിലാളികളുടെ വർഗബോധവും ചൂഷണത്തിനെതിരെയുള്ള ചെറുത്തുനില്പും ആണ് കേരളത്തിലെ ഉയർന്നവേതനനിരക്കുകൾക്കു കാരണം. അതിന് കേരളത്തെ പഴിച്ചിട്ട് കാര്യമില്ല. ദേശീയ വേതനനയം സ്വാഗതം ചെയ്യുന്നതോടൊപ്പം, സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ശാസ്ത്രീയമായി നിർണ്ണയിക്കുന്ന ഒരു വേതനഘടനയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിൽക്കുന്ന ഒരു വേതനഘടനക്ക് രൂപം നൽകാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്ക് നൽകിയേ തീരൂ.

ക്ഷാമബത്ത മറെറാരു പ്രശ്നത്തിലേക്ക് വിരൽ ചൂണ്ടുന്നു. ധനവിഭവങ്ങളിൽ ഇപ്പോഴം കേന്ദ്രത്തിനുള്ള കുത്തകയും, നിയന്ത്രണാധികാരങ്ങളും ഉപയോഗിച്ച് കേന്ദ്രജീവനക്കാർക്ക് ക്ഷാമബത്താഗഡുക്കരം നൽകുമ്പോഠം, അതുപോലെ തങ്ങളുടെ ജീവനക്കാർക്കും ക്ഷാമബത്തനൽകാൻ വേണ്ട പണമില്ലാതെ നട്ടംതിരിയുന്ന സംസ്ഥാനങ്ങഠം നിരവധിയാണ്. രാജ്യത്തെ വിലനിലവാരം നിർണ്ണയിക്കുന്നതിൽ മുഖ്യഘടകം കേന്ദ്രത്തിൻെറ സാമ്പത്തികനയങ്ങളാണ്. വിലകഠം പിടിച്ച്നിർത്താനാവശ്യമായ അധികാരങ്ങളും ഉപാധികളും കേന്ദ്രത്തിൻെറ പിടിയിലാണ്. അവ വേണ്ടവിധത്തിലും, വേണ്ടസമയത്തും ഉപയോഗിക്കാത്തതിൻെറ ഫലമായി അനിയന്ത്രിതമായ വിലക്കയററം ഉണ്ടായി. തൊഴിലിനേയും അതിൽ നിന്നു കിട്ടുന്ന വേതനത്തേയും മാത്രം ആശ്രയിച്ച് ജീവിക്കുന്ന ജനലക്ഷങ്ങളെ ഇത്സാരമായി ബാധിച്ചു. ഇത് വ്യവസായസമാധാനത്തെ താറുമാറാക്കി. ഈ സ്ഥിതിക്ക് സംസ്ഥാനങ്ങളെ കുററക്കാരാക്കാൻ പാടില്ല. കേന്ദ്രത്തിൻെറ സഹായവും സഹകരണവും കൂടാതെ വിലകഠം പിടിച്ചുനിർത്താനും യഥാർത്ഥകൂലിയിൽ ഇടിവ്വരാതെ സൂക്ഷിക്കാനും സംസ്ഥാനങ്ങഠംക്ക് കഴിയുകയില്ല.

സംസ്ഥാനതലത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നവയാണ് ഇറക്കുമതി, കയററുമതി, നികുതി ഘടന, നികുതിനിരക്കുകഠം, അസംസ്കൃത പദാർത്ഥങ്ങളുടേയും സംസ്ക്കരിച്ചചരക്കുകളുടേയും വിലനിർണ്ണയം, എന്നിവയെ സംബന്ധിച്ച കേന്ദ്രനയങ്ങഠം. ചില ഉദാഹരണങ്ങഠം നിരത്തിവയ്ക്കട്ടെ. അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിയും, കാനലൈസേഷൻ വഴിയുള്ള വിതരണവും സംബന്ധിച്ച കേന്ദ്രനയം കേരളത്തിലെ കശുവണ്ടി വ്യവസായത്തിൻെറ നിലനില്പിനെ തന്നെ നിർണ്ണയിക്കുന്നു. കേന്ദ്രനയങ്ങഠം സംസ്ഥാനത്തിൻെറ താല്പര്യത്തിന് വിപരീതമായാൽ തീർച്ചയായും കേന്ദ്ര—സംസ്ഥാന ബന്ധങ്ങഠം തകരാറിലാകും. ചണത്തെ സംബന്ധിച്ച കേന്ദ്രനയങ്ങഠം പശ്ചിമബംഗാളിലെ ചണമിൽ വ്യവസായത്തേയും അതിൽ പണിയെടുന്ന തൊഴിലാളികളുടെ ജീവിതത്തേയും ബാധിക്കും. ചുരുക്കിപ്പറഞ്ഞാൽ, സംസ്ഥാനതലത്തിലെ വ്യവസായബന്ധകാലാവസ്ഥ മോശമാകാൻ ഒരു കാരണം സംസ്ഥാനങ്ങളോട് ആലോചിക്കാതെ നടപ്പാക്കുന്ന കേന്ദ്രനയങ്ങളാണ് എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. ഏത് നയം നടപ്പാക്കുന്നതിനും മുമ്പ്, സംസ്ഥാന തലത്തിൽ അത് എന്ത് പ്രത്യാഘാതങ്ങഠം ഉണ്ടാക്കുമെന്ന് സംസ്ഥനങ്ങളുമായി മുൻകൂട്ടി ചർച്ചചെയ്യാൻ കേന്ദ്രം തയ്യാറാകണം. അല്ലെങ്കിൽ വരുംകാലങ്ങളിൽ ഇക്കാര്യത്തെചൊല്ലി കേന്ദ്രസംസ്ഥാന സംഘട്ടനങ്ങഠം നിരന്തരം ഉണ്ടാ

യിക്കൊണ്ടിരിക്കും.

എല്ലാസംസ്ഥാനങ്ങളിലും വ്യാപിച്ചു കിടക്കുന്നവയാണ് കേന്ദ്രമേഖലാസ്ഥാപനങ്ങൾ എന്ന് നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ഈ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ട്രെയിഡു യൂണിയനുകളുടെ വേരുകൾ യഥാർത്ഥത്തിൽ സംസ്ഥാനതലത്തിലെ യൂണിയൻ പ്രസ്ഥാനത്തിൽ അടിയുറച്ചിരിക്കുന്നു. സംസ്ഥാനതലത്തിലുള്ള നേതൃത്വമാണ് അവയെ നയിക്കുന്നത്. അതു കൊണ്ട് തന്നെ സംസ്ഥാന തലത്തിൽ കേന്ദ്ര മേഖലയിലും സംസ്ഥാനമേഖലയിലും ഉള്ള യൂണിയനുകൾ ഒററക്കെട്ടായി പ്രവർത്തിക്കും. തികച്ചും പ്രാദേശികമായ ഒരു വ്യവസായ ബന്ധ പ്രശ്നത്തിൽ കേന്ദ്ര മേഖലയിലുള്ള യൂണിയനുകളും ഇടപെടുന്നതിൽ അദ്ഭുതപ്പെടാനില്ല. അതു പോലെ തന്നെ കേന്ദ്ര മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു തൊഴിൽ പ്രശ്നത്തിൽ സംസ്ഥാന മേഖലയിലെ യൂണിയനുകളും ഇടപെട്ടേക്കാം. സംസ്ഥാനത്ത് നിലവിലുള്ള പ്രത്യേക വ്യവസായ ബന്ധ സാഹചര്യം കണക്കിലെടുക്കാതെ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര മേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ കേന്ദ്രം ശ്രമിക്കുന്നത് മൂഢത്വമാണ്. ചിലപ്പോൾ ഒരു തൊഴിൽ പ്രശ്നത്തെ സംബന്ധിച്ചു കേന്ദ്രത്തിനും സംസ്ഥാനത്തിനും ഒരേ അഭിപ്രായം ഉണ്ടായി എന്നു വരില്ല. ഇത് കേന്ദ്ര- സംസ്ഥാന സംഘട്ടനങ്ങൾക്ക് വഴി തെളിക്കും.

കേന്ദ്രമേഖലാസ്ഥാപനത്തിൽ ക്രമസമാധാന പ്രശ്നം ഉണ്ടായാൽ മാത്രമേ സംസ്ഥാന ഗവർമ്മേൻറിന് അതിൽ ഇടപെടാൻകഴിയൂ. കേന്ദ്രസ്ഥാപനത്തിലുണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കേന്ദ്രത്തിൻേറതുമാത്രമായ പ്രത്യേക സംവിധാനം ഉണ്ട്. അതുകൂടാതെ സി. ആർ. പി., ബി. എസ്. എഫ്., സി. ഐ. എസ്. എഫ്, എന്നീ സേനാവിഭാഗങ്ങളേയും വേണ്ടി വന്നാൽ പട്ടാളത്തേയും രംഗത്തിറക്കാൻ കേന്ദ്രത്തിന് സാധിക്കും. ഈയിടക്കുണ്ടായ തുറമുഖ പണിമുടക്കിൽ തൊഴിലാളികളെ തോൽപ്പിക്കാനായി ചരക്കിറക്കാൻ നാവികസേനയുടെ സഹായം കേന്ദ്രം തേടുകയുണ്ടായി. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര സേനാംഗങ്ങളെഉപയോഗിക്കണമെങ്കിൽ തന്നേയും ഒരു പരിധിവരെ അതിനുള്ള പ്രാഥമിക സൗകര്യങ്ങൾ സംസ്ഥാനം ചെയ്തു കൊടുക്കേണ്ടിവരും. ഏതെങ്കിലും ഒരു സംസ്ഥാനം കേന്ദ്രത്തിന് ഈ സൗകര്യങ്ങൾ നൽകിയില്ലെങ്കിൽ എന്താകും സ്ഥിതി?. തൊഴിൽതർക്കത്തോടുള്ള കേന്ദ്രത്തിൻേറ സമീപനരീതി എല്ലാസംസ്ഥാനങ്ങൾക്കും സ്വീകാര്യമാകാൻ വഴിയില്ല.

കേന്ദ്രവും സംസ്ഥാനങ്ങളും മററ് പല വ്യവസായ ബന്ധ

പ്രശ്നങ്ങളിലും വിയോജിക്കുന്നതായികാണാം. തൊഴിൽ തർക്കങ്ങളിൽ പോലീസിന്റെ ഇടപെടൽ, ഘെരാവോയുടെ നിയമസാധുത, കോൺട്രാക്റ്റ്– കാഷ്വൽ തൊഴിലാളി സമ്പ്രദായം, മിനിമം കൂലി, ബോണസിന്റെ അടിസ്ഥാനം, ലേഓഫ്, പിരിച്ചുവിടൽ, തൊഴിലില്ലായ്മാ വേതനം, മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം, കർഷകത്തൊഴിലാളി പെൻഷൻ, അഡ്ജൂഡിക്കേഷൻ, ആർബിട്രേഷൻ, കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കുന്ന സമ്പ്രദായം, തൊഴിൽ നിയമങ്ങളുടെ ഭരണനടത്തിപ്പ്, കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ഉണ്ടാക്കുന്നവ്യവസായ ബന്ധസമിതികളിലേക്കുള്ള തൊഴിലാളി പ്രതിനിധ്യം എന്നീ കാര്യങ്ങളിൽ കേന്ദ്ര-സംസംഥാന സംഘട്ടനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് ഒഴിവാക്കണമെങ്കിൽ ഇക്കാര്യങ്ങളെക്കുറിച്ച് സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുക്കാൻ കേന്ദ്രം തന്നെ മുൻകൈയ്യെടുക്കണം. വ്യവസായ ബന്ധ മേഖലയിൽ കേന്ദ്ര-സംസ്ഥാന സംഘട്ടനങ്ങൾ ഒഴിവാക്കേണ്ടത് ഈ രാജ്യത്തെ തൊലാളി വർഗത്തിന്റെ ആവശ്യമാണ്.

രണ്ടാംസമ്മേളനം—കേന്ദ്രസംസ്ഥാനബന്ധങ്ങൾ:

ഭരണപരവും സാംസ്കാരികവുമായ പ്രശ്നങ്ങൾ

# കേന്ദ്ര സംസ്ഥാന ബന്ധങ്ങളും വിദ്യാഭ്യാസ പ്രശ്നങ്ങളും

പി. കെ. രാജൻ

നമ്മുടെ വിദ്യാഭ്യാസരംഗത്ത് നിലവിലിരിക്കുന്ന കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ വിശകലനം ചെയ്തിട്ടുള്ള പണ്ഡിതൻമാരിൽ പലർക്കും ഒരു തെററ് പററിയിട്ടുണ്ട്. ഇന്ന് നിലനിൽക്കുന്ന രാഷ്ട്രീയ_സാമ്പത്തിക വ്യവസ്ഥ മൗലികമായ മാററങ്ങൾക്കൊന്നും വിധേയമാകാത്ത, അന്തിമമായ, ഒരു പ്രതിഭാസമാണെന്ന മുൻവിധിയോടെ, കേന്ദ്ര-സംസ്ഥാനബന്ധങ്ങളിൽ ചില പരിഷ്കാരങ്ങളും മാററങ്ങളും നിർദ്ദേശിക്കുക മാത്രമാണവർ ചെയ്യുന്നത്. എന്നാൽ, നിരന്തരം ചലനങ്ങൾക്ക് വിധേയമായി, ഘടനയിലും ശൈലിയിലും ജനകീയതയുടേതായ ഒരു പുതിയ മാർഗത്തിലേക്ക് അനിവാര്യമായും നീങ്ങിക്കൊണ്ടിരിക്കുന്ന, നമ്മുടെ രാഷ്ട്രീയ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ വേണം ഇന്നു നാം വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന പ്രശ്നങ്ങളും നിലവിലുള്ള കേന്ദ്രസംസ്ഥാനബന്ധങ്ങളും പരിശോധനാ വിഷയമാക്കേണ്ടത്. ജനകീയജനാധിപത്യത്തിലേക്കുള്ള മുന്നേററത്തിൽ സവിശേഷമായ പങ്കു വഹിക്കേണ്ട വിദ്യാഭ്യാസമണ്ഡലത്തിൻെറ ആ രീതിയിലുള്ള വികാസത്തിന് ഇന്ന് നിലവിലുള്ള കേന്ദ്ര സംസ്ഥാനബന്ധങ്ങൾ പ്രചോദനമാണോ പ്രതിബന്ധമാണോ എന്ന കാതലായ പ്രശ്നമാണ് ഇതിലടങ്ങിയിരിക്കുന്നത്.

## പകടമായ വൈരുധ്യം

ഇന്ത്യയെപ്പോലെ ബൃഹത്തായൊരു രാജ്യത്തെ അത്യന്തം സങ്കീർണമായ വിദ്യാഭ്യാസരംഗം അങ്ങേയററം വികേന്ദ്രീകൃതമായിരിക്കണം എന്ന കാര്യത്തിൽ രണ്ടഭിപ്രായത്തിന് തരമില്ല. ഇതിന് പല കാരണങ്ങളുണ്ട്. ഒന്നാമതായി, കോത്താരി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ, കേന്ദ്രഗവൺമെൻറ് കൈകടത്താത്തതും പ്രോവിൻസുകളുടെ അധികാരപരിധിയിൽ പെട്ടതുമായ ഒരു കാര്യമായിരുന്നു വിദ്യാഭ്യാസം. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി, അധികാരം ഇന്ത്യക്കാരിലേക്ക് കൈ

മാറുവാനുള്ള പദ്ധതിയനുസരിച്ച്, വിദ്യാഭ്യാസത്തിൻെറ പൂർണ്ണ നിയന്ത്രണം പ്രോവിൻസുകൾക്കു നൽകിക്കൊണ്ടുള്ള ഒരു വ്യവസ്ഥ 1921 നും 1947 നുമിടയ്ക്ക് ബ്രിട്ടീഷ് ഗവൺമെൻറ് ഏർപ്പെടുത്തിയിരുന്നു. ഇതിൻെറ സ്വാഭാവികമായ തുടർച്ചയായി തന്നെ വിദ്യാഭ്യാസം സ്റേററുകളുടെ കാര്യമാണെന്ന ചിന്തയ്ക്ക് സ്വതന്ത്രഇന്ത്യയിലും പ്രാമുഖ്യം ലഭിച്ചു. രണ്ടാമതായി, ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ വലുപ്പവും ഭീമായ ജനസംഖ്യയും കേന്ദ്രീകൃത വിദ്യാഭ്യാസമെന്ന ആശയത്തെ അസംഗതവും അസാധ്യവുമാക്കി തീർത്തു. മൂന്നാമതായി, ഒരു ഫെഡറൽ രാഷ്ട്രീയ സംവിധാനത്തിലേക്കുള്ള വളർച്ചക്കിടയിൽ കേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ വ്യവസ്ഥ അസ്ഥാനത്താണെന്നും, രാജ്യത്തെയാകെ വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന ഒരു കേന്ദ്രം എന്ന ചിന്ത ഫെഡറൽ സങ്കൽപത്തിന് നിരക്കാത്തതാണെന്നും വന്നുചേർന്നു. അമേരിക്ക, ക്യാനഡ, ആസ്ട്രേലിയ, യുഗോസ്ലേവിയ, സോവിയററ് റഷ്യ തുടങ്ങിയ രാജ്യങ്ങളിലൊന്നും തന്നെ ഒരു കേന്ദ്രവിദ്യാഭ്യാസമന്ത്രികാര്യാലയം ഇല്ല യെന്നും, അവിടങ്ങളിലെല്ലാം വിദ്യാഭ്യാസത്തിൻെറ ചുമതല സ്റേററുകൾക്കാണെന്നുമുള്ള വസ്തുതയും ചൂണ്ടികാണിക്കപ്പെട്ടു. നാലാമതായി, ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഏതെങ്കിലും തലസ്ഥാനനഗരിയിൽ നിന്നുണ്ടാകുന്ന നിർദ്ദേശങ്ങളുടെയോ വിജ്ഞാപനങ്ങളുടെയോ അടിസ്ഥാനത്തിൽ ശക്തമായ ഒരു വിദ്യാഭ്യാസവ്യവസ്ഥ വളർത്തിയെടുക്കാനാവില്ലെന്നും, ജനങ്ങളുടേതായ മുൻകൈയും സഹകരണവും അത്യന്താപേക്ഷിതമാണെന്നും വ്യക്തമായിരുന്നു.

ഈ വസ്തുനിഷ്ഠസാഹചര്യങ്ങളെല്ലാം തന്നെ ഒരു സത്യം വ്യക്തമാക്കി: വിദ്യാഭ്യാസരംഗത്ത് വികേന്ദ്രീകരണത്തിൻെറ അനിവാര്യത. എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ ഇന്നുവരെയുള്ള അനുഭവമാകട്ടെ കേന്ദ്രീകരണത്തിൻെറ വളർച്ചയാണുതാനും. ഈ പ്രവണതയാണ്—അതായത് അധികാരവികേന്ദ്രീകരണം അനിവാര്യമാക്കിതീർക്കുന്ന സാഹചര്യങ്ങളിൽ പോലും അധികാരകേന്ദ്രീകരണത്തിലേക്ക് നീങ്ങുന്ന പ്രവണത—നമ്മുടെ വിദ്യാഭ്യാസരംഗത്തെ കേന്ദ്ര—സംസ്ഥാനബന്ധങ്ങൾ പരിശോധിക്കുമ്പോൾ പ്രകടമാകുന്ന മുഖ്യമായ വൈരുധ്യം. വിദ്യാഭ്യാസരംഗത്തിൻെറ നിയന്ത്രണം സ്റേററുകളിലൂടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെയും ജനങ്ങളുടേതാക്കി മാററുന്നതിനുപകരം, കൂടുതൽ കൂടുതൽ അധികാരം കേന്ദ്രഗവൺമെൻറ് കയ്യടക്കിയാൽ മാത്രമേ വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹരിക്കാനാകൂ എന്ന രീതിയിലുള്ള നടപടികളാണ് സ്വാതന്ത്ര്യത്തിനുശേഷം ഉണ്ടായിട്ടുള്ളത്.

## കേന്ദ്ര–സംസ്ഥാനബന്ധങ്ങൾ ഭരണഘടനയിൽ

വിദ്യാഭ്യാസം പൂർണ്ണമായും സ്റ്റേറ്റുകളുടെ ചുമതലയിലായിരിക്കണം എന്ന കാഴ്ചപ്പാടാണ് ഭരണഘടനാനിർമാതാക്കൾക്കുണ്ടായിരുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 246 അനുസരിച്ച് ഏഴാം ഷെഡ്യൂളിൽ വിദ്യാഭ്യാസരംഗത്തെ നിയമനിർമ്മാണാധികാരം ഇങ്ങനെ നിർവചിച്ചിരിക്കുന്നു:

### List I—Union List

63. The institutions known at the commencement of this constitution as the Benares Hindu University, the Aligarh Muslim University and the Delhi University, and any other institution declared by Parliament by law to be an institution of national importance.

64. Institutions for scientific or technical education financed by the Government of India wholly or in part and declared by Parliament by law to be institutions of national importance.

65. Union agencies and institutions for
    (a) Professional, vocational or technical training, including the training of police officers; or
    (b) the promotion of special studies or research; or
    (c) scientific or technical assistance in the investigation or detection of crime.

66. Co-ordination and determination of standards in institutions for higher education or research and scientific and technical institutions.

### List II—State List

11. Education, including Universities, subject to the provision of entries 63, 64, 65 and 66 of List I and entry 25 of List III.

### List III–Concurrent List

25. Vocational and technical tranining or labour.

അങ്ങനെ, ഏതാനും അധികാരങ്ങൾ മാത്രം കേന്ദ്രഗവൺമെൻറിൽ ചുമത്തിക്കൊണ്ട്, വിദ്യാഭ്യാസമേഖലയെ മൊത്തത്തിൽ സ്റ്റേറ്റുകളുടെ ചുമതലയിലാക്കുകയാണ് ഭരണഘടനചെയ്തത്.

എന്നാൽ വർഷങ്ങൾ മുന്നോട്ടുപോയപ്പോൾ, വിദ്യാഭ്യാസരംഗത്തെ കുഴപ്പങ്ങൾക്കെല്ലാം കാരണം സ്റ്റേറ്റുകളുടെ കാര്യക്ഷമതയില്ലായ്മയാണെന്നും, അതിനാൽ കേന്ദ്രഗവൺമെൻറിന് വിദ്യാഭ്യാസരംഗത്തുള്ള നിയമനിർമാണാധികാരങ്ങൾ വർധിപ്പിക്കണമെന്നും, അതിനായി വിദ്യാഭ്യാസം കൺകറൻറ് ലിസ്റ്റിലാക്കണമെന്നുമുള്ള വാദമുയർന്നു വന്നു.

ഈ വാദഗതികൾ വിശദമായി പരിശോധിച്ച കോത്താരി കമ്മീഷൻ (1964–66) ഇങ്ങനെ അഭിപ്രായപ്പെട്ടു:

> വിദ്യാഭ്യാസം കൺകറൻറ് ലിസ്റ്റിലുൾപ്പെടുത്തുന്നത് അനാവശ്യമായ അധികാരകേന്ദ്രീകരണത്തിനും ഒട്ടും അയവില്ലാത്ത ഒരു സ്ഥിതിവിശേഷത്തിനുമായിരിക്കും ഇടനൽകുക. യഥാർഥത്തിൽ ഏററവുമധികം ആവശ്യമായിട്ടുള്ളത് അയവുള്ളതും, പരീക്ഷണങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നതുമായ ഒരു സാഹചര്യമാണ്. നിലവിലുള്ള ഭരണഘടനാവ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ടു തന്നെ പ്രായോഗികമായ ഒരു കേന്ദ്ര–സംസ്ഥാനസഹകരണം വളർത്തിയെടുക്കുവാൻ വേണ്ടിടത്തോളം സാധ്യതകളുണ്ടെന്ന് ഞങ്ങൾക്ക് ബോധ്യമുണ്ട്. ഈ സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതാണ് സത്യം. ഈ സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തിയ ശേഷം അവ അപര്യാപ്തമാണെന്ന് കാണുന്നെങ്കിൽ മാത്രമേ ഭരണഘടനാഭേദഗതിയെക്കുറിച്ച് ആലോചിക്കേണ്ടതുള്ളൂ. എല്ലാ വശങ്ങളും പരിഗണിക്കുമ്പോൾ, വിദ്യാഭ്യാസത്തിൻെറ വികാസത്തിനും ദേശീയ വിദ്യാഭ്യാസനയ രൂപീകരണത്തിനും വേണ്ടി ഭരണഘടനയിൽ ഇന്നു നിലവിലുള്ള വ്യവസ്ഥകൾ അങ്ങേയററം ഉപയോഗപ്പെടുത്തുവാനുള്ള ഒരു തീവ്രയത്നം ആരംഭിക്കണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു. പത്തുവർഷം കഴിഞ്ഞ് പ്രശ്നം വീണ്ടും പരിശോധിക്കാവുന്നതേയുള്ളൂ. (അധ്യായം XVIII 18.30)

എന്നാൽ കോത്താരി കമ്മീഷൻെറ ഈ നിർദേശം കേന്ദ്രഗവൺമെൻറ് അവഗണിച്ചു. 1976ൽ, അടിയന്തിരാവസ്ഥക്കാലത്തെ കുപ്രസിദ്ധമായ 42–ാം ഭരണഘടനാഭേദഗതിയിലൂടെ, വിദ്യാഭ്യാസരംഗത്ത് കൂടുതൽ അധികാരങ്ങൾ കേന്ദ്രം കയ്യ്ക്കലാക്കി. ‘‘Eudcation, including technical education, medical education and univesrities, subject to entries 63-66 of List I;’’ എന്നത് കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെട്ടു. സ്വരൺസിംഗ് കമ്മിററിയുടെ ശുപാർശയെ ആസ്പദമാക്കിയായിരുന്നു ഈ മാററം.

ഈ ഭരണഘടനാ ഭേദഗതിയ്ക്കു ശേഷവും ശക്തമായൊരു ദേശീയ വിദ്യാഭ്യാസ നയത്തിന് രൂപം നൽകി നടപ്പാക്കുവാനോ,

വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാററങ്ങളെന്തെങ്കിലും വരുത്തി തീർക്കുവാനോ കേന്ദ്രഗവൺമെൻറിന് കഴിഞ്ഞിട്ടില്ല എന്നതിൽ നിന്നുതന്നെ, അധികാരകേന്ദ്രീകരണത്തിലൂടെ വിദ്യാഭ്യാസരംഗം ആരോഗ്യകരമായ ലൈനിൽ വളർത്താനാവില്ല എന്ന സത്യം വ്യക്തമാകുന്നു. അധികാരവികേന്ദ്രീകരണത്തിലൂടെ മാത്രമേ ഉത്തമമായ ജനകീയ വിദ്യാഭ്യാസവ്യവസ്ഥ പടുത്തുയർത്താനാവൂ എന്ന വീക്ഷണം ഉൾക്കൊള്ളുവാൻ ഭരണാധികാരികൾക്ക് കഴിയുന്നില്ല. ഈ വികേന്ദ്രീകരണമാകട്ടെ, സ്റേററുകളിലേക്ക് മാത്രമല്ല ജില്ലാടിസ്ഥാനത്തിലും ഗ്രാമാടിസ്ഥാനത്തിലുമൊക്കെ പ്രവർത്തിക്കുന്ന സ്വയം ഭരണസ്ഥാപനങ്ങളിലേക്കുമെല്ലാം പടിപടിയായി വ്യാപിപ്പിക്കുകയാണ് വേണ്ടത്. മാൽകോം ആദിശേഷയ്യാ അഭിപ്രായപ്പെട്ടതുപോലെ, "പഞ്ചായത്തുകളിലേക്കും പഞ്ചായത്ത് യൂണിയനുകളിലേക്കും നിയന്ത്രണം കൈമാറുവാൻ കഴിയാത്തിടത്തോളം കാലം ഇന്ത്യയിൽ ശരിയായ വിദ്യാഭ്യാസം ഉണ്ടാവുക സാധ്യമല്ല തന്നെ" 1 വിദ്യാഭ്യാസരംഗത്തെ കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ വിശദമായി അപഗ്രഥിച്ച ഡോ: അബുബേക്കർ എന്ന ഗവേഷകനാകട്ടെ, മേല്പറഞ്ഞ ഭരണഘടനാ ഭേദഗതിയുടെ ശരിയും തെററും പ്രതിപാദിച്ചശേഷം, ശ്രദ്ധേയമായ ഒരു താക്കീത് നൽകിക്കൊണ്ടാണ് തൻെറ ഗ്രന്ഥം അവസാനിപ്പിക്കുന്നത്. വിദ്യാഭ്യാസത്തിൻെറ നിയന്ത്രണം പ്ളാനിംഗിലൂടെയും ഫണ്ടിംഗിലൂടെയും കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കുന്ന ഇന്നത്തെ സ്ഥിതി വിശേഷത്തെ ശക്തിപ്പെടുത്താനാണ് ഈ ഭരണഘടനാ ഭേദഗതി ഉപയോഗപ്പെടുത്തുന്നതെങ്കിൽ, "നമ്മുടെ രാജ്യത്തിനും ദേശീയ വിദ്യാഭ്യാസത്തിനും അതൊരു ദുർദിനമായിരിക്കുമെന്ന കാര്യം നിസ്സംശയമാണ്" 2 എന്നദ്ദേഹം അഭിപ്രായപ്പെടുന്നു.

## വിദ്യാഭ്യാസരംഗത്തെ സാമ്പത്തികക്രമീകരണങ്ങൾ

കേന്ദ്ര–സംസ്ഥാനബന്ധങ്ങളിൽ ഏററവുമധികം വിമർശനവിധേയമായിട്ടുള്ളത് സാമ്പത്തികബന്ധങ്ങളുടെ കാര്യമാണ്. റവന്യൂവിൻെറ സിംഹഭാഗവും കയ്യടക്കി വെച്ചുകൊണ്ട് സ്റേററുകളുടെ കടബാദ്ധ്യത അനുദിനം വർധിപ്പിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സ്ഥിതി വിശേഷം വിദ്യാഭ്യാസരംഗത്തെയും വല്ലാതെ പീഡിപ്പിക്കുന്നു. വരവിനങ്ങളിൽ 70 ശതമാനവും കേന്ദ്രത്തിനും, 30 ശതമാനം മാത്രം 22 സ്റേററ്ഗവൺമെൻറുകൾക്കുമായി ലഭ്യമാകുന്ന ഇന്നത്തെ സ്ഥിതിയിൽ, വിദ്യാഭ്യാസമേഖലയിൽ ഉയർന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ നേരിടുവാനോ പ്രഖ്യാപിത ലക്ഷ്യങ്ങളിലെത്തിച്ചേരുവാൻവേണ്ടി കാര്യമായെന്തെകിലും ചെയ്യുവാനോ കഴിയാതെ സ്റേററ്ഗവൺമെൻറുകൾ വിഷമിക്കുകയാണ്. കേരളം പോലുള്ള സ്റേററുകൾ ബജററിൻെറ 40 ശതമാനം വരെ

വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നു. മൊത്തത്തിൽ പറയുമ്പോൾ, സ്റ്റേറ്റുകൾ നികുതിദായകനിൽനിന്ന് പിരിച്ചെടുക്കുന്ന ഓരോ രൂപയിലും 20പൈസ വീതം വിദ്യാഭ്യാത്തത്തിന് മാത്രമായി ചെലവഴിക്കുന്നു. ഈ നിസ്സഹായാവസ്ഥ ചൂണ്ടിക്കാണിച്ചുകൊണ്ടും, അതിൽ നിന്ന് മുക്തിനേടാൻ നിലവിലുള്ള കേന്ദ്ര–സംസ്ഥാന സാമ്പത്തികബന്ധങ്ങൾ പൊളിച്ചെഴുതണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുമുള്ള ഒരു ശക്തമായ പ്രമേയം 1967–ൽ ന്യൂഡൽഹിയിൽ സമ്മേളിച്ച സ്റ്റേറ്റ് വിദ്യാഭ്യാസമന്ത്രിമാരുടെ കോൺഫ്രൻസ് പാസാക്കുകയുണ്ടായി. അതിൽ ഇങ്ങനെ പറഞ്ഞു:

> വിദ്യാഭ്യാസരംഗത്തെ വികസനത്തിന്റെ പ്രശ്നങ്ങൾ സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് ഭീമമായ കടബാദ്ധ്യകൾ സൃഷ്ടിക്കുന്നു. അവ തരണം ചെയ്യുകയെന്നത് സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ കൂടുതൽ വിഷമകരമായിരിക്കുകയാണ്..........അതിനാൽ വിദ്യാഭ്യാസരംഗത്തെ പണവിനിയോഗത്തിൽ ഇന്നും നിലവിലുള്ള കേന്ദ്ര–സംസ്ഥാനബന്ധങ്ങൾ മൊത്തത്തിൽ തന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നും, നമ്മുടെ രാജ്യത്ത് ഇന്ന് അനിവാര്യമായിട്ടുള്ള വിപുലമായ വിദ്യാഭ്യാസ പുനഃനിർമാണയത്നങ്ങൾ സൃഷ്ടിക്കുന്ന വെല്ലുവിളികളെ നേരിടുവാൻ പര്യാപ്തമായ പുതിയ സാമ്പത്തികബന്ധമാനദണ്ഡങ്ങൾക്ക് രൂപം നല്കണമെന്നും, ഈ കോൺഫറൻസ് നിർദ്ദേശിക്കുന്നു. 3

എന്നാൽ സമ്പദ് വിനിയോഗത്തിന്റെ പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കണ്ടിട്ടില്ല. മാത്രമല്ല കൂടുതൽ കേന്ദ്രീകരണത്തിനുള്ള പ്രവണത വളരുകയും ചെയ്യുന്നു. തൽഫലമായി, നിരക്ഷരതാ നിർമാർജനം, നിർബന്ധിതവും സാർവത്രികവുമായ പ്രൈമറി വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, വിദ്യാഭ്യാസരംഗത്തെ സാങ്കേതിക വിപ്ളവം, മാതൃഭാഷയിലൂടെയുള്ള അധ്യയനം, ഉന്നതനിലവാരത്തിലുള്ള ഗവേഷണത്തിന്റെ വികസനം തുടങ്ങിയ പ്രഖ്യാപിതലക്ഷ്യങ്ങളിലെത്തിച്ചേരുവാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ സ്റ്റേറ്റ് ഗവൺമെന്റുകൾ പരാജയപ്പെടുന്നു. രാഷ്ട്രീയമായ ഇച്ഛാശക്തിയുടെ അഭാവംകൂടിയാകുമ്പോൾ പിന്നത്തെ കാര്യം പറയാനുമില്ല.

വിദ്യാഭ്യാസത്തിനുവേണ്ടി കേന്ദ്രത്തിൽ നിന്നും സംസ്ഥാനഗവൺമെന്റുകൾക്ക് ലഭിക്കുന്ന ധനസഹായം രണ്ടു വിഭാഗത്തിൽ പെടുന്നു. ഒന്നാമത്തേത്, ഫൈനാൻസ് കമ്മീഷന്റെ അവാർഡ് ആയി ലഭിക്കുന്ന സ്റ്ററ്റ്യൂട്ടറി ഗ്രാന്റുകൾ. 'കമ്മിറ്റഡ് എക്സ്പെൻഡിച്ചറി'നു വേണ്ടിയുള്ളതാണിത്. ഇത് ഏറെക്കുറെ സ്വാഭാവികമായി നടക്കുന്നതാണെന്ന് പറയാം. രണ്ടാമത്തേതാകട്ടെ,

പ്ളാൻ വിഹിതമായി ലഭിക്കുന്ന ധനസഹായമാണ്. ഇതാണിവിടെ കൂടുതൽ പ്രസക്തം. സ്കീമുകളുടെ അടിസ്ഥാനത്തിൽ വായ്പയായും ഗ്രാൻറായും ഇത് നൽകുന്നു. രണ്ടുതരത്തിലുള്ള സ്കീമുകൾക്കുമാത്രമേ ഈ കേന്ദ്രധനസഹായം ഉണ്ടാകൂ. ഒന്നാമത്തേത്, കേന്ദ്രം തന്നെ സ്പോൺസർ ചെയ്യുന്ന സ്കീമുകൾ. രണ്ടാമത്തേത്, കേന്ദ്രസഹായത്തോടുകൂടിയുള്ള സ്കീമുകൾ. ചുരുക്കത്തിൽ, കേന്ദ്രഗവൺമെൻറിൻെറ വിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കുവാൻ വേണ്ടിയുള്ളതാണ് കേന്ദ്രധനസഹായം. അതിനാൽ സ്വതന്ത്രമായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുവേണ്ട ധനസഹായം സ്റേററ് ഗവൺമെൻറുകൾക്കു കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നില്ല. എന്നു വരുന്നു.

ഇനി മറെറാരുകാര്യം. സ്റേററുകൾക്കുള്ള ധനസഹായത്തിൻെറ തോത് നിർണയിക്കുന്നത് പലപ്പോഴും നീതിയുടെ സീമകൾ ലംഘിച്ചുകൊണ്ടാണ്. ഒന്നുരണ്ടുദാഹരണങ്ങൾ ചൂണ്ടിക്കാണിയ്ക്കട്ടെ. അഫിലിയേററഡ് കോളേജുകൾക്ക് നൽകുന്ന കേന്ദ്രസഹായത്തിൻെറ കാര്യത്തിൽ ഡൽഹിയിലെ കോളേജുകളെ പ്രീണിപ്പിക്കുകയും മററ് സ്റേററ് സർവ്വകലാശാലകളിലെ കോളേജുകളെ പീഡിപ്പിക്കുകയുമാണെന്ന് ഒരിക്കൽ രാജ്യസഭയിൽ ബന്ധപ്പെട്ട മന്ത്രിതന്നെ സമ്മതിക്കുകയുണ്ടായി. വിവിധ സംസ്ഥാനങ്ങളിലെ 400 അഫിലിയേററഡ് കോളേജുകൾക്ക് ധനസഹായമായി നൽകിയ അത്രയും തന്നെ തുക ഡൽഹിയിലെ 40 കോളേജുകൾക്കായി നൽകിയത്രേ! ഇനി യു. ജി. സി. സ്റേററ് സർവ്വകലാശാലകൾക്ക് നൽകുന്ന ധനസഹായത്തിൻെറ കാര്യം പരിശോധിക്കുമ്പോഴും ഇതുതന്നെയാണ് കാണുക. അഞ്ചാം പദ്ധതിയിൽ യു. ജി. സി. യ്ക്കു ലഭിച്ച അലോട്ട്മെൻറ് 210 കോടി രൂപയായിരുന്നു. ആറാം പദ്ധതിയിൽ ഇത് 280 കോടി രൂപയായി ഉയർന്നു. എന്നാൽ സ്റേററ് സർവകലാശാലകൾക്ക് യു. ജി. സി. യിൽ നിന്ന് അഞ്ചാം പദ്ധതിയിൽ ലഭിച്ച 2 കോടി രൂപാവിഹിതം ആറാം പദ്ധതിയിൽ വെറും 1 കോടിരൂപയായി വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. അതേസമയം സെൻട്രൽ യൂണിവേഴ്സിററികൾക്കും ഡൽഹി കോളേജുകൾക്കുമുള്ള ഗ്രാൻറ് ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഗവേഷണരംഗത്തിൻെറ കാര്യം മാത്രം പരിശോധിച്ചാലും സ്ഥിതി ഒട്ടും വിഭിന്നമല്ല. ശാസ്ത്ര–സാങ്കേതിക വിഷയങ്ങളിൽ ഗവേഷണത്തിനായി ചെലവഴിക്കുന്ന 500 കോടിയോളം രൂപയിൽ 80 ശതമാനം വരെ ആറേറാമിക് എനർജി, സി. എസ്. ഐ. ആർ, പ്രതിരോധം തുടങ്ങിയ മേഖലകളിലാണ്. 3 ശതമാനം മാത്രമേ സർവ്വകലാശാലകൾക്ക് ലഭിക്കുന്നുള്ളൂ. ഇതിൽ സിംഹഭാഗവും കേന്ദ്രീയ സർവ്വകലാശാലകൾക്കാണ് ലഭി

ക്കുക. കേരളമുൾപ്പടെയുള്ള സ്റേററ് സർവ്വകലാശാലകൾക്ക് തുച്ഛമായ ഒരു വിഹിതം മാത്രമേ ലഭിക്കുന്നുള്ളൂ.

ചുരുക്കത്തിൽ, വിദ്യാഭ്യാസമേഖലയിൽ ഇന്നും നിലവിലുള്ള കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾമൂലം മൂന്ന് പ്രധാന പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു സംസ്ഥാനഗവൺമെൻറുകൾക്ക്:

1. തുച്ഛമായ വിഭവങ്ങൾ 2. പരിമിതമായ കേന്ദ്രസഹായം 3. കേന്ദ്രസഹായത്തിൻെറ മാനദണ്ഡങ്ങളിലുള്ള വിവേചനം. ഈ സാഹചര്യങ്ങളിൽ, വിദ്യാഭ്യാസമാററങ്ങൾക്ക് നേതൃത്വം നൽകുവാനും ഊർജസ്വലമായ കർമപരിപാടികൾ ആസൂത്രണം ചെയ്യുവാനും സംസ്ഥാനങ്ങൾക്ക് സാധ്യമാകാതെ വരുന്നു.

## പ്രഖ്യാപിത ലക്ഷ്യങ്ങളും പ്രായോഗികാനുഭവവും

വിദ്യാഭ്യാസരംഗത്തെ പ്രഖ്യാപിതലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നാളിതുവരെയുള്ള പരാജയം വിലയിരുത്തുമ്പോൾ, ഈ പരാജയത്തിന് അടിസ്ഥാനപരമായ കാരണം കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകളുടെ രാഷ്ട്രീയ ഇച്ഛാശക്തിയില്ലായ്മയും, സംഘടനാപരമായ കാരണം കേന്ദ്ര–സംസ്ഥാന ബന്ധങ്ങളിൽ–പ്രത്യേകിച്ചും സാമ്പത്തികബന്ധങ്ങളിൽ–കാണുന്ന അധികാരകേന്ദ്രീകരണ പ്രവണതയുമാണെന്ന് വ്യക്തമാകും.

1. നിർബന്ധിതവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം ഇന്നും ഒരു സ്വപ്നമാണ്. കേരളം, തമിഴ്നാട്, മഹാരാഷ്ട്ര, ബംഗാൾ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് ഇക്കാര്യത്തിൽ വിജയം കൈവരിച്ചിട്ടുള്ളത്. ബീഹാർ, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഒറീസാ തുടങ്ങിയ സംസ്ഥാനങ്ങൾ ഇന്നും പിറകിൽ തന്നെ. ഇവിടങ്ങളിലെ സംസ്ഥാനഗവൺമെൻറുകൾ ആത്മാർത്ഥമായി മുന്നോട്ടുവരുകയും, അവയ്ക്ക് വേണ്ട പ്രത്യേക ധനസഹായം കേന്ദ്രം നൽകുവാൻ സന്നദ്ധമാകുകയും ചെയ്താൽ മാത്രമേ ഈ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാനാകു. ''പിന്നോക്കസംസ്ഥാനങ്ങളിലും ജില്ലകളിലും പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിൽ, ഇന്നത്തെ കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളുടെയടിസ്ഥാനത്തിൽ നോക്കുമ്പോൾ, കേന്ദ്രഗവൺമെൻറിന് ഒരു പ്രത്യേക സാമ്പത്തിക ഉത്തരവാദിത്വമുണ്ട്. ഭാവിയിൽ കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ മാററം വരുത്തുമ്പോൾ, സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകളെ ഉദ്ധരിക്കുവാനാവശ്യമായ ധനസഹായം നൽകുക, കേന്ദ്രത്തിൻെറ ഉത്തരവാദിത്വമാക്കി മാറേറണ്ടതുണ്ട്.'' 4 മാത്രമല്ല, സ്കൂളുകളിലേക്ക് കുട്ടികൾ വരാതിരിക്കുവാനും, വന്ന കുട്ടികളിൽ ഒരു വലിയ ശതമാനം പടിപടിയായി പൊഴിഞ്ഞുപോകാനുമുള്ള പ്രധാന കാര

ണം നമ്മുടെ ഗ്രാമങ്ങളിലെ കൊടും പട്ടിണിയാണ്. പ്രാദേശികാടിസ്ഥാനത്തിൽ നില നിൽക്കുന്ന സവിശേഷമായ ഭൗതികസാഹചര്യങ്ങൾക്കനുസരിച്ച് സ്കൂളിംഗ് സമ്പ്രദായത്തിൽ വേണ്ട മാററങ്ങൾ വരുത്തി സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം നടപ്പിൽ വരുത്തുവാനുള്ള ഒരു വിപുലമായ പ്രയത്നമാണ് വേണ്ടത്. ഇവിടെയാണ് ജില്ലാപരിഷത്തുകൾക്കും പഞ്ചായത്തുകൾക്കുമെല്ലാമുള്ളസ്ഥാനം. അധികാരം കൂടുതൽ കൂടുതൽ കേന്ദ്രീകരിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല.

2. സെക്കൻററി വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക, കരിക്കുലം ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനും അധികാരകേന്ദ്രീകരണം തടസ്സമാവുകയേ ഉള്ളൂ. തലസ്ഥാന നഗരിയിലെ ഓഫീസിൽ നിന്നും വരുത്തിതീർക്കാവുന്ന മാററങ്ങളല്ല അവ. ഓരോ പ്രദേശത്തുമുള്ള ജനജീവിതത്തിൻെറ സവിശേഷസാഹചര്യങ്ങളുടെയും, വികസനസാധ്യതകളുടെയും അടിസ്ഥാനത്തിലായിരിക്കണം വിദ്യാർഥികളിലെ വാസനകൾ വളർത്തിയെടുക്കേണ്ടതും, കരിക്കുലം രൂപപ്പെടുത്തേണ്ടതും. പ്രാദേശികാടിസ്ഥാനത്തിലുള്ള പ്ലാനിംഗ് ആണ് ഇതിനാവശ്യം.

3. നിരക്ഷരതാ നിർമാർജനത്തിൻെറയും വയോജന വിദ്യാഭ്യാസത്തിൻെറയും കാര്യത്തിലാകട്ടെ ഭരണഘടന വിഭാവന ചെയ്തതുപോലെയോ, പിന്നീട് കോത്താരി കമ്മീഷൻ നിർദേശിച്ചതുപോലെയോ ഉള്ള നേട്ടങ്ങളൊന്നും കൈവരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഒരു ജനകീയ പ്രസ്ഥാനമാക്കി ഇതിനെ മാററിതീർക്കുവാൻ കഴിയാത്തതാണ് ഇതിന് കാരണം. ഇതിനാവശ്യമായ അധികാരങ്ങളും സാമ്പത്തികവിഭവങ്ങളും കേന്ദ്രഗവൺമെൻറിൽ നിക്ഷിപ്തമാക്കുന്നതുകൊണ്ട് പ്രശ്നം പരിഹൃതമാവില്ല. മാൽകോം ആദിശേഷയ്യായുടെ വാക്കുകളിൽ:

> "ഇന്നത്തെ സ്ഥിതിവിശേഷത്തിനു പരിഹാരം, ഈ വലിയ മാനുഷികപ്രശ്നത്തിൻെറ ഉത്തരവാദിത്വം സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രത്തിലേക്ക് മാററുക എന്നതല്ല. വിദ്യാഭ്യാസമേഖലയുടെ പൊതുവെയും, നിരക്ഷതയുടെ മേഖലയുടെ പ്രത്യേകിച്ചും, ഭൂമിശാസ്ത്രവും വൈപുല്യവും നോക്കുമ്പോൾ, ഉത്തരവാദിത്വം കേന്ദ്രത്തിലേക്ക് കൈമാറുന്നതിന് വെറുമൊരു കൈമാററം എന്നതിൽ കവിഞ്ഞ വിലയൊന്നുമല്ല. കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ നോക്കാമെന്ന ആഗ്രഹത്തോടുള്ള കൈമാററമല്ല അത്, മറിച്ച് ഈ കുഴപ്പങ്ങളെല്ലാം മറന്നുകളയാമല്ലോ എന്ന ആഗ്രഹത്തോടെയുള്ളതാണ്."

4. നമ്മുടെ വിദ്യാഭ്യാസരംഗം കാര്യമായ പുരോഗതി നേടണമെങ്കിൽ എഡ്യൂക്കേഷനൽ ടെക്നോളജിയിലെ ഒരു വിപ്ളവം

ഇവിടെ നടക്കുന്ന മതിയാകു. കാർഷികരംഗത്തെ ഹരിത വിപ്ളവത്തിന് ആധുനികടെക്നോളജി പ്രയോജനപ്പെടുത്തുന്നതുപോലെ തന്നെ, വിദ്യാഭ്യാസരംഗത്തും ആധുനിക ടെക്നോളജി പ്രയോജനപ്പെടുത്താതെ നമുക്ക് മുന്നേറുക സാധ്യമല്ല തന്നെ. കമ്പ്യൂട്ടറും, ആഡിയോ–വിഷ്വൽ സങ്കേതങ്ങളുമെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള അധ്യാപന സമ്പ്രദായങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ലഭ്യമാക്കുക. അതിനു അദ്ധ്യാപകരെ സജ്ജരാക്കുക. ഇതെല്ലാം വിദ്യാഭ്യാസരംഗത്ത് ഇന്ന് അനുപേക്ഷണീയമായിരിക്കുന്നു. എന്നാൽ ഈ വിപ്ലവത്തിന് നേതൃത്വം നൽകുവാൻ ഇന്നത്തെ സാമ്പത്തിക പരിതസ്ഥിതികളിൽ സംസ്ഥാനങ്ങൾക്ക് സാധ്യമാവുകയില്ല. നിയമ നിർമാണാധികാരങ്ങളും, പണവും കേന്ദ്രഗവൺമെൻറിനും, പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട ചുമതല സംസ്ഥാനങ്ങൾക്കും എന്ന ഇന്നത്തെ നില മാറിയേ പററൂ.

5. അധ്യയനമാധ്യമം പ്രാദേശികഭാഷകളിലാക്കുവാനും, അതിനുവേണ്ടി പ്രാദേശികഭാഷകൾ പരിപോഷിപ്പിക്കുവാനുമുള്ള ശ്രമങ്ങളും കാര്യമായ തോതിൽ പുരോഗമിച്ചിട്ടില്ല. ഇടതുപക്ഷപ്രസ്ഥാനങ്ങൾ അധികാരത്തിൽ വന്ന സംസ്ഥാനങ്ങളിൽ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ പലതും കാര്യമായി നടന്നിട്ടുണ്ടെങ്കിലും, നിലവിലുള്ള കേന്ദ്ര-സംസ്ഥാന സാമ്പത്തികബന്ധങ്ങളുടെ പരിമിതികൾ ഈ മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുന്നതിന് തടസ്സമായി വർത്തിക്കുന്നു എന്നതാണ് സത്യം.

6. ഉന്നതവിദ്യാഭ്യാസരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും ഗവേഷണ പ്രവർത്തനങ്ങളുടെ നിലവാരം ഉയർത്തുവാനും അധികാരകേന്ദ്രീകരണം പ്രതിബന്ധമാവുകയേ ഉള്ളൂ എന്ന് അനുഭവം തെളിയിക്കുന്നു. സർവകലാശാലകൾക്കും കോളേജുകൾക്കും ധനസഹായം നൽകുന്നതിൽ യു. ജി. സി. പുലർത്തുന്ന വിവേചനാപരമായ സമീപനം നേരത്തേ പരാമർശിക്കപ്പെട്ടുവല്ലോ. അക്കാദമിക് നിലവാരം ഉയർത്തുന്ന കാര്യത്തിൽ കാര്യമായെന്തെങ്കിലും സംഭാവനനൽകുവാൻ ഇനിയും യു. ജി. സിയ്ക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. വാസ്തവത്തിൽ നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗം വല്ലാത്തൊരു പ്രതിസന്ധിയിലാണ്. ഉയർന്ന നിലവാരം പുലർത്തുന്ന വിധത്തിൽ കോളേജുകൾ സജ്ജീകരിക്കുവാനും സൗകര്യങ്ങൾ പ്രദാനം ചെയ്യുവാനും ഇന്നത്തെ ശുഷ്കമായ സാമ്പത്തികസാഹചര്യങ്ങളിൽ സാധ്യമല്ലെന്ന് സംസ്ഥാനങ്ങൾ പരാതിപ്പെടുന്നു. ആ ഉത്തരവാദിത്വം സംസ്ഥാനങ്ങളുടേത്‌തന്നെയെന്നും, അതിനായി നിലവിലുള്ള കേന്ദ്ര–സംസ്ഥാന സാമ്പത്തികബന്ധങ്ങൾ മാററം വരുത്തേണ്ട ആവശ്യമില്ലെന്നും കേന്ദ്രവും അഭിപ്രായപ്പെടുന്നു. എന്നാൽ, നിയമനിർമാണാധികാരത്തിൽ മേൽക്കോയ്മ ഉള്ളതിനാൽ സംസ്ഥാനഗവൺമെൻറിൻെറ പ്രവർത്ത

നങ്ങളിൽ നഗ്നമായി ഇടപെടുവാനും കല്പന പുറപ്പെടുവിക്കാനും കേന്ദ്രത്തിനു കഴിയുന്നു. ഏററവും ഒടുവിലത്തെ ഉദാഹരണമാണ് തെരഞ്ഞെടുക്കപ്പെട്ട സെനററ് സർവ്വകലാശാലകൾക്കാവശ്യമില്ലെന്നും, അത്തരം വ്യവസ്ഥകൾ പാലിച്ചാൽ മാത്രമേ ഗാന്ധിജി സർവ്വകലാശാലയ്ക്കു അംഗീകാരം നൽകൂ എന്നും മററുമുള്ള യു. ജി. സി. നിലപാട്. ഇതിനിടയിൽ, ഉന്നത വിദ്യാഭ്യാസരംഗമാകെ യാതൊരു ലക്ഷ്യബോധവുമില്ലാതെ ഒരു തരം സ്തംഭനാവസ്ഥയിൽ പെട്ടുഴലുന്നു. നമ്മുടെ ഉന്നതവിദ്യാഭ്യാസ-ഗവേഷണമേഖലകളെ കൂടുതൽ കാര്യക്ഷമമായും ആരോഗ്യകരമായും വളർത്തിയെടുക്കുവാൻ പര്യാപ്തമായ കേന്ദ്ര-സംസ്ഥാനബന്ധങ്ങളുടെ പുതിയ മാനദണ്ഡങ്ങൾ ഇനിയും ഉരുത്തിരിഞ്ഞ് വരേണ്ടിയിരിക്കുന്നു. എഡ്യൂക്കേഷനൽ പ്ളാനിംഗ് എന്നൊരു കാര്യം നമ്മുടെ രാജ്യത്ത് ഇനിയും രൂപം കൊണ്ടിട്ടില്ല. അത് വികസിപ്പിച്ചെടുക്കാൻ കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ എങ്ങനെ ചിട്ടപ്പെടുത്തണമെന്ന പ്രശ്നത്തെക്കുറിച്ചും കാര്യമായാലോചിണ്ടതുണ്ട്.

## പൊതുനിഗമനങ്ങൾ

ഒരു ഫെഡറൽ പോളിററി എന്ന നിലയിലും, ജനകീയജനാധിപത്യവ്യവസ്ഥയിലേക്ക് അനിവാര്യമായും നീങ്ങുന്ന ഒരു സമൂഹമെന്നനിലയിലു , അധികാരകേന്ദ്രീകരണം തടയേണ്ടത് നമ്മുടെ രാജ്യത്ത് അത്യന്താപേക്ഷിതമാണ്. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങളിലേക്കും, സംസ്ഥാനങ്ങളിൽ നിന്ന് ജില്ലാഭരണ-പഞ്ചായത്ത് തലങ്ങളിലേക്കും അധികാരം വികേന്ദ്രീകരിക്കേണ്ടതാണ്. ഇത്തരം അധികാരവികേന്ദ്രീകരണത്തിലൂടെ മാത്രമേ ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയ്ക്ക് മുന്നേറാനാവൂ. അതിനാൽ ഇതിന് പ്രതിബന്ധമായി നിൽക്കുന്ന കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും സാമ്പത്തികബന്ധങ്ങൾ. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാണെങ്കിൽ, അർത്ഥവത്തായ ഒരു വിദ്യാഭ്യാസവ്യവസ്ഥ വളർത്തിയെടുക്കുവാൻ ഇത്തരം അധികാരവികേന്ദ്രീകരണം കൂടിയേ തീരൂ. അതിനാൽ വിദ്യാഭ്യാസരംഗത്ത് ഇന്ന് നിലവിലുള്ള കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ-സാമ്പത്തികബന്ധങ്ങൾ പ്രത്യേകിച്ചും-പൊളിച്ചെഴുതേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

എന്നാൽ ഇത് കേവലം സാങ്കേതികമായ ഒരു പ്രക്രിയയല്ല. അന്തിമമായ വിശകലനത്തിൽ പ്രശ്നം രാഷ്ട്രീയം തന്നെയാണ്. രാഷ്ട്രീയാധികാരം ഒരു ന്യൂനപക്ഷത്തിൽ നിന്നും പടിപടിയായി ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളിലേക്ക് സംക്രമിപ്പിക്കുക, അതിന്റെ ഭാഗമായി ജില്ലാഭരണസമിതികൾക്കും പഞ്ചാ

യത്തുകൾക്കും കൂടുതൽ അധികാരം നൽകി അവയെ ശക്തി പ്പെടുത്തുക, സാമ്പത്തിക രംഗത്തെ വിപ്ളവകരമായ മാററങ്ങളി ലൂടെ ഒരു ജനകീയ ജനാധിപത്യവ്യവസ്ഥക്ക് വഴി തെളിക്കുക— ഈ കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന സാമൂഹ്യശക്തികളാണ് വിദ്യാഭ്യാസരംഗത്തെ കേന്ദ്ര–സംസ്ഥാനബന്ധങ്ങൾ പൊളിച്ചെ ഴുതുന്നതിൻെറയും നേതൃത്വം വഹിക്കേണ്ടത്. കേന്ദ്ര–സംസ്ഥാ നബന്ധങ്ങളിൽ മാററം വരുത്തുന്നതിൽ മാത്രമല്ല, വിദ്യാഭ്യാസ രംഗത്തെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലും അവ ശ്യം ആവശ്യമായ രാഷ്ട്രീയ ഇച്ഛാശക്തി ഈ സാമൂഹ്യശക്തി കൾക്കു മാത്രമേ ഉണ്ടാകു താനും. മറെറാരു വിധത്തിൽ പറഞ്ഞാൽ, വിദ്യാഭ്യാസരംഗത്തെ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി യുള്ള സമരം, ജനകീയ ജനാധിപത്യത്തിനുഃവണ്ടിയുള്ള പൊതു വായ സമരത്തിൻെറ ഭാഗം തന്നെയാണ്.

അതിനാൽ പുരോഗമനരാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഒരു പ്ര ത്യേക ചുമതലകൂടി നിർവഹിക്കേണ്ടിയിരിക്കുന്നു. ലക്ഷ്യവും അനുഭവവും രണ്ടായി നിൽക്കുന്ന ഇന്നത്തെ വിദ്യാഭ്യാസത്തിനു ബദലായി, പ്രഖ്യാപിത ജനകീയ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടി യെടുക്കുവാൻ പര്യാപ്തമായ ഒരു വിശദമായ വിദ്യാഭ്യാസ പരി പാടിയുടെ രൂപരേഖ അവർ രാഷ്ട്രത്തിനുമുന്നിൽ സമർപ്പിക്കേണ്ട തുണ്ട്. ഇത്തരമൊരു രൂപരേഖ തയാറാക്കാനാവശ്യമായ ആത്മാർ ത്ഥമായ ശ്രമങ്ങൾ തുടങ്ങുവാൻ ഇനിയും വൈകരുത്. വിദ്യാഭ്യാ സരംഗത്തെ കേന്ദ്രസംസ്ഥാനബന്ധങ്ങളെ പുതിയൊരു വെളി ച്ചത്തിൽ കാണുവാൻ രൂപരേഖയിൽ കഴിയുമെന്നതിൽ തർക്കമില്ല.

## കുറിപ്പുകൾ

1. Malcolm S. Adiseshiah "Education in Centre State Relations", *Centre-State Relations in the Seventies,* ed. B. L. Maheswari (Calcutta : Minerva Associates, 1973), p. 216
2. M. Abu Baker, *The Union and the States in Education* (New-Delhi : Shabd Sanchar, 1976) p. 221
3. *Proceedings of the Tenth Conference of State Education Ministers,* 1968, New Delhi, Ministry of Education, Govt. of India, p. 54
4. Malcolm Adiseshiah, *op. cit.,* p. 217
5. *Ibid,* p. 221

# കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ

## ഗവർണറും അഖിലേന്ത്യാസർവീസുകളും

ഡോ: ജയദേവദാസ്

ഇന്ത്യ ഒരു ബഹുദേശീയരാഷ്ട്രമാണ്. ഇവിടെ രാഷ്ട്രീയ പാരമ്പര്യത്തിൻെറയും രാഷ്ട്രീയ സാമൂഹ്യവത്കരണത്തിൻെറയും, രാഷ്ട്രീയസംസ്ക്കാരത്തിൻെറയും കാര്യത്തിൽ വൈവിധ്യമുള്ള നിരവധി ഭാഷാ-ദേശീയവിഭാഗങ്ങൾ നിലനിൽക്കുന്നു. അതുകൊണ്ടു തന്നെയാണ്, ഇന്ത്യ ഒരു റിപ്പബ്ലിക്കായി രൂപമെടുത്തതും ഏതാണ്ട് അരനൂററാണ്ടുമുൻപുതന്നെ ഭാഷാസംസ്ഥാന രൂപീകരണത്തിനുള്ള പ്രസ്ഥാനം നിലവിൽവന്നതും. സ്വാതന്ത്ര്യസമരയോദ്ധാക്കളുടെ പ്രമുഖ മുദ്രാവാക്യങ്ങളിലൊന്നായിരുന്നു 'ഭാഷാസംസ്ഥാനം'എന്ന ആവശ്യം. ഓരോ ഭാഷാ സാംസ്കാരിക വിഭാഗത്തിനും വികസനത്തിനാവശ്യമായ പൂർണ്ണസ്വാതന്ത്ര്യം ആവശ്യപ്പെട്ടാൽമാത്രമെ ദേശീയ ഐക്യം കെട്ടിപ്പടുക്കുവാൻ കഴിയുകയുള്ളൂ എന്നതായിരുന്നു ഇതിൻെറ പിന്നിലെ ആശയഗതി. ഈ ആശയഗതിയാണ് ഫെഡറൽചിന്തയുടെ അടിസ്ഥാനം.

ഒരു ഏകീകൃത ദേശീയവിപണി സൃഷ്ടിക്കുന്നതിനുവേണ്ടി ബ്രിട്ടീഷ്ഭരണം ഈ ഉപഭൂഖണ്ഡത്തെ മുഴുവൻ ഭരണപരമായി ഏകീകരിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ വിടുമ്പോൾ മൂന്നു വിശാലമായ ബഹുഭാഷാപ്രവിശ്യകളും 600 ഓളം കൊച്ചുകൊച്ചു നാട്ടുരാജ്യങ്ങളുമാണ് ഇവിടെ ഉണ്ടായിരുന്നത്. ഈ വിധത്തിലുള്ള ഏകീകരണമായിരുന്നു ഇവിടെ ദേശീയവികസന പ്രക്രിയക്കുനേരിട്ട തടസ്സങ്ങളിൽപ്രധാനപ്പെട്ട ഒന്ന്. ഏകീകൃത ഭരണവ്യവസ്ഥ ദേശീയവികസന പ്രക്രിയക്കു തടസ്സം നിന്നതുകൊണ്ടുതന്നെയാണ് സ്വാതന്ത്ര്യലബ്ധിയോടെ ഭാഷാസംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള മുദ്രാവാക്യം കൂടുതൽ ശക്തമായി ഉയർന്നുവന്നത്. ഒരു ഭാഷാസംസ്ഥാനത്തിനുള്ളിലുള്ള എല്ലാ ജനവിഭാഗങ്ങൾക്കും ഭരണരംഗത്തു പങ്കാളികളാകാൻ കഴിയുന്നു. ഇതിനുകാരണം ഭരണപരമായ എല്ലാ പ്രവർത്തനമേഖലകളിലും അവർക്കറിയാവുന്ന ഭാഷതന്നെ ഉപയോഗിക്കുവാൻ കഴിയുന്നുവെന്നതാണ്. ജനാധിപത്യ സംവിധാനത്തിൻെറ വിജയത്തിന് ജനങ്ങളുടെ രാഷ്ട്രീയസംസ്ക്കാരം പൂർണവളർച്ചയെത്തണം. രാഷ്ട്രീയസംസ്കാരത്തിൻെറ പൂർണവളർച്ചക്ക് മറേറതൊരു സംവിധാനതെക്കാളും ഭാഷാപരമായ ഐകരൂപ്യം തികച്ചും സഹായകമാണ്. കേന്ദ്രകോൺഗ്രസ് ഭരണകൂടം ഭാഷാസംസ്ഥാനങ്ങൾ വേണമെന്ന ആശയത്തിനു വഴങ്ങിയത് ദീർഘവും ശക്തവുമായ സമരങ്ങൾക്കും കഠിനമായ സമ്മർദങ്ങൾക്കും ശേഷമാണ്. അതിനെതിരായി അവർ നിരർത്ഥകമായ ഭയാശങ്കകൾ പ്രചരിപ്പിച്ചു. രാഷ്ട്രത്തിൻെറ ഐക്യം തകരുമെന്നും ഇന്ത്യയെ രാഷ്ട്രീയനിശ്ചിതത്വം ബാധിക്കുമെന്നും അവർ പ്രചരിപ്പിച്ചു. എന്നാൽ ഈ ഭീഷണി

പൊള്ളയാണെന്ന് പിൽക്കാലചരിത്രം തെളിയിച്ചു.

ഭാഷാസംസ്ഥാനം അംഗീകരിച്ചതുംപ്പടെ ഭരണഘടനാനിർമാണത്തിന്റെ വിവിധ ഘട്ടങ്ങളംക്കു ചുക്കാൻപിടിച്ചത് ഇന്ത്യൻ ഭരണാധികാരിവർഗമാണ്. ബൂർഷ്വ—ജൻമി വിഭാഗങ്ങളടങ്ങുന്ന ഈ ഭരണാധികാരിവർഗത്തിന്റെ രാഷ്ട്രീയസംസ്കാരവും അതിനടിസ്ഥാനമായ രാഷ്ട്രീയ സാമൂഹ്യവത്കരണവും ബ്രിട്ടീഷ് മുതലാളിത്ത-ലിബറൽ പൈതൃകത്തിൽ അടിയുറച്ചതാണ്. ഇന്ത്യയുടെ രാഷ്ട്രീയസംസ്കാരമെന്നുപറയുമ്പോരം ബൂർഷ്വാരാഷ്ട്രീയ ചിന്തകർ അർഥമാക്കുന്നത് ഈ ഭരണാധികാരിവർഗത്തിന്റെ രാഷ്ട്രീയ സംസ്കാരം എന്നാണ്. അതാകട്ടെ ഇന്ത്യയുടെ സാധാരണക്കാരായ ജനകോടികളിൽനിന്നും വ്യത്യസ്തമായ കുടുംബപശ്ചാത്തലം, വിദ്യാഭ്യാസം, പാരമ്പര്യം, പ്രവർത്തനമേഖലകരം മുതലായ ഏജൻസികളുടെ സംഭാവനയായ പ്രത്യേകതരം സാമൂഹ്യവത്കരണത്തിന്റെ ഫലമായിട്ടുളവായിട്ടുള്ളതാണ്. ഇതിനുവിരുദ്ധമായ മറെറാരു രാഷ്ട്രീയസംസ്കാരം ഇന്ത്യക്കുണ്ട്- വോട്ടുചെയ്യുക എന്ന ജനാധിപത്യപ്രക്രിയയിൽമാത്രം പങ്കെടുക്കുന്ന, ഭരണത്തിന്റെ ഒരു മേഖലയെയും സ്വാധീനിക്കുവാനോ കയ്യടക്കുവാനോ ഇന്നേവരെ കഴിഞ്ഞിട്ടില്ലാത്ത ശരാശരി ഇന്ത്യാക്കാരന്റെ രാഷ്ട്രീയസംസ്കാരം. നമുക്കനുയോജ്യമായ ഭരണോപകരണങ്ങരം വാർത്തെടുക്കുന്നതിൽ ഈ രാഷ്ട്രീയ സംസ്കാരമാണ് സ്വാധീനം ചെലുത്തേണ്ടത്. ഇതുപറയുന്നതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ട്. അത് ഈ പ്രബന്ധത്തിന്റെ അവസാനഭാഗത്തു പ്രസ്താവിക്കാം,

ദേശീയഐക്യം നിലനിൽക്കേണ്ടുന്നതിന്റെ കാര്യം പറഞ്ഞുവല്ലോ. അതു നിലനിൽക്കുന്നതിനു തടസ്സംനിൽക്കുന്ന ഘടകങ്ങരം മറെറാരു പ്രശ്നത്തിന്റെ ഉപോത്പന്നങ്ങളാണ്. ഭരണാധികാരികരംതന്നെയാണ് അതിനുത്തരവാദികളും. ഇന്ത്യയുടെ സമ്പദ്ഘടനയെയും, സമൂഹത്തെയും, രാഷ്ട്രീയവ്യവസ്ഥയെയും ഭൂരിഭാഗം വരുന്ന ജനസാമാന്യത്തിന്റെ ക്ഷേമത്തിന് ഉപകാരപ്രദമാകുന്നവിധം എങ്ങനെയാണ് രൂപപ്പെടുത്തുക എന്ന പ്രശ്നമാണ് ഇത്. കേന്ദ്രസംസ്ഥാനബന്ധങ്ങരം വിവാദവിഷയമാകുന്നത് ഈ പ്രശ്നത്തിലാണ്. ഈ പ്രബന്ധത്തിൽ വിശദീകരിക്കുവാനുദ്ദേശിക്കുന്നില്ലെങ്കിലും ഒന്നുപറഞ്ഞുവയ്ക്കട്ടെ, സംസ്ഥാനങ്ങരംക്കു കൂടുതൽ അധികാരങ്ങരം വിട്ടുകൊടുക്കുകയും, അതാതിന്റെ മേഖലകളിൽ ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും സൃഷ്ടിക്കുകയുമാണ് ഇന്ത്യയുടെ ഐക്യവും ദേശീയോദ്ഗ്രഥനവും നിലനിർത്തുവാനും ദേശീയവികസനം സാധിതമാക്കുന്നതിനുമുള്ള പോംവഴി.

ഇതിനുതടസ്സംനിൽക്കുന്ന—നിലവിലുള്ള ഭരണഘടനയനുസരിച്ച് സാധുതയുള്ള രണ്ടു ഘടകങ്ങളാണ് സംസ്ഥാനഗവർണറും അഖിലേന്ത്യാസർവീസുകളും.

## ഗവർണർ: നിയമനം.

ഇന്ത്യൻ രാഷ്ട്രീയ സംവിധാനത്തിൽ ഗവർണർക്ക് അനന്യമായ സ്ഥാനമാണുള്ളത്. ഇന്ത്യയിലെഫെഡറൽബന്ധങ്ങരം ബഹുകക്ഷിസംവിധാനത്തെ വിഭാവനം ചെയ്യുന്നില്ല. കേന്ദ്രഗവൺമെന്റ് പല പുരോഗമനപരങ്ങളായ നടപടികളെയും തടസ്സപ്പെടുത്തും എന്നതിനാൽ സംസ്ഥാനതലത്തിൽ അധികാരത്തിൽവരുന്ന ഒരു പുരോഗമനകക്ഷിക്ക് തെരഞ്ഞെടുപ്പുവാഗ്ദാനങ്ങരം പലതും നടപ്പിലാ

ക്കാൻ കഴിയാതെവരുന്നു. ഇന്ത്യൻ ഫെഡറൽസംവിധാനം സംസ്ഥാനനിലവാരത്തിലെ ജനാധിപത്യപ്രക്രിയക്കെതിരായി നീങ്ങുന്നു. അതെങ്ങനെയാണെന്നുനോക്കാം.

ഭരണഘടനയുടെ 155-ാം വകുപ്പനുസരിച്ച് പ്രസിഡൻറാണ് സംസ്ഥാനഗവർണറെ നിയമിക്കുന്നത്. പ്രസിഡൻറിന് പ്രീതിയുള്ളിടത്തോളംകാലം അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരും എന്ന് 156-ാം വകുപ്പ് അനുശാസിക്കുന്നു. ഗവർണറുടെ സാധാരണ ഔദ്യോഗിക കാലാവധി 5 വർഷമാണ്. എന്നാൽ നമ്മുടെ പാർലമെൻററി ഫെഡറൽവ്യവസ്ഥയുടെ യുക്തിസഹമായ പരിണതിയെന്ന നിലയിൽ ഗവർണറെ നിയമിക്കുന്നതിന് പ്രസിഡൻറിനുള്ള അധികാരം യഥാർഥത്തിൽ വിനിയോഗിക്കുന്നത് കേന്ദ്രക്യാബിനററാണ്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഒരേ കക്ഷി അധികാരത്തിലിരുന്ന 1967 വരെയും ഈ സംവിധാനത്തെക്കുറിച്ച് കാര്യമായ വിമർശനങ്ങളൊന്നുമുണ്ടായില്ല. തന്നെയുമല്ല, ഗവർണറെ നിയമിക്കുന്നതിനുമുൻപ് കേന്ദ്രഗവൺമെൻറ് സംസ്ഥാന മുഖ്യമന്ത്രിയുമായി ഇതേക്കുറിച്ച് ചർച്ച ചെയ്തിരുന്നു. മാത്രമല്ല, ഒരു ഏകകക്ഷി പ്രാമുഖ്യത്തിൻെറ സന്ദർഭത്തിൽ മുഖ്യമന്ത്രിമാരും ഗവർണർമാരുമെല്ലാം ഒരേ രാഷ്ട്രീയധാരയിൽനിന്നുമായിരുന്നു വന്നിരുന്നത്. പരാജയപ്പെട്ട പഴയ രാഷ്ട്രീയ പടക്കുതിരകൾക്കും വാർധക്യത്തിൻെറ ജരനിറഞ്ഞ പഴയ ഉദ്യോഗസ്ഥപ്രമുഖർക്കുമുള്ള സുഖജീവിത സന്ദർഭമായി ഗവർണർപദകാലാവധി കണക്കാക്കപ്പെടാനും തുടങ്ങി. എന്നാൽ 1967 നുശേഷം സ്ഥിതിഗതികളാകെ മാറി. കുറെ സംസ്ഥാനങ്ങളിൽ പ്രതിപക്ഷകക്ഷികൾ അധികാരത്തിൽ വന്നതോടെ ഗവർണർ കേന്ദ്രത്തിലധികാരത്തിലിരിക്കുന്ന കക്ഷിയുടെ ഏജൻറും അവരുടെ താൽപര്യസംരക്ഷകനും ദല്ലാളും എന്ന നിലയിൽ പ്രവർത്തിച്ചുതുടങ്ങി. കേന്ദ്രഉദ്യോഗസ്ഥനായ ഗവർണർക്ക് സംസ്ഥാനത്തിലെ തെരഞ്ഞെടുപ്പടിസ്ഥാനത്തിൽ നിലവിലുള്ള സംവിധാനത്തിൽ സ്വന്തം വിവേചനാധികാരം പ്രയോഗിക്കുന്നതിനെ സംബന്ധിച്ച് തുറന്ന പൊതുചർച്ചകളും വിമർശനങ്ങളും ആരംഭിച്ചു. 1959-ൽ കേരളത്തിലും, മററു പല അവസരങ്ങളിൽ കോൺഗ്രസിതരകക്ഷികൾ ഭരിച്ചിരുന്ന സംസ്ഥാനങ്ങളിലും ഗവൺമെൻറിനെ മറിച്ചിടുന്നതിൽ ഗവർണർമാർ വഹിച്ചിരുന്ന പങ്കാണ് ഇത്തരം വിമർശനങ്ങൾക്കിടയാക്കിയിട്ടുള്ളത്.

സംസ്ഥാനങ്ങളിൽ ഭരിക്കുന്നതേത് കക്ഷിയായാലും നിയമനത്തെക്കുറിച്ച് സംസ്ഥാനമുഖ്യമന്ത്രിയുമായി ചർച്ച ചെയ്യുന്നത് തുടരണമെന്ന് ഭരണപരിഷ്കാരകമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ഗവൺമെൻറ് നിയമിച്ച രംകമന്നാർ കമ്മിററിയാകട്ടെ, പ്രഗദ്ഭരായ നിയമജ്ഞരും അഭിഭാഷകരും ഭരണകർത്താക്കളുമായാലോചിച്ചാകണം ഗവർണറെ നിയമിക്കേണ്ടത് എന്ന് അഭിപ്രായപ്പെടുകയുണ്ടായി. 1971 സപ്തംബറിൽ ഹൈദരബാദിൽ നടന്ന ''1970 കളിലെ കേന്ദ്രസംസ്ഥാനബന്ധങ്ങളെ സംബന്ധിച്ച ദേശീയ സെമിനാറിൽ'' മറെറാരു ചോദ്യം ഉന്നയിക്കുകയുണ്ടായി. സംസ്ഥാനത്തിന് ഒരാളെ ഗവർണറായി പ്രഖ്യാപിക്കാമോ? ഗവർണറുടെ പദവി സംസ്ഥാനത്തിൻെറ വ്യവസ്ഥാപിത ഭരണത്തലവൻേറതാണെങ്കിൽ ആ നിയമനത്തിൽ ഇടപെടാൻ സംസ്ഥാനമന്ത്രിസഭക്ക് ന്യായമായ അവകാശമില്ലേ? മറിച്ച് ഗവർണർ കേന്ദ്രത്തിൻെറ ഏജൻറ് എന്ന പദവിയിലാണെങ്കിലോ? സംസ്ഥാനത്തിൻെറ വ്യവസ്ഥാപിതഭരണത്തലവനെന്ന നിലക്ക് ഗവർണറെ സംസ്ഥാനത്തെ ജനങ്ങൾ നേരിട്ടോ

അല്ലാതെയോ തെരഞ്ഞെടുക്കുന്നതല്ലേ ഏററവും ഉചിതവും ജനാധിപത്യപരവും എന്ന് ഈ ദ്വിദിനസെമിനാർ ചിന്തിക്കണമെന്നാണ് ഈ പ്രബന്ധകാരൻെറ നിർദേശം.

ഗവർണറുടെ പദവിയെ സംബന്ധിച്ച ഈ സന്ദിഗ്ധത സാധാരണ സാഹചര്യങ്ങളെ അയവേറിയതാക്കുന്നു. എന്നാൽ വൈഷമ്യമേറിയ കാലഘട്ടങ്ങളിലാകട്ടെ ഇത് സംഘർഷത്തിനിടവരുത്തുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ, പ്രതിപക്ഷകക്ഷികരം അധികാരത്തിൽവന്ന സംസ്ഥാനങ്ങളിലെല്ലാം ഗവർണർ കേന്ദ്രത്തിൻെറ കൂറും വിശ്വസ്തതയുമുള്ള ഏജൻറായി പ്രവർത്തിച്ചു. മാത്രമല്ല, ചില മുന്നണിഗവൺമെൻറുകളിലെങ്കിലും, മുഖ്യമന്ത്രിയുടെ സ്ഥാനം ദുർബലമായിടങ്ങളിലെല്ലാം സംസ്ഥാനരാഷ്ട്രീയത്തിൻെറ അധികാരതുലനം ഗവർണർക്ക് അനുകൂലമായി മാറി. ഭരണഘടനാപരമായ അധികാരങ്ങരം ശരിക്കും ഏറെറടുക്കുകനിമിത്തം ഗവർണർപദവി വിവാദവിധേയമായി. പദവിയിലും ഉത്തരവാദത്തിലുമുള്ള ഈ വൈരുധ്യാത്മകത നീട്ടിക്കൊണ്ടുപോകുന്നത് ജനാധിപത്യസ്ഥാപനങ്ങളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കാനിടയാക്കുമെന്നും അവ വ്യക്തമായും നിർവചിക്കേണ്ടതാണെന്നും വാദങ്ങളുണ്ടായി.

## ഗവർണർ: മന്ത്രിസഭാരൂപീകരണം

ഗവർണറെ ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനും ഒരു മന്ത്രിസഭയുണ്ടായിരിക്കണം എന്ന് നിലവിലുള്ള ഭരണഘടനയുടെ 163-ാം വകുപ്പ് അനുശാസിക്കുന്നു. ഗവർണർ ആദ്യം മുഖ്യമന്ത്രിയെയും അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം മററു മന്ത്രിമാരെയും നിയമിക്കുന്നു. തെരഞ്ഞെടുപ്പിൽ ഏകകക്ഷിഭൂരിപക്ഷമുള്ളപ്പോരം പ്രശ്നം നിസ്സാരമാണ്. എന്നാൽ ഒരു കക്ഷിക്കും തനിച്ച് വ്യക്തമായ ഭൂരിപക്ഷമില്ലാതെ വരുമ്പോഴോ അധികാരത്തിലിരിക്കുന്ന ഒരു കക്ഷിക്ക് (മുന്നണിക്ക്) പെട്ടെന്ന് ഭൂരിപക്ഷം നഷ്ടപ്പെടുന്ന സാഹചര്യങ്ങളിലോ മന്ത്രിസഭാരൂപീകരണത്തിൽ ഗവർണറുടെ പദവിയും പ്രാധാന്യവും വർധിക്കുന്നു. ഗവർണർക്ക് ഇത്തരം അവസരങ്ങളിൽ "സാഹചര്യവിവേചനം" ലഭിക്കുമെന്ന് ഇക്ബാൽ നാരായൺ ചൂണ്ടിക്കാണിക്കുന്നു. 1967-നുശേഷം കേന്ദ്രഭരണകക്ഷിയുടെ വിജയത്തിനുവേണ്ടി ഗവർണർ പക്ഷപാതപരമായി പ്രവർത്തിച്ച അനേകം ഉദാഹരണങ്ങരം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. 1967-ൽ ഗുജറാത്തിലും പശ്ചിമബംഗാളിലും ഗവർണർ സ്വേഛാപരമായാണ് പ്രവർത്തിച്ചത്. എന്നാൽ ഏതെങ്കിലും മന്ത്രിസഭക്ക് നിയമസഭയിലുള്ള വിശ്വാസം നിർണയിക്കേണ്ടത് അതേ സംസ്ഥാനനിയമസഭയാണ്. ആർക്കാണ് ഭൂരിപക്ഷമെന്നതിനെ സംബന്ധിച്ച് സ്വേഛാപരമായി തീരുമാനമെടുക്കാൻ ഗവർണർക്ക് അവകാശമില്ല.

## ഗവർണർ: സംസ്ഥാനനിയമസഭ

ബ്രിട്ടീഷ്പാർലമെൻററി സംവിധാനത്തിൻെറ കീഴ്വഴക്കം അനുകരിച്ചുകൊണ്ട് ഇന്ത്യൻഭരണഘടന അതിൻെറ 174-ാം വകുപ്പിൽ ഗവർണർക്ക് കാലാകാലങ്ങളിൽ നിയമസഭ വിളിച്ചുകൂട്ടാനും നിർത്തിവെക്കാനും പിരിച്ചുവിടാനുമുള്ള അധികാരം നൽകിയിരിക്കുന്നു. കേന്ദ്രസംസ്ഥാനബന്ധങ്ങളിലും കക്ഷിബന്ധങ്ങളിലും കുഴപ്പങ്ങരം സൃഷ്ടിക്കുന്ന ഈ അധികാരം, കേന്ദ്രത്തിലധികാരത്തിലി

രിക്കുന്ന കക്ഷിയുടെ ഹിതത്തിനനുസരിച്ച് നിയമിക്കപ്പെട്ട ഒരുദ്യോഗസ്ഥനായ ഗവർണർക്ക് നൽകിക്കൂടാത്തതാണ്. പഞ്ചാബിലെയും പശ്ചിമബംഗാളിലെയും സ്പീക്കർമാർ നിയമസഭ വിളിച്ചുചേർത്ത ഗവർണറുടെ നടപടിയെ ചോദ്യം ചെയ്തിട്ടുണ്ട്. ഗവർണറും മുഖ്യമന്ത്രിയും തമ്മിൽ വിയോജിപ്പുണ്ടാവുമ്പോഴും മുഖ്യമന്ത്രിക്ക് നിയമസഭയിലെ ഭൂരിപക്ഷപിന്തുണ നഷ്ടപ്പെട്ടിരിക്കുമ്പോഴുമാണ് ഇത്തരം നടപടി വിവാദപരമായിത്തീരുന്നത്. ഭൂരിപക്ഷപിന്തുണ ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരമല്ലാതെ നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടാനുള്ള അധികാരം ഗവർണർ വിനിയോഗിച്ചുകൂടാത്തതാണ്. അസംബ്ലി പിരിച്ചുവിടുന്ന നടപടിയും സാധാരണ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മാത്രമേ ഗവർണർ കൈക്കൊള്ളാൻ പാടുള്ളൂ.

ഭരണപരിഷ്കാരകമ്മീഷന്റെ അഭിപ്രായത്തിൽ ഒരു മുഖ്യമന്ത്രിക്ക് അസംബ്ലി പിരിച്ചുവിട്ട് പുതിയ ജനവിധി തേടാൻ അവകാശമുണ്ട്. അസംബ്ലിയിൽ ഒരു പ്രത്യേക പ്രശ്നത്തിൻമേൽ ഭൂരിപക്ഷവോട്ടുനേടാൻ കഴിയാതെ വരുമ്പോൾ മുഖ്യമന്ത്രി നിയമസഭ പിരിച്ചുവിടാൻ ഉപദേശിച്ചാൽ അതംഗീകരിക്കാൻ ഗവർണർ ബാധ്യസ്ഥമാണെന്നാണ് ഭരണപരിഷ്കാരകമ്മീഷന്റെ നിഗമനം. മററു സാഹചര്യങ്ങളിൽ ഗവർണർക്ക് തന്റെ വിവേചനാധികാരം പ്രയോഗിക്കാമെന്ന് കമ്മീഷൻ കരുതുന്നു. 1970-ൽ ഭഗവൻ സഹായ് ചെയർമാനായി രൂപീകരിച്ച 'ഗവർണർമാരുടെ സമിതി' മുഖ്യമന്ത്രിയുടെ ഭൂരിപക്ഷപിന്തുണ സംശയാസ്പദമായ ഒരു സാഹചര്യത്തിൽ നേരത്തെ അസംബ്ലി വിളിച്ചുകൂട്ടണമെന്ന തന്റെ നിർദേശം നിരാകരിച്ചാൽ മന്ത്രിസഭയെ ഡിസ്മിസ് ചെയ്യുന്നതിന് ഗവർണർക്ക് അധികാരമുണ്ടായിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. അത്തരം സന്ദർഭങ്ങളിൽ ഭരണഘടനയുടെ 171 (1) വകുപ്പുപ്രകാരം 'രണ്ട് സമ്മേളനങ്ങൾക്കിടയിലുള്ള ആറുമാസം' അനുഭവിക്കാൻ മുഖ്യമന്ത്രിയെ അനുവദിക്കാൻ പാടില്ലെന്ന് സമിതി ആവശ്യപ്പെട്ടു. ഇത്തരം സാഹചര്യത്തിൽ ഒരു ബദൽമന്ത്രിസഭയുണ്ടാക്കുന്നതിനോ 356-ാം വകുപ്പനുസരിച്ച് സംസ്ഥാനഭരണം ഏററെടുക്കാൻ പ്രസിഡൻറിനോട് ശുപാർശചെയ്യുന്നതിനോ ഉള്ള സാധ്യത ഗവർണർ ആരായേണ്ടതാണ്. 'ഗവർണർ സമിതിയുടെ' ശുപാർശ പൊതുവെ അംഗീകരിച്ചുകൊണ്ട് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് ഗവർണർ കേന്ദ്രഗവൺമെൻറിന്റെ ഉദ്യോഗസ്ഥനായിരിക്കുന്നിടത്തോളം ഈ അധികാരങ്ങൾ ഗവർണർക്ക് നൽകുന്നത്, പ്രതിപക്ഷമന്ത്രിസഭകളെ മറിച്ചിടുന്നതിന് ഇന്ത്യയെ ഭരിക്കുന്ന കക്ഷി നടത്തുന്ന പരിശ്രമങ്ങളുടെ ഉപകരണമായിത്തീരാൻ മാത്രമേ സഹായിക്കൂ എന്നതാണ്. അതുകൊണ്ട് മാററം വേണ്ടത് ഈ നിബന്ധനകളിലല്ല; മറിച്ച് ഗവർണറുടെ നിയമനത്തിലും പദവിയിലുമാണ്.

സംസ്ഥാനത്തിൽ ഭരണതകർച്ചയുണ്ടാകുമ്പോൾ സംസ്ഥാനഭരണം കേന്ദ്രം ഏററെടുക്കുന്നതിന് ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. പ്രസിഡൻറുഭരണത്തിന്റെ നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ നമുക്ക് കഴിയും. എന്നാൽ യഥാർഥത്തിൽ പ്രസിഡൻറുഭരണം ഗവർണറുടെ ശുപാർശയനുസരിച്ച് ഏർപ്പെടുത്തുന്നതായല്ല മറിച്ച് കേന്ദ്രത്തിന്റെ നിർദേശമനുസരിച്ച് ഗവർണർ പ്രസിഡൻറ് ഭരണത്തിന് നിർദേശം നൽകുന്നതായാണ് നാം കാണുന്നത്.

മുകളിലുന്നയിച്ച എല്ലാ പ്രശ്നങ്ങളും ആവിർഭവിക്കുന്നത് ഗവർണറുടെ പദവിയെക്കുറിച്ചുള്ള സന്ദിഗ്ധതയിൽനിന്നുമാണ്. സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കാതെ കേന്ദ്രഗവൺമെൻറിൻെറ താൽപര്യത്തിനനുസരിച്ച് പ്രവർത്തിക്കുവാൻ ഗവർണർക്ക് നിർദേശം നൽകുന്നതിനുള്ള കേന്ദ്രതാൽപര്യമാണ് ഗവർണറുടെ പദവിയെ സംബന്ധിച്ച ഭരണഘടനാവ്യവസ്ഥകളിൽ അന്തർലീനമായിരിക്കുന്നത്. ചുരുക്കത്തിൽ, ഗവർണർക്ക് നൽകിയിരിക്കുന്ന വിവേചനാധികാരം അദ്ദേഹത്തെ സ്വേഛാപരമായി പ്രവർത്തിക്കുവാൻ അനുവാദം നൽകുന്നു. നിയമസഭയുടെയും ജനങ്ങൾ തെരഞ്ഞെടുത്ത മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും നിയന്ത്രണപരിധിയിൽനിന്നും അദ്ദേഹം തൻമൂലം സ്വതന്ത്രനായിരിക്കുന്നു. ഭരണഘടനയുടെ 163, 164, 200 വകുപ്പുകൾ ജനാധിപത്യതത്വങ്ങൾക്ക് നിരക്കുന്നതല്ല. നിയമസഭപാസാക്കുന്ന നിയമത്തിന് അംഗീകാരം നൽകാതിരിക്കുന്നതിനും, രാഷ്ട്രപതിയുടെ അനുമതിക്കുവേണ്ടി മാററിവെക്കുന്നതിനും ഇന്ന് ഗവർണർക്കുള്ള അധികാരം നിലനിറുത്തുവാൻ പാടില്ലാത്തതാണ്.

## അഖിലേന്ത്യാസർവീസുകൾ

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നിക്ഷിപ്തമായിരിക്കുന്ന ഭരണാധികാരങ്ങൾ പ്രത്യേകം വകതിരിച്ചാണ് ഭരണഘടനഘടനക്ക് ആദ്യന്തം രൂപംനൽകിയിട്ടുള്ളത്. ഈ ഫെഡറൽ അധികാരവേർതിരിവിൻെറ നഗ്നമായ ലംഘനമാണ് ഭരണഘടനാനുസൃതമായിതന്നെ അഖിലേന്ത്യ സർവീസുകൾ നിബന്ധനചെയ്തിരിക്കുന്നത്. ഭരണപരിഷ്കാരകമ്മീഷൻെറ കേന്ദ്രസംസ്ഥാനബന്ധങ്ങൾക്കായുള്ള പഠനഗ്രൂപ്പുപറയുന്നത് നോക്കുക; "ഒരു ഫെഡറൽ സംവിധാനത്തിൽ, ഭരണപരമായ ആവശ്യങ്ങൾ നേടുന്നതിനും, എന്നാൽ ആത്യന്തികമായും കേന്ദ്രത്തിൻെറ നിയന്ത്രണത്തിൻകീഴിലുള്ളതുമായ അഖിലേന്ത്യാസർവീസുകൾ അസാധാരണമായ ഒരുസവിശേഷതയാണ്. ഇന്ത്യൻഅഡ്മിനിസ്ട്രേററീവ്സർവീസും ഇന്ത്യൻ പൊലീസ് സർവീസും ഏർപ്പെടുത്തുന്നതിന് പ്രത്യേക ഭരണഘടനാനിബന്ധന എഴുതിച്ചേർത്തരിക്കുന്നത് ഈ സവിശേഷതയെ കൂടുതൻ അസാധാരണമാക്കിതീർത്തിരിക്കുന്നു." ഈ നിബന്ധന യഥാർഥ ഫെഡറൽതത്വങ്ങളെ ഇല്ലായ്മ ചെയ്യുന്നുവെന്നും, പരമ്പരാഗത ഫെഡറൽതത്വങ്ങളെ നിഷേധിക്കണമെന്ന ബോധപൂർവമായ ലക്ഷ്യമാണ് ഈ നിബന്ധന എഴുതിചേർത്തതിൻെറ പിന്നിലുള്ളതെന്നും പഠനഗ്രൂപ്പ് തുടർന്നു പറയുന്നു. കമ്മിഷൻ, അതിൻെറ ഒരു റിപ്പോർട്ടിൽ ഐ എ എസ്കാരുടെ പ്രവർത്തനം ഭൂനികുതിവകുപ്പിലും നീതിന്യായപ്രവർത്തനങ്ങളിലും മാത്രമായി ചുരുക്കണമെന്നും ചുമതലാപരമായ ജോലികൾ (functional) ഉള്ള വകുപ്പുകളിൽ അഖിലേന്ത്യാസർവീസുകാരെ നിയമിക്കരുതെന്നും ശുപാർശചെയ്തു. ഈ നിർദേശം അംഗീകരിക്കപ്പെട്ടില്ല. എന്നാൽ സംസ്ഥാനഗവൺമെൻറുകൾ പലതും, പുതിയ അഖിലേന്ത്യാസർവീസുകൾ ഏർപ്പെടുത്തുന്നതിനുള്ള നീക്കത്തെ എതിർത്തിട്ടുണ്ട്. ഈ എതിർപ്പിനു നിദാനമായ പ്രശ്നങ്ങൾ ഇവയാണ്; ഇത് സംസ്ഥാനസർവീസിൻെറ ഫലപ്രദമായ വ്യാപനത്തെ തടസപ്പെടുത്തുകും കേരളത്തിലെ ജനങ്ങളുടെ തൊഴിൽസാധ്യതകളെ ഇല്ലായ്മചെയ്യുകയും ചെയ്യുന്നു. രണ്ടാമതായി, അഖിലേന്ത്യാസർവീസുകൾ സംസ്ഥാനസ്വയംഭരണത്തിൻമേലുള്ള കടന്നേററമാണ്. മൂന്നാമതായി, ഉയർന്ന ശമ്പ

ളനിരക്കുകരം കാരണം ഇത് സംസ്ഥാനഭരണചെലവ് ക്രമാതീതമായി ഉയർത്തുന്നു കോൺഗ്രസിതരഗവൺമെൻറുകളെപ്പോലെതന്നെ സംസ്ഥാനങ്ങളിലെ കോൺഗ്രസ്ഗവൺമെൻറുകളും അഖിലേന്ത്യാസർവീസുകരംക്കെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്. ഇവ തമ്മിലുള്ള വ്യത്യാസം വിമർശനത്തിൻെറ തീവ്രതയിൽ മാത്രമാകാം. പല സംസ്ഥാനങ്ങളും അഖിലേന്ത്യാസർവീസുകളിലേക്കുള്ള നിയമനം സംസ്ഥാനസർവീസുകളിൽനിന്ന് വർധമാനമായ തോതിൽ കേഡർ പ്രൊമോഷൻ നൽകിക്കൊണ്ടാവണമെന്നും. പുതിയ അഖിലേന്ത്യാനിയമനത്തിൽനിന്നുമുള്ള സംസാഥാനക്വാട്ടാ പരിമിതപ്പെടുത്തി നിർണയിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

1971 ലെ ദേശീയസെമിനാർ, ഐ എ എസ്, ഐ പി എസ് മുതലായ അഖിലേന്ത്യാസർവീസുകരംതുടരുന്നതിനോടുയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും, ഇന്ന് നിലവിലുള്ള അഖിലേന്ത്യാസർവീസുകരം കേന്ദ്രഅധികാരത്തിൻെറ ഉപകരണമായിരിക്കുന്നുവെന്ന് രേഖപ്പെടുത്തുകയുണ്ടായി. ഇതിൻെറ ഫലമായി, വ്യക്തമായകൂറുള്ള കേന്ദ്രബ്യൂറോക്രാററിക്കേഡർ ഉണ്ടായിരിക്കുന്നതായി സെമിനാർ കുററപ്പെടുത്തുന്നു. ഇന്നത്തെ മാതൃകമാററി അഖിലേന്ത്യാസർവീസുകരംക്ക് ഒരു പുതിയ മാതൃകയുണ്ടാക്കണമെന്നും അത് ഉദ്യോഗസ്ഥഭരണം ചലനക്ഷമമാക്കുമെന്നുമാണ് സെമിനാറിൻെറഅഭിപ്രായം.

എന്നാൽ ബ്യൂറോക്രസിയുടെ ചലനക്ഷമത എക്കാലവും ഒരു മിഥ്യയാണെന്ന് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, സംസ്ഥാനങ്ങളുടെ അച്ചടക്കനടപടികരംക്ക് വിധേയമല്ലാത്ത ഒരു സർവീസിന് സംസ്ഥാനഭരണക്രമത്തോടുകൂറും പ്രതിബദ്ധതയും ഉണ്ടാകാൻ സാധ്യവുമല്ല.

ഇന്ത്യയിലെ ഈസ്ററിന്ത്യാകമ്പനിഭരണവും ബ്രിട്ടീഷ് സാമ്രാജ്യാത്വാധിപത്യവും വിട്ടുപോയ ഒരു ഭരണസംവിധാനത്തിൻെറ പ്രധാന കണ്ണിയാണ് അഖിലേന്ത്യാസർവീസുകരം. ഇവരുടെ പദവിയോ പ്രവർത്തനശൈലിയോ അവരുടെ പ്രതിച്ഛായ വർധിക്കാവുന്ന തരത്തിലായിരുന്നില്ല. രാജ്യത്തിന് കൂടുതൽ പ്രയോജനകരമായി അവയെന്തെങ്കിലും ചെയ്തിട്ടുണ്ടെന്നതിനും യാതൊരു തെളിവുകളുമില്ല.

അഖിലേന്ത്യാസർവീസുകരം കേന്ദ്രഗവൺമെൻറിൻെറ പൊതുഭരണകാര്യങ്ങരംക്കായി പരിമിതപ്പെടുത്തിയേ തീരൂ. അതേസമയം ഓരോ സംസ്ഥാനങ്ങരംക്കും അതിൻെറതായ ഭരണ–പൊലീസ്സർവീസുകരം വികസിപ്പിച്ചെടുക്കുന്നതിന് പ്രോത്സാഹനം നൽകണം. അങ്ങനെ മാത്രമേ സംസ്ഥാനതലത്തിലെ വികസനപ്രവർത്തനങ്ങരം കൂടുതൽ ഫലപ്രദമാവുകയുള്ളു. സംസ്ഥാനത്തിൻെറ ഭരണവകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ അതിൻെറ അധികാരപരിധിയിൽത്തന്നെയായിരിക്കണം. സംസ്ഥാനത്തിൻെറ ഭരണചുമതല നിറവേററുന്നതിൽ ആ ഗവൺമെൻറിൻെറ തലയ്ക്കുമുകളിലൂടെ കേന്ദ്രഗവൺമെൻറിനോടു വിധേയത്വം പാലിക്കണമെന്ന് നിർബന്ധമുള്ള ഇന്നത്തെ അഖിലേന്ത്യാസർവീസുകരം നിലനിൽക്കാൻ പാടില്ല. ഭരണസർവീസുകളുടെയും ഭരണനയങ്ങളുടെയും കാര്യത്തിൽ സംസ്ഥാനത്തിന് സ്വയംനിർണയാവകാശം വേണമെന്നതാണ് കാതലായ പ്രശ്നം.

കേന്ദ്രസംസ്ഥാനബന്ധങ്ങരം എന്നുതന്നെയല്ല, പാർലമെൻററി ജനാധിപത്യത്തിൻെറ പ്രശ്നങ്ങളാകെതന്നെ ദേശീയതയുടെയും രാഷ്ട്രീയസാമൂഹ്യവൽക്കരണത്തിൻെറയും അവയുടെ അടിസ്ഥാന

ത്തിലുള്ള രാഷ്ട്രീയസംസ്കാരത്തിന്റെയും പ്രശ്നമാണ്. ഇന്ത്യ ഒരു ബഹുദേശീയ രാഷ്ട്രമാണ്. ഇവിടെ നിരവധി ദേശീയ ജനവിഭാഗങ്ങൾ നിവസിക്കുന്നു. ഓരോ ദേശീയജനവിഭാഗവും ഉപ-ദേശീയവിഭാഗവും അതിന്റേതായ രാഷ്ട്രീയസാമൂഹ്യവൽക്കരണപ്രക്രിയയിലൂടെയാണ് കടന്നുപോയിട്ടുള്ളത്. അതിനനുസരിച്ച് വിവിധ രാഷ്ട്രീയസംസ്കാരങ്ങൾ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. ഇന്ത്യയുടെ രാഷ്ട്രീയ സംസ്കാരം എന്ന് ഇന്നു വിശേഷിപ്പിക്കുന്നത് ഇന്ത്യയിലാകമാനം ബ്രിട്ടീഷ് വിദ്യാഭ്യാസവും ലിബറൽ ചിന്തയുടെ സ്വാധീനവും ആധുനികവ്യാവസായിക മുതലാളിത്തത്തിന്റെ ജീവിതക്രമവുംഉള്ള ഭരണാധികാരിവർഗത്തിന്റെ രാഷ്ട്രീയസംസ്കാരമാണ്. ഇതിനെതിരെ ഇന്ത്യയിലെ സാധാരണക്കാരന്റേതായ മറ്റൊരു രാഷ്ട്രീയസംസ്കാരമുണ്ട്. നരവംശപരവും, കുടുംബപരവും മററ് സ്ഥാപനപരവുമായ രാഷ്ട്രീയസാമൂഹ്യവൽക്കരണ പ്രക്രിയയാണ് ഈ ജനകീയരാഷ്ട്രീയസംസ്കാരത്തെ വളർത്തിയെടുത്തിരിക്കുന്നത്. ഈ ജനകീയരാഷ്ട്രീയസംസ്കാരമാകട്ടെ, നിരവധി ഉപസംസ്കാരങ്ങളുടെ സമാഹാരമാണ്. ഓരോ ഉപസംസ്കാരത്തിന്റെയും വ്യക്തിത്വവും നിലനിൽപും അംഗീകരിച്ചുകൊണ്ടുമാത്രമെ മൊത്തം രാഷ്ട്രീയസംസ്കാരത്തെ വളർത്താനാവുകയുള്ളു.

അതുകൊണ്ട് ഈ പ്രബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന രണ്ട് ഘടകങ്ങളുമടക്കം കേന്ദ്രസംസ്ഥാനബന്ധത്തെയാകെ തിരുത്തിയെഴുതുന്നതിനുള്ള നടപടി ഉപസംസ്കാരങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണഘടനാനിർമാണസമിതികളിൽ ചർച്ച ചെയ്തുമാത്രമെ തീരുമാനമെടുക്കപ്പെടാവൂ. ഇന്ത്യൻ ഫെഡറേഷനും ഓരോ സംസ്ഥാനത്തിനും ആനുപാതികപ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണഘടനാനിർമാണ സമിതി ഉണ്ടായിരിക്കണം. ഫെഡറൽ ഭരണഘടനാനിർമാണസമിതി ചർച്ചചെയ്ത് തയ്യാറാക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭരണഘടനാനിർമാണസമിതി എഴുതി തയ്യാറാക്കിയ സംസ്ഥാനഭരണഘടനകളിലൂടെയാണ് കേന്ദ്രസംസ്ഥാനബന്ധങ്ങളിൽ പൊളിച്ചെഴുത്തുനടത്തേണ്ടത്. ആ പൊളിച്ചെഴുത്ത് സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശങ്ങളും ഇന്ത്യയുടെ ഏകാത്മകതയും നിലനിർത്തുകയും വികസിപ്പിക്കുകയും ചെയ്യുന്ന തരത്തിലാവണം. അതാതിന്റെ പ്രവർത്തനമേഖലകളിൽ ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും നിലവിൽ വരണം. ആരോഗ്യകരവും സ്ഥായിയുമായ ഒരു രാഷ്ട്രീയസംവിധാനം കെട്ടിപ്പടുക്കുന്നതിന് അനുപേക്ഷണീയമായ ഉപാധി അതാണ്.

# കേന്ദ്ര-സംസ്ഥാനബന്ധങ്ങളിലെ ഭരണപരമായ ചില പ്രശ്നങ്ങൾ

ഡോ എം. വി പൈലി

ഇന്ത്യയുടെ ഫെഡറൽസംവിധാനത്തിന്റെ യൂണിററി വ്യവസ്ഥയിലേക്കുള്ള ചായ്‌വ് വളരെ കൂടിയതോതിലുള്ള അതികേന്ദ്രീകരണത്തിലേക്ക് നയിച്ചിരിക്കുന്നു. എന്നാൽ ഇത് ഇന്ത്യയുടെ മാത്രം പ്രത്യേകതയല്ല എന്ന് പലപ്പോഴും ചൂണ്ടിക്കാണിക്കാറുണ്ട്. ആധുനികയുഗത്തിൽ ഫെഡറേഷനുകളുടെ ഒരു സ്വഭാവമാണ് അതികേന്ദ്രീകരണം. എല്ലാ ഫെഡറേഷനുകളുംതന്നെ, സംസ്ഥാനങ്ങളിൽ നിന്ന് കേന്ദ്രത്തിലേക്കുള്ള അധികാരത്തിന്റെ ക്രമേണയുള്ള ഒഴുക്ക് പ്രകടമാക്കിയിട്ടുണ്ട്. മുപ്പത്താറിലധികം വർഷമായി ഇന്ത്യ സ്വതന്ത്രയായിട്ട്. നമ്മുടെ ഭരണഘടന നിലവിൽവന്നിട്ടു മുപ്പത്തിയഞ്ചോളം വർഷവുമായി. ഇന്നത്തെ രീതിയിലുള്ള കടുത്ത അതികേന്ദ്രീകരണം അനിവാര്യമാണോ എന്നും, ഭരണത്തിന്റെ ഫലപ്രദത്വം കാര്യക്ഷമത എന്നിവ വർധിപ്പിക്കുന്നതിനായി അതികേന്ദ്രീകരണത്തിന്റെ അനാശാസ്യവശങ്ങളുടെ തീവ്രത കുറക്കാൻ സാധിക്കുമോ എന്നും പുനഃപരിശോധിക്കേണ്ട സമയം ആയിരിക്കുകയാണ്; വിശേഷിച്ചും ഇന്നത്തെ മാറിയ സാഹചര്യത്തിൽ.

കേന്ദ്രസംസ്ഥാനബന്ധത്തിലെ ഭരണപരമായ വശങ്ങളുടെ സമഗ്രമായ ഒരു അപഗ്രഥനം നടത്താൻ ഈ കുറിപ്പിൽ ശ്രമിക്കുന്നില്ല. സഹകരണാത്മകമായ ഫെഡറലിസത്തിന്റെ സുഖകരമായ പ്രവർത്തനത്തെ ഭീഷണിപ്പെടുത്തുന്ന ചില പ്രധാനഘടകങ്ങളിലേക്ക്, പ്രത്യേകിച്ച് ഈ അടുത്തകാലത്തുണ്ടായിട്ടുള്ള ചില ഘടകങ്ങളിലേക്ക്, ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം.

## 1 ഗവർണറുടെപങ്ക്

ഗവർണർ എന്ന സ്ഥാപനം വളരെ നിർണായകപ്രാധാന്യമുള്ള ഒന്നാണ്. സംസ്ഥാനങ്ങളുടെ സ്വയംഭരണത്തിന്റെയും സമ്യക്കായ

സംസ്ഥാനബന്ധങ്ങളുടെയും കാര്യത്തിൽ അതിന്റെ നിഷ്പക്ഷതക്കും സത്യസന്ധതക്കും അതീയായ പ്രാധാന്യമാണുള്ളത്. പല സംസ്ഥാനങ്ങളിലും, കേന്ദ്രത്തിന്റെ 'വെറും'ഏജൻറ് എന്ന നിലയിലുള്ള ഗവർണറുടെ ചെയ്തികൾ പല സന്ദർഭത്തിലും കേന്ദ്ര-സംസ്ഥാനബന്ധങ്ങളിൽ ഗൗരവതരമായ സംഘർഷങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഗവർണർ കേന്ദ്രഗവൺമെൻറിന്റെ നിർദേശങ്ങൾക്കു വിധേയനല്ലെന്നും തന്റെ ഭരണഘടനാപരമായ പ്രവർത്തനങ്ങൾക്ക് ഗവർണർ കേന്ദ്രത്തിനോട് ഉത്തരവാദിത്തപ്പെട്ടയാൾ അല്ലെന്നും രഘു കൗൾ തിലക് കേസിൽ സുപ്രീംകോടതി അസന്ദിഗ്ധമായി വിധി പ്രസ്താവിച്ചിട്ടുണ്ട്. സംസ്ഥാനനിയമസഭ പാസ്സാക്കുന്ന ഒരു ബില്ല്, അത് സംസ്ഥാനലിസ്ററിൽപെടുന്ന ഇനത്തെ പരാമർശിക്കുന്നതാണോ, കൺകറൻറ്ലിസ്ററിൽ പെടുന്ന ഇനത്തെ പരാമർശിക്കുന്നതാണോ എന്നകാര്യം പരിഗണിക്കാതെതന്നെ രാഷ്ട്രപതിയുടെ പരിഗണനക്കായി മാററിവെക്കാൻ ഭരണഘടനയുടെ 200-ം 201-ം വകുപ്പുകൾ ഗവർണർക്ക് അധികാരം നൽകുന്നു. കൺകറൻറ്ലിസ്ററിൽപ്പെടുന്ന ഇനത്തെ പരാമർശിക്കുന്ന ബില്ലുകൾക്കുമാത്രമായി ഈ അധികാരം ചുരുക്കേണ്ടതാവശ്യമാണ്. അതുപോലെതന്നെ ഒരു ബിൽപാസ്സാക്കി രാഷ്ട്രപതിക്ക് സമർപ്പിച്ചാൽ ആ ബിൽ അദ്ദേഹത്തിന് കൈവശം വെക്കാവുന്ന സമയത്തിനും പരിധി നിർണയിക്കേണ്ടതാണ്.

## 2 അഖിലേന്ത്യാസർവീസുകൾ

ദേശീയതാൽപര്യത്തിന് ആവശ്യമെന്ന് തോന്നുമ്പോൾ മൂന്നിൽരണ്ട് ഭൂരിപക്ഷത്തോടുകൂടി ഒരു തീരുമാനമെടുത്ത് അഖിലേന്ത്യാ സർവീസുകൾ രൂപീകരിക്കാൻ രാജ്യസഭക്ക് അധികാരമുണ്ട്. ഇത്തരം സർവീസുകളിൽ നിയമിക്കപ്പെടുന്നവരുടെ സേവനവ്യവസ്ഥകൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്രത്തിനാണ്. സംസ്ഥാനങ്ങളിലുള്ള ഈ സർവീസുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളുംതമ്മിൽ സംഘർഷം ഉണ്ടായിട്ടുള്ള സന്ദർഭങ്ങൾ ഈ അടുത്തകാലത്തുണ്ടായിട്ടുണ്ട്. ഇത്തരം സംഘർഷങ്ങൾ ഒഴിവാക്കത്തക്കതരത്തിൽ അഖിലേന്ത്യാസർവീസുകളുടെ പ്രവർത്തനരീതി പുനർനിർവചിക്കേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്.

## 3. ക്രമസമാധാനം

പൊതുക്രമസമാധാനം പാലിക്കുക, പൊലീസിനെ ഉപയോഗിക്കുക എന്നിവയുടെ ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കാണ്. എന്നാൽ 355-ാംവകുപ്പനുസരിച്ച് എല്ലാ സംസ്ഥാനങ്ങളെയും വിദേശാക്രമണത്തിൽനിന്ന് രക്ഷിക്കുക, ആഭ്യന്തരമായ അസ്വാസ്ഥ്യങ്ങളിൽനിന്ന് രക്ഷിക്കുക, ഭരണഘടനയുടെ വകുപ്പുകൾക്കനുസരണമായി ഗവൺ

മെൻറിൻെറ പ്രവർത്തനങ്ങരം നടക്കുന്നുയെന്നുറപ്പുവരുത്തുക എന്നീ ചുമതലകരം കേന്ദ്രത്തിൻെറതാണ്. എന്നാൽ സംസ്ഥാനങ്ങളോടാലോചിക്കാതെതന്നെ സംസ്ഥാനങ്ങളിലേക്ക് കേന്ദ്ര റിസർവ്പൊലീസിനെ അയക്കാൻ തങ്ങരംക്ക് സ്വാതന്ത്ര്യമുണ്ടെന്ന തരത്തിലാണ് ഈ വകുപ്പിനെ കേന്ദ്രം വ്യാഖ്യാനിച്ചിരിക്കുന്നത്. കഴിഞ്ഞ രണ്ടുപതിററാണ്ടുകളായി സി ആർ പിയുടെ മേലുള്ള സംസ്ഥാനങ്ങളുടെ ആശ്രിതത്വം എന്തെന്നില്ലാതെ വർധിച്ചിട്ടുണ്ട്. ഇപ്പോരം ക്രമസമാധാനം നിലനിർത്തുകയെന്ന അടിസ്ഥാനകടമകൂടി നിർവഹിക്കാൻ അവക്ക് കഴിയില്ലെന്ന് വന്നിരിക്കുന്നു. മുമ്പുകാലങ്ങളിൽ സംസ്ഥാനഗവൺമെൻറുകരം തന്നത്താൻ കൈകാര്യംചെയ്യുമായിരുന്ന പല പ്രശ്നങ്ങളിലും ഇപ്പോരം കേന്ദ്രത്തിന് ഇടപെടേണ്ടിവരികയും വല്ലാത്തൊരവസ്ഥ സംജാതമാവുകയും ചെയ്തിട്ടുണ്ട്. ഈ ദുഃസ്ഥിതിക്ക് എങ്ങനെ പരിഹാരം കാണാം? സംസ്ഥാനങ്ങളുടെ ഇന്നത്തെ ഈ ഭീമമായ ആശ്രിതത്വം ഇല്ലാതാക്കുക എന്നതായിരിക്കണം ലക്ഷ്യം. ആദ്യത്തെ പടി എന്ന നിലക്ക് സി ആർ പിയുടെ അംഗസംഖ്യ വർധിപ്പിക്കുന്നത് നിർത്തലാക്കണം. ഇതിനെ തുടർന്ന് കേന്ദ്രത്തിൻെറ പൊലീസ്സേനയിൽ ഗണ്യമായ കുറവുവരുത്തുന്ന ഒരു നയം ശ്രദ്ധയോടെ ആവിഷ്കരിക്കണം.

## 4, സംസ്ഥാനങ്ങൾക്കുള്ള നിർദേശങ്ങൾ

സംസ്ഥാനങ്ങരംക്ക് നിർദേശങ്ങരം നൽകാൻ കേന്ദ്രത്തെ അധികാരപ്പെടുത്തുന്ന ഒട്ടേറെ സന്ദർഭങ്ങരം ഭരണഘടനയിൽ എടുത്തുപറഞ്ഞിട്ടുണ്ട്. തങ്ങളുടെ സ്വയംഭരണാവകാശത്തിൻെറമേലുള്ള കടന്നാക്രമണമാണിതെന്നു പറഞ്ഞ് സംസ്ഥാനങ്ങരം ഇവയെ ചോദ്യംചെയ്തിട്ടുണ്ട്. പ്രത്യേകിച്ചും 365-ാം വകുപ്പ്. കേന്ദ്രനിർദേശങ്ങളെ അനുസരിക്കാത്ത സന്ദർഭങ്ങളിൽ സംസ്ഥാനത്തിൻെറ ഭരണം ഏറെറടുക്കാൻ കേന്ദ്രത്തെ അധികാരപ്പെടുത്തുന്ന ഈ വകുപ്പ് സ്വേച്ഛാപരമായ ഇടപെടലിന് പഴുതുനൽകുന്നു.

## 5. പ്രവർത്തനമണ്ഡലങ്ങൾ

സാമ്പത്തിക ഭരണത്തിൻെറ മേഖലയിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങരംക്കും ഇടക്കുള്ള അതിർത്തലം വളരെ വ്യാപകമാണ്. വാർത്താവിനിമയം, പണം, വിദേശകടം, ഇൻഷുറൻസ് എന്നീ മേഖലകളിൽ കേന്ദ്രത്തിനുമാത്രമെ അധികാരമുള്ളു. ഭക്ഷണം, കൃഷി, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, കുടുംബാസൂത്രണം, സാമൂഹ്യരക്ഷമം, ജലസേചനം, വിദ്യുച്ഛക്തി എന്ന് തുടങ്ങി വേറെ ഒട്ടേറെ മേഖലകളിൽ, 7-ാം ഷെഡ്യൂളിലെ ഒന്നാംലിസ്ററിലും രണ്ടാംലിസ്ററിലും നൽകിയിരിക്കുന്ന അധികാരപ്രകാരം കേന്ദ്രത്തിന് സ്വാധീനവും അധികാരവും ചെലുത്താൻ കഴിയുന്നു. സാമ്പത്തികവികാസത്തിൻെറയും ഭരണത്തിൻെറയും മേഖലയിലുള്ള കേന്ദ്രത്തിൻെറ പങ്ക് അപഗ്രഥിക്കുകയാണെങ്കിൽ അതിൻെറ ബഹുമുഖത്വംമാത്രമല്ല, പ്രാധാന്യവും യുക്തിയുക്തതയും കൂടി മനസ്സിലാകും. ഈ പ്രവർത്തനമേഖലകളിൽ കേന്ദ്രത്തിന് ഇടപെടാനുള്ള കഴിവിൻെറ അടിസ്ഥാനം അതിൻെറ നേരിട്ടുള്ള നിക്ഷേപം, അതിൻെറ നിയന്ത്രണ

ത്തിലുള്ള സാമ്പത്തികസ്ഥാപനങ്ങൾ, സംസ്ഥാനങ്ങൾക്ക് ഗ്രാൻറും കടവും നൽകാനുള്ള അതിൻെറ അധികാരം, സംസ്ഥാനങ്ങൾ കടംവാങ്ങുന്നതിൻെറമേൽ അതിനുള്ള നിയന്ത്രണം, വിദേശ ഗ്രാൻറുകളും കടങ്ങളും വാങ്ങാൻ അതിന് മാത്രമായുള്ള അധികാരം എന്നിവയൊക്കെയാണ്. ഇതിനെല്ലാംപുറമെ ആസൂത്രണസംവിധാനം—സാമ്പത്തികസാമൂഹ്യ ആസൂത്രണം കൺകറൻറ്ലിസ്ററിൽപെട്ടതാണ്—സമൂഹത്തിലെ സാമ്പത്തികപ്രവർത്തനത്തിൻെറ എല്ലാ പ്രധാന വശങ്ങളിലും ഉപദേശനിർദേശങ്ങളിലൂടെ ഇടപെടാൻ കേന്ദ്രത്തിന് സൗകര്യം നൽകുന്നു

കേന്ദ്രം നേരിട്ടോ സ്പോൺസർചെയ്തോ നടപ്പാക്കുന്ന സ്കീമുകളിൽ ഏതെല്ലാം, സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശവും വികേന്ദ്രീകരണവും പ്രാവർത്തികമാക്കുന്നതിന് ഉതകുംപടി സംസ്ഥാനങ്ങൾക്ക് കൊടുക്കാം എന്ന് ആലോചിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളും നൽകണം. വ്യവസായങ്ങൾക്ക് ലൈസൻസ് കൊടുക്കുക മുതലായ കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകണം. മൊത്തം വ്യാവസായികപ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ട ചുമതല കേന്ദ്രത്തിൻെറതായിരിക്കും.

## 6. ബഹുജനമാധ്യമങ്ങൾ—റേഡിയോവും ടെലിവിഷനും

പ്രക്ഷേപണമെന്നത് കേന്ദ്രത്തിൻെറമാത്രം അവകാശമാണ്. സ്വാതന്ത്ര്യത്തിനുശേഷമുള്ള ആദ്യത്തെ രണ്ട് പതിററാണ്ടുകാലത്ത് ഈ രംഗത്ത് പറയത്തക്ക പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. പക്ഷെ, പിന്നീട് ചില സംസ്ഥാനങ്ങളിൽ കേന്ദ്രത്തിലേതിൽനിന്ന് വ്യത്യസ്തമായ പാർടികൾ അധികാരത്തിൽ വന്നപ്പോൾ സംഗതി ആകെ മാറി. റേഡിയോ—ടെലിവിഷൻ പ്രക്ഷേപണങ്ങൾക്ക് ന്യായമായ അവസരങ്ങൾ ലഭിക്കുകയെന്നത് കേന്ദ്ര സംസ്ഥാനബന്ധങ്ങളിലെ ഒരു പ്രധാന പ്രശ്നമായിത്തീർന്നിട്ടുണ്ട്. റേഡിയോ—ടെലിവിഷൻ പ്രക്ഷേപണത്തെ സർക്കാർ നിയന്ത്രണത്തിൽനിന്ന് വേർപ്പെടുത്തണമെന്ന് ചന്ദാകമ്മിററിയും വർഗീസ്കമ്മിററിയും ശുപാർശചെയ്യുകയുണ്ടായി. ഇത് നടപ്പാക്കുന്നതുവരെ രാജ്യഭരണത്തിൻെറ, വിശിഷ്യ വികസനപ്രവർത്തനങ്ങളുടെ, പ്രധാനമായ ഒരു ഭാഗമാണ് വാർത്താവിനിമയം എന്ന വസ്തുത അംഗീകരിച്ചുകൊണ്ട്, പ്രാദേശിക റേഡിയോ—ടെലിവിഷൻ പരിപാടികളിൽ സംസ്ഥാനങ്ങൾക്ക് ന്യായമായ സമയം അനുവദിച്ചുകൊടുക്കേണ്ടതാണ്. സംസ്ഥാനങ്ങൾ സ്വന്തമായ റേഡിയോ—ടെലിവിഷൻ നിലയങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുകയാണെങ്കിൽ അതിന് അനുവാദം കൊടുക്കുന്നതിനെപ്പററി ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ശ്രോതാക്കളെ സംബന്ധിച്ചിടത്തോളം കൂടുതൽ വൈവിധ്യമുള്ള പരിപാടികൾ ഇതുകൊണ്ട് ലഭിക്കുന്നതായിരിക്കും.

മൂന്നാം സമ്മേളനം. കേന്ദ്രസംസ്ഥാനബന്ധങ്ങൾ: ധന പരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ

# സർക്കാരീയ കമ്മീഷൻ ചോദ്യാവലി

## പ്രാഥമിക പ്രതികരണങ്ങൾ

*ഡോ. ഐ എസ് ഗുലാത്തി, ഡോ കെ കെ ജോർജ്*

### ഭാഗം 5

5.1 ഈ ചോദ്യത്തിനുള്ള ഉത്തരം നിഷേധാത്മകമാണ്. പട്ടിക 1ൽ കാണുന്നപോലെ കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങളിലേക്ക് കൈമാറുന്ന പണത്തിൻെറ നന്നെ ചെറിയ ഒരു ഭാഗംമാത്രമാണ് ഫൈനാൻസ് കമ്മിഷൻെറ അവാർഡുകൾപ്രകാരമുള്ള സ്ററാററ്യൂട്ടറി (നിശ്ചിത) ട്രാൻസ്ഫറുകൾ. 1979–84ൽ കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള മൊത്തം വിഭവങ്ങളുടെ (ബജററ് പ്രകാരമുള്ളവ) 56.9 ശതമാനം പദ്ധതികൾക്കുള്ളതും വിവേചനവിധേയമായതും ആണ്. പക്ഷെ ഒന്നു പറയേണ്ടതുണ്ട്: പ്ലാൻട്രാൻസ്ഫറുകളുടെ ഒരു നല്ല ഭാഗത്തിന് (ഗാഡ്ഗിൽഫോർമുലയിലെ വിവേചനവിധേയമല്ലാത്ത ഘടകങ്ങൾക്ക്) നിശ്ചിതസ്വഭാവമുണ്ട്. വിവേചനസ്വഭാവമുള്ള ട്രാൻസ്ഫറുകളിൽപോലും, ലഘുസമ്പാദ്യത്തിലെ സംസ്ഥാനങ്ങൾക്കുള്ള പങ്കിൻെറ വിതരണം നിശ്ചിതസ്വഭാവമുള്ളതാണ്.

സംസ്ഥാനങ്ങളുടെ റവന്യുവിടവ് കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങളിലേക്കുള്ള അനുയോജ്യമായ ട്രാൻസ്ഫറുകളിലൂടെ നികത്തപ്പെടുമെന്നായിരുന്നു ഭരണഘടനാനിർമാതാക്കളുടെ ആശ എന്ന പ്രസ്താവനയെ സംസ്ഥാനങ്ങളുടെ മൊത്തം ധനപരമായ ആവശ്യങ്ങളുടെ പശ്ചാത്തലത്തിൽ വളരെ വിശാലമായിത്തന്നെ വ്യാഖ്യാനിക്കേണ്ടിവരും. നികുതി പങ്കുവയ്ക്കുന്നതിൻെറയും ഗ്രാൻറുകളുടെയും അടിസ്ഥാനത്തിൽമാത്രം ചിന്തിക്കുകയെന്നാൽ അത് സംസ്ഥാനത്തിൻെറ മൊത്തം ആവശ്യങ്ങളെ അവഗണിക്കുന്നതിനു തുല്യമാണെന്നുമാത്രമല്ല അത് തുണ്ടംതുണ്ടമായ ഒരു സമീപനവുമായിരിക്കും.

പട്ടിക 1

## വിവിധ ഏജൻസികളിലൂടെ മൊത്തം കേന്ദ്ര ധനസഹായം

| പദ്ധതി | നിശ്ചിത സ്വഭാവമുള്ള ട്രാൻസ്ഫർ | പ്ലാൻ ട്രാൻസ്ഫർ | വിവേചനത്തോടുകൂടിയ ട്രാൻസ്ഫർ | മൊത്തം |
|---|---|---|---|---|
| (1951–56) | 447 (31 2) | 850 (24.5) | 634 (44 3) | 1431 |
| (1956–61) | 918 (32.0) | 1058 (36.9) | 892 (31.1) | 2868 |
| (1961–66) | 1590 (28.4) | 2515 (44.9) | 1495 (26.7) | 5600 |
| (1966–69) | 1782 (33.8) | 1767 (33.1) | 1798 (33.6) | 5347 |
| (1969–74) | 5421 (35.9) | 3535 (23.4) | 6145 (40.7) | 15101 |
| (1974–79) | 10873 (43.0) | 7722 (30.5) | 6683 (26.0) | 25278 |
| (1979–84) | 22757 (48.1) | 15808 (30.0) | 14203 (26 9) | 52768 |
| Total(1951–84) | 43788 (40.4) | 32755 (30.2) | 31850 (29.4) | 108393 |

മൂലം: 7-ാം ഫിനാൻസ് കമ്മിഷൻ റിപ്പോർട്ട്, വിവിധ റിസർവ് ബാങ്ക് ബുള്ളററിനുകൾ

5.2 പട്ടിക 2 ൽ നിന്ന് വ്യക്തമാകുന്നപോലെ കഴിഞ്ഞവർഷങ്ങളിൽ കേന്ദ്രത്തോടുള്ള സംസ്ഥാനങ്ങളുടെ ആശ്രിതത്വം വർധിക്കുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാനങ്ങളുടെ കേന്ദ്രത്തോടുള്ള ഈ കനത്ത ആശ്രിതത്വം കുറയുന്ന ഒരു അവസ്ഥ വിഭാവനം ചെയ്യാൻ ഇന്ന് വിഷമമാണ്. മറിച്ച്, അത് കൂടാനാണ് സാധ്യത. കാരണം, നമ്മുടെ ഈ ഫെഡറൽവ്യവസ്ഥയിൽ കേന്ദ്രത്തിൻെറ നികുതിപിരിവിൻെറയും മററു വിഭവസമാഹരണത്തിൻെറയും സംവിധാനംതന്നെ, ആവശ്യമുള്ളതിൽ വളരെ കൂടുതൽ വിഭവങ്ങൾ കേന്ദ്രത്തിൻെറ കൈകളിലെത്തിക്കുന്നു. കേന്ദ്രത്തോടുള്ള ഈ കനത്ത ആശ്രിതത്വംകൊണ്ടുണ്ടാകുന്ന ദുരവസ്ഥയിൽനിന്ന് സംസ്ഥാനങ്ങൾക്ക് മോചനം ലഭിക്കുവാൻ പ്രധാനമായി ചെയ്യേണ്ട ഒരു കാര്യം എണ്ണിപ്പറഞ്ഞ വരുമാനയിനങ്ങളുടെ അടിസ്ഥാനത്തിൽമാത്രം വിഭവങ്ങൾ സംസ്ഥാനങ്ങൾക്കായി പങ്കുവെക്കുക എന്നരീതിയിൽ മാററം വരുത്തുകയാണ്. അതായത് കേന്ദ്രത്തിൻെറ മൊത്തം വരുമാനത്തിൻെറ അടിസ്ഥാനത്തിലായിരിക്കണം, അല്ലാതെ നികുതിവരുമാനത്തിൻെറ, അതും നിശ്ചിതയിനങ്ങളിലെ നികുതി വരുമാനത്തിൻെറ അടിസ്ഥാനത്തിലായിരിക്കരുത് സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിർണയിക്കുന്നത്.

പട്ടിക 2

## സംസ്ഥാനങ്ങളുടെ കേന്ദ്രസഹായത്തിൻമേലുള്ള ആശ്രിതത്വം

മൊത്തം കേന്ദ്രസഹായം സംസ്ഥാന ചെലവിൻെറ വിഹിതമായി

| | |
|---|---|
| (1951–56) | 37.8 |
| (1956–61) | 39.8 |
| (1961–66) | 45.7 |
| (1966–69) | 45.2 |
| (1969–74) | 47.4 |
| (1974–79) | 42.1 |
| (1979–84) | 41.6 |

5.3 സംസ്ഥാനങ്ങൾക്ക് കൂടുതൽ ധനപരമായ അധികാരങ്ങൾ കൊടുക്കുമ്പോൾ സംസ്ഥാനങ്ങൾ തമ്മിലുള്ള അസന്തുലനം വർധിക്കുന്നതിന് അത് കാരണമായേക്കും. അതൊഴിവാക്കാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടിവരും. കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങളിലേക്കുള്ള വിഭവകൈമാററം കൂടുതൽ നീതിപൂർവകമാണ് എന്ന് ഇതിനർഥമില്ല. വാസ്തവത്തിൽ താരതമ്യേന മുന്നിൽനിൽക്കുന്ന സംസ്ഥാനങ്ങൾക്കാണ് പിന്നെയും കൂടുതൽ ലഭിക്കുന്നത് എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

5.4 നികുതിവരുമാനമടക്കമുള്ള വിഭവങ്ങൾ സമാഹരിക്കാൻ കേന്ദ്രത്തിന് അധികാരമുള്ളതിനാൽ പൊതുമേഖലയുടെ മൊത്തം ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കേന്ദ്രം അതിൻെറ വിഭവസമാഹരണം ഏററവും അനുയോജ്യമായതാക്കണം. വിഭവങ്ങൾ എത്രയാകട്ടെ, ചെലവും എത്രയാകട്ടെ, സർക്കാരിൻെറ നടത്തിപ്പുചെലവ് കുറക്കുകയും അത് ഏററവും കാര്യക്ഷമമാക്കുകയും എപ്പോഴും ആവശ്യമാണ്. കേന്ദ്രം കമ്മിപ്പണമിറക്കുമ്പോൾ രാജ്യത്തിൻെറ ആകെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടായിരിക്കണം അത് ചെയ്യുന്നത്. അല്ലാതെ കേന്ദ്രത്തിനോ, ഏതെങ്കിലും സംസ്ഥാനങ്ങൾക്കോ കൂടുതൽ പണം ആവശ്യമുണ്ടെന്നുവച്ച്, അത് പദ്ധതിയാവശ്യങ്ങൾക്കോ അല്ലാത്തതിനോ എന്നുനോക്കാതെ അങ്ങനെ ചെയ്യരുത്. രാജ്യത്തിൻെറ മൊത്തം സാമ്പത്തികസ്ഥിതി കമ്മിപ്പണമിറക്കുന്നത് അനുവദിക്കുന്നില്ലെങ്കിൽ കേന്ദ്രം അത് ചെയ്യരുത്. വിഭവസമാഹരണത്തിന് മററു മാർഗങ്ങൾ കണ്ടെത്തണം.

പട്ടിക 3

## മൊത്തം ബജററി ട്രാൻസ്ഫറുകൾ 1956-81
(ആളോഹരി രൂപയിൽ)

| സംസ്ഥാനങ്ങൾ | സ്ററാററ്യൂട്ടറി | പദ്ധതി | വിവേചന അധികാരം | മൊത്തം |
|---|---|---|---|---|
| a) ഉയർന്ന വരുമാന സംസ്ഥാനങ്ങൾ | 471 | 338 | 449 | 1258 |
| ബംഗാൾ | 524 | 314 | 486 | 1324 |
| b) ഇടത്തരം വരുമാന സംസ്ഥാനങ്ങൾ | 542 | 436 | 386 | 1364 |
| കേരളം | 611 | 445 | 335 | 1391 |
| c) താഴ്ന്ന വരുമാന സംസ്ഥാനങ്ങൾ | 459 | 398 | 332 | 1189 |
| d) പ്രത്യേക വകുപ്പ് സംസ്ഥാനങ്ങൾ | 1701 | 1902 | 1086 | 4689 |
| മൊത്തം സംസ്ഥാനങ്ങൾ | 516 | 440 | 380 | 1336 |

കെ. കെ. ജോർജ്: കേന്ദ്രസംസ്ഥാന ധനപരമായ ഒഴുക്കും, അന്തർ സംസ്ഥാന അന്തരങ്ങളും.

a) ഉയർന്ന വരുമാന സംസ്ഥാനങ്ങൾ: പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, ഗുജറാത്ത്, ബംഗാൾ.

b) ഇടത്തരം വരുമാന സംസ്ഥാനങ്ങൾ: തമിഴ്നാട്, കേരളം, ഒറീസ, ആസാം, കർണാടകം, ആന്ധ്ര.

c) താഴ്ന്നവരുമാന സംസ്ഥാനങ്ങൾ: ഉത്തരപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, ബീഹാർ.

d) പ്രത്യേക വകുപ്പ് സംസ്ഥാനങ്ങൾ: ഹിമാചൽ, കാഷ്മീർ, ത്രിപുര, മണിപ്പൂർ, നാഗാലാണ്ട്, മേഘാലയ, സിക്കിം.

ഒരുകാര്യം ഇവിടെത്തന്നെ പറഞ്ഞുവക്കേണ്ടതുണ്ട്: സംസ്ഥാനങ്ങൾക്ക് പണം നൽകുന്നതിനുവേണ്ടിയാണ് കേന്ദ്രത്തിന് കമ്മിപ്പണമിറക്കേണ്ടിവരുന്നത് എന്ന ധാരണ വസ്തുതകൾക്ക് നിരക്കുന്നതല്ല. കേന്ദ്രത്തിൻെറ റവന്യൂവരുമാനത്തിൻെറയും മൂലധനവരുമാനത്തിൻെറയും, കമ്മിപ്പണമടക്കം, ശതമാനം എന്ന നിലക്കുനോക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് കൈമാറുന്ന പണത്തിൻെറ തോത് കഴിഞ്ഞ കുറെ വർഷങ്ങളായി കുറഞ്ഞുവരികയാണ്. ഒന്നും നാലും പഞ്ചവത്സരപദ്ധതികളിലൊഴികെ ഇതൊരിക്കലും മൂന്നിലൊന്നിൽ അധികമായിട്ടില്ല. പട്ടിക 4 നോക്കുക.

പട്ടിക 4

## മൊത്തം കേന്ദ്രവിഭവത്തിൽ മൊത്തം കേന്ദ്രസഹായത്തിൻെറ (റവന്യൂ+മൂലധനം) വിഹിതം

| പദ്ധതി | കാലയളവ് | |
|---|---|---|
| 1. | (1951–56) | 36.4 |
| 2. | (1956–61) | 31.3 |
| 3. | (1961–66) | 31.3 |
| വാ. പ | (1966–69) | 31.4 |
| 4. | (1969–74) | 36.4 |
| 5. | (1974–79) | 30.7 |
| 6. | (1979–84) | 32.6 |

5.5 കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിലേക്കുള്ള വിഭവങ്ങരം വീതം വെക്കൽ, മൊത്തത്തിലെടുത്താൽ, ഒട്ടുംതന്നെ നീതിയുക്തമല്ലെന്ന് സുവിദിതമാണ്. സംസ്ഥാനങ്ങരം തമ്മിൽ തമ്മിൽ നിലനിൽക്കുന്ന സാമ്പത്തികഅസമത്വങ്ങരം കണക്കിലെടുത്ത് വ്യക്തവും വസ്തുനിഷ്ഠവുമായ മാനദണ്ഡങ്ങരം സ്വീകരിച്ചാലെ നീതിഉറപ്പുവരുത്താൻ കഴിയൂ എന്ന് വിഭവങ്ങളുടെ പല തരത്തിലുള്ള വീതംവക്കലുകളുടെയും മുൻകാല അനുഭവങ്ങരം തെളിയിക്കുന്നു. കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങരംക്ക് വിഭവങ്ങരം കൈമാറുന്നതിനുള്ള സ്കീമിൽതന്നെ നീതിയുടെതായ ഈ മാനദണ്ഡം പ്രത്യക്ഷമായും ശക്തമായും ഉരംക്കൊള്ളിക്കേണ്ടിയിരിക്കുന്നു. വേണ്ടിവരികയാണെങ്കിൽ ഭരണഘടനയിൽതന്നെ ഇതെഴുതിച്ചേർക്കണം പക്ഷെ വിശദാംശങ്ങരം, ഓരോ ഘടകത്തിനും എന്ത് തൂക്കം നൽകണം എന്ന് തുടങ്ങിയവയൊക്കെ, ഭരണഘടനക്ക് കീഴിൽ രൂപപ്പെടുത്തുന്ന ഒരു പ്രത്യേകകമ്മിററി നിർണയിക്കട്ടെ.

സംസ്ഥാനങ്ങളുടെ നികുതിസമാഹരണശ്രമം, കാര്യക്ഷമത, ചെലവുചുരുക്കൽ തുടങ്ങിയവയെല്ലാം സംസ്ഥാന നിയമനിർമാണ സഭകളും മററു ഏജൻസികളും പരിശോധിക്കട്ടെ. റവന്യൂ ഇനത്തിലും മൂലധനഇനത്തിലുമുള്ള വിടവുകരം നികത്താൻ കേന്ദ്രത്തിൽനിന്ന് കൊടുക്കുക എന്നതിനുപകരം സ്വാതന്ത്ര്യവും വസ്തുനിഷ്ഠവുമായ മാനദണ്ഡങ്ങരം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ സംസ്ഥാനങ്ങരം വരവനുസരിച്ച് ചെലവ് ചെയ്തുകൊള്ളും.

5.6 വിഭവംവീതിക്കലിൽ മുകളിൽ നിർദേശിച്ചവിധത്തിൽ നീതി ഉറപ്പുവരുത്തുകയാണെങ്കിൽ പിന്നെ 'സ്പെഷൽഫണ്ടി'ൻെറ ആവശ്യം വരികയില്ല.

5.7 സംസ്ഥാനങ്ങൾക്ക് ആവശ്യമായ പണം കിട്ടണം എന്നതാണ് മുഖ്യസംഗതി. വിഭവം വീതിക്കുന്ന രീതി സംസ്ഥാനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ പര്യാപ്തമാണെങ്കിൽ പുതിയ നികുതികൾ പിരിക്കാനും മററു വരുമാനമാർഗങ്ങൾ കണ്ടെത്താനുമുള്ള അധികാരം കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങളിലേക്ക് മാററണമെന്ന വാദത്തിന് പറയത്തക്ക പ്രസക്തിയൊന്നും പിന്നീടുണ്ടാകുകയില്ല.

5.8 നികുതിചുമത്താനുള്ള അധികാരങ്ങൾ പൂർണമായും കേന്ദ്രത്തിനാക്കുകയും സംസ്ഥാനങ്ങൾക്ക് പ്രായേണ ഒരു നികുതിയും പിരിക്കുവാൻ അവകാശമില്ലാതാക്കുകയും ചെയ്യണമെന്ന തരത്തിലുള്ള വാദങ്ങൾ ഉന്നയിക്കപ്പെടാറുണ്ട്. ഇത് ശരിയല്ല ഇപ്പോൾ സംസ്ഥാനങ്ങളുടെ അധികാരപരിധിയിലിരിക്കുന്ന വിൽപനനികുതിയുടെ കാര്യം ഉദാഹരണമായി എടുക്കാം. സംസ്ഥാനഗവൺമെൻറുകൾ വിൽപനനികുതി പിരിക്കുന്നത് രാജ്യത്തിൻെറ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി പേരിനുപോലും ബാധിച്ചിട്ടുള്ളതായി, ഇന്ത്യയിലെ നികുതിരംഗത്തെ വസ്തുനിഷ്ഠമായി പഠിക്കുന്ന ഒരാളും പറയുകയില്ല. മറിച്ച് ഇന്ത്യയെപ്പോലെ ഇത്ര വലിയ ഒരു രാജ്യത്ത് നികുതി ചുമത്തുക, പിരിക്കുക മുതലായ കാര്യങ്ങളിൽ പ്രാദേശിക പരിതസ്ഥിതികൾ കണക്കിലെടുക്കണമെന്നും അതിനായി നികുതി അധികാരങ്ങൾ ഗണ്യമായ തോതിൽ വികേന്ദ്രീകരിക്കണമെന്നും വാദിക്കുന്നതിൽ ഏറെ കഴമ്പുണ്ടുതാനും.

ഭരണഘടനയുടെ നിർമാതാക്കൾ നികുതിപിരിക്കുന്നതിനുള്ള അധികാരത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ഇന്നുനിലവിലുള്ള വിഭജനം ഏർപ്പെടുത്തിയപ്പോൾ സാമ്പത്തികവശങ്ങൾ പരിഗണിച്ചിരിക്കാം. എന്നാൽ നികുതിപിരിവിൻെറ കാര്യക്ഷമതയും പ്രാദേശികവ്യത്യാസങ്ങളും അവരുടെ പരിഗണനക്ക് വിധേയമായിരുന്നില്ലെന്ന്, ന്യായമായും, വാദിക്കാവുന്നതാണ്. കാരണം, ഈ പരിഗണന നടത്തിയിരുന്നെങ്കിൽ പല നികുതികളും, പ്രത്യേകിച്ച് എക്സൈസ്നികുതി, സംസ്ഥാനലിസ്ററിൽ സ്ഥാനം പിടിക്കുമായിരുന്നു. നികുതിപിരിവിന് ഒരു ഏകീകൃത സ്വഭാവംവേണം, പല ഏജൻസികളും പല രൂപങ്ങളും ആകരുത് എന്നൊരുവാദമുണ്ട്. കഴിയുന്നത്ര ഒരു നികുതിയിനത്തിന് ഒരു രൂപവും ഒരു ഏജൻസിയും വേണമെന്നുപറയാം. അതിൽ കൂടുതൽ വയ്യ.

5,9 സംസ്ഥാനങ്ങൾക്ക് പണം നൽകുന്നത് പദ്ധതിക്കോ ഇതര ആവശ്യങ്ങൾക്കോ എന്ന വ്യത്യാസം പരിഗണിക്കാതെ വേണം എന്ന വാദത്തിലും കഴമ്പുണ്ട്. കേന്ദ്രത്തിൻെറ മൊത്തം റവന്യുവരുമാന

ത്തിൻെറയും മൂലധനവരുമാനത്തിൻെറയും അടിസ്ഥാനത്തിലും സംസ്ഥാനങ്ങൾ തമ്മിൽ നീതിപുലർത്തുന്ന തരത്തിലും ആയിരിക്കണം ഇത് ചെയ്യുന്നത് എന്ന് മുകളിൽ അഭിപ്രായപ്പെട്ടിട്ടുണ്ടല്ലൊ. അപ്പോൾ ഒരേ ഒരു ഏജൻസിതന്നെ ആയിരിക്കണം ഇതിൻെറ മൊത്തം ചുമതല വഹിക്കുന്നത് എന്നുവരുന്നു. സംസ്ഥാനങ്ങളുടെ പൂർണ വിശ്വാസം ആർജിക്കാൻ കഴിയുന്നവിധത്തിലാണ് പ്ലാനിങ്കമ്മിഷൻെറ ഘടന എങ്കിൽ സംസ്ഥാനങ്ങൾക്ക് പണം നൽകുന്നതിൻെറ മുഴുവൻ ചുമതലയും അതിനെ ഏൽപ്പിക്കുന്നതിൽ ഒരെതിർപ്പും ഉണ്ടാവുകയില്ല. മറിച്ച് ഇന്നത്തെപ്പോലെ രൂപീകരണത്തിലോ ദൈനംദിനപ്രവർത്തനത്തിലോ സംസ്ഥാനങ്ങൾക്ക് യാതൊരു പങ്കുമില്ലാത്തവിധത്തിലാണ് പ്ലാനിങ്കമ്മിഷൻ സംഘടിപ്പിക്കുന്നതെങ്കിൽ വിഭവങ്ങൾ വീതിക്കാനുള്ള മുഴുവൻ ചുമതലയും ഫൈനാൻസ് കമ്മിഷനെ ഏൽപിക്കണം. ഇത് ഒരു സ്ഥിരം ഏർപ്പാട് ആയിരിക്കുകയും വേണം. എങ്കിലേ വർഷാവർഷം കേന്ദ്രത്തിൻെറ വിഭവശേഷിയിലും മററ് കാര്യങ്ങളിലും വരുന്ന മാററങ്ങൾ ഉടൻഉടനെ കണക്കിലെടുക്കാനാകൂ.

5-10 ഒന്നിനുപിറകെ ഒന്നായി വന്നിട്ടുള്ള എല്ലാ ഫൈനാൻസ് കമ്മിഷനുകളും, റവന്യൂ ഇനത്തിലും മൂലധനഇനത്തിലും ഉള്ള 'വിടവുകൾ നികത്തു'ന്നതിന് ആവശ്യത്തിലധികം ഊന്നൽ നൽകിയിട്ടുണ്ട്. ഫലമെന്താണ്? സംസ്ഥാനങ്ങൾ തങ്ങളുടെ കമ്മി പെരുപ്പിച്ചുകാണിക്കുന്നു. അത് കുറയ്ക്കുന്നതിന് പ്രത്യേക പ്രേരണയൊന്നുമില്ലതാനും. ചെലവ് കുറയ്ക്കാനും കാര്യക്ഷമമാക്കാനും ഉതകുന്ന ഒരു അന്തരീക്ഷമല്ല ഇത് സൃഷ്ടിക്കുന്നത്.

ദരിദ്രസംസ്ഥാനങ്ങളുടെയും താരതമ്യേന സമ്പന്നമായ സംസ്ഥാനങ്ങളുടെയും പൊതുചെലവുകൾ തമ്മിലുള്ള അന്തരമാകട്ടെ തുടർച്ചയായി വർധിച്ചുവരികയാണ് ചെയ്തിട്ടുള്ളത്. പട്ടിക 5 നോക്കുക.

5-11 ഈ കാഴ്ചപ്പാട് തികച്ചും ശരിയാണ്. ഇതിന് ഏററവും മുഖ്യമായി വേണ്ടത് ഇപ്പോഴത്തെ വിടവ് നികത്തൽ സമ്പ്രദായം— റവന്യു സംബന്ധവും മൂലധനസംബന്ധവുമായ വിടവ്—തീർത്തും ഉപേക്ഷിച്ച്, സംസ്ഥാനങ്ങൾക്കുള്ള വിഭവവിതരണത്തിന് വസ്തുനിഷ്ഠവും സ്വതന്ത്രവുമായ ഒരു മാനദണ്ഡം ഉണ്ടാക്കി എടുക്കുക എന്നതാണ്.

5-12 നികുതിത്തുക പങ്കുവയ്ക്കൽ, ഗ്രാൻറ്-ഇൻ-എയ്ഡ് ഇവയിൽ ഏത് സ്വീകരിക്കണം എന്നതിനെ സംബന്ധിച്ചുള്ള ഏഴാംധനകാര്യകമ്മിഷൻെറ നിലപാട് സാധൂകരിക്കാവുന്നതാണ്. അതേസ

പട്ടിക 5

## മൊത്തം ആളോഹരിചെലവ്
## (റവന്യൂ+മൂലധനം) 1956–81

| | പദ്ധതികാലം | | | | | | |
|---|---|---|---|---|---|---|---|
| | II | III | വാ.പ | IV | V | VI | മൊത്തം |
| a) ഉയർന്ന വരുമാന | | | | | | | |
| സംസ്ഥാനങ്ങൾ | 218 | 311 | 306 | 703 | 1363 | 731 | 3632 |
| ബംഗാൾ | 219 | 272 | 232 | 554 | 1003 | 561 | 2841 |
| b) ഇടത്തരം വരുമാന | | | | | | | |
| സംസ്ഥാനങ്ങൾ | 189 | 315 | 289 | 608 | 1094 | 587 | 3082 |
| കേരളം | 192 | 309 | 298 | 636 | 1192 | 617 | 3244 |
| c) താഴ്ന്ന വരുമാന | | | | | | | |
| സംസ്ഥാനങ്ങൾ | 144 | 229 | 226 | 452 | 846 | 459 | 2356 |
| d) പ്രത്യേകവകുപ്പ് | | | | | | | |
| സംസ്ഥാനങ്ങൾ | 294 | 459 | 516 | 1233 | 2514 | 1248 | 6264 |
| എല്ലാ സംസ്ഥാനങ്ങളും | 180 | 275 | 262 | 586 | 1102 | 591 | 2995 |

മൂലം: കെ. കെ. ജോർജ്—പട്ടിക 3ൻേറതുതന്നെ

മയം നികുതി പങ്കുവെക്കുന്ന സമ്പ്രദായം കൂടുതൽ കൂടുതലായി അനുവർത്തിച്ചുതുടങ്ങുന്നതോടെ, സംസ്ഥാനങ്ങൾക്കിടയിലുള്ള വിഭവവിഭജനത്തിന് കൂടുതൽ നീതിയുക്തമായ ഒരടിസ്ഥാനം ഉണ്ടാക്കിയെടുക്കുക എന്നത് അത്യന്തം അടിയന്തിരമായിത്തീരുന്നു.

5-13 ധനപരമായ വിടവുകൾ നികത്തുന്നതിനായി ഗ്രാൻറ്-ഇൻ-എയ്ഡ് സമ്പ്രദായം സ്വീകരിക്കുന്ന രീതി പാടേ ഉപേക്ഷിക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള വിഭവക്കൈമാററത്തിൻെറ ഫലമായി വിടവുകൾ എഴുതിത്തള്ളപ്പെടുകയാണെങ്കിൽ അതിൻെറ ഫലം സാമ്പത്തികമായ അരാജകത്വമായിരിക്കും.

സാമ്പത്തിക അസമത്വങ്ങൾ പൂർണമായി വിലയിരുത്തിയശേഷം വിഭവങ്ങൾ പങ്കുവെക്കുന്ന രീതി സ്വീകരിച്ചുതുടങ്ങുമ്പോൾ ഭരണരംഗത്തേയും സാമൂഹ്യസേവനരംഗങ്ങളിലെയും അസമത്വങ്ങൾ കുറയ്ക്കുന്നതിനായി ഗ്രാൻറുകൾ നൽകേണ്ട ആവശ്യം വരില്ല. ഏതായാലും ഈ ഗ്രാൻറ്സമ്പ്രദായം സാമ്പത്തികമായി മെച്ചപ്പെട്ട

സ്ഥിതിയിൽ കഴിയുന്ന സംസ്ഥാനങ്ങളെ അവ ഭരണപരവും സാമൂഹ്യസേവനപരവുമായ രംഗങ്ങളിൽ ചില പ്രയാസങ്ങളനുഭവിക്കുന്നു എന്ന പേരിൽ കൂടുതൽ സഹായിക്കുന്നതിനായി ഉപയോഗപ്പെടുത്താതിരിക്കാതെ നോക്കേണ്ടത് വളരെ പ്രധാനമാണ്.

ഇതിന് ചില ഉപാധികൾ ആവിഷ്കരിക്കേണ്ടതായി വരും. പക്ഷെ, സംസ്ഥാനങ്ങൾക്കിടയിലുള്ള വിഭവവിതരണക്രമം പുനഃസംഘടിപ്പിച്ച സ്ഥിരം ധനകാര്യക്കമ്മിഷനോ അല്ലെങ്കിൻ പ്ലാനിങ്ങ് കമ്മിഷനോതന്നെ തീരുമാനിക്കേണ്ടതാണ്.

5-14 കേന്ദ്രത്തിൻെറ വിഭവങ്ങളിൽ സംസ്ഥാനങ്ങളുടെ വിഹിതം എത്രയായിരിക്കണമെന്ന് നിർണയിക്കുന്നത് കേന്ദ്രം സമാഹരിക്കുന്ന മൊത്തംവിഭവങ്ങളുടെയും—റവന്യുവിൻെറയും മൂലധനത്തിൻെറയും—അടിസ്ഥാനത്തിലായിരിക്കണം എന്ന സമീപനമാണ് മേൽക്കൊടുത്ത ഉത്തരങ്ങളിൽ സ്വീകരിച്ചിരിക്കുന്നത്. യഥാർഥത്തിൽ വിഭജിക്കേണ്ടുന്ന വിഭവശേഖരത്തെക്കുറിച്ച് തീരുമാനിക്കുന്നതുതന്നെ കേന്ദ്രത്തിൻെറ മൊത്തം വിഭവങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരിക്കണം. ഈ സമീപനം സ്വീകരിച്ചാൽപോലും, കേന്ദ്രം നികുതിചുമത്തലല്ലാതെയുള്ള മാർഗങ്ങൾ സ്വീകരിച്ച് അധികവരുമാനം കണ്ടെത്താൻ ശ്രമിക്കുമ്പോൾ പ്രശ്നമുണ്ടാകും. അഡ്മിനിസ്ട്രേററീവ് വിലനിശ്ചയംവഴിയുള്ള വിഭവസമാഹരണം ഒരുദാഹരണമാണ്. ഇതിൻെറ വ്യാപ്തി കേന്ദ്രബജററിൽ പൂർണമായി പ്രതിഫലിക്കാറില്ല.

അഡ്മിനിസ്ട്രേററീവ് വിലനിശ്ചയംവഴി സമാഹരിക്കപ്പെടുന്ന വരുമാനം വിഭജിക്കേണ്ടുന്ന വിഭവങ്ങളുടെ ശേഖരത്തിൽ പെടുത്തേണ്ടതാണ് എന്ന വാദത്തിൻെറ അടിസ്ഥാനം, ഇത്തരം വിലകളിലുണ്ടാവുന്ന വർധനവ് എക്സൈസ് ഡ്യൂട്ടികൾക്ക് ബദലായാണ് വർത്തിക്കുന്നതെന്ന വസ്തുതയാണ്. എക്സൈസ് ഡ്യൂട്ടി ഇപ്പോൾത്തന്നെ വിഭജിക്കപ്പെടുന്നുണ്ട്.

പ്രത്യേക ബയറർബോണ്ടുപോലെയുള്ള മൂലധനവരുമാനങ്ങൾ വിഭജിക്കേണ്ടുന്ന വിഭവങ്ങളുടെ കൂട്ടത്തിൽ പെടുത്തേണ്ടതാണെന്നു പറയുന്നത്, അത്തരം ബോണ്ടുകളിലേക്കുള്ള സംഭാവന ഇങ്കംടാക്സ് വരുമാനത്തെ നേരിട്ട് ബാധിക്കുമെന്ന വസ്തുത കണക്കിലെടുത്താണ്. ഇപ്പോഴത്തെ വിഭവവിതരണക്രമമനുസരിച്ച് ഇങ്കംടാക്സ് വരുമാനത്തിൻെറ 85 ശതമാനവും സംസ്ഥാനങ്ങൾക്കവകാശപ്പെട്ടതാണ്. അങ്ങനെ നോക്കുമ്പോൾ ബയറർ ബോണ്ടുകൾവഴിയും മററുമുള്ള വരുമാനം വിഭജിക്കണം എന്നുപറയുന്നത് തികച്ചും ന്യായമാണല്ലോ. ഒരു പടികൂടി കടന്നുവാദിക്കുകയാണെങ്കിൽ വൻതോതിലുള്ള ഇങ്കംടാക്സ് ഇളവുകൾക്ക് അർഹമായ എല്ലാത്തരം സംഭാവന

കളും (ഉദാ; പുതുതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ദേശീയ നിക്ഷേപ പരിപാടി) സംസ്ഥാനങ്ങൾക്ക് വിഭജിച്ചുകൊടുക്കേണ്ടതാണ്. ചുരുങ്ങിയത് ഇപ്പോൾ ദേശീയ സമ്പാദ്യപദ്ധതിയുടെ കാര്യത്തിൽ സ്വീകരിക്കുന്ന രീതിയെങ്കിലും ഇക്കാര്യത്തിൽ അനുവർത്തിക്കണം. ഇവിടെ നിർദേശിച്ചിട്ടുള്ള പുതിയ സമീപനം സ്വീകരിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ വിഭവവിഭജനത്തിനായി മൊത്തം വരുമാനങ്ങൾ കണക്കിലെടുക്കുകയും ചെയ്യുകയാണെങ്കിൽ, ഓരോ ഇനവും എങ്ങനെ വിഭജിക്കണം എന്നതിൻെറ മുഴുവൻ വിശദാംശങ്ങളിലേക്ക് കടക്കേണ്ട ആവശ്യമില്ല.

5-15 സമൂഹത്തിൽ മൊത്തം ലഭ്യമായ സമ്പാദ്യത്തിൻെറ വിതരണത്തെ ബാധിക്കുന്ന ഘടകങ്ങളെക്കുറിച്ച് ഈ ചോദ്യത്തിൽ എന്താണർഥമാക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പൊതുവായി പറഞ്ഞാൽ കേന്ദ്രത്തിൻെറ ബജററ്വരുമാനത്തിൽ മൂലധനവരവിനെ അപേക്ഷിച്ച് നികുതിവരവും നികുതിഇതരവരവും മെച്ചപ്പെട്ടിട്ടുള്ളതായി കാണാമെങ്കിലും (പട്ടിക 6 കാണുക) നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്രത്തിൻെറ ബജററ്വരുമാനത്തിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരികയാണ്. ഈ പ്രവണതക്ക് തീർച്ചയായും കേന്ദ്ര–സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ സ്വാധീനമുണ്ട്. അത് തിരുത്തപ്പെടേണ്ടത് ആവശ്യവുമാണ്.

പട്ടിക 6

### കേന്ദ്രധനവിഭവങ്ങളുടെ ഘടന

| കേന്ദ്രധനവിഭവങ്ങളിൽ മൊത്തം | പദ്ധതി കാലം | | | | | | |
|---|---|---|---|---|---|---|---|
| | I | II | III | വാ.പ. | IV | V | VI |
| നികുതിയുടെ ശതമാനം | 57.1 | 43.2 | 44.5 | 42.9 | 47.1 | 50.4 | 49 1 |
| നികുതിയേതര ശതമാനം | 7.8 | 7.0 | 12.0 | 11.8 | 12.5 | 13.5 | 12.5 |
| മൊത്തം റവന്യു ശതമാനം | 64.9 | 50.2 | 56.5 | 54.7 | 59.6 | 63.9 | 61.6 |
| മൊത്തം മൂലധന വരുമാനശതമാനം | 22.5 | 38.4 | 39.0 | 40 7 | 35.5 | 31.7 | 32.3 |
| മൊത്തം കമ്മി | 12.5 | 11.4 | 4.4 | 4.6 | 5.0 | 4.4 | 6.1 |

പട്ടിക 7

## കേന്ദ്ര-ധനവിഭവങ്ങളിൽ സംസ്ഥാനങ്ങളുടെ ഓഹരി

| | I | II | III | വാ.പ. | IV | V | VI |
|---|---|---|---|---|---|---|---|
| മൊത്തം കേന്ദ്രനികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് | 17.0 | 19.6 | 15.2 | 17.6 | 23.3 | 19.8 | 26.9 |
| മൊത്തം കേന്ദ്ര-റവന്യുവരുമാനത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് | 23.0 | 27.4 | 24.3 | 28.4 | 33.9 | 31.0 | 35.9 |
| കേന്ദ്രമൂലധന വരുമാനത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് | 61.5 | 35.2 | 40.2 | 34.9 | 40.2 | 30.1 | 27.1 |
| മൊത്തം കേന്ദ്ര-ധന വിഭവത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് | 36.4 | 31.3 | 31.3 | 31.4 | 36.4 | 30.7 | 32.6 |

7--ാം പട്ടികയിൽ കാണാവുന്നപോലെ കേന്ദ്രത്തിന്റെ മൊത്തം വരുമാനത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിൽ ഉണ്ടായിരിക്കുന്ന കുറവിന്, കേന്ദ്രത്തിന്റെ മൂലധന വരുമാനത്തിന് ആനുപാതികമായി കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വായ്പയിൽ ഉണ്ടായിരിക്കുന്ന ഭീമമായ കുറവുമായി വ്യക്തമായ ബന്ധമുണ്ട്.

5-16 8—ാം പട്ടികയിൽ കാണാവുന്നതുപോലെ, സംസ്ഥാനങ്ങളുടെ മൊത്തം ചെലവുകൾക്ക് ആനുപാതികമായി സംസ്ഥാനങ്ങളുടെ കമ്മി, കേന്ദ്രത്തിന്റെ തത്തുല്യമായ കമ്മി സംഖ്യയേക്കാൾ വളരെ വളരെ കുറവാണ്. കേന്ദ്രത്തിന്റെ മൂലധനവരുമാനത്തിൽനിന്നും നേരിട്ടുള്ള കടമെടുപ്പിൽനിന്നും സംസ്ഥാനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവുമായി സംസ്ഥാനങ്ങളുടെ സാമ്പത്തിക അസന്തുലിതാവസ്ഥക്ക് ബന്ധമുണ്ട്.

5-17 സംസ്ഥാനങ്ങളുടെ കടബാധ്യതാപ്രശ്നം കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങളിലേക്ക് വിഭവങ്ങൾ കൈമാറുന്ന രീതിയുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. അത്തരം വിഭവകൈമാററത്തിലൂടെയുള്ള വായ്പയുടെ അനുപാതം എത്രത്തോളം കുറഞ്ഞിരി

പട്ടിക 8

## സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിൻെറയും കമ്മികളും വായ്പകളും

| | I | II | III | വാ. പ | IV | V | VI |
|---|---|---|---|---|---|---|---|
| മൊത്തം കേന്ദ്രചില വിൽകേന്ദ്രകമ്മി യുടെ വിഹിതം | 12.5 | 11.2 | 4.4 | 4.6 | 4.9 | 4.4 | 6 1 |
| മൊത്തം സംസ്ഥാന ചിലവിൽ സംസ്ഥാ ന കമ്മികളുടെ വിഹിതം | 0.8 | 1.1 | 0.4 | 1.4 | 0.6 | +1.5 | 2.7 |
| ആകെ ഓവർഡ്രാഫ്ററിൽ സംസ്ഥാന വിഹിതം | NA | 2.3 | 8.3 | 11.4 | +1.3 | +5.3 | 4.8 |
| ആകെ വായ്പയിൽ സംസ്ഥാനങ്ങളുടെ വിഹിതം | 28.8 | 26.6 | 23.7 | 12.9 | 21.0 | 20.2 | 12.7 |
| കേന്ദ്രമൂലധന വരുമാനത്തിൽ വായ്പകളുടെ വിഹിതം | 33.0 | 30.0 | 20.9 | 35.1 | 23.1 | 21.6 | 32 0 |
| സംസ്ഥാന മൂല ധന വരുമാനത്തിൽ വായ്പകളുടെ വിഹിതം | 14.4 | 15.1 | 9.4 | 8.7 | 8.4 | 8 9 | 8 1 |
| ആകെ സംസ്ഥാന വരുമാനത്തിൽ മൂലധനവരുമാന വിഹിതം | 31.7 | 35.2 | 38.9 | 35.0 | 33.7 | 26 6 | 23 6 |

ക്കുന്നോ അത്രത്തോളം സംസ്ഥാനങ്ങളുടെ കടബാധ്യതയും കുറഞ്ഞിരിക്കും. വായ്പാരീതിയിലുള്ള സാമ്പത്തിക കൈമാററംകൊണ്ട് എന്തെങ്കിലും കാര്യസാധ്യത സംസ്ഥാനങ്ങൾക്കുണ്ടോ എന്നതാണ് പ്രധാനമായും പരിഗണിക്കേണ്ട പ്രശ്നം. കേന്ദ്രത്തിൻെറ വിഭവത്തിൽ സിംഹഭാഗവും കടമെടുക്കൽ സമ്പ്രദായത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ സംസ്ഥാനങ്ങൾക്കു വിഭജിക്കുവാനുള്ളതുക കണക്കാക്കുമ്പോൾ കടത്തിൻെറ തിരിച്ചടവും കണക്കിലെടുക്കേണ്ടതാണ്. സംസ്ഥാനങ്ങളുടെ വിഭവങ്ങളുടെ പുനരുൽപാദനപര

മായ ഉപയോഗം ഉറപ്പുവരുത്തുന്നകാര്യം പരിഗണിക്കുമ്പോഠം, മൊത്തം വിഭവക്കൈമാററത്തിൻെറ മൂന്നിൽ രണ്ടുഭാഗവും ഇപ്പോഠംതന്നെ നേരിട്ടുള്ള പേമെൻറ് ആയാണ് നടക്കുന്നത് എന്നകാര്യം ഓർമിക്കേണ്ടതുണ്ട്.

ഓരോ വർഷവും സംസ്ഥാനങ്ങളുടെ കടബാധ്യത വർധിച്ചുകൊണ്ടിരിക്കുകയാണെന്നത് സത്യമാണ്. എന്നാൽ കേന്ദ്രത്തിൽനിന്നോ മാർക്കററിൽനിന്നോ വായ്പ ഇനത്തിൽ സമ്പാദിക്കുന്ന തുക സംസ്ഥാനങ്ങളുടെ റവന്യുഇനത്തിലും മൂലധന ഇനത്തിലുമുള്ള ആകെ വരുമാനവുമായി തട്ടിച്ചുനോക്കുമ്പോഠം, ആനുപാതികമായി കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന വസ്തുത മറക്കാൻപാടില്ല. സംസ്ഥാനങ്ങഠം മാർക്കററിൽനിന്ന് കടമെടുക്കുന്ന മൂലധനവരുമാനത്തിൻെറ അനുപാതത്തിലും കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനങ്ങളുടെ കടബാധ്യത വർഷംതോറും വർധിച്ചുകൊണ്ടിരിക്കുന്നതിനുള്ള പ്രധാനകാരണം കേന്ദ്രത്തിൽനിന്നുള്ള കടമെടുപ്പാണ്

5-18 മതിയായ വിഭവങ്ങളാണ് സംസ്ഥാനങ്ങളുടെ നിർണായക പ്രശ്നം. കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിനുള്ള വിഭവകൈമാററം താരതമ്യേന സ്വാഭാവികവും സമ്മർദവിമുക്തവും ആകുമെങ്കിൽ, സംസ്ഥാനങ്ങഠം കേന്ദ്രത്തിന് കടക്കാരാകുമ്പോഠം വായ്പ സ്വീകരിക്കാനുള്ള അവകാശത്തിൽ ഭരണഘടന നിർദ്ദേശിക്കുന്ന നിയന്ത്രണങ്ങഠം സംസ്ഥാനങ്ങഠംക്ക് ഒരു വലിയ പ്രശ്നമാകുകയില്ല.

5-19 വിദേശകടത്തിന് കേന്ദ്രം സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന പലിശ കേന്ദ്രം നൽകേണ്ട പലിശയെക്കാഠം വളരെ കൂടുതലാണ്. ഇത് ഒരു കാരണവശാലും നീതീകരിക്കത്തക്കതല്ല. കടം തിരിച്ചടക്കേണ്ട കാലാവധി നിർണയിക്കുന്നതിന് വ്യത്യസ്ത മാനദണ്ഡങ്ങഠം സ്വീകരിക്കുന്നതും അഭിലഷണീയമല്ല

5-20 പൊതുമേഖലാസ്ഥാപനങ്ങഠം എത്രത്തോളം കടം വാങ്ങാം എന്ന കാര്യം മൊത്തം സാമ്പത്തികസ്ഥിതി പരിഗണിച്ചുവേണം തീരുമാനിക്കാൻ. ഇതിൻെറ മൊത്തം ചുമതല ഒരു 'ലോൺ കൗൺസിൽ' കൈകാര്യം ചെയ്യണമോ അതോ റിസർവ് ബാങ്ക് കൈകാര്യം ചെയ്താൽ മതിയോ എന്നത് ആ സ്ഥാപനത്തിൻെറ കാര്യശേഷിയേയും പ്രവർത്തനസ്വാതന്ത്ര്യത്തേയുമാണ് ആശ്രയിച്ചിരിക്കുന്നത്.

കടമെടുക്കുന്നതിലൂടെ ലഭിക്കുന്ന തുക കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലും സംസ്ഥാനങ്ങഠം തമ്മിൽ തമ്മിലും വീതിക്കുന്നത് നേരത്തെ പറഞ്ഞപോലെ, വിഭവങ്ങളെ മൊത്തത്തിൽ പരിഗണിച്ചുകൊണ്ടുള്ള ഒരടിസ്ഥാനത്തിൽ ആയിരിക്കണം.

5-21 ഓവർഡ്രാഫ്ററ് പ്രശ്നം എളുപ്പത്തിൽ പെരുപ്പിച്ചുകാണിക്കാം. സംസ്ഥാനങ്ങളുടെ കമ്മിയെക്കുറിച്ച് മുമ്പ് പറഞ്ഞിട്ടുള്ളത് നോക്കുക. പരിധിയിൽ കവിഞ്ഞ് ഓവർഡ്രാഫ്ററ് എടുക്കാൻ സംസ്ഥാനങ്ങളെ അനുവദിക്കാൻ പാടില്ല. എന്നാൽ ഒരു പ്രത്യേക സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രത്യേക അവസ്ഥയെയോ പരിതഃസ്ഥിതികളെയോ കണക്കിലെടുക്കാതെ യാന്ത്രികമായി ഈ പരിധി നിർണ്ണയിക്കരുത്.

5-22 സംസ്ഥാനങ്ങൾ അവയുടെ റവന്യൂവിഭവങ്ങൾ വേണ്ടത്ര ചൂഷണം ചെയ്യുന്നില്ല എന്ന പരാതി നീതീകരിക്കാവുന്നതല്ല. ആകപ്പാടെ നോക്കുമ്പോൾ കഴിഞ്ഞ ഇരുപത് വർഷങ്ങളിൽ കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്ന് സംഭരിക്കേണ്ട റവന്യൂവിൽ സംസ്ഥാനങ്ങളുടെ വിഹിതം അവ നിലനിർത്തിപ്പോരുന്നുണ്ട്. 1961-66 ൽ മൊത്തം റവന്യൂവരവിൽ സംസ്ഥാനങ്ങളുടെ വിഹിതം 32.9 ശതമാനം ആയിരുന്നത് 1979-84 ൽ 36.5 ശതമാനം ആയി വർധിച്ചിട്ടുണ്ട്.

5-23 പൊതുനിക്ഷേപങ്ങളിൽനിന്നും നികുതിയിൽനിന്നും ഉള്ള വരുമാനം വർധിപ്പിക്കുന്നതിന് എല്ലായ്പോഴും സാധ്യതയുണ്ട്. സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം എന്നപോലെതന്നെ കേന്ദ്രത്തെ സംബന്ധിച്ചിടത്തോളവും ഇത് ശരിയായിരിക്കും. വിഭവസമാഹരണത്തിനുള്ള ശേഷി വർധിപ്പിക്കുക എന്ന പ്രശ്നം നിരന്തരമായ ശ്രദ്ധ അർഹിക്കുന്നതാണ്. കേന്ദ്രസംസ്ഥാനസാമ്പത്തികബന്ധങ്ങൾ പരിഗണിക്കുമ്പോൾ വിഭവസമാഹരണത്തിലുള്ള അപ്രാപ്തി, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ വിഭവങ്ങൾ പങ്കുവെക്കുന്നതിനു തടസ്സമാകരുത് എന്നത് പ്രധാനമാണ്.

5-24 ആദായനികുതി, എക്സൈസ് തീരുവകൾ എന്നിവയിൽ മാററം വരുത്തുന്നതിനുമുമ്പ് സംസ്ഥാനങ്ങളുമായി ചർച്ചചെയ്യേണ്ടത് കൂടുതൽ പ്രാധാന്യമുള്ള കാര്യമാണ്. പ്രത്യേക നികുതികളിലും തീരുവകളിലും മാത്രമായി നികുതി പങ്കുവെക്കൽ ഒതുങ്ങിനിൽക്കുന്നില്ല എന്നുവരുമ്പോൾ ഈ പ്രശ്നം ഉദ്ഭവിക്കുകയില്ല.

5-25 അഞ്ചാം ധനകാര്യക്കമ്മീഷൻ ഈ പ്രശ്നം ഇതിനുമുമ്പ് സാമാന്യം വിശദമായിത്തന്നെ പരിശോധിച്ചിട്ടുണ്ട്. റവന്യൂ സംഭരിക്കുന്നതിന് ഉള്ള സാധ്യതകളൊക്കെ സംസ്ഥാനങ്ങൾ അവയുടെ കഴിവിൻെറ പരമാവധി ഉപയോഗിച്ച് ചൂഷണം ചെയ്യുന്നുണ്ട്. എങ്കിലും ഇക്കാര്യത്തിൽ ഗണ്യമായ പ്രയാസങ്ങൾ നിലവിലുണ്ട്. റവന്യൂ വരുമാനം ഇനിയും വർധിപ്പിക്കുന്നതിന് ഇതിൽതന്നെ ഊന്നുന്നത് ശരിയായിരിക്കയില്ല.

5-26 ഇക്കാര്യത്തിൽ തുടർച്ചയായിവന്ന ധനകാര്യക്കമ്മീഷനുകരം അപ്പോഴപ്പോരം കൊടുത്തിട്ടുള്ള ശുപാർശകരം കേന്ദ്രഗവൺമെൻറ് അവഗണിച്ചത് നിർഭാഗ്യകരമാണ്.

5-27 യൂണിയൻഭരണപ്രദേശങ്ങളെക്കുറിച്ചുള്ളതാണ് ഈ ചോദ്യം. അവയുടെ പങ്കും സംസ്ഥാനങ്ങളുടെ പങ്ക് നിശ്ചയിക്കുന്ന അതേ രീതിയിൽതന്നെ നിശ്ചയിക്കുകയായിരിക്കും ഭംഗി.

5-28 താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടത് സുപ്രധാനമാണ്.

(a) പ്രകൃതിക്ഷോഭങ്ങരംമൂലമുണ്ടാകുന്ന ദുരിതത്തിന് പര്യാപ്തമായ തോതിൽ പരിഹാരം നൽകണം. (b) സംസ്ഥാനങ്ങളുടെ സാമ്പത്തികകണക്കുകൂട്ടലുകളിൽ ഓരോ വർഷവും മൊത്തം ആവശ്യങ്ങരംക്ക് വകയിരുത്തുന്ന തുകയിൽ അൽപം കൂടുതലായി ഒരു തുക നീക്കിവെക്കുന്നതുകൊണ്ടുമാത്രം തക്ക സന്ദർഭങ്ങളിൽ ഇതിന് ആവശ്യമായി വരുന്ന ചെലവുവഹിക്കാൻ സംസ്ഥാനങ്ങരംക്കാവില്ല. അതുകൊണ്ട് കേന്ദ്രം ദുരിതബാധിതമായ സംസ്ഥാനങ്ങരംക്ക് സാമ്പത്തികസഹായം നൽകാൻ മുന്നോട്ടുവരണം. പ്രകൃതി ദുരിതങ്ങളുടെ പ്രത്യാഘാതങ്ങളെ പൂർണമായും നേരിടാൻ—അവ എവിടെയുണ്ടായാലും—കഴിയണമെങ്കിൽ പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതങ്ങരംക്ക് പരിഹാരം കാണേണ്ടത് ഒരു ദേശീയ ബാധ്യതയായി കരുതപ്പെടണം. അതുകൊണ്ട് കൺട്രോളർ ആൻറ് ആഡിററർ ജനറലിൻെറ സംവിധാനത്തിൻെറ മാതൃകയിൽ ഒരു സ്വയംഭരണസ്ഥാപനം ഉണ്ടാക്കുകയും നാശനഷ്ടങ്ങരം അതുവഴി അന്വേഷണം നടത്തി വിലയിരുത്തുകയും അങ്ങനെയുള്ള വിലയിരുത്തൽ ലഭ്യമായിക്കഴിഞ്ഞാൽ അടിയന്തരാശ്വാസത്തിനും നാശനഷ്ടങ്ങരം പരിഹരിക്കുന്നതിനുമുള്ള സാമ്പത്തികം കേന്ദ്രബജററിൽ ഉരംപ്പെടുത്തുകയും വേണം അതിനുശേഷം തക്കസമയത്തുതന്നെ, അങ്ങനെ നിർണയിക്കപ്പെടുന്ന തുക സംസ്ഥാനഗവൺമെൻറുകരംക്ക് കൊടുക്കണം.

5-29 (1) & (2) 5.20 നുള്ള മറുപടി നോക്കുക. (3) ഇത് 6-ാം ഭാഗത്തിൽ കൈകാര്യംചെയ്യേണ്ടതായ കൂടുതൽ വിശാലമായ പ്രശ്നം ഉന്നയിക്കുന്ന ഒന്നാണ്.

5-30 ഗൗരവമുള്ള പ്രശ്നങ്ങളെ വളരെ ലാഘവത്തോടെ നോക്കിക്കാണുന്ന രീതിയാണിത്.

5-31 നിഷ്ഫലവും അനാവശ്യവുമായ ചെലവുകരം നടക്കുന്നു എന്നതിന് തെളിവുകരം ധാരാളമായി ലഭിച്ചുകൊണ്ടിരിക്കുന്നു എന്നതുകൊണ്ട് നിർദിഷ്ട ദേശീയ ചെലവു കാര്യകമ്മിഷന് നൽകാനു

ദ്ദേശിക്കുന്ന ചുമതല വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഈ ചുമതല ഫലപ്രദമായി നിർവഹിക്കപ്പെടുന്നതിന് (1) കേന്ദ്രനിലവാരത്തിലും സംസ്ഥാനതലങ്ങളിലും പബ്ലിക് അക്കൗണ്ട്സ് കമ്മിററിയുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. (2) കേന്ദ്ര-സംസ്ഥാന നിലവാരങ്ങളിലെ ആസൂത്രണസ്ഥാപനങ്ങളിൽ കാര്യക്ഷമമായ രീതിയിലുള്ള പരിശോധന നടത്തിക്കൊണ്ടിരിക്കുന്നതിനുള്ള സെല്ലുകൾ (മോണിട്ടറിങ്ങ് സെല്ലുകൾ) ഉണ്ടായിരിക്കണം.

5-32, 33, 34, 35 എല്ലാ നിലവാരത്തിലും ഗവൺമെൻറ് കണക്കുകൾ, തക്കസമയത്ത് വിശദമായി പരിശോധിക്കുന്നതിനുവേണ്ടി കൺട്രോളർ ആൻറ് ആഡിററർ ജനറലിൻെറ ആഫീസുകൾ കൂടുതൽ ശക്തമാക്കുകയും അവരുടെ അഭിപ്രായങ്ങൾ പാർലമെൻറിൻെറയോ നിയമസഭകളുടെയോ ബന്ധപ്പെട്ട സമിതികൾക്ക് റിപ്പോർട്ട് ചെയ്യുകയുംവേണം. ഇതിലുപരിയായി ഇക്കാര്യത്തിൽ അഭിപ്രായമൊന്നുമില്ല.

5-36, 37, 38 ഇക്കാര്യത്തിലും പ്രധാനപ്പെട്ട കാര്യം, കണക്കുകളെ സംബന്ധിച്ചുമാത്രമല്ല, നയപരിപാടികളെ സംബന്ധിച്ചും തുടർച്ചയായുള്ള പരിശോധന തക്കസമയത്തുതന്നെ കേന്ദ്രനിലവാരത്തിലും സംസ്ഥാനനിലവാരത്തിലുമുള്ള ബന്ധപ്പെട്ട കമ്മിററികൾ നടത്തിക്കൊണ്ടിരിക്കുകയും ഈ കമ്മിററികളുടെ പരാമർശങ്ങൾക്കനുസൃതമായ രീതിയിൽ നടപടികൾ ഉടനടി കൈക്കൊള്ളുകയും ചെയ്യണം.

5-39 ഈ അഭിപ്രായം കനപ്പെട്ടതാണ്. ഒന്നാമതായി കേന്ദ്രം, സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽപെട്ട രംഗങ്ങളിൽ കേന്ദ്രാവിഷ്കൃതപദ്ധതികൾ തുടങ്ങാനുള്ള പ്രവണത കൂടുതൽ കൂടുതൽ പ്രകടിപ്പിക്കുന്നതിൽനിന്ന് പിൻമാറണം. അത്തരം പദ്ധതി കേന്ദ്രത്തിന് അവശ്യമായി തോന്നിയാൽ അവയുടെ പ്രവർത്തനം സംബന്ധിച്ച പരിശോധന സംസ്ഥാനനിയമസഭകൾക്കും അവയുടെ കമ്മിററികൾക്കും കൺട്രോളർ ആൻറ് ആഡിററർ ജനറലിനും ആയി വിട്ടുകൊടുക്കണം.

## ഭാഗം 6

6.1 ആസൂത്രണപ്രക്രിയയിലെ പോരായ്മകൾ ലിസ്ററിൽ കാണിച്ചിരിക്കുന്നത്, പൊതുവെ ശരിയാണ്. ദേശീയ വികസനകൗൺസിൽ നിലവാരത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അഭിപ്രായവിനിമയങ്ങൾ കൂടക്കൂടെ നടത്തുകയും അങ്ങനെ ആസൂത്രണപ്രക്രിയയിൽ സംസ്ഥാനങ്ങൾക്ക് അവയുടെ പങ്കാളിത്തം ബോധ്യ

പ്പെടത്തക്കവണ്ണം പ്രവർത്തിക്കുകയും വേണം. കേന്ദ്രമന്ത്രിമാർ, സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽപെട്ട വിഷയങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങളും പദ്ധതികളും മററും സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപിക്കാൻ പാടില്ല എന്നത് കർശനമാക്കണം.

6.2 ദേശീയ വികസനകൗൺസിൽ ഭരണഘടനാവ്യവസ്ഥകളനുസരിച്ച് സ്ഥാപിക്കുകയും അന്തർ-സംസ്ഥാനകൗൺസിലുകൾ സ്ഥാപിക്കാനുള്ള അധികാരം അതിന് നൽകുകയും ചെയ്യണം. ആസൂത്രണകമ്മിഷൻ ദേശീയ വികസന കൗൺസിലിന് സേവനം നൽകുന്ന തരത്തിലുള്ള ഒരു ഉപദേശകസ്ഥാപനം ആയിരിക്കണം.

6.3,4,5, ആസൂത്രണകമ്മിഷൻ, വിദഗ്ധൻമാർ ഉൾക്കൊള്ളുന്ന, ഉന്നതനിലവാരത്തിലുള്ള ഒരു ഉപദേശക സംവിധാനം ആയിരിക്കണം. അവരുടെ കാലാവധി, സേവനവ്യവസ്ഥകൾ എന്നിവ കൺട്രോളർ ആൻറ് ആഡിററർ ജനറലിൻേറതിനോട് തുല്യമായവയായിരിക്കണം. അതിലെ അംഗങ്ങളുടെ നിയമനവും, അവർക്കുള്ള അധികാരാവകാശങ്ങളും ദേശീയവികസന കൗൺസിലിൻെറ ചുമതലയായിരിക്കണം, കേന്ദ്രമന്ത്രിസഭയുടേതായിരിക്കരുത്.

6.6 വിശാലമായതും വൻതോതിലുള്ളതുമായ മുൻഗണനകളും ലക്ഷ്യങ്ങളും നിർണയിക്കുന്നതിൽ അപാകതയൊന്നുമില്ല. എന്നാൽ സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽപ്പെട്ട വിഷയങ്ങളിൽ, വിശദമായ ആസൂത്രണപ്രക്രിയ സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കണം. സംസ്ഥാനങ്ങളുടെ പദ്ധതികളും നിർദേശങ്ങളും കേന്ദ്രത്തിൻെറ വിശദമായ പരിശോധനക്ക് വിധേയമാക്കുന്ന ഇപ്പോഴത്തെ നടപടിക്രമം, തികച്ചും അനാവശ്യമായ ഒന്നാണ്.

6.7 സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ കൈമാററംചെയ്യുന്നത് കഴിയുന്നിടത്തോളം വായ്പയുടെ രൂപത്തിലല്ലാതെയുള്ള രീതിയിലായിരിക്കണം. വായ്പാഘടകം നിലനിർത്തുന്നിടത്തോളം, കൂടുതൽ ദരിദ്രമായ സംസ്ഥാനങ്ങൾക്ക് കൂടുതൽ അനുകൂലതരമായ വ്യവസ്ഥകളിൻമേൽ അവ നൽകണമെന്നത് നീതിയുക്തം മാത്രമാണ്.

6.8, 9 മൊത്തം വിഭവസമാഹാരം സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നത് സാമ്പത്തികാസമതകൾ പൂർണമായും കണക്കിലെടുത്തുകൊണ്ടുള്ള സ്വതന്ത്രവും നീതിയുക്തവുമായ ഒരു ഫോർമുലയുടെ അടിസ്ഥാനത്തിലാക്കിക്കഴിഞ്ഞാൽ, പദ്ധതിയുടെ തോത് നിർണയിക്കുന്ന ചുമതല സംസ്ഥാനഗവൺമെൻറുകളുടെ മുൻഗണനാക്രമങ്ങളുടെയും വിഭവസമാഹരണം സ്വന്തമായി നടത്താനുള്ള കഴിവിൻെറയും അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ നിർവഹിക്കാനായി വിട്ടുകൊടുക്കണം. ഗാഡ്ഗിൽ ഫോർമുലയും, പിന്നീടുള്ള

അതിൻെറ പരിഷ്കരണവും, എല്ലാം ഏറിയാൽ നീതിയുക്തതയിലേക്കുള്ള കാൽവയ്പിനുള്ള പരിശ്രമംമാത്രമായേ പരിഗണിക്കാനാവൂ. എന്നാൽ ആ ഫോർമുലയിൽതന്നെ കൂടുതൽ ദരിദ്രമായ സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി തീരുന്നതരത്തിൽ ‘‘സവിശേഷ പദ്ധതികൾക്ക്’’ പ്രാധാന്യം നൽകുന്ന ചില ഘടകങ്ങളും ഉണ്ട്. കൂടാതെ, ഗാഡ്ഗിൽ ഫോർമുല സംസ്ഥാനഗവൺമെൻറുകൾക്കുള്ള കേന്ദ്രസഹായത്തിൻെറ പകുതിഭാഗത്തെ മാത്രമേ സ്പർശിക്കുന്നുള്ളു. സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഫോർമുല ഏത് തരത്തിലുള്ളതായാലും ശരി അതിൽ ഐ ഡി എ യെപ്പോലുള്ള വിദേശസഹായംകൂടി ഉൾപ്പെടുത്താതിരിരിക്കാൻ യാതൊരു കാരണവും ഇല്ല.

6.10 ഇത് തികച്ചും സാധുതയുള്ള ഒരു അഭിപ്രായമാണ്. കേന്ദ്രം ആവിഷ്കരിക്കുന്ന പദ്ധതികൾക്കായി മാററിവയ്ക്കുന്ന തുകയിൽ കാര്യമായ കുറവുവരുത്താൻ കേന്ദ്രം തയ്യാറാകണം.

6.11 കേന്ദ്രനിലവാരത്തിലും സംസ്ഥാന നിലവാരത്തിലും ഫലപ്രദമായ ശ്രദ്ധയും പരിശോധനയും നടപ്പിലാക്കണം.

6.12 മുൻചോദ്യങ്ങൾക്കു നൽകിയ മറുപടിയിൽ ഇത് സംബന്ധിച്ച നിർദേശങ്ങൾ ഉണ്ട്.

6.13 അഭിപ്രായം ഒന്നുമില്ല.

## ഭാഗം 7

7.1,2,3,4 പ്രധാനപ്പെട്ട അഭിപ്രായങ്ങളൊന്നും ഇതിൽ നൽകാനില്ല. എന്നാൽ സംസ്ഥാനഗവൺമെൻറിന് ഈ പ്രശ്നങ്ങളിൽ അതിൻെറതായ അഭിപ്രായങ്ങൾ നൽകാനുണ്ടാകും.

7.5 സംസ്ഥാനഗവൺമെൻറുകളുടെ പദ്ധതിയുടെ തോത്, സംസ്ഥാനങ്ങൾക്കുതന്നെ വിപണിയിൽനിന്നോ, സാമ്പത്തികസഹായസ്ഥാപനത്തിൽനിന്നോ നേടാൻ കഴിയുന്ന വായ്പകളെ ആശ്രയിച്ചിരിക്കുന്നിടത്തോളം, ഇത്തരം വായ്പകളുടെ തുകയും, സംസ്ഥാനങ്ങൾക്കിടയിൽ അവ വീതിക്കുന്ന രീതിയും, പ്രാധാന്യമർഹിക്കുന്നു. തുകയെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഈ വായ്പാത്തുകകൾ ആകെക്കൂടിയാൽ സംസ്ഥാനങ്ങളുടെ നിലവിലുള്ള മൂലധനവരുമാനത്തിൻെറ മൊത്തം തുകയുടെ 10 ശതമാനം മാത്രമേ വരൂ. ഈ സന്ദർഭത്തിൽ എൽ ഐ സിയുടെ പക്കലുള്ള മൊത്തം സെക്യൂരിററിനിക്ഷേപങ്ങളിൽ സംസ്ഥാനഗവൺമെൻറ് സെക്യൂരിററികളുടെ

വീതം കഴിഞ്ഞ കുറെ വർഷങ്ങളായി കുറഞ്ഞുവരികയാണെന്ന കാര്യം ശ്രദ്ധിക്കണം. 1969 മുതൽ 1982 വരെയുള്ള കാലയളവിൽ സംസ്ഥാനഗവൺമെൻറ്സെക്യൂരിററികളുടെ വീതം 35.7 ശതമാനത്തിൽനിന്ന് 18.5 ശതമാനം ആയി കുറഞ്ഞു. സംസ്ഥാനങ്ങൾക്കിടയിൽ ഇവയുടെ വിതരണം ആകട്ടെ, 9-ാം പട്ടികയിൽനിന്ന് കാണാൻ കഴിയുന്നതുപോലെ, കൂടുതൽ ദരിദ്രമായ സംസ്ഥാനങ്ങൾക്ക് പ്രതികൂലതരമാണ്. താഴ്ന്ന വരുമാനമുള്ള 4 സംസ്ഥാനങ്ങളിൽ 3 എണ്ണത്തിന് (സി ഗ്രൂപ്പ്) സംസ്ഥാനശരാശരിയിൽനിന്നും പ്രകടമാംവിധം കുറഞ്ഞതോതിലുള്ള വീതമേ ലഭിച്ചുള്ളു.

പട്ടിക 9

## സംസ്ഥാനങ്ങളുടെ ആളോഹരി ആഭ്യന്തര കടവും വായ്പകളും

| | ആഭ്യന്തര കടം | | | | വായ്പകൾ | | | |
|---|---|---|---|---|---|---|---|---|
| | IV | V | VI | ആകെ | IV | V | IV | ആകെ |
| a) ഉയർന്ന വരുമാന സംസ്ഥാനങ്ങൾ | 30 | 40 | 22 | 92 | 21 | 28 | 11 | 60 |
| ബംഗാൾ | 21 | 24 | 19 | 64 | 14 | 17 | 6 | 37 |
| b) ഇടത്തരംവരുമാന സംസ്ഥാനങ്ങൾ | 25 | 40 | 16 | 81 | 20 | 31 | 11 | 62 |
| കേരളം | 31 | 35 | 22 | 88 | 16 | 28 | 16 | 60 |
| c) താഴ്ന്ന വരുമാന സംസ്ഥാനങ്ങൾ | 12 | 27 | 9 | 48 | 12 | 21 | 7 | 40 |
| d) പ്രത്യേകവകുപ്പു സംസ്ഥാനങ്ങൾ | 14 | 60 | 25 | 99 | 13 | 47 | 15 | 75 |
| e) എല്ലാ സംസ്ഥാനങ്ങളും | 21 | 35 | 15 | 71 | 17 | 27 | 9 | 53 |

മൂലം: കെ. കെ. ജോർജ് — മുൻ പട്ടികയിലേതു തന്നെ.

7-6, 7 അഭിപ്രായം ഒന്നുമില്ല.

7-8 പിന്നോക്കസംസ്ഥാനങ്ങളേതെന്ന് വേർതിരിച്ച്കാണാനും, സംസ്ഥാനങ്ങൾക്ക് സഹായം നൽകാനും ഉള്ള രീതി എന്തായിരിക്കണമെന്നതിൻെറ മാനദണ്ഡങ്ങളെ സംബന്ധിച്ചിടത്തോളം മൗലികമായും എന്തോ തകരാറുണ്ട്. പട്ടിക 10 ൽ നിന്ന് കാണാൻ കഴിയുന്നത്, സംസ്ഥാനങ്ങൾക്കിടയിൽ ഈ സഹായത്തിൻെറ വിതരണം

വക്രീകൃതവും, തികച്ചും നീതിരഹിതവുമാണ് എന്നാണ്. അടിയന്തിരമായും തിരുത്തപ്പെടേണ്ടതായ ഒരു കാര്യമാണിത്.

## പട്ടിക 10

## ആളോഹരി ക്രെഡിററ്, കേന്ദ്ര സബ്സിഡി, വ്യവസായ ലൈസൻസ് എന്നിവയുടെ വിതരണം

| | IDBI ക്രെഡിററ് (1970-79) | | ബാങ്ക് ക്രെഡിററ് ജൂൺ 1976-ൽ | | | |
|---|---|---|---|---|---|---|
| | പിന്നോക്ക ജില്ലകൾ | വികസിത ജില്ലകൾ | പിന്നോക്ക ജില്ലകൾ | വികസിത ജില്ലകൾ | മൊത്തം കേന്ദ്ര സബ്സിഡിയുടെ ശതമാനം (1972–75) | പിന്നോക്കജില്ലകളിലെ വ്യവസായിക ലൈസൻസുകളുടെ ശതമാനം (1970–74) |
| a) ഉയർന്ന വരുമാന സംസ്ഥാനങ്ങൾ | 74 9 | 131.1 | 555.4 | 9.0 | 34 6 | 38.7 |
| ബംഗാൾ | 30.0 | 108.0 | 612 5 | 2.0 | 0.3 | 13.5 |
| b) ———— | — | — | — | — | — | — |
| കേരളം | 55.0 | 83.4 | 214.9 | 5.3 | 6.3 | 2.3 |
| c) താഴ്ന്ന വരുമാന സംസ്ഥാനങ്ങൾ | 18.4 | 44.0 | 151.2 | 5.1 | 19.8 | 26.0 |
| d) പ്രത്യേകവകുപ്പു സംസ്ഥാനങ്ങൾ | 49.8 | 41.5 | 90.8 | 8.6 | 7.1 | 2.6 |
| e) എല്ലാ സംസ്ഥാനങ്ങളും | 43.5 | 81.4 | 315.8 | 6.4 | 100.0 | 100.0 |

മൂലം: കെ. കെ. ജോർജ് — മുൻ പട്ടികയിലേതുതന്നെ.

## ഭാഗം 8

8-1 കേന്ദ്രവും സംസ്ഥാനങ്ങളും കാലാകാലങ്ങളിൽ കൈക്കൊള്ളാവുന്ന നിയമനിർമാണപരമോ, ഭരണപരമോ ആയ വിവിധ നികുതി ചുമത്തൽ നടപടികളും, നികുതിയേതര നടപടികളും രാജ്യത്തെ വ്യാപാര-വ്യവസായങ്ങളുടെ സ്വാതന്ത്ര്യത്തിൻമേൽ ഏൽപിക്കുന്ന ആഘാതത്തെ സംബന്ധിച്ച് തുടർച്ചയായുള്ള പഠനം നടത്തികൊണ്ടിരിക്കേണ്ടത് തീർച്ചയായും ആവശ്യമാണ്. ഈ പഠന റിപ്പോർട്ടുകൾ തക്ക

സമയത്ത് പ്രസിദ്ധപ്പെടുത്തുകയും വ്യാപകമായി ചർച്ചചെയ്യപ്പെടുകയും, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ഇവയെ സംബന്ധിച്ച് ഫലപ്രദമായ ആശയവിനിമയം നടത്തുകയും ചെയ്തതിനുശേഷംമാത്രമേ എന്തെങ്കിലും നടപടികൾ സ്വീകരിക്കാവൂ.

## ഭാഗം 9

9- 1, 2, 3, 4 അഭിപ്രായം ഒന്നുമല്ല.

9-5 ഏ ആർ ഡി സി നൽകുന്ന വായ്പകൾ (നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡവലപ്പ്മെൻറ്- NABARD-ൻെറ മുൻഗാമി സ്ഥാപനമാണ് ഏ ആർ ഡി സി) സംസ്ഥാനങ്ങൾക്കിടയിൽ വിതരണം ചെയ്തത് തികച്ചും അസന്തുലിതമായ രീതിയിലായിരുന്നുവെന്ന് 11-ാം പട്ടികയിൽനിന്ന് കാണാം.

### പട്ടിക 11
### ആളോഹരി മൊത്തം കേന്ദ്ര–സംസ്ഥാന ധന കൈമാററം 1973–80

| | ബജററ് (അസ്സൽ) | മൊത്തം ഇൻസ്ററിററ്യൂഷണൽ ധനസഹായം | ആകെ ധനകൈമാററത്തിൽ രണ്ടാമത്തേതിൻെറ വിഹിതം |
|---|---|---|---|
| a) ഉയർന്ന വരുമാന സംസ്ഥാനങ്ങൾ | 459 | 690 | 60.0 |
| ബംഗാൾ | 490 | 449 | 47.0 |
| b) ഇടത്തരം വരുമാന സംസ്ഥാനങ്ങൾ | 497 | 382 | 43.5 |
| കേരളം | 504 | 466 | 48.0 |
| c) താഴ്ന്ന വരുമാന സംസ്ഥാനങ്ങൾ | 477 | 205 | 30.1 |
| d) പ്രത്യേകവകുപ്പ് സംസ്ഥാനങ്ങൾ | 2315 | 265 | 10.3 |
| എല്ലാ സംസ്ഥാനങ്ങളും | 521 | 393 | 43.0 |

## ഭാഗം 10

അഭിപ്രായം ഒന്നുമില്ല

## ഭാഗം 11

അഭിപ്രായം ഒന്നുമില്ല

## ഭാഗം 12

12-1 കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പ്രാതിനിധ്യമുള്ള നിയന്ത്രണ സമിതിയോടുകൂടിയ ഒരു സ്വയംഭരണ ഗവേഷണസ്ഥാപനം ഉണ്ടാക്കുകയും ഈ സ്ഥാപനം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുമാത്രം പഠനം നടത്തുകയും ചെയ്യട്ടെ. ഇതിൻെറ ആസ്ഥാനം ദില്ലിയിൽനിന്ന് അകലെയായിരിക്കട്ടെ. എന്നാൽ അതിനാവശ്യമായ ഫണ്ട് കേന്ദ്രബജററിലെ ഒരു ബാധ്യതയായി ഉൾക്കൊള്ളിക്കണം.

# കേന്ദ്രസംസ്ഥാനബന്ധങ്ങളും സംസ്ഥാനതല ബന്ധങ്ങളും

പ്രൊ: കെ. എൻ. ഗംഗാധരൻ

ജനങ്ങളുടെ ജീവിതനിലവാരം നിരന്തരം അഭിവൃദ്ധിപ്പെടുത്തുന്നതിന്, സാമൂഹ്യമായ മുൻഗണനാക്രമം കണക്കിലെടുത്ത്, ഭൗതിക - മാനുഷിക വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗവും വളർച്ചയും കൈവരുത്തുകയാണ് ദേശീയ സാമ്പത്തിക ആസൂത്രണത്തിൻെറ ലക്ഷ്യം. ആസൂത്രണം ഫലപ്രദമാകണമെങ്കിൽ വിഭവങ്ങളുടെമേൽ നിയന്ത്രണം ഉണ്ടായിരിക്കണം. ഒരു സോഷ്യലിസ്ററു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇതിനർത്ഥം ഉത്പാദനോപകരണങ്ങൾ സ്റേററിൻെറ പൊതുഉടമയിൽ ആകുക എന്നാണ്. ഇൻഡ്യയെ പോലുള്ള ഒരു ഫെഡറൽ വ്യവസ്ഥയിലാകട്ടെ ഇതിനർത്ഥം സംസ്ഥാനങ്ങൾക്ക് വിഭവങ്ങളുടെ മേൽ നിയന്ത്രണം ഉണ്ടാകത്തക്കവിധം കൂടുതൽ വിഭവങ്ങൾ കേന്ദ്രത്തിൽ നിന്നു സംസ്ഥാനങ്ങൾക്കു കൈമാറുക; സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം അംഗീകരിക്കുക എന്നത്രെ.

സോവിയററു യൂണിയൻ ആസൂത്രിതവികസന രംഗത്ത് കൈവരിച്ച വമ്പിച്ച വളർച്ചയാണല്ലൊ ഇതരരാജ്യങ്ങൾക്ക് മാതൃകയും പ്രചോദനവുമായി തീർന്നത്. ഇന്ന് ലോകത്തിലെ എൺപതോളം രാജ്യങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ആസൂത്രണത്തിൻെറ മാർഗം സ്വീകരിച്ചിരിക്കുന്നു. ഇവയിൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ മാത്രമല്ല, മുതലാളിത്ത രീതിയിൽ വികസനംതേടുന്ന ഇൻഡ്യ ഉൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങളുംപെടും. മുതലാളിത്ത രാജ്യങ്ങളിലും അല്പമാത്രമായ ആസൂത്രണം ചില രംഗങ്ങളിൽ കാണാം. എന്നിരുന്നാലും അവയെ പ്ലാനിംഗ് എന്നതിനേക്കാൾ പ്രോഗ്രാമിങ് എന്ന് വിശേഷിപ്പിക്കുകയാണ് ശരി.

സോഷ്യലിസ്ററ് പ്ലാനിംഗും ഇൻഡ്യൻ രീതിയിലുള്ള പ്ലാനിംഗും തമ്മിൽ പ്രകടമായ അന്തരങ്ങളുണ്ട്. ഈ പ്രബന്ധത്തിന് പ്രസക്തമായ രണ്ടെണ്ണം മാത്രം ഇവിടെ വിശദീകരിക്കുന്നു.

(ഒന്ന്) ഉത്പാദനം എപ്പോഴും സാമൂഹ്യമാണ്. സ്വാഭാവികമായും ഉത്പാദനോപകരണങ്ങളുടെ ഉടമസ്ഥതയും ഉത്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെ വിതരണവും സാമൂഹ്യമാവണം. സോഷ്യലിസം ഇവരണ്ടും ഉറപ്പുവരുത്തുന്നു. വിഭവങ്ങളുടെ മേലുള്ള നിയന്ത്രണം ഏതു തലത്തിലുമുള്ള പഞ്ചായത്ത്, ബ്ളോക്ക്, ജില്ലാ, സംസ്ഥാന, കേന്ദ്രതല–പ്ലാനിംഗിനും ആവശ്യമാണ്, ഇൻഡ്യയിൽ സ്ഥിതി വ്യത്യസ്തമാണ്. ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥയുടെ സിംഹഭാഗവും ഗവൺമെൻറു നിയന്ത്രണ പരിധിക്കുപുറത്താണ്. വ്യവസായ ശാലകളുടെയും കൃഷിപ്പാടങ്ങളുടെയും ഗണ്യമായഭാഗം സ്വകാര്യ ഉടമയിലാണ്. സ്വകാര്യ വ്യവസായ മൂലധനം ഏതാനും കുത്തകകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. നിലവിലുള്ള സ്വത്തുടമാ ബന്ധങ്ങൾക്കു പോറലേല്പിക്കാതെ ആസൂത്രണത്തിൻെറ പൊതു സമീപനവും പദ്ധതിലക്ഷ്യങ്ങളും നിർണയിക്കുകയാണ് ഇൻഡ്യയിൽ ചെയ്യുന്നത്. ഗവൺമെൻറിൻെറ വരുതിക്കു പുറത്തുള്ള വിഭവങ്ങളുടെ ഉപയോഗം മുന്നിൽ കണ്ടുകൊണ്ട് ഉത്പാദനവും വളർച്ചയും സംബന്ധിച്ച പ്രവചനങ്ങൾ നടത്തുന്നത് വിഡ്ഢിത്തമായിരിക്കും. ആസൂത്രണത്തിലെ സ്വാതന്ത്ര്യം വിഭവലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ഈ പൊതുനിയമം ഒരു ഫെഡറൽ സംവിധാനത്തിലെ സംസ്ഥാനങ്ങൾക്കും, കേന്ദ്രത്തിനും ബാധകമാണ്.

(രണ്ട്) പ്ലാനിംഗിൻെറ ഘടനസംബന്ധിച്ചും പ്രകടമായ വ്യത്യാസമുണ്ട് സോഷ്യലിസ്ററ് പ്ലാനിംഗും ഇൻഡ്യൻ പ്ലാനിംഗും തമ്മിൽ. സോവിയററ് യൂണിയനിൽ പ്ലാനിംഗിൻെറ അടിസ്ഥാനതത്വം ജനാധിപത്യ കേന്ദ്രീകരണമാണ്, (Democratic centralism). സാമ്പത്തികാസൂത്രണം തുടങ്ങുന്നത് താഴെതട്ടിൽ നിന്നാണ്. ഓരോ ഉത്പാദനയൂണിററുകളും സ്വന്തമായി ഉത്പാദനം ആസൂത്രണം ചെയ്യുന്നു. തങ്ങളുടെ പ്രത്യേകതകളും വിഭവങ്ങളും കഴിവുകളും കണക്കിലെടുത്തുകൊണ്ട് ഓരോ ഫാക്ടററിയും കൂട്ടു കൃഷിഫാമും സ്വതന്ത്രമായ പദ്ധതികളുണ്ടാക്കുന്നു. ഒരിക്കൽ തീരുമാനിക്കപ്പെടുന്ന ഉത്പാദന ലക്ഷ്യം അവ ഒരു ബാദ്ധ്യതയായി ഏറെറടുത്ത് നടപ്പാക്കുകയും ചെയ്യുന്നു. പ്രാദേശിക പ്ലാനുകൾ, മേഖലാടിസ്ഥാനത്തിലുള്ള പ്ലാനുകൾ, സംസ്ഥാനപ്ലാനുകൾ ഇവയെല്ലാം സോവിയററ്യൂണിയൻെറ പ്ലാനിൻെറ ഭാഗമായിതീരുന്നു. GOSPLAN USSR ആണ് സോവിയററുയൂണിയനിലെ ഉന്നതാധികാര ആസൂത്രണ സമിതിയെങ്കിലും, ഈ സമിതി പദ്ധതികളുണ്ടാക്കി താഴോട്ടു അടിച്ചേല്പിക്കുകയല്ല ചെയ്യുക. സോവിയററു ഗവൺമെൻറിൻെറ പൊതു സമീപനത്തിൽ നിന്നു മാറി സ്വതന്ത്രമായ പ്ലാനുകൾ പ്രാദേശിക-യൂണിററു തലങ്ങളിൽ ആവിഷ്കരിക്കുകയുമില്ല. GOSPLAN USSR ൽ നിന്ന് താഴെ തട്ടിലെ ഏററവും ചെറിയ ഉത്പാദനഘടകം വരെയും, മറിച്ചും, നിരന്തരം സംഭാഷണം (dialogue) നടക്കുന്നു.

## II

### സംസ്ഥാനങ്ങളുടെ ആശ്രിതത്വം :–

1951 മുതൽ ഇതുവരെ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിയിട്ടുള്ള ചിലവുകൾ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും കേന്ദ്ര സംസ്ഥാന ചിലവുകൾ തമ്മിലുള്ള അനുപാതം ഏതാണ്ട് 50 : 50 എന്ന തോതിലാണ്. എന്നാൽ, കേന്ദ്ര—സംസ്ഥാന ധനവിഭവങ്ങൾ 75:25 എന്ന അനുപാതത്തിലുമാണ് വിഭവങ്ങൾ കേന്ദ്രഗവൺമെൻറിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നാണല്ലൊ ഇതിൻെറ അർത്ഥം. എക്സൈസ് തീരുവ, ആദായ നികുതി, കസ്റ്റംസ് നികുതി, എസ്റ്റേററ് നികുതി തുടങ്ങിയവയെല്ലാം കേന്ദ്രത്തിൻെറ വരുതിയിലാണ്. ദേശസാത്കൃതബാങ്കുകൾ കൈകാര്യം ചെയ്യുന്ന പണത്തിന്മേലുള്ള നിയന്ത്രണവും കേന്ദ്രഗവൺമെൻറിനാണ്. വിവിധ വ്യവസായ വായ്പാ സ്ഥാപനങ്ങളുടെ നിയന്ത്രണവും കേന്ദ്രത്തിനാണ്. കമ്മിപ്പണമടിച്ചിറക്കാനുള്ള അവകാശവും കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. ഭരണഘടന പ്രകാരം പരിമിതമായ വരുമാനമാർഗങ്ങളേ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ളു. പക്ഷെ കൃഷി, വ്യവസായം, വൈദ്യുതി, ചെറുകിട ജലസേചനം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം ഇവയെല്ലാം സംസ്ഥാനങ്ങളുടെ ചുമതലയിലാണ്. സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിനോടുള്ള ആശ്രിതത്വവും കേന്ദ്രത്തിന് സംസ്ഥാനങ്ങളുടെ മേലുള്ള അധീശത്വവും ഭരണഘടനാപരമായി തന്നെ ശാശ്വതീകരിക്കപ്പെട്ടിരിക്കുന്നു.

### കുറഞ്ഞുവരുന്ന സംസ്ഥാനവിഹിതം :-

നികുതി വിഹിതം, വായ്പ, ഗ്രാൻറ് എന്നീ ഇനങ്ങളിലായിട്ടാണ് സംസ്ഥാനങ്ങൾക്കു ധനസഹായം നല്കപ്പെടുന്നത്. ഈ മൂന്നിനത്തിലുമായി നല്കപ്പെടുന്ന ധനസഹായത്തിൽ, കേന്ദ്രത്തിൽ നിന്നും സാസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം 1983-84 ൽ 18.2 ശതമാനമാണ്. 1981—82ൽ ഇത് 18.4 ശതമാനവും 1882—83 ൽ18.6 ശതമാനവും ആയിരുന്നു എന്നോർക്കുക. 1982-83 ൽ ഇത് വീണ്ടും 17.5 ശതമാനമായി കുറഞ്ഞു (Table 1 നോക്കുക). കേന്ദ്രത്തിൽ നിന്നും നല്കുന്ന ഗ്രാൻറുകളും ഈ കാലയളവിൽ തെല്ലും വർദ്ധിച്ചില്ല. 1982-83 ലെ 13.2 ശതമാനത്തിൽ നിന്ന് അത് 11.8 ശതമാനമായി ചുരുങ്ങുകയും ചെയ്തു.

### സ്റ്റാററ്യൂട്ടറി ട്രാൻസ്ഫറിനേക്കാൾ കൂടുതൽ നോൺ-സ്റ്റാററ്യൂട്ടറി ട്രാൻസ്ഫറുകൾ :-

മൂന്നു വിഭാഗങ്ങളായിട്ടാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. (എ) ഫിനാൻസ് കമ്മീഷൻ അവാർഡു പ്രകാരം സംസ്ഥാനങ്ങൾക്കു

നിർബന്ധമായും ചെല്ലേണ്ട നികുതി വിഹിതം (സ്ററാററ്യൂട്ടറി). (ബി.) പ്ളാനിംഗ് കമ്മീഷൻ നിശ്ചയിക്കുന്ന പദ്ധതി വിഹിതം (നോൺ-സ്ററാററ്യൂട്ടറി) (സി). മററു വിഹിതങ്ങൾ (നോൺ-സ്ററാററ്യൂട്ടറി) പ്രകൃതിക്ഷോഭത്തിനിരയാവുന്ന സംസ്ഥാനങ്ങൾക്കു നല്കുന്ന വായ്പ യും ഗ്രാൻറും, ചെറുകിട സമ്പാദ്യത്തിൽ നിന്നും വായ്പ, വേയ്സ് ആൻറ് മീൻസ് അഡ്വാൻസ് എന്നിവയെല്ലാം അവസാനത്തെ ഇനത്തിൽ വരും.

ഫൈനാൻസ് കമ്മീഷൻ അവാർഡു പ്രകാരം ലഭിക്കുന്ന വിഹിതം യാതൊരു കാരണവശാലും കേന്ദ്ര സഹായത്തിൻെറ പട്ടികയിൽ പെടുത്താൻ പാടില്ല. അതിന് മാൻഡേററി സ്വഭാവമുണ്ട്. അവ യഥാർത്ഥത്തിൽ, സംസ്ഥാന വരുമാന പട്ടികയിൽ പെടുത്താം. മററു രണ്ടെണ്ണമാണ്—നോൺ സ്ററാററ്യൂട്ടറി—വാസ്തത്തിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതം. ഇതു സംബന്ധിച്ചുള്ള കണക്കുകൾ ഒരു കാര്യം വ്യക്തമാക്കുന്നു: നോൺ സ്ററാററ്യൂട്ടറി ട്രാൻസ്ഫേഴ്സ്, സ്ററാററ്യൂട്ടറി ട്രാൻസ്ഫേഴ്സിനേക്കാൾ കൂടുതലാണ്. 1983-84 ൽ ഇത് യഥാക്രമം 6955.2 കോടിയും, 5600.1 കോടി രൂപയുമായിരുന്നു. അനാരോഗ്യകരമായ ഒരു സ്ഥിതി വിശേഷമാണിത്. സംസ്ഥാനങ്ങൾക്കുള്ള പദ്ധതി വിഹിതം കേന്ദ്രഗവർമെൻറ് നിശ്ചയിക്കുക എന്നതിനർത്ഥം, സംസ്ഥാനങ്ങളെ സാമന്ത പ്രദേശങ്ങളാക്കുക എന്നാണ്. അനാവശ്യമായ അധികാരം ഒരിടത്ത് കേന്ദ്രീകരിക്കാൻ ഇത് ഇടയാക്കുന്നു. പ്ളാനിംഗ്കമ്മീഷൻെറ വിഭവ വിതരണത്തിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകുകയും, ധന വിനിയോഗം സംബധിച്ച തീരുമാനങ്ങൾക്ക് മാൻഡേററി സ്വഭാവം ഉണ്ടാക്കുകയും ചെയ്താൽ ഒരുപരിധിവരെ സംസ്ഥാനങ്ങൾക്ക് ആശ്വാസം കിട്ടും.

**വിവേചനത്തിനുള്ളപഴുതുകൾ ധാരാളം:-**

'മററുവിഹിതങ്ങൾ' എന്ന വകുപ്പിൽ പെടുന്ന ധനസഹായം (നോൺ-സ്ററാററ്യൂട്ടറി) നിശ്ചയിക്കുന്നതിൽ കേന്ദ്രത്തിന് ഗണ്യമായ വിവേചനാധികാരമുണ്ട്. തങ്ങൾക്കു് ഇഷ്ടമുള്ള സംസ്ഥാനങ്ങളെ അനുഗ്രഹിക്കുന്നതിനും അല്ലാത്തവയെ നിഗ്രഹിക്കുന്നതിനും ഈ വിവേചനാധികാരം യഥേഷ്ടം പ്രയോഗിക്കപ്പെടുന്നു.

ഗാഡ്ഗിൽ ഫോർമുല (1969) അനുസരിച്ച് സംസ്ഥാനങ്ങളുടെ പദ്ധതി വിഹിതം നിർണ്ണയിക്കുന്നതിലും ഈ വിവേചനാധികാരം പ്രയോഗിക്കപ്പെടുന്നു. 60 ശതമാനം ജനസംഖ്യാടിസ്ഥാനത്തിലും 10 ശതമാനം ആളോഹരി വരുമാനത്തിൻെറ അടിസ്ഥാനത്തിലും 10 ശതമാനം നികുതി പിരിവിൻെറ അടിസ്ഥാനത്തിലും 10 ശതമാനം നിർമാണത്തിലിരിക്കുന്ന ജലസേചന—വൈദ്യുത പദ്ധതി ചെലവുകളുടെ അടിസ്ഥാനത്തിലും, ബാക്കി 10 ശതമാനം പ്രത്യേകപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാണ് നല്കേണ്ടത്. അവസാനം പറഞ്ഞ 10 ശതമാനം തുക പലപ്പോഴും

സ്വന്തം രാഷ്ട്രീയലൈൻ സ്വീകരിക്കാത്ത സംസ്ഥാനങ്ങളെ 'നല്ല പാഠം പഠിപ്പിക്കാനാ'ണ് ഉപയോഗിക്കുക. അഥവാ ഈ പത്ത് ശതമാനത്തിന് അങ്ങനെയുള്ള സംസ്ഥാനങ്ങൾ അർഹമായിരിക്കുകയില്ല. റിവൈസ്ഡ് ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് നിർമ്മാണത്തിലിരിക്കുന്ന പ്രോജക്ററുകളുടെ ചെലവിൻെറ അടിസ്ഥാനത്തിലുള്ള സഹായം നിർത്തലാക്കിയിരിക്കുന്നു. അഥവാ, കേന്ദ്രത്തിന് യഥേഷ്ടം ഉപയോഗിക്കാവുന്ന പണത്തിൻെറ തോത് വർദ്ധിപ്പിച്ചിരിക്കുന്നു.

## വായ്പയിൽ നല്ലൊരുഭാഗം മുൻവായ്പ തിരിച്ചടയ്ക്കാൻ:—

1983--84 ൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്കു നല്കിയ വായ്പതുക 3800 കോടിരൂപയാണ്. ഇതിൻെറ നല്ലൊരുഭാഗം കേന്ദ്രത്തിലേക്കുതന്നെ മുതലും (1255.9 കോടി) പലിശയുമായി (1185.7 കോടിരൂപ) അതേ ആണ്ടിൽ തിരിച്ചടച്ചു. ബാക്കി 1358.4 കോടി മാത്രമാണ് യഥാർത്ഥത്തിൽ വായ്പയായി ലഭ്യമാകുന്നത്. 3800 കോടിരൂപയും കേന്ദ്രസഹായമായി കാണുന്നത് യുക്തിസഹമല്ല.

ധനവിഭവങ്ങൾക്ക് കേന്ദ്രത്തെ അതിരുകടന്ന് ആശ്രയിക്കുന്നിടത്തോളംകാലം സ്വതന്ത്രവും നിശ്ചിതവുമായ സംസ്ഥാനതല സാമ്പത്തിക ആസൂത്രണം അപ്രായോഗികമായിത്തീരുന്നു എന്നു സൂചിപ്പിക്കുവാനാണ് ഇത്രയും പറഞ്ഞത്.

III

## ഉദ്യോഗസ്ഥന്മാർ ഉണ്ടാക്കുന്ന സ്കീമുകളുടെ കൂട്ടം:

ഇൻഡ്യയിൽ സാമ്പത്തികാസൂത്രണം ഉദ്യോഗസ്ഥതലത്തിൽ ഡിപ്പാർട്ടുമെൻറുകൾ ഉണ്ടാക്കുന്ന സ്കീമുകളുടെ ഒരു കൂട്ടം ആണെന്നു പറയാം. പ്ളാനിംങ് കമ്മീഷൻ (തത്വത്തിൽ) രൂപം കൊടുക്കുന്ന പഞ്ചവത്സര പദ്ധതി താഴെ തട്ടിലേക്കു വ്യാപിപ്പിക്കുകയാണ് അതിൻെറ ശൈലി. കേന്ദ്രീകൃതമാണ് പ്ളാനിംഗ് ഇൻഡ്യയിൽ. ഉത്പാദന യൂണിററ്—ബ്ളോക്ക്—മേഖല—ജില്ലാ—സംസ്ഥാനതല പ്ലാനുകളുടെ പരസ്പരബന്ധിതവും ഏകോപിതവുമായ സമഗ്രരൂപമല്ല ഈ പദ്ധതികൾ. ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും സ്റേററ് പ്ളാനിംഗ് ബോർഡുകളോ അതുപോലുള്ള സ്ഥാപനങ്ങളോ ഇതുവരെയും ഇല്ല എന്നുള്ളത് ആസൂത്രണവികേന്ദ്രീകരണം രേഖകളിലൊതുക്കി നിർത്തുകയാണ് എന്നു വ്യക്തമാക്കുന്നു. മിക്ക സംസ്ഥാനങ്ങളിലും ആസൂത്രണത്തിൻെറ ചുമതല അതാതു സംസ്ഥാനങ്ങളിലെ പ്ളാനിംഗ് ആൻറ് ഫൈനാൻസ് ഡിപ്പാർട്ടുമെൻറുകൾക്കാണ്. തമിഴ് നാട്ടിൽ സംസ്ഥാന പ്ളാനിംഗ് കമ്മീഷനുണ്ട്. പക്ഷെ അതി

ന്റെ ചുമതല ഗവേഷണപഠനങ്ങൾ സംഘടിപ്പിക്കുന്നതിനപ്പുറം നീളുന്നില്ല. സംസ്ഥാനപദ്ധതികൾ ഉണ്ടാക്കുക അതിന്റെ ചുമതലയല്ല. ചില സംസ്ഥാനങ്ങളിലെങ്കിലും പ്ളാനിംഗ് ഉപദേശകസമിതികൾ ഉണ്ട്. എന്നാൽ അവയെല്ലാം സ്ഥിരമായ ഘടനയോ അധികാരങ്ങളോ ചുമതലകളോ ഇല്ലാത്ത താത്കാലികസമിതികളാണ്. പദ്ധതികളുടെ ആവിഷ്ക്കരണം, നടത്തിപ്പ്, വിലയിരുത്തൽ എന്നീ കാര്യങ്ങൾക്ക് സംസ്ഥാന തല പ്ളാനിംഗ് ശക്തിപ്പെടുത്തുകയും പ്ളാനിംഗ് കമ്മീഷനുമായി പ്ളാനിംഗ് ബോർഡുകൾ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് ആറാം പദ്ധതി കരടുരേഖ പ്രസ്താവിക്കുന്നു. (പേജ് 93) കൃഷി, ചെറുകിട ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വിപണനം, കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും, ജലവിതരണം, ഭവന നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം എന്നീ നാനാ മേഖലകളിൽ നിക്ഷേപം നടത്തുന്നതു സംബന്ധിച്ച് പ്രാദേശികതല പ്ളാനിംഗിന് പ്രധാനപ്പെട്ട പങ്കു വഹിക്കാനുണ്ടെന്ന് പദ്ധതി രേഖ പറയുന്നു.

## സംസ്ഥാനതല പ്ളാനിംഗ് സംവിധാനം:-

സംസ്ഥാന പ്ളാനിംങ് ബോർഡ് രൂപീകരിച്ച് അതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്ന കാര്യത്തിൽ കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നോട്ട് പോയിട്ടുണ്ട് എന്ന് പറയാം. കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന തലത്തിലും സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം നിലവിലിരുന്നെങ്കിലും ഇക്കാര്യത്തിൽ ഉറച്ചതീരുമാനമെടുത്ത് മാതൃക കാട്ടിയത് 1967 സെപ്റ്റംബറിൽ മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് രൂപീകരിച്ചതോടെയാണ്. സ്വതന്ത്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള അവകാശമോ പദ്ധതിതുകയും അതിന്റെ വിഭജനവും നിശ്ചയിക്കുന്നതിനുള്ള അധികാരമോ സംസ്ഥാന പ്ളാനിംഗ് ബോർഡിന് ഇല്ലെന്ന് ഓർക്കണം. സംസ്ഥാനതല പ്ലാനിംഗിന്റെ അവസാന വാചകം പ്ളാനിംഗ് ബോർഡിന്റേതാണ് എന്ന ധാരണയും ശരിയല്ല. സുപ്രധാനങ്ങളായ അന്തിമതീരുമാനങ്ങൾ കൈക്കൊള്ളുന്നത് സംസ്ഥനാതലസ്ഥാനത്താണ്.

കേന്ദ്രപ്ളാനിംഗ് കമ്മീഷന്റെയും ദേശീയ വികസനകൗൺസിലിന്റെയും സ്ഥിതി ഇതിൽനിന്നും വ്യത്യസ്തമല്ല. പ്ളാനിംഗ് സംബന്ധിച്ച ഉന്നതാധികാര സമിതിയാണ് ദേശീയവികസനകൗൺസിൽ. ക്യാബിനററ് മന്ത്രിമാരും മുഖ്യമന്ത്രിമാരും പ്ലാനിംഗ് കമ്മീഷൻ അംഗങ്ങളും തമ്മിൽ ദിവസങ്ങൾ നീണ്ടുനില്ക്കുന്ന തിരക്കിട്ട പദ്ധതിചർച്ചകളാണ് ദേശീയ വികസനസമിതിയോഗത്തിൽ നടക്കുക. പക്ഷെ അന്തിമതീരുമാനംമാത്രം അവിടെ ഒഴിവാക്കപ്പെടുന്നു.

അന്തിമതീരുമാനം ഒരു വ്യക്തിയോ ഒന്നിൽകൂടുതൽ വ്യക്തികൾ ചേർന്നോ കൈക്കൊള്ളുന്നു. പ്ലാനിംഗ് കമ്മീഷനാണ് പദ്ധതി അടങ്കലും വിഭവവിതരണവും മററുസുപ്രധാന കാര്യങ്ങളും നിശ്ചയിക്കുന്നത് എന്നധാരണ ശരിയല്ല.

## പദ്ധതിരൂപീകണം-നടപടികൾ:-

ഒരു പഞ്ചവത്സരപദ്ധതിക്കു തുടക്കം കുറിക്കുന്നത് സംസ്ഥാനതലത്തിലുള്ളവകുപ്പുതലവന്മാരുടെയും സെക്രട്ടറിമാരുടെയും മീററിംഗുകൾ വിളിച്ചുചേർക്കപ്പെടുന്നതോടെയാണ്. സംസ്ഥാന പ്ലാനിംഗ്ബോർഡാണ് ഇതിനു മുൻകയ്യെടുക്കുന്നത്. മററു സംസ്ഥാനങ്ങളിൽ ബന്ധപ്പെട്ട പ്ലാനിംഗ് ഡിപ്പാർട്ടുമെൻറുകളും. അതാതു വകുപ്പുകളിലേക്കുള്ള പ്രൊപ്പോസലുകൾ ഈ യോഗത്തിൽ ചർച്ചചെയ്യപ്പെടുന്നു. വകുപ്പദ്ധ്യക്ഷന്മാർ കൊണ്ടുവരുന്ന ബൃഹത്തായ സ്കീമുകളെ വെട്ടിച്ചുരുക്കി സംസ്ഥാന പ്ലാനിൻെറ ഭാഗമാക്കുന്നു. ഒരുകാര്യം ശ്രദ്ധിക്കണം. സംസ്ഥാന പ്ലാനിംഗ്ബോർഡ്/പ്ലാനിംഗ് വകുപ്പുകൾ ആസൂത്രണപദ്ധതികൾ ഉണ്ടാക്കുന്നില്ല. അവയെല്ലാം ചെയ്യുന്നത് ഗവൺമെൻറ് വകുപ്പുകളാണ് — മന്ത്രിമാരും വകുപ്പുസെക്രട്ടറിമാരും. സംസ്ഥാന പ്ലാൻ പ്രൊപ്പോസലുകൾ പ്ലാനിംഗ് കമ്മീഷനു സമർപ്പിച്ചുകഴിഞ്ഞാൽ, പ്ലാനിംഗ് കമ്മീഷൻ ഓരോ സംസ്ഥാനത്തേയും ചർച്ചക്കുവിളിക്കുന്നു. സംസ്ഥാന പ്ലാനിൻെറ വിവിധവശങ്ങൾ വിവിധ വർക്കിങ്ഗ്രൂപ്പുകളിൽ ചർച്ചചെയ്യപ്പെടുന്നു. ഈ വർക്കിംഗ് ഗ്രൂപ്പുകളിൽ സംസ്ഥാനതല ഉദ്യോഗസ്ഥർ, മന്ത്രിമാർ, കേന്ദ്രമന്ത്രിമാർ, പ്ലാനിംഗ് കമ്മീഷനംഗങ്ങൾ എന്നിവരുൾപ്പെടുന്നു. ചർച്ചകളെതുടർന്ന് ഓരോമേഖലക്കുമുള്ള ഏകദേശ സംഖ്യയിൽ എത്തിച്ചേരുന്നു. തുടർന്നാണ് ദേശീയ വികസനകൗൺസിൽ ചർച്ചകൾ.

## ആസൂത്രണമില്ലായ്മ-ജില്ലകളിൽ:-

പ്രകൃതിവിഭവങ്ങളും കഴിവുകളും രാജ്യത്തൊട്ടാകെ ഒരുപോലെയല്ല. ഭൂപ്രകൃതി, കാലാവസ്ഥ, സംസ്കാരം ഇവയിലെല്ലാം സംസ്ഥാനങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസങ്ങളാകട്ടെ ഏറിയും കുറഞ്ഞും സംസ്ഥാനത്തിനകത്ത് ജില്ലകൾ തമ്മിലും കാണാം. ഇന്ന് പഞ്ചായത്ത് / ബ്ലോക്ക്തലത്തിൽ യാതൊരു ആസൂത്രണവുമില്ല. പഞ്ചായത്തുകൾ വലിയൊരു പരിധിവരെ അവയുടെ ധനവിഭവങ്ങൾക്ക് ഗവൺമെൻറിൽനിന്നുള്ള സ്ററാററ്യൂട്ടറി ട്രാൻസ്ഫറുകളെ ആശ്രയിക്കുന്നു. കേരളത്തിലെ പഞ്ചായത്തുകളുടെ വാർഷികവരുമാനം ഓരോന്നിനും ഒരുലക്ഷം രൂപയിൽ കവിയുന്നില്ല. നാമമാത്രമായ ആസൂത്രണംപോലും നടപ്പിൽ വരുത്തുവാൻ ഈ തുക മതിയാവില്ല. കിണർകുഴിക്കുക, റോഡുനന്നാക്കുക തുടങ്ങി

യ ചില സ്കീമുകൾ ആണ്ടോടാണ്ടു നടപ്പാക്കുക എന്നതിലുപരി പഞ്ചായത്തു പ്രവർത്തനം വികസിച്ചിട്ടില്ല.

സംസ്ഥാന ചിലവുവുകളിൽ 30-35 ശതമാനം ചിലവാക്കപ്പെടുന്നത് ജില്ലാ ഭരണതലത്തിലാണെങ്കിലും, ഈചിലവുകൾക്കും സർക്കാർ അനുമതി ആവശ്യമാണ്. ജില്ലാതലത്തിലും ആസൂത്രണം കമ്മിയാണ്. ''ഇതുവരെയും ജില്ലാതല ആസൂത്രണ സംബന്ധമായ എല്ലാ കാര്യങ്ങളും —മുൻഗണനാക്രമം, ജില്ല തിരിച്ചുള്ള വിഭവവിനിയോഗം, മേഖലകൾ തമ്മിലുള്ള വിഭവകൈമാററം—നിശ്ചയിക്കുന്നത് സംസ്ഥാന ആസ്ഥാനത്തു നിന്നാണ്''. എന്ന് സംസ്ഥാന ഗവൺമെൻറിന്റെ Annual plan proposal 1984-85 പറയുന്നു. ജില്ലാതല ആസൂത്രണമില്ലായ്മക്ക് ഇതിലപ്പുറം തെളിവുവേണ്ട. എല്ലാ ജില്ലകളിലും കളക്ടർമാർ അദ്ധ്യക്ഷൻമാരായി വികസന സമിതികളുണ്ട്. ഇത് ആസൂത്രണസ്ഥാപനമല്ല. ഉപദേശകസമിതിയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കാനുള്ള വേദിയായിട്ടാണ് വികസന സമിതികൾ പ്രവർത്തിക്കുന്നത്. പദ്ധതിരംഗത്ത് നാമമാത്രമായ അധികാരം ജില്ലക്കുള്ളത് ഹരിജനങ്ങൾക്കു വേണ്ടിയുള്ള സ്പെഷ്യൽ കോംപോണൻറ് പ്ളാൻ നടപ്പാക്കുന്നതിലാണ്.

## IV

കേന്ദ്രം സംസ്ഥാനങ്ങളുമായി കൂടുതൽ വിഭവങ്ങൾ പങ്കിടേണ്ടത് സംസ്ഥാന ആസൂത്രണം ശക്തിപ്പെടുത്താൻ അനിവാര്യമാണ്. വിഭവങ്ങളുടെ മേൽ നിയന്ത്രണമില്ലെങ്കിൽ പദ്ധതികളുടെ ആവിഷ്ക്കരണവും നിർവ്വഹണവും കടലാസുരേഖകളാകും.

സംസ്ഥാനത്തെ വിവിധതലങ്ങളിലെ പ്ളാനിംഗിനും മേൽപറഞ്ഞ നിയമം ബാധകമാണ്. അധികാര—വിഭവവികേന്ദ്രീകരണം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ മാത്രം പോര. സംസ്ഥാനഭരണ കേന്ദ്രത്തിൽ നിന്നും ജില്ലകളിലേക്കും, ജില്ലകളിൽ നിന്നും താലൂക്കുകളിലേക്കും പഞ്ചായത്തുകളിലേക്കും വികേന്ദ്രീകരണം ആവശ്യമാണ്.

കേന്ദ്രീകൃത ആസൂത്രണമല്ല പ്രത്യുത വികേന്ദ്രീകൃത ആസൂത്രണമാണ് ആവശ്യം.

---

(ഈ പ്രബന്ധം തയ്യാറാക്കുന്നതിൽ പ്രസിദ്ധസാമ്പത്തികവിദഗ്ദനും സംസ്ഥാന പ്ളാനിംഗ് ബോർഡിലെ മുൻ മെംബർ—സെക്രട്ടറിയും, ഇപ്പോൾ തിരുവനന്തപുരം ജില്ലാ കളക്ടററുമായ ശ്രീ. കെ. വി. നമ്പ്യാരുടെയും, സംസ്ഥാന പ്ളാനിംഗ് ബോർഡ് ജോയിൻറ് ഡയറക്ടറർ ശ്രീ. കൃഷ്ണയ്യരുടെയും നിർല്ലോഭമായ സഹകരണം ഉണ്ടായിട്ടുണ്ട്.)

# നികുതിപിരിവും പങ്കുവെക്കലും

ഇ. പി. ജനാർദ്ദനൻ

ഒരു ഏകീകൃത ദേശീയ സാമ്പത്തിക ഘടനയാണ് കേന്ദ്രത്തിലെ ഭരണകക്ഷിയുടെ ലാക്ക്. അവിടെ എത്തിച്ചേരാൻ വേണ്ടിയാണ് ധനാഗമമാർഗങ്ങളും സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കലും കൂടുതൽ കൂടുതൽ ന്യൂദൽഹിയിൽ കേന്ദ്രീകരിക്കുവാൻ പററിയ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നത്. അച്ഛൻെറ നാഷനൽ കോൺഗ്രസും മകളുടെ ഇന്ദിരാകോൺഗ്രസും കഴിഞ്ഞ മൂന്നരപതിററാണ്ടിലേറെ കാലം പ്രവർത്തിച്ചുകൊണ്ടിരുന്നതും ഇന്നും കിണഞ്ഞുശ്രമിക്കുന്നതും സാമ്പത്തികരംഗത്ത് ഒരു കേന്ദ്രീകൃത ഏകശിലാഘടന സൃഷ്ടിക്കാനാണ്. ധനാഗമമാർഗങ്ങളും സാമ്പത്തിക തീരുമാനങ്ങളും കേന്ദ്രീകൃതമാകുന്നതോടൊപ്പം അവ കയ്യാളുന്നവരിൽ സ്വേച്ഛാധികാരപ്രവണതയും വളർന്നുവരുന്നു. നാഷനൽ കോൺഗ്രസിൻെറ കാലഘട്ടത്തിൽ കണ്ടിരുന്ന ജനാധിപത്യ മൂടുപടംപോലും ഇന്ദിരാകോൺഗ്രസിൻെറ ചെയ്തികളിൽ നഷ്ടപ്പെട്ടിട്ടുള്ളത് ഈ പ്രവണതക്ക് ആക്കം കൂടിയിട്ടുള്ളതുകൊണ്ടാണ്. ഇതര മേഖലകളിലെന്ന പോലെ നികുതിപിരിവധികാരത്തിലും സംഭരിച്ച നികുതിപ്പണം കേന്ദ്ര—സംസ്ഥാനങ്ങൾ തമ്മിൽ പങ്കിടുന്ന കാര്യത്തിലും കേന്ദ്രീകരണനീക്കങ്ങൾ വളരെ സ്പഷ്ടമായി കാണുന്നുണ്ട്.

ഭരണഘടനയിലൂടെ രൂപം കൊണ്ടിട്ടുള്ള ഇന്ത്യൻ ഫെഡറൽ സമ്പ്രദായം നിയമനിർമാണാധികാരങ്ങളെന്നപോലെ ധനകാര്യാധികാരങ്ങളും കേന്ദ്ര—സംസ്ഥാന സർക്കാറുകൾക്കിടയിൽ വിഭജിച്ചുകൊടുത്തിട്ടുണ്ട്. തങ്ങളുടെ ചുമതലകളും ബാധ്യതകളും വഴിയാംവണ്ണം ഏറെറടുത്തു നടത്തുവാനാവശ്യമായിവരുന്ന ചെലവുകൾ നേരിടുവാൻ വേണ്ട വരുമാനമുണ്ടാക്കുവാനായി നികുതി പിരിച്ചെടുക്കുവാൻ കേന്ദ്രത്തിനെന്നപോലെ സംസ്ഥാനങ്ങൾക്കും ഭരണഘടന പ്രത്യേകം അധികാരം നൽകുന്നുണ്ട്. പക്ഷെ, സംസ്ഥാനങ്ങൾക്ക് പതിച്ചുകൊടുത്തിട്ടുള്ള മേഖലകളിൽ വികസന സാധ്യത പരിമിതമാണ്. ഒരു പരിധി കഴിഞ്ഞാൽ വരുമാനത്തിന്ന് വളർച്ച മുട്ടുകയും ചെയ്യും.

ഏതെല്ലാമാണ് ഈ മേഖലകൾ എന്നൊന്ന് എത്തിനോക്കാം.

നിലനികുതി

വിളഭൂമിയും അതിൽ നിന്നുള്ള വരുമാനവും

മദ്യം, കറുപ്പ്, ഇന്ത്യൻ ഹെംപ് തുടങ്ങിയ ലഹരി സാധനങ്ങൾ

വർത്തമാനപത്രങ്ങളൊഴിച്ചുള്ള ചരക്കുവില്പനയും വാങ്ങലും.

നിലം, കെട്ടിടം, ധാതുനിക്ഷേപ അവകാശങ്ങൾ

കേപ്പിറേറഷൻ നികുതി

ഒരു പ്രദേശത്തേക്ക് ചരക്കു കടത്തുമ്പോൾ ചുമത്താവുന്ന പ്രവേശന നികുതി

വൈദ്യുതി ഉപഭോഗം, വില്പന.

വർത്തമാനപത്രങ്ങളിലല്ലാത്ത പരസ്യങ്ങൾ.

റോഡ് വഴിക്കും കനാൽ—നദിമാർഗവുമുള്ള യാത്രക്കാർ.

വാഹനനികുതി, തൊഴിൽനികുതി, വിനോദനികുതി, ടോൾ, ചൂതാട്ടം—ബെററുവെക്കൽ തുടങ്ങിയവയാണ് ലിസ്ററിൽ പ്രധാനപ്പെട്ടവ.

കേന്ദ്രമേഖലകളൊ?

കൃഷിഭൂമിയിൽ നിന്നുള്ളതൊഴിച്ചുള്ള വരുമാനങ്ങളിലെ ആദായനികുതി

1959—ൽ ആദായനികുതിയിൽ നിന്ന് വേർതിരിച്ചെടുത്ത കമ്പനി (കോർപറേഷൻ) നികുതി

സംസ്ഥാനങ്ങൾക്ക് പതിച്ചുകൊടുത്തിട്ടുള്ള ലഹരിസാധനങ്ങളൊഴിച്ചുള്ള എല്ലാ വസ്തുക്കളിലും ചുമത്താവുന്ന കേന്ദ്ര എക്സൈസ് തീരുവ.

വിളഭൂമിയൊഴിച്ചുള്ള നിക്ഷേപ മൂലധനത്തിന്മേൽ ചുമത്താവുന്ന കേപ്പിററൽ ടാക്സുകൾ.

കയററിറക്കുമതി ചുങ്കങ്ങൾ

ഇവയിലെല്ലാം അടിച്ചേല്പിക്കാവുന്ന സർചാർജുകളും പ്രത്യേക നികുതികളും.

ഇവയിൽ ആദായനികുതിയിൽനിന്നും അടിസ്ഥാന എക്സൈസിൽ നിന്നുമുള്ള വരുമാനം സംസ്ഥാനങ്ങളുമായി പങ്കിടണം

കൂടാതെ സ്വത്തു നികുതി, സമ്മാന (gift) നികുതി, തീവണ്ടി—കപ്പൽ—വിമാന യാത്രക്കാരിൽ ചുമത്താവുന്ന നികുതി, സ്റേറാക് എക്സ്ചേഞ്ച് നികുതി, 1956 ന് ശേഷം കേന്ദ്രമേറെറടുത്ത കേന്ദ്ര വില്പന നികുതി, പത്രവില്പനയിലും പരസ്യത്തിലും ചുമത്താവുന്ന നികുതി, 1956 നു ശേഷം കേന്ദ്രമേറെറടുത്ത കേന്ദ്രവില്പന നികുതി, 1957 ന് ശേഷം സംസ്ഥാന വില്പനനികുതിക്കു

പകരം കേന്ദ്രംകൊണ്ടുവന്ന അധിക എക്സൈസ് തുടങ്ങിയവ ചുമത്താനും പിരിച്ചെടുക്കാനും കേന്ദ്രത്തിനാണവകാശമെങ്കിലും വരുമാനം മുഴുവൻ സംസ്ഥാനങ്ങൾക്കിടയിൽ പങ്കിട്ടുകൊടുക്കണം. സ്ററാമ്പു ഡ്യൂട്ടിയും ആൽക്കഹോൾ, കറുപ്പ് തുടങ്ങിയവ അടങ്ങുന്ന ഔഷധങ്ങളിൽ കേന്ദ്രം ചുമത്തുന്ന നികുതിയും പിരിച്ചെടുത്തുപയോഗിക്കാൻ സംസ്ഥാനങ്ങൾക്കാണ് അധികാരം.

ലിസ്ററുകളിൽ കുറിച്ചിട്ടുള്ളവയ്ക്ക് പുറമെ വല്ല പുതിയ നികുതികളും ചുമത്താൻ സാധ്യതയുണ്ടെങ്കിൽ ആ മേഖലകളെല്ലാം കേന്ദ്രത്തിനുള്ളതാണ്.

നികുതികൾ ചുമത്തി പിരിച്ചെടുക്കുന്നതിന് പുറമെ ദേശീയ മൂലധനവിപണിയിൽ നിന്ന് വായ്പ എടുക്കാൻ കേന്ദ്രത്തിന് അധികാരമുണ്ട്. സംസ്ഥാനങ്ങൾക്ക് വായ്പ സ്വീകരിക്കണമെങ്കിൽ കേന്ദ്രത്തിൻെറ അനുമതി കൂടിയേ കഴിയൂ. നിയമപരമായി കൺസോലിഡേറഡ് ഫണ്ടിൽ സംസ്സ്ഥാനത്തിൻെറ പങ്കോളം അതിന് വായ്പ എടുക്കാവുന്നതാണ്. പക്ഷെ കേന്ദ്രത്തിൽ നിന്ന് വായ്പ എടുത്തിട്ടുള്ള സംസ്ഥാനത്തിന് മൂലധനവിപണിയിൽ പ്രവേശിക്കണമെങ്കിൽ കേന്ദ്രാനുമതി തേടണം. ഇന്ന് കേന്ദ്രത്തിൽനിന്ന് കടമെടുക്കാത്ത സംസ്ഥാനമൊന്നുപോലുമില്ല.

ആയിരക്കണക്കിൽ കോടികൾ മുടക്കി പടുത്തുയർത്തീട്ടുള്ള ഒട്ടേറെ വ്യവസായസ്ഥാപനങ്ങളുണ്ട് കേന്ദ്രത്തിൻെറ അധീനത്തിലുള്ള പൊതുമേഖലയിൽ. അവയിൽ നിന്നെല്ലാം ആണ്ടുതോറുമുണ്ടാകുന്ന വരുമാനവും കേന്ദ്രഖജനാവിനെ പുഷ്ടിപ്പെടുത്താനുപയോഗിക്കാവുന്നതാണ്.

വിദേശസർക്കാറുകളിൽ നിന്നോ സാർവദേശീയ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യബാങ്കുകളിൽ നിന്നോ വായ്പ എടുക്കാനുള്ള അധികാരവും കേന്ദ്രത്തിനുണ്ട്. ഈ രംഗത്തേക്ക് സംസ്ഥാനങ്ങൾക്ക് പ്രവേശനം ഇല്ലതന്നെ.

ഇവക്കെല്ലാം പുറമെ ഖജനാവിൽ പണമില്ലാതാകുമ്പോൾ റിസർവ് ബേങ്കിനെ കൊണ്ട് പുത്തൻ നോട്ടുകൾ അടിപ്പിച്ചു ആവശ്യം നിർവഹിക്കുവാനുള്ള പ്രത്യേക സൗകര്യവും (കമ്മിപ്പണം) കേന്ദ്രത്തിന്നനുവദിച്ചു കൊടുത്തിട്ടുണ്ട് സംസ്ഥാനങ്ങൾക്ക് ചെലവിന്ന് പണമില്ലാതാകുമ്പോൾ വിഷമം തരണംചെയ്യുവാൻ താല്ക്കാലികമായി റിസർവ് ബാങ്കിൽ നിന്ന് ഓവർഡ്രാഫ്ററ് എടുക്കാവുന്നതാണെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ ആ തുക തിരിച്ചടക്കേണ്ട ബാധ്യതയുണ്ട്. കേന്ദ്രത്തിൻെറ കമ്മിപ്പണം തിരിച്ചടക്കേണ്ട ആവശ്യമില്ല.

പ്രധാധപ്പെട്ട നികുതി ഉറവിടങ്ങളെല്ലാം കേന്ദ്രത്തിൻെറ അധീനത്തിലാണെങ്കിലും സാമൂഹ്യ സേവന പ്രവർത്തനങ്ങളും ക്രമ—സമാധാനം നിലനിർത്തലുകൾപ്പെടെ സർക്കാറിൻെറ ചുമതലകളിൽ സിംഹഭാ

ഗവും ഏറെറടുത്തു നടത്തേണ്ട ഭാരം സംസ്ഥാനങ്ങളുടെ ചുമലിലാണ്. 1981–82 സാമ്പത്തിക വർഷത്തെ രാജ്യത്തിൻെറ പൊതുഖജനാവിലെ വരവു ചെലവ് കണക്കുകരം നോക്കിയാൽ ഈ വസ്തുത വ്യക്തമാകും. അക്കൊല്ലം രാഷ്ട്രത്തിൻെറ മൊത്തം നികുതിവരുമാനം 22, 182 കോടി രൂപയായിരുന്നു. ഇതിൽ സംസ്ഥാനങ്ങരം സമാഹരിച്ച തുക 7,514 കോടി രൂപ അഥവാ 33.9 ശതമാനം മാത്രമാണ്. രാഷ്ട്രത്തിന്ന് നേരിടേണ്ടതായി വന്ന മൊത്തം ഭരണചെലവ് 28,069 കോടി രൂപയായിരുന്നതിൽ 55.4 ശതമാനവും സംസ്ഥാനങ്ങരംക്കു നേരിടേണ്ടതായി വന്നതായിരുന്നു.

സംസ്ഥാനങ്ങരം അവരുടെ ശേഷി പരമാവധി ഉപയോഗിച്ച് ശ്രമിച്ചാലും ഭരണച്ചെലവിന്നാവശ്യമായ തുക നികുതിപ്പണമായി സമാഹരിക്കാൻ സാധിക്കുകയില്ലെന്ന് ഭരണഘടനാനിർമാതാക്കരംക്കു തന്നെ ബോധ്യമായിരുന്നതുകൊണ്ടാണല്ലോ കേന്ദ്രം പിരിച്ചെടുക്കുന്നതിൽ നിന്നൊരുഭാഗം സംസ്ഥാനങ്ങരംക്കു കൊടുക്കണമെന്ന് ഭരണഘടന തന്നെ അനുശാസിക്കുന്നത്.

കേന്ദ്ര ആദായ നികുതിയിൽ നിന്നുള്ള വരുമാനം സംസ്ഥാനങ്ങളുമായി പങ്കിടണമെന്നത് നിർബന്ധമാണ്. മററു ചില നികുതികളിൽ നിന്ന് കിട്ടുന്ന തുക മുഴുവനും അവർക്കുള്ളതാണ്. എന്നാൽ കേന്ദ്ര എക്സൈസ് (അടിസ്ഥാന) തീരുവയിൽ നിന്നു സംഭരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കിട്ടോളണമെന്ന് നിർബന്ധമില്ല. അതിലേക്കുള്ള നിർദേശങ്ങരം തള്ളിക്കളയുവാൻ പാർലിമെൻറിന് അധികാരമുണ്ട്. ഇതിൽനിന്നുള്ള പങ്കു കിട്ടിയാലും ചെലവുനടത്താൻ സാധിക്കാത്ത സംസ്ഥാനങ്ങരംക്ക് പ്രത്യേക സഹായധനം (ഗ്രാൻറ്) കൊടുക്കാനുള്ള ബാധ്യതയും ഭരണഘടനയിൽ ഉരംക്കൊള്ളിച്ചിട്ടുണ്ട്.

ആദായനികുതി, അടിസ്ഥാന എക്സൈസ് എന്നീ നികുതിപ്പണത്തിൽ നിന്ന് എത്രകണ്ട് സംസ്ഥാനങ്ങരംക്കനുവദിക്കണമെന്നും പങ്കിടാനുള്ള തുക (ഡിവിസിബിരം പൂരം) ഏതൊരടിസ്ഥാനത്തിലാണ് ഓരോ സംസ്ഥാനത്തിനും വിതരണംചെയ്തു കൊടുക്കേണ്ടതെന്നും തീരുമാനിക്കേണ്ടതുണ്ട്. ഏതെല്ലാം സംസ്ഥാനങ്ങളാണ് സഹായധനത്തിനർഹതപ്പെട്ടവരെന്നും അവയോരോന്നിനും പ്രതിവർഷം എത്ര രൂപ സഹായം നല്കണമെന്നും തീരുമാനിക്കേണ്ടതാണ്. അതതു കാലത്തെ സ്ഥിതിഗതികരം പഠിച്ച് നികുതിപ്പണം പങ്കുവെക്കുന്നതും ഗ്രാൻറ് തുക ക്ലിപ്തപ്പെടുത്തുന്നതിനും മററുമായി അഞ്ചുവർഷത്തിൽ ഒരിക്കൽ, ആവശ്യമെന്ന് തോന്നിയാൽ അതിന് മുമ്പുതന്നെ, ഒരു ധനകാര്യ (ഫിനാൻസ്) കമ്മീഷനെ നിയമിക്കുവാൻ പ്രെസ്ഡൻറിന് ബാധ്യതയുണ്ട്. കമ്മീഷൻെറ നിർദേശത്തിന് പാർലമെൻറിൻെറ അംഗീകാരം ലഭിച്ചാൽ അതനുസരിച്ചായിരിക്കും പിന്നീടുള്ള അഞ്ചുകൊല്ലക്കാലത്തേക്ക് പങ്കു നല്കൽ.

ഒന്നാം ധനകാര്യകമീഷൻ ആദായനികുതിയിൽ 55 ശതമാനവും സംസ്ഥാനങ്ങൾക്ക് നല്കാനാണ് ശുപാർശ ചെയ്തത്. രണ്ടാം കമീഷൻ സംസ്ഥാന വിഹിതം 60 ശതമാനമാക്കിയും മൂന്നാം കമീഷൻ 66.66 ശതമാനമാക്കിയും നാലാം കമീഷൻ 75 ശതമാനമാക്കിയും സംസ്ഥാനങ്ങളുടെ വിഹിതം വർധിപ്പിച്ചു. ഏഴാം ധനകാര്യ കമീഷൻ വിഹിതം 85 ശതമാനമാക്കി ഉയർത്തി. എട്ടാം കമീഷൻെറ റിപ്പോർട്ടിനിയും പുറത്തു വന്നിട്ടില്ല.

എക്സൈസിൻെറ കാര്യത്തിൽ നിർദേശം മററൊരു പ്രകാരത്തിലായിരുന്നു. പുകയില—പുകയില ഉല്പന്നങ്ങൾ, തീപ്പെട്ടി, വെജിററബിൾ ഉല്പന്നങ്ങൾ എന്നീ മൂന്ന് ഇനത്തിന്മേൽ നിന്നുള്ള അടിസ്ഥാന എക്സൈസ് പിരിവിൻെറ 40 ശതമാനം സംസ്ഥാനങ്ങൾക്ക് നല്കണമെന്നായിരുന്നു ഒന്നാം കമീഷൻെറ നിർദേശം. രണ്ടാം കമീഷൻ സംസ്ഥാനങ്ങളുടെ വിഹിതം 25 ശതമാനമാക്കി കുറച്ചെങ്കിലും പഞ്ചസാര, തേയില, കാപ്പി, കടലാസ്, സസ്യഎണ്ണ (ആവശ്യമല്ലാത്തത്) എന്നിവയിലെ തീരുവാവരുമാനംകൂടി പങ്കിടാനുള്ള ഫണ്ടിൽ കൂട്ടിച്ചേർത്തു. മൂന്നാം കമീഷൻ മുപ്പത്തഞ്ചു ഇനത്തിന്മേലുള്ള തീരുവ വിഭജനത്തിന്നെടുത്തു. മൊത്തം തുകയിൽ 20 ശതമാനം സംസ്ഥാനങ്ങൾക്കു നല്കാനായിരുന്നു നിർദേശം. മൊത്തം എക്സൈസ് വരുമാനത്തിൻെറ 20 ശതമാനം സംസ്ഥാനങ്ങൾക്ക് എന്നായിരുന്നു നാലാം കമീഷൻെറ ശുപാർശ. ഏഴാം കമീഷൻ ഇതിനെ 40 ശതമാനമാക്കി ഉയർത്തി. ഇതെല്ലാമായിട്ടും സംസ്ഥാനങ്ങളുടെ ധനസ്ഥിതി എന്നും അവതാളത്തിലാണ്. മുൻ കമീഷൻെറ നിർദേശപ്രകാരം സംസ്ഥാനങ്ങൾക്ക് നല്കിവന്നിരുന്നതിൻെറ ഇരട്ടിത്തുക ഏഴാം കമീഷൻെറ നിർദേശമനുസരിച്ച് കൊടുക്കേണ്ടതായി വരുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും ഈ ശുപാർശ നടപ്പിൽ ഇരിക്കുന്ന കാലത്താണ് മിക്കവാറും എല്ലാം സംസ്സാനങ്ങൾക്കും വമ്പിച്ച തുക ഓവർഡ്രാഫ്ററ് എടുക്കേണ്ടതായി വന്നിട്ടുള്ളത്.

രണ്ടും മൂന്നും നാലും ധനകാര്യ കമീഷനുകൾ നിലവിലുള്ള നികുതിപ്പണം പങ്കിടൽ സമ്പ്രദായം മാററണമെന്ന നിർദേശം മുന്നോട്ടു വെച്ചിരുന്നു. നാലാം കമീഷൻെറ ചെയർമാനായിരുന്ന ഡോ. പി. വി. രാജമണ്ണാർ റിപ്പോർട്ടിനോടനുബന്ധിച്ചു നല്കിയ കുറിപ്പിൽ പറഞ്ഞിട്ടുള്ളതു നികുതിപ്പണം സംസ്ഥാനങ്ങൾക്കു പങ്കിട്ടുകൊടുക്കുന്നതിന്നാസ്പദമായ തത്വങ്ങൾ അഞ്ചു കമീഷൻ അംഗങ്ങളുടെയോ അതിൽ ഭൂരിപക്ഷത്തിൻെറയോ വ്യക്തിപരമായ അഭിപ്രായം കൊണ്ടൊരു ചൂതാട്ടമാണെന്നാണ്. സംസ്ഥാനങ്ങൾക്കിടയിൽ പങ്കിടാനായുള്ള 'ഡിവിസിബിൾ പൂൾ' ഉം പൂളിൽ നിന്ന് ഓരോ സംസ്ഥാനത്തിനും ലഭിക്കേണ്ട വീതവും ഭരണഘടനയിൽത്തന്നെ ഉൾക്കൊള്ളിച്ചിരിക്കണമെന്നാണദ്ദേഹത്തിൻെറ നിർദേശം.

നിശ്ചിത ഇനം നികുതികളിൽനിന്നുള്ള വരുമാനത്തിൽ നിന്ന് എത്ര ശതമാനം സംസ്ഥാനങ്ങൾക്ക് നല്കണമെന്ന് അഞ്ചുകൊല്ലത്തിലൊരിക്കൽ അഞ്ചുപേർ കൂടി ഇരുന്ന് ഐകകണ്ഠേനയോ ഭൂരിപക്ഷ അഭിപ്രായമനുസരിച്ചോ തീരുമാനിച്ച് നിർദേശം സമർപ്പിക്കുന്നതുകൊണ്ട് ന്യായമായ രീതിയിൽ സംസ്ഥാനങ്ങൾക്കിടയിൽ നികുതിപ്പണം വിതരണം നടത്താൻ സാധിക്കുകയില്ലെന്ന വസ്തുതയാണ് ഈ കുറിപ്പിലൂടെ രാജമണ്ണാർ കേന്ദ്രസർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തിയത്. കേന്ദ്രം പിടിച്ചെടുക്കുന്ന മൊത്തം നികുതിത്തുക സംസ്ഥാനങ്ങളുമായി പങ്കിടുക എന്നൊരവസ്ഥയിൽ മാത്രമേ കേന്ദ്ര—സംസ്ഥാനങ്ങൾ തമ്മിലുള്ള ധനകാര്യ സംബന്ധമായ ബന്ധങ്ങൾ ശക്തിപ്പെടു എന്നാണ് സൂചന. കേന്ദ്ര സംസ്ഥാന ധനകാര്യബന്ധങ്ങൾ പുനപരിശോധിക്കുന്നതിനായി ഒരു പ്രത്യേക കമീഷനെ നിയമിക്കേണ്ടതാണെന്ന് 1965—ൽ തന്നെ രാജമണ്ണാർ നിർദേശിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള നിർദേശങ്ങൾ അതിന് മുമ്പുതന്നെ രണ്ടും മൂന്നും ധനകാര്യ കമീഷനുകളിൽ നിന്നു ഉയർന്നുവന്നിരുന്നതാണ്.

സംസ്ഥാനങ്ങൾ യോജിച്ചുണ്ടാക്കിയ ഫെഡറൽ യൂനിയനാണ് ഇന്ത്യൻ റിപ്പബ്ളിക് എന്നാണ് അവകാശപ്പെടുന്നത്. ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് റിപ്പബ്ളിക് രൂപംകൊള്ളുന്നതിന്ന് മുമ്പ് തന്നെ സംസ്ഥാനങ്ങൾ നിലനിന്നിരുന്നു എന്നല്ലെ. പക്ഷെ ധനകാര്യ അധികാരങ്ങൾ നിശ്ചയിക്കുമ്പോൾ സ്വന്തം കാലിന്മേൽ നിലനില്ക്കാൻ കഴിവുള്ള ഘടകങ്ങളായല്ല, ഇന്ത്യൻ യൂനിയൻെറ തണലിൽ കഴിയേണ്ട ആശ്രിതരായിട്ടാണ് ഭരണഘടനാ നിർമാതാക്കൾ സംസ്ഥാനങ്ങളെ തരംതാഴ്ത്തിയിട്ടുള്ളതെന്ന സത്യാവസ്ഥ രണ്ടാം ധനകാര്യ കമീഷന് തന്നെ ബോധ്യപ്പെട്ടിരുന്നു എന്നാണിതിൽ നിന്ന് മനസ്സിലാക്കേണ്ടത്. മാത്രമല്ല മൂന്നാമത്തെയും നാലാമത്തേയും കമീഷനുകൾ അക്കാര്യം ആവർത്തിച്ചു പറയുകയും ചെയ്തിട്ടുണ്ട്. ഈ ആവർത്തനം തുടരാതിരിക്കാൻ വേണ്ടിയാണ് പിൽക്കാലങ്ങളിൽ നടന്നമാതിരി രാജമണ്ണാരെ പോലുള്ള വിദഗ്ദന്മാരുടെ സേവനം തേടൽ മതിയാക്കി ധനകാര്യകമീഷൻ ചെയർമാൻപദവിയിലേക്ക് ഇന്ദിരാഗാന്ധി രാഷ്ട്രീയക്കാരെ നിയമിക്കാൻ തുടങ്ങിയത്. അഞ്ചും ആറും കമീഷനുകളുടെ തലപ്പത്തിരുന്നത് രാഷ്ട്രീയപാർട്ടി നേതാക്കളായിരുന്നു. ജനതാ സർക്കാരാണ് ഏഴാം കമീഷനെ നിയമിച്ചത്. അതുകൊണ്ടാണ് ചെയർമാൻസ്ഥാനത്തേക്ക് ഒരു നിയമജ്ഞനെ നിയമിച്ചത്. എട്ടാം കമീഷൻെറ നിയമനത്തിന്ന് സമയമാകുമ്പോഴേക്കും വീണ്ടും ഇന്ദിരാഗാന്ധി അധികാരത്തിൽ കയറിയതുകൊണ്ടാണ് വൈ ബി ചവാന് ആ സ്ഥാനത്തിരിക്കാൻ അവസരം ലഭിച്ചത്. തെളിവെടുപ്പ് അവസാനിച്ചെങ്കിലും ഈ കമീഷൻെറ റിപ്പോർട്ട് ഇനിയും തയ്യാറായിട്ടില്ല. 1984 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരേണ്ടതാണ് റിപ്പോർട്ടിൽ അടങ്ങിയ ശുപാർശകൾ.

1951–52 ൽ ആണ് ഒന്നാം ധനകാര്യ കമീഷൻെറ ശുപാർശകരം നടപ്പിൽ വരുത്തിയത്. വിവിധ കമീഷനുകളുടെ ശുപാർശകരം പ്രാബല്യത്തിലിരുന്ന വർഷങ്ങളാണ് ചുവടെ കൊടുക്കുന്നത്.

| | | |
|---|---|---|
| ഒന്നാം കമീഷൻ | | 1951–52 മുതൽ 1956–57 വരെ |
| രണ്ടാം | ,, | 1957–58 മുതൽ 1961–62 വരെ |
| മൂന്നാം | ,, | 1962–63 മുതൽ 1965–66 വരെ |
| നാലാം | ,, | 1966–67 മുതൽ 1968–69 വരെ |
| അഞ്ചാം | ,, | 1969–70 മുതൽ 1973–74 വരെ |
| ആറാം | ,, | 1974–75 മുതൽ 1978–79 വരെ |
| ഏഴാം | ,, | 1979–80 മുതൽ 1983–84 വരെ |
| എട്ടാം | ,, | 1983–84 ആരംഭിക്കേണ്ടതാണ്. പക്ഷെ റിപ്പോർട്ടിനിയും തയ്യാറായിട്ടില്ല. |

കുത്തക വ്യവസായികരം നേതൃത്വം നല്കുന്ന സ്വകാര്യ വ്യവസായത്തിന് യഥേഷ്ടം വളരുവാനും വളർന്നുകൊണ്ടിരിക്കുന്ന വ്യവസായരംഗത്തെ ഉല്പന്നങ്ങരംക്ക് സുരക്ഷിതവും വിശാലവുമായ ഒരേകീകൃത വിപണി ഈ രാജ്യത്തു ത്വരിതപ്പെടുത്തുവാനും വേണ്ട സൗകര്യം സൃഷ്ടിക്കലൊണ് കോൺഗ്രസ് ഭരണാധികാരത്തോടൊപ്പം ഏറെറടുത്ത പ്രധാന കടമ. ആ കടമ നിർവഹിക്കണമെങ്കിൽ സാമ്പത്തികാധികാരം ന്യൂദൽഹിയിൽ കേന്ദ്രീകരിക്കണം. ഈ ഉദ്ദേശത്തോടുകൂടിയാണ് പിറവിയിൽത്തന്നെ ദുർബലരായ സംസ്ഥാനങ്ങളുടെ നികുതി പിരിക്കാനുള്ള അധികാരങ്ങളെ പയ്യെ പയ്യെ ചോർത്തിയെടുക്കാൻ കേന്ദ്രം കരുനീക്കം തുടങ്ങിയത്.

സംസ്ഥാനങ്ങരംക്ക് പതിച്ചുകൊടുത്തിട്ടുള്ള മുരടിച്ച നികുതി മേഖലകളിൽ അല്പം വികസന സാധ്യതയുള്ള ഏക മേഖലയാണ് വില്പനനികുതി. 1950 ജനുവരി 26 ന് നടപ്പിൽ വരുത്തിയ ഭരണഘടനയിലെ വകുപ്പുകരം അനുസരിച്ച് കേന്ദ്രത്തിൻെറ നികുതി പിരിവധികാരപരിധിയിൽ വില്പനനികുതിക്ക് യാതൊരു സ്ഥാനവുമില്ല. അതുമായി കേന്ദ്രത്തിന്ന് ആകെയുള്ള ബന്ധം യൂനിയൻ പ്രദേശങ്ങളെന്നറിയപ്പെടുന്ന കേന്ദ്രത്തിൻെറ നേരിട്ടുള്ള ഭരണം നടക്കുന്ന പ്രദേശങ്ങളിലെ വില്പനനികുതി പിരിവുമാത്രമാണ്. സംസ്ഥാനങ്ങളുടെ ഈ സമ്പന്നമേഖലയിലാണ് കേന്ദ്രത്തിൻെറ ആദ്യത്തെ ആക്രമണം നടന്നത്. ഈ ആക്രമണത്തിന്ന് കളമൊരുക്കുന്നതിന്ന് വേണ്ടി 1956 ൽ പാർലമെൻറ് ഭരണഘടനയിലെ 269, 286 എന്നീ രണ്ടു ഖണ്ഡികകരം ഭേദഗതി ചെയ്തു.

ഈ ഖണ്ഡികകരം, ഭേദഗതി ചെയ്തതുകൊണ്ട് സംസ്ഥാനാന്തര വ്യാപാരത്തിൽ ചരക്കുകരം വില്ക്കുമ്പോഴും വാങ്ങുമ്പോഴും നികുതി ചുമത്തുവാനുള്ള അവകാശം പാർലമെൻറിന്ന് ലഭിച്ചു. പക്ഷെ അതിൽ നിന്നുണ്ടാകുന്ന വരുമാനം മുഴുവനും സംസ്ഥാനങ്ങരംക്കുള്ളതാണ്. ഭേദഗതിക്ക് മുമ്പ് പാർലമെൻറിൻെറ അനുവാദത്തോടുകൂടി

സംസ്ഥാനങ്ങൾക്കായിരുന്നു അത്തരം ചരക്കുകളിൽ നികുതി ചുമത്തി പിരിച്ചെടുക്കാനധികാരം. മാത്രമല്ല പാർലമെൻറ് സംസ്ഥാനാന്തര വ്യാപാരത്തിൽ പ്രത്യേക പ്രാധാന്യമുള്ളവ എന്ന് പ്രഖ്യാപിക്കുന്ന ചരക്കുകളിൽ സംസ്ഥാനങ്ങൾ നികുതി ചുമത്തുന്നത് നിയന്ത്രിക്കാനുള്ള അധികാരവും പാർലിമെൻറിന് നല്കി. സാമൂഹ്യജീവിതത്തിന്ന് അത്യാവശ്യമായ വസ്തുക്കളിൽ നികുതി ചുമത്തിക്കൊണ്ടുള്ള സംസ്ഥാനനിയമങ്ങൾക്ക് പ്രസിഡണ്ടിൻെറ അനുമതി ലഭിച്ചിരിക്കണമെന്നു മാത്രമായിരുന്നു ഭേദഗതിക്ക് മുമ്പത്തെ നിർദേശം.

ഈ ഭേദഗതിയെ തുടർന്ന് അക്കൊല്ലം തന്നെ പാർലമെൻറ് കേന്ദ്ര വില്പന നികുതി നിയമം, 1956 പാസാക്കി. ഈ നിയമം ഒട്ടേറെ ചരക്കുകൾ സംസ്ഥാനാന്തര വ്യാപാരത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നവയായി പ്രഖ്യാപിച്ചു. മാത്രമല്ല ഇത്തരം ചരക്കുകളിൽ സംസ്ഥാനനിയമമനുസരിച്ചു ഇതു വില്പനനികുതി ഒരിക്കലും നാലു ശതമാനത്തിൽ കൂടിക്കൂടാ എന്നും അത്തരം നികുതി ഒരൊററ പതനത്തിൽ കൂടുതൽ ചുമത്തരുതെന്നും നിഷ്കർഷിച്ചു.

ഭരണഘടനാ ഭേദഗതിയും പുതിയ നിയമവും കൂടി സംസ്ഥാനങ്ങളുടെ വരുമാന വികസനത്തിൽ ദുർഘടമായൊരു തടസം സൃഷ്ടിച്ചു. കേന്ദ്രത്തിന് തോന്നുമ്പോഴെല്ലാം തോന്നുന്ന സാധനങ്ങൾക്ക് സംസ്ഥാനാന്തരവും വ്യാപാരത്തിൽ പ്രത്യേകം പ്രാധാന്യം കല്പിച്ചുകൊണ്ട് പാർലമെൻറ് മുഖാന്തിരം പ്രഖ്യാപനം നടത്താം. പിന്നീട് ഒരു പതനത്തിൽ നാലു ശതമാനം മാത്രമാണ് സംസ്ഥാന ഖജനാവുകൾക്ക് അത്തരം ചരക്കുകളിൽ നിന്നുള്ള വരുമാനം. ഈ നിയന്ത്രണമില്ലായിരുന്നെങ്കിൽ ഒന്നിലേറെ പതനങ്ങളിൽ കൂടുതൽ ഉയർന്ന നിരക്കിൽ ഇവയിൽ വില്പന നികുതി ചുമത്തി സംസ്ഥാനങ്ങളുടെ ധനസ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കുമായിരുന്നു. ഈ നീക്കത്തിലൂടെ സംസ്ഥാനങ്ങളുടെ വരുമാനം പരിമിതപ്പെടുത്തി അവയുടെ കേന്ദ്രത്തിലുള്ള ആശ്രിതത്വത്തിന് ശക്തി കൂട്ടിയെന്നു മാത്രമല്ല വില്പന നികുതി പ്രശ്നമുന്നയിച്ച് സംസ്ഥാനസർക്കാറുകളെ അടിക്കാൻ വ്യാപാരി വ്യവസായികൾക്ക് തീഷ്ണമായൊരു ആയുധം സമ്മാനിക്കുകയും ചെയ്തു. കഴിഞ്ഞ 28 കൊല്ലത്തെ വില്പന നികുതി മേഖലയിലെ വികസനങ്ങൾ കണക്കിലെടുക്കുമ്പോൾ ഈ ചരക്കുകളിൽ നിന്ന് ഇന്ന് ഈടാക്കാൻ കഴിയുന്നതിൻെറ ഇരട്ടി വരുമാനം ഇവയിൽ നിന്ന് സംസ്ഥാന ഖജനാവുകൾക്കുണ്ടാകുമായിരുന്നു.

കേന്ദ്രത്തിൻെറ രണ്ടാമത്തെ ആക്രമണപരമായ നീക്കമായിരുന്നു വില്പന നികുതിക്കുപകരം അധിക എക്സൈസ് തീരുവ ചുമത്തൽ. ഇതു സാധിച്ചത് അഡീഷനൽ ഡ്യൂട്ടീസ് ഓഫ് എക്സൈസ് (ഗുഡ്സ് ഓഫ് സ്പെഷൽ ഇമ്പോർട്ടൻസ്) ആക്ട് 1957 പാർലമെൻറിൽ പാസാക്കിയെടുത്തുകൊണ്ടാണ്. ഈ നിയമനിർമാണത്തിന്നൊരുമ്പെടുന്നതിന്ന് മുമ്പു 1956 ൽത്തന്നെ ഇതു സംബന്ധി

ച്ച് നാഷനൽ ഡവലപ്മെൻറ് കൗൺസിലിൽവെച്ച് മഖ്യമന്ത്രിമാരെ ക്കൊണ്ട് ഐകകണ്ഠമായ തീരുമാനമെടുപ്പിക്കാൻ കേന്ദ്രത്തിന്ന് സാധിച്ചിരുന്നു. എല്ലാ മുഖ്യന്മാരും കോൺഗ്രസുകാരായിരുന്നു എന്ന താണ് ആ കാലഘട്ടത്തിൻെറ പ്രത്യേകത. ഈ നിയമം പ്രാബല്യത്തിൽ വന്നതോടെ പഞ്ചസാര, പുകയില—പുകയില ഉല്പന്നങ്ങരം, പരുത്തി റയോൺ കൃത്രിമ സിൽക്ക് വുളൻ (കമ്പളി) എന്നീ തുണികരം തുടങ്ങിയ മൂന്നിനങ്ങരം സംസ്ഥാനാന്തര വ്യാപാര പ്രാധാന്യ ചരക്കുകളായിത്തീർന്നു. അവയിന്മേൽ അഡീഷനൽ (അധിക) എക്സൈസ് തീരുവ ചുമത്തുവാൻ കേന്ദ്രത്തെ അധികാരപ്പെടുത്തുകയും ചെയ്തു. ഈ അധിക എക്സൈസ് വഴി കിട്ടുന്ന നികുതിപ്പണം മുഴുവൻ സംസ്ഥാനങ്ങരംക്കു നല്കേണ്ടതാണ്. സംസ്ഥാനങ്ങരം ഇവയിൽ നികുതി ചുമത്തുന്നത് നിയമം തടയുന്നില്ല നികുതി ചുമത്തിയാൽ പക്ഷെ ആ സംസ്ഥാനത്തിന്ന് എക്സൈസിലെ വിഹിതം നഷ്ടപ്പെടും. പ്രത്യേക പ്രാധാന്യ ചരക്കായി പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ട് ഒരു പതനത്തിൽ നാലു ശതമാനത്തിൽ കൂടുതൽ നികുതി ചുമത്തിക്കൂടാ. സംസ്ഥാനങ്ങളെ വരിഞ്ഞുകെട്ടാൻ മറെറാരു കയറ് കേന്ദ്രം സമ്പാദിച്ചു.

ഇന്ത്യയിലെ ആദ്യ സംഘടിതവ്യവസായഘടനയിലെ മൂന്നു പ്രമുഖ ഘടകങ്ങളായിരുന്നു പഞ്ചസാര, പുകയില, തുണിവ്യവസായങ്ങരം. അമ്പതുകളുടെ അവസാന ഘട്ടമാകുന്നതിന്ന് മുമ്പുതന്നെ പ്രായപൂർത്തിയെത്തിയ ഈ മഹാരഥന്മാർ എല്ലാ സംസ്ഥാനങ്ങളിലും വിപണി സുശക്തമായിത്തന്നെ പടുത്തുയർത്തിക്കഴിഞ്ഞിരുന്നു. മൂന്നു വ്യവസായത്തിൻെറയും ഉല്പന്നങ്ങരം സാധാരണക്കാരുടെ നിത്യജീവിതത്തിന്ന് ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്. ത്വരിതഗതിയിൽ വിപണി വികസനം നേടിയെടുക്കാൻ കുത്തകകരംക്ക് സൗകര്യം സൃഷ്ടിക്കൽ കൂടിയാണ് കേന്ദ്രം ഈ നീക്കത്തിലൂടെ നേടിയെടുത്തത്. കഴിഞ്ഞ 27 കൊല്ലക്കാലമായി അധിക എക്സൈസ് നിരക്ക് വർധിപ്പിക്കാൻ കേന്ദ്രം കൂട്ടാക്കീട്ടില്ല. സംസ്ഥാനത്തിൻെറ ബാധ്യതകളാണെങ്കിൽ ആണ്ടുതോറും കുതിച്ചുയരുകയാണ്. ഒരിക്കൽ നാഷനൽ ഡവലപ്മെൻറ് കൗൺസിലിൽവെച്ച് നിരക്ക് 10.8 ശതമാനമാക്കി ഉയർത്താമെന്ന് കേന്ദ്രം സമ്മതിച്ചിരുന്നെങ്കിലും ആ വഴിക്ക് ഇതേവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലുള്ളൊരു നടപടി മൂലം പഞ്ചസാരയുടെയോ പുകയില ഉല്പന്നങ്ങളുടെയോ തുണിയുടെയോ വില സാധാരണക്കാരുടെ പിടിയിൽ എത്താവുന്നവിധം നിയന്ത്രിച്ചു നിർത്താൻ സാധിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലാ എന്നു തന്നെയാണ് മറുപടി. സംസ്ഥാനങ്ങരംക്ക് ന്യായമായും ലഭിക്കേണ്ട നികുതിപ്പണത്തിൽ ആണ്ടുതോറും കൂടുതൽ കൂടുതൽ തുക നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതു തന്നെയാണ് കേന്ദ്രത്തിൻെറ ലാക്കും.

ഈ നിയമത്തിൻെറ പരിധി വനസ്പതി, ഔഷധങ്ങരം, സിമൻറ്, കടലാസ്—കടലാസ് ബോർഡ്, പെട്രോളിയം ഉല്പന്നങ്ങരം എന്നീ

വ്യവസായങ്ങാംകൂടി ഉംക്കൊള്ളുംവിധം വികസിപ്പിക്കുവാൻ 1980 മുതൽ കേന്ദ്രം കിണഞ്ഞുശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 1956 അല്ലാ 1980 എന്നതുകൊണ്ടു മാത്രമാണ് ആ ശ്രമം ഇനിയും ഫലപ്രദമാകാതിരിക്കുന്നത്. 1980 ൽ ത്രിപാഠിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പിൻമാറേണ്ടതായി വന്നു. കമ്മററി റിപ്പോർട്ടുമേന്തി 1983 ൽ വീണ്ടുമൊരു ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല.

ആദായനികുതി വകയിൽ പിരിഞ്ഞുകിട്ടുന്ന തുക കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കിടണമെന്നാണ് ഭരണഘടന ആവശ്യപ്പെടുന്നത്. പങ്കുവെപ്പ് മേലന്വേഷണം നടത്തുന്നതു വല്യേട്ടനാണ്. അതുകൊണ്ടു സംസ്ഥാനങ്ങാംക്കു അനുഭവിക്കേണ്ടിവരുന്ന നഷ്ടം താങ്ങാനാകാത്തതുമാണ്. കർഷക മേഖലയിൽ നിന്നുള്ളതൊഴിച്ചുള്ള എല്ലാ വരുമാനത്തിന്മേലും നികുതി ചുമത്തുവാൻ ഖണ്ഡിക 270 കേന്ദ്രത്തിന് അധികാരം നല്കുന്നുണ്ട്: ഇതിൽ കമ്പനികളുടെ വരുമാനവും ഉംപ്പെടും. 1959 വരെ അതങ്ങിനെ തന്നെയാണ് കണക്കിലെടുത്തിരുന്നതും. എന്നാൽ 1959 ലെ ഫിനാൻസ് ആക്ട് കമ്പനികാം നല്കുന്ന ആദായ നികുതിയെ കോർപറേഷൻ നികുതിയായി പ്രഖ്യാപിച്ചു. അതോടെ അതേവരെ ആദായനികുതിയായി കരുതിയിരുന്ന മൊത്തം വരുമാനത്തിൽ ഗണ്യമായൊരു പങ്കിൽ സംസ്ഥാനങ്ങാംക്ക് അവകാശം ഇല്ലാതായി.

ഈ മാററം സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം തകർപ്പൻ അടിയാണ്. കമ്പനികളുടെ ആദായ വികസനം വ്യക്തികളുടെ വരുമാന വളർച്ചയുമായി താരതമ്യപ്പെടുത്തുമ്പോാം അത്യധികം വിപുലമായതാണ്. തൻമൂലം പിൽക്കാലങ്ങളിൽ കമ്പനികളിൽ നിന്നുണ്ടാകുമായിരുന്ന ആദായനികുതി വ്യക്തികളിൽ നിന്നുണ്ടാകുന്നതിൽ നിന്നെത്രയോ കൂടുതലാകുമായിരുന്നു. അതു കൂടിട്ടുണ്ടെന്നത് പിന്നീടുള്ള ഘട്ടത്തിൽ കോർപറേഷൻനികുതിവകയിൽ ഉണ്ടായിട്ടുള്ള വരുമാനവർദ്ധനവ് സ്പഷ്ടമാക്കുന്നതുമുണ്ട്. പഴയ കണക്കുകാം തന്നെ എടുത്തു പരിശോധിച്ചുനോക്കാം. 1950–51 ൽ ആദായ നികുതി (വ്യക്തികാം) 133.9 കോടിയായിരുന്നു. കമ്പനികളിൽ നിന്ന് പിരിച്ചെടുത്ത ആദായനികുതി 39.3 കോടി രൂപയും. രണ്ടുകൊല്ലത്തിനു ശേഷം 1952–53 ൽ വരുമാനം യഥാക്രമം 143.2 കോടിയും 43.8 കോടിയുമായി ഉയർന്നു. പുതിയ നിയമം പാസാക്കിയതിൻെറ തൊട്ടകൊല്ലം ആദായനികുതിയിൽ നിന്നും കോർപറേഷൻ നികുതിയിൽ നിന്നുമുള്ള വരുമാനം യഥാക്രമം 168.7 കോടിയും 109.7 കോടിയുമായിരുന്നു. പക്ഷെ ഈ 109.7 കോടി രൂപയിൽ സംസ്ഥാനങ്ങാംക്ക് അവകാശമില്ല. അത് കേന്ദ്രത്തിന് മാത്രമായി ഉപയോഗിക്കാവുന്ന കോർപറേഷൻ നികുതിയാണ്. അഞ്ചുകൊല്ലം കൂടി കഴിഞ്ഞപ്പോാം കോർപറേഷൻ നികുതി ആദായനികുതിയെ മറികടന്നു 1965–66 ൽ ആദായനികുതി വകയിൽ പിരിച്ചെടുത്തത് 271.8 കോടി

യിൽ എത്തിയപ്പോൾ കോർപറേഷൻ നികുതിയിൽ നിന്നുമുള്ള വരുമാനം 304.8 കോടിയായി പെരുകിയതാണ് അനുഭവം. 1982–83 ൽ (പുതുക്കിയ ബജററ് മതിപ്പ്) വരുമാനം യഥാക്രമം 1563 കോടിയും 2339 കോടിയുമായും 1983–84 ൽ 1670 കോടിയും 2565 കോടിയുമായും വർധനവുണ്ടായിരിക്കുന്നു.

പൊതു–സ്വകാര്യ മേഖലകളിൽ വൻതോതിൽ വ്യവസായ വല്ക്കരണം നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഇരു ഇനങ്ങളിലെ വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിടവ് അകന്നുവരുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. കേന്ദ്രത്തിൻെറ വഞ്ചനമൂലം സംസ്ഥാനങ്ങൾക്കനുഭവിക്കേണ്ടിവന്നിട്ടുള്ള വൻനഷ്ടം ന്യായാധിപനായിരുന്ന ഏഴാം ധനകാര്യ കമീഷൻ ചെയർമാൻെറ നീതി ബോധത്തെ തട്ടിയുണർത്തി. ഒന്നാം കമീഷൻ മൊത്തം വരുമാനത്തിൻെറ 55 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് കൊടുക്കാൻ നിർദേശിച്ചതെങ്കിൽ ഏഴാം കമീഷൻ സംസ്ഥാന വിഹിതം 85 ശതമാനമാക്കി ഉയർത്തി. ഇതാവർത്തിക്കാതിരിക്കാനായിരിക്കാം എട്ടാം കമീഷൻെറ തലപ്പത്ത് ഇന്ദിരാഗാന്ധി രാഷ്ട്രീയ ഭിക്ഷാംദേഹിയായ വൈ ബി ചവാനെ പ്രതിഷ്ഠിച്ചത്.

വഞ്ചന ഇവിടംകൊണ്ടും അവസാനിച്ചിട്ടില്ല. ഖണ്ഡിക 271 അനുസരിച്ച് പാർലിമെൻറിന് ഖണ്ഡിക 269 ഉം ഖണ്ഡിക 270 ഉം പ്രകാരം ചുമത്താവുന്ന നികുതികളിന്മേൽ സർചാർജു ചുമത്തുവാൻ അധികാരമുണ്ട്. ഈ സർചാർജു വകയിൽ ഉണ്ടാക്കുന്ന വരുമാനം മുഴുവൻ കേന്ദ്രത്തിനുള്ളതാണ്. അസാധാരണമായ അധിക ചെലവുകൾ നേരിടേണ്ടതായി വരുന്ന ഘട്ടങ്ങളിലാണ് ഇത്തരം സർചാർജ് ചുമത്തുവാൻ അനുവദിക്കുക. 1962 ലെ ഇന്ത്യാ–ചൈന ഏററുമുട്ടലിനെ തുടർന്ന് പ്രതിരോധ ചിലവ് വർധിച്ചപ്പോൾ ആദായനികുതിയിന്മേൽ സർചാർജു ചുമത്താൻ പാർലമെൻറ് അധികാരപ്പെടുത്തി. ഏററുമുട്ടലവസാനിച്ചിട്ട് പതിററാണ്ടുകളായി. ഇന്നും സർചാർജു പിരിവ് തുടരുകയാണ്. അതിന്നർഥം ആദായ നികുതിയിൽ ചുമത്തിവരുന്ന നികുതിനിരക്കും സർചാർജും കൂടിയ ഭാരം നികുതിദായകർക്ക് താങ്ങാവുന്നതാണെന്നല്ലെ. ഇപ്പോൾ കേന്ദ്രം ചെയ്യുന്നത് നികുതിദായകർക്കു താങ്ങാവുന്ന ഭാരത്തെ നികുതിയായും സർചാർജായും വിഭജിച്ച് സർചാർജുഭാഗം സ്വയം വിഴുങ്ങുന്നു. അത്രയും കണ്ട് സംസ്ഥാന ഖജനാവ് ക്ഷീണിപ്പിക്കപ്പെടുന്നു.

സമുദായത്തിലെ അതിസമ്പന്നന്മാരടങ്ങുന്ന വിഭാഗം നികുതി വെട്ടിച്ചു കൂട്ടിയുണ്ടാക്കുന്ന മുതലിനെയാണല്ലൊ കള്ളപ്പണം കരിമ്പണം എന്നെല്ലാം വിശേഷിപ്പിക്കാറുള്ളത്. കരിമ്പണം ദേശീയ സമ്പദ് വ്യവസ്ഥയിൽ ഉൾക്കൊള്ളുന്ന മൊത്തം വെള്ളപ്പണത്തോളമൊ അതിൽ കൂടുതലൊ ആയി വർധിച്ചിട്ടുള്ളതാണ് നമ്മുടെ സാമ്പത്തിക ദുര്യോഗത്തിന്ന് അടിസ്ഥാനകാരണമെന്നാണ് പൊതുവെ അംഗീകരിക്കപ്പെ

ട്ടിരിക്കുന്നത്. ആദായ നികുതി പിരിച്ചെടുക്കുന്നതിൽ കേന്ദ്രം കാണിക്കുന്ന അനാസ്ഥയാണ് ഈയൊരവസ്ഥ ഇന്നത്തെ നിരക്കിൽ വികസിച്ചുവരാൻ കാരണമെന്നതിൽ തർക്കമില്ല. പിരിച്ചെടുക്കുന്ന തുകയിൽ 85 ശതമാനം സംസ്ഥാനങ്ങൾക്കു കൊടുക്കാനുള്ളതാണെന്നു വരുമ്പോൾ അക്കാര്യത്തിലെന്തിന്ന് ശുഷ്കാന്തികാണിക്കണമെന്നാണ് കേന്ദ്രത്തിൻെറ നിലപാട്. ഈ അനാസ്ഥയുപയോഗപ്പെടുത്തി രാഷ്ട്രീയ കക്ഷിക്ക് മുതലെടുപ്പുണ്ടാക്കാനവസരം സൃഷ്ടിക്കാൻ കൂടി സാധ്യതയുണ്ടെന്ന് വന്നാലൊ?

കള്ളപ്പണബോണ്ട് എന്ന അപരനാമത്തിൽ പരക്കെ അറിയപ്പെടുന്ന ബെയറർ ബോണ്ടിൻെറ കാര്യം എടുത്തു നോക്കുക. 1981 ൽ ഈ ബോണ്ടുവഴി കേന്ദ്രം 1000 കോടി രൂപ വസൂൽ ചെയ്തു. സംസ്ഥാനങ്ങൾക്ക് കൂടി അവകാശമുള്ള നികുതി വെട്ടിച്ച പണമാണല്ലെ കള്ളപ്പണബോണ്ടായി കേന്ദ്രത്തിൻെറ ഖജനാവിൽ ചെന്നു വീണത്. അതിൽ നിന്ന് 850 കോടി സംസ്ഥാനങ്ങൾക്കിടയിൽ പങ്കിട്ടുകൊടുക്കുകയല്ലെ ന്യായമായും കേന്ദ്രം ചെയ്യേണ്ടിയിരുന്നത്. ആ ബാധ്യത കേന്ദ്രം നിറവേററീട്ടില്ല. സംസ്ഥാനങ്ങ അവകാശം ഉന്നയിക്കാഞ്ഞിട്ടല്ല. ബങ്കാൾ ഇതു സംബന്ധിച്ച് ശക്തിയായ വാദമുന്നയിച്ചതാണ്. കൊടുത്തില്ലെന്നു മാത്രം.

അടിസ്ഥാന എക്സൈസ് വരുമാനം പങ്കിടുന്നതു സംബന്ധിച്ച വിവേചനാധികാരം കേന്ദ്രത്തിനുള്ളതാണ്. പിരിഞ്ഞു കിട്ടിയ തുകയുടെ 40 ശതമാനം സംസ്ഥാനങ്ങൾക്ക് കൊടുക്കാനാണ് ഏഴാം ധനകാര്യകമീഷൻെറ ശുപാർശ. അത് പാർലമെൻറ് അംഗീകരിച്ചു. ഇതിന്ന് മുമ്പുണ്ടായിരുന്ന കമീഷനുകൾ സംസ്ഥാനങ്ങൾക്ക് 20 ശതമാനം കൊടുക്കാനാണ് ശുപാർശ ചെയ്തിരുന്നത്. അതു പാർലമെൻറ് അനുവദിച്ചുകൊടുത്തിരുന്നു. കമീഷൻെറ നിർദേശങ്ങളെ മാനിച്ചിട്ടുണ്ടെന്നർത്ഥം. അടിസ്ഥാന എക്സൈസ് ഏതെല്ലാം ചരക്കുകളിലാണ് ചുമത്തേണ്ടതെന്നും എത്ര കണ്ട് ചുമത്തണമെന്നും തീരുമാനിക്കേണ്ടത് കേന്ദ്രമാണ് അടിസ്ഥാന എക്സൈസ് ചുമത്താവുന്നതും മുമ്പ് ചുമത്തിയിരുന്നതുമായ പല വസ്തുക്കളിലും മററുതരം നികുതികളാണ് ഇന്നുള്ളത്. സ്ററീൽ ഇങ്ഗട്ടിന്മേൽ മുമ്പ് എക്സൈസ് തീരുവയുണ്ടായിരുന്നു. പിന്നീടതു പിൻവലിച്ച് ഇരുമ്പ്–ഉരുക്ക് ഉല്പന്നങ്ങളിൻമേൽ പ്രത്യേകതരം തീരുവ ചുമത്തുകയാണുണ്ടായത്. അതിന്മേൽ സംസ്ഥാനങ്ങൾക്ക് അവകാശമുന്നയിക്കാൻ നിവൃത്തിയില്ല. പ്രത്യേക തീരുവ ചുമത്താറുള്ള സാധനങ്ങളും എക്സൈസ് ബാധകമായവയെപ്പോലെത്തന്നെ ഇന്ത്യയുടെ എല്ലാ ഭാഗത്തും വില്പന നടത്താറുള്ളവയാണ്. പിന്നെന്തിനാണ് രണ്ടുതരം തീരുവ? വ്യവസായവല്ക്കരണത്തിൻെറ ഫലമായി പുതിയ പുതിയ സാധനങ്ങളുടെ ഉല്പാദനം വ്യാപകമായി വർധിച്ചു വരുന്നുണ്ട്. അവയിലെല്ലാം അടിസ്ഥാന എക്സൈസ് ചുമത്തേണ്ടതല്ലെ? അതു നടക്കാതിരി

ക്കുന്നതു സംസ്ഥാനങ്ങൾക്കു ന്യായമായും ലഭിക്കേണ്ട വരുമാനം നിഷേധിക്കാൻ വേണ്ടി മാത്രമല്ലെ? പ്രത്യേകതരം നികുതികൾ ഏല്പിച്ച് കേന്ദ്രത്തിന്റെ വരുമാനം പുഷ്ടിപ്പെടുത്തുകയല്ലെ? പ്രത്യേകിച്ചും 1980 ന് ശേഷം അടിസ്ഥാന എക്സൈസ് നിരക്കിൽ പറയത്തക്ക വർധനവെന്നുമുണ്ടായിട്ടില്ല. പ്രത്യേക എക്സൈസ് നിരക്കു മാത്രമാണുയർത്തിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രം ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന വസ്തുക്കളാണ് കല്ക്കരിയും പെട്രോളിയം ഉല്പന്നങ്ങളും. അവയുടെ വിററുവരുമാനം കേന്ദ്രത്തിനുള്ളതാണ്. അത്തരം വസ്തുക്കളിൽ അടിസ്ഥാന എക്സൈസ് ചുമത്തുന്നതിന് പകരം സർക്കാർ അവയുടെ വിതരണ വില ഇഷ്ടാനുസരണം ഉയർത്തുകയാണ് ചെയ്യുന്നത്. ഉപഭോക്താക്കൾക്ക് ഉയർന്ന വില നല്കേണ്ടതായി വരുന്നുണ്ടെങ്കിലും അതിന്റെ മെച്ചം സംസ്ഥാനങ്ങൾക്കു ലഭിക്കുന്നില്ല. മാത്രമല്ല സംസ്ഥാനങ്ങളാണ് ഈ ചരക്കുകളുടെ പ്രധാനപ്പെട്ട ഉപഭോക്താക്കൾ എന്ന വസ്തുത മറക്കാനാവാത്തതുമാണ്.

കേന്ദ്രം ചുമത്തുന്നതും സംസ്ഥാനങ്ങൾ പിരിച്ചെടുക്കുന്നതുമായൊരു തരം നികുതിയാണ് കേന്ദ്ര ലിസ്ററിൽ പെട്ട സ്ററാമ്പ് ഡ്യൂട്ടി ഇതിന്റെ നിരക്ക് വർധിപ്പിക്കാൻ സാധ്യത ധാരാളമാണ്. പല സംസ്ഥാനങ്ങളും നിർദേശങ്ങൾ നല്കീട്ടുമുണ്ട് ഇക്കാര്യത്തിൽ. സംസ്ഥാന ഖജനാവുകളെ ഒരു പരിധിവരെ പുഷ്ടിപ്പെടുത്താൻ ഇത്തരത്തിലുള്ളൊരു വർധനവ് സഹായമാകും. പക്ഷെ കേന്ദ്രത്തിൽ നിന്നിനിയും ഒരു നീക്കമുണ്ടായിട്ടില്ല.

കേന്ദ്രം ചുമത്തി കേന്ദ്രംതന്നെ പിരിച്ചെടുത്ത് സംസ്ഥാനങ്ങൾക്ക് കൊടുക്കേണ്ട നികുതി ഇനങ്ങളുമുണ്ട്. കേന്ദ്രം പ്രത്യേകശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ നല്ലൊരു വരുമാനം സംസ്ഥാനങ്ങൾക്കുണ്ടാക്കിക്കൊടുക്കാൻ സാധിക്കും. ഇപ്പോൾ സ്വത്തുനികുതിയും സമ്മാന നികുതിയും കേപ്പിററൽ ഗെയിൻസ് നികുതിയും സംസ്ഥാനാന്തര വ്യാപാരത്തിൽ ചുമത്തിട്ടുള്ളവയും മാത്രമാണ് നിലവിലുള്ളത്. സർക്കാർ ഒരു എക്സ്പെൻറിച്ചർ ടാക്സ് നടപ്പിൽ വരുത്തിയിരുന്നു. 1962 ഏപ്രിൽ ഒന്നു മുതൽ അതു പിൻവലിച്ചെങ്കിലും 1963–64 ൽ വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവന്നു. 1966 ൽ ആ നിയമം റദ്ദാക്കി.

റയിൽവെ യാത്ര—കടത്തു കൂലിയിൽ നികുതി ചുമത്താവുന്നതാണ്. 1957 ൽ റയിൽവെ പാസഞ്ചർ ടാക്സ് ആക്ട് പാസാക്കിയെങ്കിലും 1961 ൽ അതു റദ്ദാക്കി. സംസ്ഥാനങ്ങൾക്കു നേരിട്ട നഷ്ടം നികത്തുവാനായി നിലവിലുണ്ടായിരുന്ന നികുതി ടിക്കററ് ചാർജിൽ ലയിപ്പിച്ച് കേന്ദ്രം സംസ്ഥാനങ്ങൾക്ക് 12.50 കോടി രൂപ ഗ്രാൻറായി നില്കാൻ തീരുമാനിച്ചു. പിന്നീട് 1866–67 ൽ ആ തുക 16.25

കോടി രൂപയാക്കി ഉയർത്തി. ഇന്നും അതവിടെത്തന്നെ ഉറച്ചു നില്ക്കുന്നു. തീവണ്ടിക്കൂലി പല തവണ ഉയർത്തിയിട്ടുണ്ടെങ്കിലും ഗ്രാൻറ്തുകയിൽ മാററം വരുത്തീട്ടില്ല. നികുതിഭാരം ടിക്കററ്ചാർജിൽ ലയിപ്പിച്ചപ്പോറം അതു മൊത്തം വരുമാനത്തിൻെറ 10.7 ശതമാനമായിരുന്നു എന്നാണ് ആറാം ധനകാര്യ കമീഷൻ പറഞ്ഞത്. ആ നിരക്കിലാണ് ഇന്ന് ഗ്രാൻറ് അനുവദിക്കുന്നതെങ്കിൽ സംസ്ഥാനങ്ങളുടെ വരുമാനത്തിൽ നല്ലൊരു വർധനവുണ്ടാകും.

കൂടാതെ വർത്തമാനപത്രവിതരണത്തിന്മേലും അവയിൽ പ്രസിദ്ധീകരിക്കുന്ന പരസ്യത്തിന്മേലും നികുതി ചുമത്താൻ കേന്ദ്രത്തിന്നധികാരമുണ്ട്. നികുതിപ്പണം സംസ്ഥാനങ്ങറംക്കുള്ളതുമാണ്. അതുപോലെത്തന്നെ സ്ററോക് എക്സ്ചേഞ്ചിൽ നടക്കുന്ന ഇടപാടുകളിന്മേലും നികുതി ചുമത്താവുന്നതാണ്. ഇതൊന്നും കേന്ദ്രം ശ്രദ്ധിക്കാറില്ല. കോടിക്കണക്കിൽ രൂപയുടെ ഇടപാടുകളാണ് പരസ്യങ്ങളിലും ഓഹരി കൈമാററത്തിലും കൂടി നടക്കുന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്.

നികുതി വരുമാനം പങ്കിടുന്നതിൽ കൂടുതൽ കഷ്ടമാണ് സംസ്ഥാനങ്ങറംക്കു നല്കുന്ന ആഭ്യന്തര വായ്പാവിഹിതത്തിൻെറ കാര്യം. അമ്പതുകളിൽ ദേശീയ മൂലധന വിപണിയിൽ നിന്നെടുക്കുന്ന മൊത്തം വായ്പയുടെ 70 ശതമാനവും സംസ്ഥാനങ്ങറംക്കായിരുന്നു. അറുപതുകളുടെ അവസാനത്തെ ഘട്ടത്തിൽ പോലും സംസ്ഥാനങ്ങറംക്ക് 50 ശതമാനത്തിൽ കൂടുതൽ ലഭിച്ചിരുന്നു. എൺപതിന് ശേഷം വന്നിട്ടുള്ള മാററം അത്ഭുതാവഹമാണ്. 1982–83 ൽ സർക്കാർ എടുത്തിട്ടുള്ള മൊത്തം വായ്പയുടെ 85 ശതമാനവും കേന്ദ്രത്തിന്നായിരുന്നു. സംസ്ഥാനങ്ങറംക്ക് ലഭിച്ചത് 15 ശതമാനം മാത്രം. അതിനു ശേഷമുള്ള കാലത്ത് കേന്ദ്രവിഹിതം 90 ശതമാനത്തിലെത്തീട്ടുണ്ടെന്നാണ് റിപ്പോർട്ട്.

എട്ടാം ധനകാര്യ കമീഷൻെറ ശുപാർശകറം നടപ്പിൽ വരുത്തുന്നതോടെ സംസ്ഥാനങ്ങളുടെ അഞ്ചുകൊല്ലക്കാലത്തെ കേന്ദ്ര വിഹിതം മുൻ അഞ്ചുവർഷക്കാലത്തേതിൻെറ ഇരട്ടിയായി വർധിക്കുമെന്നായിരുന്നു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയ സമയത്തുണ്ടായിരുന്ന ധാരണ.

കമീഷൻ നിർദേശമനുസരിച്ച് 1979–80 നും 1983–84 നും ഇടയിൽ സംസ്ഥാനങ്ങറംക്ക് കേന്ദ്രത്തിൽ നിന്നും 29,843 കോടി രൂപ കിട്ടുമെന്നായിരുന്നു അന്ന് പറഞ്ഞിരുന്നത്, ഈ കാലഘട്ടത്തിൽ സംസ്ഥാനങ്ങറംക്കെല്ലാം വമ്പിച്ച ബജററ് മിച്ചം ഉണ്ടാകുമെന്നായിരുന്നു പ്രവചനം. സംഭവിച്ചതൊ 1981–82 അവസാനത്തിൽ സംസ്ഥാനങ്ങളുടെ ഓവർ ഡ്രാഫ്ററ് 1743.46 കോടി രൂപയായിരുന്നു. 1982 ജൂൺ അവസാനിക്കുമ്പോഴേക്കും ഇത് 2085.69 കോടി രൂപയായി ഉയർന്നു. ആരേയും ആശ്ചര്യപ്പെടുത്തുന്ന സംഭനവികാസമാണിത്. സംസ്ഥാന

ഖജനാവുകൾ നിറഞ്ഞുകവിഞ്ഞൊഴുകുമെന്ന് പ്രവചിച്ചിട്ട് മൂന്നു വർഷം തികയുന്നതിന് മുമ്പ് അവയെല്ലാം കാലിയായെന്നു മാത്രമല്ല റിസർവ് ബേങ്കിൻെറ ഇരുമ്പു പെട്ടിയിൽ നിന്ന് ചോർത്തിയെടുത്തു തുടങ്ങി സംസ്ഥാന ധനകാര്യമന്ത്രിമാർ.

ധനകാര്യ കമീഷൻ വിഭാവനം ചെയ്തിരുന്ന മാതിരിയൊന്നും പണം ദൽഹിയിൽ നിന്ന് സംസ്ഥാനങ്ങളിലേക്കൊഴുകിയിരുന്നില്ല. 1979–80 ൽ തന്നെ കേന്ദ്രം നല്കിയിരുന്ന ഗ്രാൻറുകളും വായ്പകളും 316 കോടി രൂപ കണ്ട് വെട്ടിക്കുറച്ചു. വികസനത്തിനായുള്ള ധന സഹായം പദ്ധതിക്ക് പുറത്തുള്ളതു 139 കോടി രൂപയിൽ പരം കുറവാണ് നല്കിയത്. പദ്ധതി വിഹിതം വകയിൽ നല്കേണ്ട തുകയിൽ 812 കോടി രൂപയാണ് കുറവു വരുത്തിയത്. ഏഴാം കമീഷൻെറ നിർദേശമനുസരിച്ച് 1979–80 ൽ കേന്ദ്രനികുതിപ്പണത്തിൽ നിന്ന് കിട്ടേണ്ടത് 3440 കോടി രൂപയാണ്. 1978–79 ലേക്കുള്ള മതിപ്പനുസരിച്ച് അവർക്ക് ലഭിച്ചിരുന്നത് 1583 കോടിയാണ്. എന്നാൽ കേന്ദ്രത്തിൻെറ കണ്ണടച്ചുള്ള സഹായധനം വെട്ടിക്കുറക്കൽ പദ്ധതി മൂലം അക്കൊല്ലത്തെ യഥാർത്ഥ സംസ്ഥാന പങ്ക് പ്രതീക്ഷിച്ചിരുന്നതിൽ നിന്നും വളരെയേറെ കുറവായിരുന്നു. മററൊരു പ്രധാന സംഭവവികാസം ആറാം പദ്ധതിയിൽ വന്ന മാററമാണ്.

ജനതാ പ്ളാൻ അനുസരിച്ച് 1978–83 കാലത്ത് സംസ്ഥാനങ്ങൾ സമാഹരിക്കേണ്ട ഫണ്ട് 4000 കോടി രൂപയാണ്. ഇതിൻെറ അടിസ്ഥാനത്തിലാണ് ഏഴാം കമീഷൻ റിപ്പോർട്ടു തയ്യാറാക്കിയത് ഇന്ദിരാഗാന്ധി തിരിച്ചുവന്ന് ആറാം പദ്ധതി ഉടച്ചുവാർത്തപ്പോൾ സംസ്ഥാനങ്ങളുടെ ഫണ്ടു സമാഹരണ ബാധ്യത 9000 കോടി രൂപയായി ഉയർത്തി. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കുമെന്ന് പറയപ്പെടുന്ന അധിക വരുമാനത്തിൽ കണ്ണുനട്ടുകൊണ്ടുതന്നെയാണ് ഇന്ദിരാഗാന്ധിയുടെ പദ്ധതി വിദഗ്ദ്ധർ 4000 കോടിയെ 9000 കോടിയാക്കി ഉയർത്തിയത്.

എല്ലാററിലും ഉപരിയായി സിസ്ഥാനങ്ങൾ കേന്ദ്രത്തിൽ നിന്നും എടുത്തിട്ടുള്ള കടം പലിശ സഹിതം തിരിച്ചടക്കേണ്ട ഭാരിച്ച ബാധ്യതയാണ്. ആണ്ടുതോറും ഈ ഭാരം കൂടിക്കൂടി വരികയാണ്. എൺപതുകളുടെ തുടക്കത്തിൽ ഓരോ ആണ്ടിലും കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന കടത്തിൻെറ പകുതിയിൽ ഏറെ തിരിച്ചടുക്കൽഗഡുവും പലിശയുമായി കേന്ദ്രത്തിന്ന് തിരിച്ചടക്കേണ്ടതായി വന്നിരുന്നു. 1982–83 ബജററ് അനുസരിച്ച് സംസ്ഥാനങ്ങൾക്കു നല്കേണ്ട വായ്പ–അഡ്വാൻസ് 3972–93 കോടി രൂപയാണ്. മുൻ വായ്പ വകയിൽ തിരിച്ചു കിട്ടേണ്ടത് 1643 കോടിയും പലിശ വകയിൽ കിട്ടേണ്ടത് 1036 കോടി രൂപയുമാണ്. ആറാം ധനകാര്യ കമീഷൻെറ നിദേശാനുസരണം 1973–74 ൽ വായ്പ തിരിച്ചടക്കൽ സംബന്ധിച്ചു വരുത്തിയ പരിഷ്ക്കര

ന്നത്തിൻെറ ഫലമായാണ് അവരുടെ വാർഷിക ബാധ്യതയിൽ അല്പം ആശ്വാസം ലഭിച്ചത്. പക്ഷെ വീണ്ടും സ്ഥിതി ഗുരുതരമായിക്കൊണ്ടിരിക്കുകയാണെന്നാണ് ഓരോ പുതിയ ബജററിലേയും കണക്കുകൾ വ്യക്തമാക്കുന്നത്.

മൂന്നു നാല് ബജററുകളിലായി കേന്ദ്രം അതിൻെറ വിശാലമനസ്കത നാട്ടാരുടെ മുമ്പാകെ തുറന്നു കാണിക്കുന്നത് സംസ്ഥാനങ്ങളുമായി പങ്കിടേണ്ട നികുതി ഇനങ്ങളിൽ ഉദാരമായ സൗജന്യങ്ങൾ അനുവദിച്ചുകൊണ്ടാണ്. ആദായനികുതി ഇളവ് അനുവദിക്കാത്ത ബജററ് എൺപതുകളിലുണ്ടായിട്ടില്ല. പക്ഷെ സർചാർജു തൊട്ടിട്ടില്ലെന്നു പറഞ്ഞുകൂടാ. പത്തു ശതമാനമായിരുന്നതു 1983–84 ബജററിൽ 12.5 ശതമാനമാക്കി ഉയർത്തി. കഴിഞ്ഞ ഫെബ്രുവരി 29 ന് അവതരിപ്പിച്ച ബജററ് പരോക്ഷ നികുതിയിലും സൗജന്യം അനുവദിച്ചിരുന്നു. സിംഹഭാഗം എക്സൈസ് തീരുവയിലൂടെയാണ്. പക്ഷെ പുതുതായി ചുമത്തിയ നികുതി ഏറെക്കുറെ മുഴുവൻ കസ്ററംസ് വിഭാഗത്തിലും കേന്ദ്രം എന്തെല്ലാം ഇളവുകൾ അനുവദിച്ചാലും ആണ്ടുതോറും. അതിൻെറ വരുമാനം ഗണ്യമായ നിരക്കിൽ വർധിച്ചുകൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാന വിഹിതം നാമമാത്രവും.

ഇക്കാരണത്താലാണ് നടപ്പുവർഷത്തിൽ മിക്കവാറും എല്ലാം സംസ്ഥാന ബജററുകളും കമ്മി ബജററുകളായി മാറീട്ടുള്ളത്; ഓവർഡ്രാഫ്ററ് മാറാരോഗമായി തീർന്നിട്ടുള്ളത്; കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ പാടെ ഉലഞ്ഞിട്ടുള്ളത്. ഈ ദുസ്ഥിതി മാറണമെങ്കിൽ സംസ്ഥാനങ്ങളുടെ വാർഷിക വരുമാനം മെച്ചപ്പെടുത്തുമെന്നുറപ്പുവരുത്തുക, അവയുടെ കേന്ദ്രത്തിലുള്ള ആശ്രിതത്വം ഇല്ലായ്മ ചെയ്യുക. ഇതു മുന്നിൽ കണ്ടുകൊണ്ടാണ് കേന്ദ്രത്തിൻെറ മൊത്തം നികുതി വരുമാനത്തിൻെറ 75 ശതമാനം സംസ്ഥാനങ്ങൾക്കായി നീക്കിവെക്കാൻ നിയമനിർമാണമാവശ്യമാണെന്ന് പശ്ചിമബംഗാൾ സർക്കാർ ഏഴാം ധനകാര്യ കമീഷന് മുമ്പിൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യമുന്നയിച്ചത്. ആ ആവശ്യം ആ സംസ്ഥാന സർക്കാർ എട്ടാം കമീഷൻെറ മുമ്പാകെ ആവർത്തിച്ചിട്ടുണ്ട്. കമ്യൂണിസ്ററ് പാർട്ടി (മാർക്സിസ്ററ്) സർക്കാറിയ കമീഷൻെറ ചോദ്യാവലിക്കു നല്കിയ മറുപടിയിലും ഇതു തന്നെയാണാവശ്യപ്പെട്ടിട്ടുള്ളത്.

# മുതലാളിത്ത പ്രതിസന്ധിയും ഇന്ത്യയിലെ ഫെഡറലിസത്തിന്റെ പ്രശ്നങ്ങളും

സി പി നാരായണൻ

മുതലാളിത്ത ഉൽപാദന രീതിയുടെ സഹജസ്വഭാവമാണ് കേന്ദ്രീകരണം. അതിനാൽ മുതലാളിത്ത ഉൽപാദനവ്യവസ്ഥ കേന്ദ്രീകരണത്തിൽ ഊന്നിയുള്ളതാണ്. അതിന്റെ നിലനിൽപ് അപകടത്തിലാകുംതോറും കേന്ദ്രീകരണത്തിന്റെ തീവ്രത കൂടുന്നു. അനിവാര്യമായി ഫെഡറലിസം കശാപ്പ്ചെയ്യപ്പെടുന്നു.

ഈ കേന്ദ്രീകരണത്തിന്റെ ഉറവിടം ഏതെന്ന് നോക്കാം. മുതലാളിത്ത ഉൽപാദനത്തിന് അതിനുമുമ്പുള്ള ഉൽപാദനങ്ങളിൽ നിന്ന് മൗലികമായി ഒരു വ്യത്യാസമുണ്ട്. മററെല്ലാ ഉൽപാദന വ്യവസ്ഥയിലും മുഖ്യമായി സ്വന്തം—കുടുംബത്തിന്റെയോ ഗോത്രത്തിന്റെയോ ഗ്രാമത്തിന്റെയോ—ആവശ്യത്തിനുവേണ്ടിയായിരുന്നു ഉൽപാദനം. മിച്ചമുള്ളതേ വിററിരുന്നുള്ളു. എന്നാൽ മുതലാളിത്ത ഉൽപാദനം മുഖ്യമായി വിൽപനക്കുവേണ്ടിയാണ്. അതോടെ ഉൽപാദനത്തിന്റെ ലക്ഷ്യവും സ്വഭാവവും മാറുന്നു. ഉപഭോഗത്തിനുപകരം ലാഭം ലക്ഷ്യമായിതീരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഏതുമാർഗവും സ്വീകരിക്കുക ഉൽപാദനരീതിയുടെ സ്വഭാവമായി മാറുന്നു.

മുതലാളിത്ത ഉൽപാദനരീതിയുടെ ആവിർഭാവത്തോടെയാണ് വൻതോതിൽ ഉൽപാദനം നടത്തുന്ന യന്ത്രങ്ങൾ നിർമിക്കാൻ തുടങ്ങിയത്. യന്ത്രങ്ങളുടെ ആവിർഭാവത്തോടെ ഉൽപാദനത്തിന്റെ തോത് മാറി. മുൻനിലവെച്ചുനോക്കി

യാൽ ഉൽപാദനം വൻതോതിലായി. അതോടൊപ്പം മുതലാളിത്തപൂർവവ്യവസ്ഥകളിൽ ഉൽപാദകനും ഉൽപന്നവും തമ്മിൽ ഉണ്ടായിരുന്ന ബന്ധത്തിനു ശൈഥില്യം വന്നു. ആ വ്യവസ്ഥകളിലൊക്കെ ഉൽപന്നവുമായി ഒരു ആത്മബന്ധം അതുണ്ടാക്കാൻ അധ്വാനിച്ചവനുണ്ടായിരുന്നു. എന്നാൽ മുതലാളിത്തവ്യവസ്ഥയിൽ തൊഴിലാളിക്ക് ഭിന്നമായ സ്ഥാനമാണുണ്ടായത്. നിശ്ചിതസമയം തൻെറ അധ്വാനശക്തി മുതലാളി പറയുന്നിടത്ത് പ്രയോഗിക്കണം. ഉൽപന്നത്തിന് എന്തുസംഭവിക്കുന്നു എന്നത് അയാൾക്ക് പ്രശ്നമല്ലാതായി. മുതലാളി ഇഛിക്കുന്നതരത്തിൽ, തൊഴിലാളിയുടെ ഇഛയെന്തെന്ന് നോക്കാതെആയി അധ്വാനശക്തിയുടെ പ്രയോഗം. അതായത്, ഉൽപാദനപ്രവർത്തനം കേന്ദ്രീകൃതമായി. മുതലാളിയുടെ ഇഛയനുസരിച്ച് അതിനെ കൂടുതൽ കേന്ദ്രീകരിക്കാനുള്ള യന്ത്രങ്ങൾ നിർമിക്കുന്ന പ്രക്രിയ നിരന്തരം തുടർന്നുവരുന്നു. മെക്കനൈസേഷൻ, ആട്ടോമേഷൻ, റോബോട്ട് എന്നിവ ഈ കേന്ദ്രീകരണത്തിൻെറ ഓരോഘട്ടങ്ങളെകുറിക്കുന്നു.

ഉൽപാദനത്തിലുള്ള കേന്ദ്രീകരണം വിപണനത്തിലും ഏർപ്പെടുത്തേണ്ടിവന്നു. ഉൽപാദനത്തിന് വേണ്ട അസംസ്കൃതപദാർഥങ്ങൾ കൂടുതൽ കൂടുതൽ ആവശ്യമായിവന്നു. അത് ഏററവും കുറഞ്ഞ വിലക്കുകിട്ടുക മുതലാളിയുടെ ലക്ഷ്യമാണ്. അതുപോലെ ഉൽപാദിപ്പിച്ച ചരക്ക് എത്രയും വേഗം ഏററവും ഉയർന്ന വിലക്ക് വിററഴിക്കാനുള്ള വിപണിവേണം. ആദ്യമാദ്യം സ്വതന്ത്രമത്സരത്തിലൂടെ നടത്തിവന്ന ഈ പ്രക്രിയകൾ രണ്ടും ഒരു പരിധികഴിഞ്ഞപ്പോൾ അങ്ങനെ ചെയ്യാൻ കഴിയാതായി. പാശ്ചാത്യമുതലാളിത്ത രാജ്യങ്ങൾ മുതലാളിത്ത കോയ്മകളായത്, ഏഷ്യയിലും ആഫ്രിക്കയിലും ലാററിനമേരിക്കയിലും രാജ്യങ്ങളെ വെട്ടിപ്പിടിച്ച് കോളനികളാക്കിയത് ആദ്യം വ്യവസായവൽകരണത്തിനുവേണ്ട മൂലധനം കയ്യൂക്കിലൂടെ സ്വരൂപിക്കാനും ചരക്കു വിററഴിക്കാനുള്ള കമ്പോളങ്ങൾ സ്ഥിരമായി നിലനിർത്താനുമാണ്. കച്ചവടത്തിനുമാത്രമായി കടന്നുചെന്ന രാജ്യങ്ങൾ വെട്ടിപ്പിടിച്ച് കേന്ദ്രീകൃതഭരണം ഏർപ്പെടുത്തിയതും ഇതേ ലക്ഷ്യത്തോടെയായിരുന്നു.

ചരിത്രത്തിൽ ഒരിക്കലും ഇന്ത്യ ഏകീകൃത ഭരണത്തിൻ കീഴിലായിരുന്നില്ല—ബ്രിട്ടീഷ്ഭരണം ഏർപ്പെടുത്തുംവരെ. ഇന്ത്യയിൽ പല സാമ്രാജ്യങ്ങളും നിലവിൽവന്നിട്ടുണ്ട്. അവയെല്ലാം ഇന്ത്യയുടെ ഏതെങ്കിലും ഒരു മേഖലയിൽ മാത്രമാ

യിരുന്നു. അവയൊന്നും ഏറെക്കാലം നിലനിന്നുമില്ല. കാരണം അവയൊക്കെ ഓരോ ചക്രവർത്തിയുടെയൊ സൈന്യാധിപൻെറയൊ പരാക്രമത്തിൻമേൽ കെട്ടിപ്പൊക്കിയതായിരുന്നു. ആ ആളുടെ അല്ലെങ്കിൽ വംശത്തിൻെറ വീഴ്ചയോടെ അതും വീഴുകയായിരുന്നുപതിവ്.

ബ്രിട്ടീഷ് കോളനി ഭരണം അവരുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നു. അതൊരു വ്യക്തിയുടെയോ വംശത്തിൻെറയോ ആയിരുന്നില്ല. വികസിത മുതലാളിത്തത്തിൻെറതായിരുന്നു. പ്രഭുക്കൾക്കും സാമന്തർക്കും പല അധികാരങ്ങളും നൽകിക്കൊണ്ടുള്ള വികേന്ദ്രീകൃതവ്യവസ്ഥയായിരുന്നു ബ്രിട്ടീഷുകാർക്കുമുമ്പ് ഇവിടെ ഉണ്ടായിരുന്നത്. ബ്രിട്ടീഷുകാർ അതാകെ മാററി. തങ്ങളുടെ നേരിട്ട് കീഴിലുണ്ടായിരുന്ന പ്രവിശ്യകളിൽ മാത്രമല്ല നാട്ടുരാജ്യങ്ങളിൽ പോലും ഭരണം അവരുടെ ചൊൽപ്പടിയിലായി. അധികാരമെല്ലാം പ്രവിശ്യാതലസ്ഥാനങ്ങളിലും ദൽഹിയിലും കേന്ദ്രീകരിച്ചു. സ്വാതന്ത്ര്യസമരത്തിൻെറ ഊക്കുമൂലം ഭരണപരിഷ്കാരം നടത്തേണ്ടിവന്നപ്പോൾ പോലും അതിലെ ഊന്നൽ അധികാരകേന്ദ്രീകരണമായിരുന്നു; സ്വാതന്ത്ര്യസമര പ്രസ്ഥാനം ആവശ്യപ്പെട്ടതുപോലെ പ്രവിശ്യകൾക്ക് അർഹമായ അധികാരം നൽകുന്നതിനായിരുന്നില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ സമീപനത്തിൽ അടിസ്ഥാനപരമായ മാററമുണ്ടായില്ല. 1950-ൽ നിലവിൽവന്ന ഇന്ത്യൻ റിപ്പബ്ലിക്കിൻെറ ഭരണഘടന 1935-ൽ ബ്രിട്ടീഷുകാർ നടപ്പാക്കിയ നിയമത്തിൻെറ ചുവടുപിടിച്ചുള്ളതായിരുന്നു. അതായത്, ബ്രിട്ടീഷ് ബൂർഷ്വാസിയുടെ താൽപര്യസംരക്ഷണത്തിന് കൊണ്ടുവന്ന നിയമത്തിലെ വ്യവസ്ഥകൾ ഈഷദ് വ്യത്യാസങ്ങളോടെ സ്വതന്ത്ര ഇന്ത്യയിലും നടപ്പാക്കിയത് യാദൃച്ഛികമായി സംഭവിച്ചതല്ല. പുതിയ ഭരണവർഗങ്ങളിൽ പ്രമുഖമായ ഇന്ത്യൻ ബൂർഷ്വാസിയുടെ താൽപര്യസംരക്ഷണത്തിനുപററിയത് അതാണെന്ന ഉത്തമബോധ്യത്തോടെ ചെയ്തതായിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഉന്നയിച്ചിരുന്ന ഭരണപരിഷ്കാര നിർദേശങ്ങളെല്ലാം അധികാരം കയ്യാളിയതോടെ കോൺഗ്രസ് ഉപേക്ഷിച്ചു. അതേവരെ പറഞ്ഞിരുന്ന ഇന്ത്യൻ ഭരണവ്യവസ്ഥയെ പുനഃസംഘടിപ്പിക്കുകയെന്ന മുദ്രാവാക്യം അത് പൂർണമായി ഉപേക്ഷിച്ചു. ഭാഷാസംസ്ഥാനരൂപീകരണംപോലെ മുൻമുദ്രാവാക്യങ്ങളിൽ ചിലത് നടപ്പാക്കിയത് ബഹുജനപ്രക്ഷോഭം രൂക്ഷമായി ഉണ്ടായതുകൊണ്ടാണ്.

ഫെഡറലിസത്തിനു് വേണ്ടി വാദിക്കുകയും കാര്യത്തോടടുക്കുമ്പോൾ അതിനെതള്ളി കേന്ദ്രീകരണത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നത് ഇന്ത്യൻ ബൂർഷ്വാസിയുടെ മാത്രം പ്രത്യേകതയല്ല. യുറോപ്പിലെയും അമേരിക്കയിലെയും ബൂർഷ്വാസി ആദ്യകാലത്ത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങളടക്കം സ്വാഗതാർഹങ്ങളായ പല മുദ്രാവാക്യങ്ങളും ഉയർത്തിയിരുന്നു. ഫ്രഞ്ചുവിപ്ലവത്തിനും അമേരിക്കൻ സ്വാതന്ത്ര്യസമ്പാദനത്തിനും തൊട്ടു പിന്നാലെ അവർ നടപ്പാക്കിയ ഭരണഘടനയും അതിലടങ്ങിയ ഭരണതത്വങ്ങളും നോക്കിയാൽ ഇക്കാര്യം വ്യക്തമാകും. അമേരിക്കയിലെ സ്റേററുകൾക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങളെക്കാൾ വിപുലമായ അധികാരങ്ങൾ നൽകിയിരുന്നു.

അത് മുതലാളിമാർ സ്വതന്ത്രമായ മൽസരത്തിൻെറ കാഹളമൂതിയിരുന്ന കാലത്തായിരുന്നു. പിന്നീട് അവരിൽ നിന്ന് കുത്തകമുതലാളിമാരും ബഹുരാഷ്ട്രകുത്തകകളും ഉയർന്നുവരികയും അവയുടെ ഭരണശക്തിയായി സാമ്രാജ്യത്വം ഉയിർക്കൊള്ളുകയും ചെയ്തതോടെ മുതലാളിത്തത്തിൻെറ ഉൽപതിഷ്ണുസ്വഭാവം നഷ്ടപ്പെട്ടു. ആദ്യകാല മുദ്രാവാക്യങ്ങൾ ഉയർത്താതായി. എവിടെയൊക്കെ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി ജനങ്ങൾ അടരാടുന്നുവോ, അവിടങ്ങളിൽ അവർക്കെതിരായി അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യശക്തികൾ അണിനിരക്കുന്ന കാഴ്ചയാണ് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കാണുന്നത്.

അമേരിക്കയിൽ പ്രകടമായ മറെറാരു പ്രവണത ഇവിടെ പ്രസക്തമാണ്. അവിടെ ജനപ്രതിനിധിസഭയും സെനററും ഉണ്ട്. എങ്കിലും അധികാരം പ്രസിഡൻറിൽ കേന്ദ്രീകരിച്ചിരിക്കയാണ്. പ്രസിഡൻറായ വ്യക്തി ബഹുഭൂരിപക്ഷം ജനങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന ഇരുസഭകളിലെയും ഭൂരിപക്ഷതീരുമാനങ്ങളെ ഭരണഘടനയിലെ പല പഴുതുകളും ഉപയോഗിച്ച് മറികടക്കുന്ന കാഴ്ച സർവസാധാരണമാണിന്ന്. എന്തിനുവേണ്ടിയാണ് പ്രസിഡൻറ് ഇങ്ങനെ പാർലമെൻറിനെ ധിക്കരിക്കുന്നത്? ജനങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും കാത്തുരക്ഷിക്കാനാണോ? അല്ല. അവരുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടിയെടുക്കാനാണോ? അല്ല. അന്യരാജ്യങ്ങളിലെ സ്വേച്ഛാധിപതികൾക്ക് അവിടങ്ങളിലെ ജനങ്ങളെ അടിച്ചമർത്തുന്നതിന് ആയുധസഹായമെത്തിക്കാൻ, മററ് രാജ്യങ്ങളുടെ സ്വാതന്ത്ര്യവും പരമാധികാരവും ധ്വംസിക്കാൻ, സ്വന്തം രാജ്യത്തെ ബഹുരാഷ്ട്ര

കുത്തകകരംക്ക് കൊള്ളലാഭമുണ്ടാക്കുന്ന ആയുധപ്പന്തയം മൂർഛരിപ്പിക്കാൻ അമേരിക്കൻ പ്രസിഡൻറിൻെറ അധികാരങ്ങരം കുത്തകമുതലാളിമാരുടെ സ്വാർഥലാഭങ്ങരംക്കായി ഉപയോഗിക്കുന്നത് പതിവായിരിക്കയാണ്. തൻമൂലം അവിടെ ബലിയാടാകുന്നത് ഫെഡറലിസമാണ്.

എന്തുകൊണ്ട് ഇത് വേണ്ടിവരുന്നു? കുത്തകമുതലാളിത്തം പാർലമെൻററി പതിവുകളെ പരസ്യമായി ലംഘിക്കാൻ ആഗ്രഹിക്കുന്നു എന്നുപറഞ്ഞുകൂട. എന്നാൽ സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം മററാരിലെങ്കിലും വെച്ചുകെട്ടാൻ പാർലമെൻററിവ്യവസ്ഥകളെ തകിടം മറിക്കാതെ കഴിയില്ലെന്നുവരുമ്പോഴാണ് അവർ അതിനുമുതിരുന്നത്. ഓരോ വർഷം കഴിയുന്തോറും പ്രതിസന്ധി കൂടുതൽ കൂടുതൽ മൂക്കുന്നതുകൊണ്ട് ഇത്തരം ലംഘനങ്ങരം കുത്തകമുതലാളിത്തത്തിൻെറ സ്ഥിരം പതിവായിതീർന്നിരിക്കുന്നു. അമേരിക്കയിൽ എത്രയോകാലമായി ഒരു അടിയന്തിരാവസ്ഥ നിലനിൽക്കുന്നത് യാദൃഛികമാണെന്ന് പറഞ്ഞുകൂട. തങ്ങളുടെ താൽപര്യം സംരക്ഷിക്കാൻ കുത്തകമുതലാളിത്തം നടത്തുന്ന കരുനീക്കങ്ങളിൽ ഒന്നുമാത്രമാണ് അത്.

ഇന്ത്യയിലും മുതലാളിത്തഹിതമനുസരിച്ചുള്ള ഭരണഘടന നടപ്പാക്കി ഏതാനും വർഷം അതിലെ വ്യവസ്ഥകരം അതേപടി നടപ്പാക്കാൻ ശ്രമം നടന്നു. എന്നാൽ, പ്രതീക്ഷിച്ച പുരോഗതി ഉണ്ടാകാതെവരികയും 1960 കളോടെ വിലക്കയററം, പണപ്പെരുപ്പം, ഉൽപാദനസ്തംഭനം മുതലായ സാമ്പത്തികപ്രതിസന്ധിയുടെ ലക്ഷണങ്ങരം മൂർഛരിക്കുകയും ചെയ്തതോടെ ഭരണവർഗങ്ങളും ഭരണാധികാരികളും ഫെഡറലിസത്തെ കയ്യേറാൻ തുടങ്ങി. വ്യക്തിയുടെ സ്വാതന്ത്ര്യങ്ങളുടെയും അവകാശങ്ങളുടെയും നേരെ കയ്യേററം നടന്നു. അടിയന്തിരാവസ്ഥക്കാലത്ത് ജീവിക്കാനുള്ള അവകാശംവരെ നിഷേധിക്കപ്പെട്ടു.

അതൊരുവശത്ത് നടക്കുമ്പോരം മറുവശത്ത് സംസ്ഥാനങ്ങളുടെ പരിമിതമായ ധനാഗമമാർഗങ്ങളിൽ കേന്ദ്രം പടിപടിയായി കൈവെക്കാൻ തുടങ്ങി. വിൽപനനികുതിയുടെ മേലുള്ള കയ്യേററം ഒരു ഉദാഹരണം മാത്രം. തീർത്തും സംസ്ഥാനങ്ങളുടെ പരിധിയിൽ ഉരംപ്പെടുന്ന വിദ്യാഭ്യാസംപോലുള്ള വിഷയങ്ങരം കേന്ദ്രത്തിനുകൂടി കയ്യിടാവുന്നതാക്കി മാററി. സംസ്ഥാനങ്ങരംക്ക് ഒരു വ്യവസായം തുടങ്ങാനോ ഉള്ളത് വർധിപ്പിക്കാനോ എത്ര ചെറിയ സാമ്പത്തികപ്രവർത്തനം പോലും നടത്താനോ കേന്ദ്രത്തിൻെറ അനുമതിയും

പിന്തുണയും ഇല്ലാതെ ചെയ്യാനാവാത്ത സ്ഥിതിയായി. കേന്ദ്രത്തിന് ഏതുനിമിഷത്തിൽവേണമെങ്കിലും ഏത് സംസ്ഥാനഗവൺമെൻറിനെയും ശ്വാസം മുട്ടിക്കാൻ കഴിയും വിധം അധികാരമെല്ലാം ഫലത്തിൽ കേന്ദ്രത്തിൻെറ കയ്യിൽ ഒതുങ്ങി.

ഇങ്ങനെ ചെയ്താൽ തങ്ങളെ ഗ്രസിച്ചിരിക്കുന്ന പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാമെന്ന് ഇന്ത്യയിലെ കുത്തക മുതലാളിത്തം കരുതുന്നു. അമേരിക്കയിലെയും മററും ബഹുരാഷ്ട്ര കുത്തകകളെപ്പോലെ അതൊരു മോഹം മാത്രമാണ്. മുതലാളിത്ത പ്രതിസന്ധിയിൽ നിന്ന് ഒരു മുതലാളിത്തത്തിനും, അതെത്രവലുതായാലും ചെറുതായാലും, രക്ഷയില്ല. തൽക്കാലം ചില വിദ്യകൾ ചെയ്ത് പിടിച്ചു നിൽക്കാൻ കഴിയുമായിരിക്കാം. ആ വിദ്യകളിൽ ഒന്നാണ് ഇന്ത്യയെപോലുള്ള രാഷ്ട്രങ്ങളുടെ ഫെഡറൽ സ്വഭാവം ഇല്ലായ്മചെയ്യൽ. അതുകൊണ്ട് ഇന്ത്യൻ മുതലാളിത്തം രക്ഷപ്പെടാൻപോകുന്നില്ല. ആസാം, പഞ്ചാബ് പ്രശ്നങ്ങൾ സൂചിപ്പിക്കുന്നതുപോലെ ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതക്കുംവരെ ഗുരുതരമായ ഭീഷണി ഉണ്ടാക്കാനേ അത് ഉതകൂ.

ചുരുക്കത്തിൽ മുതലാളിത്ത പ്രതിസന്ധിയിൽ നിന്ന് സ്വയം രക്ഷപ്പെടാൻ ഇന്ത്യയിലെ മുതലാളിത്തം കൈക്കൊള്ളുന്ന പരിഹാരമാർഗങ്ങളാണ് ഇന്ത്യയിൽ സാമ്പത്തിക പ്രതിസന്ധിയും ദേശീയ പ്രതിസന്ധിയും രൂക്ഷമാക്കിയിട്ടുള്ളത്. ഫെഡറലിസത്തെ തകർക്കാതെ മുതലാളിത്തത്തിന് ഈ പ്രതിസന്ധിയെ നേരിടാൻ പോലും കഴിയില്ല. എന്നാൽ ഫെഡറലിസം തകരുന്നതുകൊണ്ട് രാഷ്ട്രം ഛിന്നഭിന്നമാകലല്ലാതെ മുതലാളിത്തത്തിനു രക്ഷകിട്ടില്ല. ഒരു പക്ഷെ, തെക്കൻ കൊറിയയെയോ തയ്വാനെയോ പോലെ തങ്ങൾക്കുകിട്ടുന്ന കഷണത്തിൽ സ്വേഛാധിപത്യം അടിച്ചേൽപ്പിച്ച് മിഥ്യാ സമൃദ്ധിയുണ്ടെന്നു കാണിക്കാൻ കഴിഞ്ഞേക്കും. അതുതന്നെക്ഷണികമാണെന്ന് അനുഭവം തെളിയിക്കുന്നു.

# ഇന്ത്യൻ ദേശീയതകളുടെ പ്രശ്നങ്ങൾ - ഒരവലോകനം

## സി. പി. ജോൺ

വൈവിധ്യങ്ങളുടെ നാടാണ് ഭാരതം. വിവിധ ഭാഷകൾ, സംസ്കാരങ്ങൾ, ജീവിതരീതികൾ എന്നിങ്ങനെ എന്തുകൊണ്ടും വിഭിന്നരായ ജനങ്ങൾ ഒരു കേന്ദ്രീകൃത രാഷ്ട്രീയ നേതൃത്വത്തിന്നുകീഴിൽ ഒന്നിക്കപ്പെട്ടിരിക്കുന്നു. സോവിയററ് യൂണിയനിലേതുപോലെ എല്ലാ ഭാഷകളുടേയും, സംസ്കാരങ്ങളുടേയും സ്വതന്ത്രമായ വളർച്ചയും ഉദ്ഗ്രഥനവും സാധിച്ചിരുന്നു എങ്കിൽ ലോകത്തിലെ ഒരതുല്യ സാമൂഹ്യ—രാഷ്ട്രീയ പ്രതിഭാസമാകുമായിരുന്നു നമ്മുടെ നാട്.

ഇന്ത്യയിലെ ദേശീയ ജനവിഭാഗങ്ങളുടെ പ്രശ്നത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് എന്താണ് ദേശീയത എന്ന് നിർവ്വചിക്കപ്പെടേണ്ടിയിരിക്കുന്നു. Nation, Nationality എന്നീ പദങ്ങളുടെ പരിഭാഷയായിട്ടാണ് ദേശീയത, ദേശീയ ജനവിഭാഗങ്ങൾ എന്നീ പദങ്ങൾ പ്രയോഗിക്കുന്നത്. (ഇതിൽ Nation എന്ന പദത്തിന് രാഷ്ട്രം എന്ന പരിഭാഷ കാണാറുണ്ട്. അത് ഇന്ന് കൂടുതലും State എന്ന പദത്തിന്റെ പരിഭാഷയായിട്ടുകൂടി ഉപയോഗിക്കുന്നതുകൊണ്ടാണ് ആ പ്രയോഗം ഒഴിവാക്കുന്നത്.)

ഒററവാചകത്തിൽ ദേശീയത എന്താണെന്ന് നിർവ്വചിക്കണമെങ്കിൽ നമുക്ക് സ്ററാലിനെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു: "ചരിത്രത്തിന്റെ സൃഷ്ടിയായ ജനസമൂഹം, പൊതുവായ ഭാഷ, താമസപ്രദേശം സാമ്പത്തിക ജീവിതം, പൊതുസംസ്കാരത്തിലൂടെ പ്രകടമാകുന്ന സമാന മാനസികാവസ്ഥ"— ദേശീയത നിർവ്വചിക്കപ്പെട്ടതങ്ങനെയാണെങ്കിലും ജർമ്മൻ, ഫ്രഞ്ച്, ഇററാലിയൻ എന്നീ മൂന്നു ഭാഷകൾ ഉള്ള സ്വിററ്സർലണ്ട് ഇതിന്നൊരപവാദമാണ്.

അപൂർവ്വം അപവാദങ്ങൾ ഉണ്ടെങ്കിലും സ്ററാലിന്റെ നിർവ്വചനം ബൂർഷ്വാ നേതാക്കൻമാർപോലും അംഗീകരിച്ചതായിക്കാണാം. 'India Divided' എന്ന തന്റെ ഗ്രന്ഥത്തിൽ ഡോ. രാജേന്ദ്രപ്രസാദ് സ്ററാലിന്റെ ഈ നിർവ്വചനം ശരിവെച്ചിട്ടുണ്ട്.

ദേശീയതയ്ക്കുവേണ്ട ഏതെങ്കിലുമൊരു സവിശേഷതകൊണ്ടുമാത്രം ഒരു ജനവിഭാഗത്തെ ദേശീയത എന്നു വിളിക്കാൻ സാധ്യമല്ല.

## ഇന്ത്യ ഒരൊററ ദേശീയതയോ?

ഈ നിർവ്വചനത്തിൻെറ വെളിച്ചത്തിൽ പരിശോധിച്ചാൽ ഇന്ത്യ ഒരൊററ ദേശീയതയല്ല എന്നു വ്യക്തമാണ്. വിവിധ ദേശീയതകൾ ഉൾക്കൊള്ളുന്ന ഒരു ബഹു ദേശീയ രാജ്യമാണ് ഇന്ത്യ.

എന്നാൽ ചരിത്രപരമായ കാരണങ്ങൾ കൊണ്ട് പലപ്പോഴും ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങൾ ഒന്നിച്ചുചേരുകയും പൊതുവായ പ്രശ്നങ്ങൾക്കുവേണ്ടി ഒന്നിച്ചുനിൽക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ്വാഴ്ചക്കെതിരെ നടന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനം ഇന്ത്യൻ ദേശീയ ജനവിഭാഗങ്ങളെ വിശാല ദേശീയ അടിസ്ഥാനത്തിൽ ഒന്നിച്ചു ചേർത്തു. ടാഗോറിൻെറ ''ജനഗണമന''യും, ഇക്ബാലിൻെറ ''സാരേ ജഹാം സെ അഛാ'' എന്ന ഗാനവും, വള്ളത്തോളിൻേറയും, ഭാരതിയുടേയും ദേശഭക്തിഗാനങ്ങളും, ഒരു പുതിയ വിശാല ഇന്ത്യൻ (Pan Indian) മാനസികാവസ്ഥയുടെ ഉദാഹരണങ്ങൾ മാത്രമാണ്.

ഇന്ത്യൻ ദേശീയ ജനവിഭാഗങ്ങളിൽ ഉണ്ടായിവന്ന ഐക്യബോധം തകർക്കേണ്ടത് ഒരത്യാവശ്യമാണെന്ന് ബ്രിട്ടീഷുകാർക്കറിയാമായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെടുന്നതിനു രണ്ടുകൊല്ലം മുമ്പുതന്നെ (1833) സർ ജോൺ സിസിലി തൻെറ ''ഇംഗ്ലണ്ടിൻെറ വിപുലീകരണം'' (Expansion of England) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ:

''ഇന്ത്യ ഒരൊററ ദേശീയതയാണെന്ന വാദം രാഷ്ട്രതന്ത്രശാസ്ത്രത്തിൻെറ തത്വങ്ങളെത്തന്നെ നിരാകരിക്കുന്ന വികൃതമായൊരു അസംബന്ധമാണ്. ഇന്ത്യ എന്നത് ഒരു രാഷ്ട്രീയ സംജ്ഞയേ അല്ല; മറിച്ച്, യൂറോപ്പ്, ആഫ്രിക്ക എന്നിങ്ങനെയുള്ള കേവലം ഭൂമിശാസ്ത്രപരമായ സംജ്ഞ മാത്രമാണ്.''

എത്ര ശക്തമായാണ് അദ്ദേഹം ഇന്ത്യ ഒരൊററ ദേശീയതയല്ലെന്നു വാദിക്കുന്നത്? എന്നാൽ ഈ വാദം, ഇന്ത്യയിലെ വൈവിധ്യമാർന്ന ദേശീയ ജനവിഭാഗങ്ങളുടെ സ്വതന്ത്രമായ വളർച്ചയെ ഇന്ത്യ ഒരൊററ ദേശീയതയാണെന്ന തെററിദ്ധാരണ അപകടപ്പെടുത്തുമെന്ന ആശങ്കയിൽ നിന്നുളവായതല്ല; മറിച്ച് ബ്രിട്ടീഷ് ആധിപത്യത്തിന്നെതിരായ ദേശീയ ജനവിഭാഗങ്ങളുടെ ഒന്നിച്ചുചേരലിന്നെതിരായ വികാര പ്രകടനം മാത്രമാണ്.

സ്വാഭാവികമായും ഈ വാദത്തെ ഇന്ത്യ ഒരൊററക്കല്ലിൽ പണിത വിഗ്രഹമാണെന്നവാദം കൊണ്ടാണ് ദേശീയ നേതാക്കൾ നേരിട്ടത്.

ആഴത്തിൽ പരിശോധിച്ചാൽ ഈ തർക്കം ബ്രിട്ടീഷ് സാമ്രാജ്യത്വ ബൂർഷ്വാസിയും, ബഹുദേശീയമായി വളർന്നുകൊണ്ടിരുന്ന ഇന്ത്യൻ ബൂർഷ്വാസിയും തമ്മിലുണ്ടായ വൈരുധ്യമായിരുന്നു എന്നു കാണാൻ പ്രയാസമില്ല.

ഇന്ത്യയിലെ പ്രാങ് മുതലാളിത്ത ശക്തികളും തങ്ങളുടെതായ സിദ്ധാന്തങ്ങളുമായി രംഗത്തുവന്നു. ''ഹൈന്ദവ ദേശീയ''വാദം ഉയർത്തിക്കൊണ്ട് ഹിന്ദുമഹാസഭയും, ആർ. എസ്. എസും ഇന്ത്യ എന്നത് ഹിന്ദുക്കളുടെ രാജ്യമാണെന്ന് സിദ്ധാന്തിച്ചു. ഭൂരിപക്ഷം ഹിന്ദുക്കൾ അംഗങ്ങളായ കോൺഗ്രസിനകത്തും ഈ പ്രാങ് മുതലാളിത്ത ചിന്താഗതി ധാരാളമായി കാണാമായിരുന്നു. മുസ്ലീമുകൾ ഒരു ദേശീയതയാണെന്ന വാദവും ഉയർന്നുവരികയുണ്ടായി. 1916—ൽ ഈ പ്രശ്നത്തിന് ഒരു രാഷ്ട്രീയ പരിഹാരം കാണാൻ ശ്രമിച്ചു. കോൺഗ്രസും, മുസ്ലീം ലീഗും ലെഖ്നോവിൽ വെച്ച് ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു. ഫെഡറൽ തത്വത്തിൽ നിന്നുകൊണ്ട് ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമമായിരുന്നു അത്. പക്ഷെ ദൗർഭാഗ്യവശാൽ ആ ശ്രമം ഫലവത്തായില്ല. മുസ്ലീംരാഷ്ട്രവാദം ശക്തിപ്പെട്ടു. ഒടുവിൽ ദേശീയതയെ സംബന്ധിച്ചു പ്രാങ് മുതലാളിത്ത ചിന്താഗതിക്കുമുന്നിൽ കീഴടങ്ങിക്കൊണ്ടാണ് ഇന്ത്യൻ ബൂർഷ്വാസി ബ്രിട്ടീഷുകാരിൽ നിന്ന് അധികാരം ഏററുവാങ്ങിയത്.

## ദേശീയപ്രശ്നം സ്വതന്ത്രഭാരതത്തിൽ

ബ്രിട്ടീഷുകാരുടെ വാദങ്ങൾ ഖണ്ഡിച്ചുകൊണ്ട് ഇന്ത്യ ഒരൊററ ദേശിയത ആണെന്നവാദം കോൺഗ്രസ് ഉന്നയിച്ചു എങ്കിലും, ഇന്ത്യയിലെ വിവിധ ദേശീയ വിഭാഗങ്ങളുടെ ഭാഷാപരവും സാംസ്കാരികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദങ്ങൾ കോൺഗ്രസിനകത്തുനിന്നുതന്നെ ഉയർന്നു വന്നിരുന്നു. 1928—നും 1947—നും ഇടയ്ക്ക് ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന മുദ്രാവാക്യം നാലുതവണ ഔദ്യോഗികമായിത്തന്നെ കോൺഗ്രസ് ഉയർത്തുകയുണ്ടായി.

1928—ലെ നെഹ്റു കമ്മിററിയും, 1937 ഒക്ടോബറിൽ കൽക്കട്ടയിൽ ചേർന്ന ഏ. ഐ. സി. സിയും, 1938—ൽ വാർദ്ധയിൽ ചേർന്ന കോൺഗ്രസ് വർക്കിംഗ് കമ്മിററിയും, 1945—46 കാലത്തെ തെരഞ്ഞെടുപ്പ് മാനിഫസ്റേറായും ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന് ശക്തിയായി ആവശ്യപ്പെട്ടു.

എന്നാൽ സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ ദേശീയജനവിഭാഗങ്ങളുടെ സ്വതന്ത്രമായ വളർച്ചയ്ക്ക് അനുപേക്ഷണീയമായ ഭാഷാ സംസ്ഥാന

രൂപീകരണത്തെ കോൺഗ്രസ് സർക്കാർ പാടെ അവഗണിക്കുകയുണ്ടായി. 1948–ൽ നിയോഗിക്കപ്പെട്ട ധാർ കമ്മീഷൻ ഭാഷാ സംസ്ഥാന രൂപീകരണം ഒരത്യാവശ്യമല്ലെന്ന റിപ്പോർട്ടാണ് സമർപ്പിച്ചത്. ഇത് കോൺഗ്രസിന്നകത്തും പുറത്തും വലിയ പ്രതിഷേധത്തിന്നിടയാക്കി. അതിൻെറ ഫലമായി ജയ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനം ഈ പ്രശ്നത്തെക്കുറിച്ച് വിശദമായി പഠിക്കാൻ മൂന്ന് ഉന്നത നേതാക്കളെത്തന്നെ നിയോഗിച്ചു. ജവഹർലാൽ നെഹ്റു, വല്ലഭായ് പട്ടേൽ, പട്ടാഭി സീതാരാമയ്യ എന്നിവരടങ്ങിയ ഈ കമ്മിററി J. V. P. കമ്മിററി എന്ന പേരിലാണ് അറിയപ്പെട്ടത്. അന്ന് സജീവമായിരുന്ന ആന്ധ്രാ സംസ്ഥാന രൂപീകരണത്തെ കമ്മിററി അനുകൂലിച്ചെങ്കിലും, ഭാഷാ സംസ്ഥാന രൂപീകരണവാദത്തെ പൂർണ്ണമായും അംഗീകരിക്കാൻ കമ്മിററി തയ്യാറായില്ല. ഭാഷാ സംസ്ഥാന രൂപീകരണത്തിനുവേണ്ടി ആന്ധ്രയിലും, കേരളത്തിലും, മഹാരാഷ്ട്രയിലും ശക്തിയായ ജനകീയ പ്രക്ഷോഭങ്ങൾ തന്നെ ഉയർന്നുവരേണ്ടിവന്നു. ദേശീയ ബോധത്തിനു പകരം പ്രദേശിക സങ്കുചിതവാദം വളരും എന്ന ധാർ കമ്മീഷൻെറ വരട്ടുവാദത്തെ ഫലത്തിൽ വെള്ളപൂശുകയാണ് J. V. P. കമ്മിററി ചെയ്തത്.

ആയിരത്തിത്തൊള്ളായിരത്തി അൻപത്തി ആറിൽ രൂപീകരിക്കപ്പെട്ട സംസ്ഥാന പുനരേകീകരണ കമ്മിഷൻ ഈ പ്രശ്നത്തെക്കുറിച്ച് വിശദമായി പഠിക്കുകയുണ്ടായി. പക്ഷേ റിപ്പോർട്ട് പുറത്തുവന്നശേഷവും പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടില്ല. ബോംബെ നഗരത്തെ 5 വർഷക്കാലത്തേക്ക് കേന്ദ്രഭരണത്തിൻ കീഴിൽ കൊണ്ടുവരണമെന്ന നിർദേശം മറാഠി ജനവിഭാഗത്തിൻെറ ഇടയിൽ വമ്പിച്ച പ്രതിഷേധമുയർത്തി. മഹാരാഷ്ട്രാ കോൺഗ്രസ് കമ്മററിക്കും ഈ നിർദ്ദേശം സ്വീകാര്യമായിരുന്നില്ല. പാർസി, ഗുജറാത്തി, മാർവാടി കുത്തകക്കാരുടെ താൽപര്യം മാത്രമായിരുന്നു ഭാഷാ സംസ്ഥാനമെന്ന ജനകീയാഭിലാഷത്തെ മാനിക്കാതെയുള്ള ഇത്തരം നടപടികൾക്ക് അടിസ്ഥാനം.

ഗുജറാത്തും മഹാരാഷ്ട്രയും തമ്മിലും തമിഴ്നാടും ആന്ധ്രയും തമ്മിലും ബീഹാറും പശ്ചിമ ബംഗാളും തമ്മിലും ആസ്സാമിനകത്തും ദേശീയ ജനവിഭാഗങ്ങളുടെ പ്രതിഷേധത്തിനിടയാക്കുന്ന നടപടികളുണ്ടായി. ആന്ധ്രയിലെ കോൺഗ്രസ് നേതാവായിരുന്ന ശ്രീ. പ്രകാശം മദ്രാസ് പട്ടണത്തെ ആന്ധ്രാ പ്രദേശിൽ ഉൾപ്പെടുത്തണമെന്നുപോലും വാദിച്ചു.

**മലക്കം മറിച്ചിൽ എന്തുകൊണ്ട്:-**

സ്വാതന്ത്ര്യ സമരകാലത്ത് ദേശീയ ജനവിഭാഗങ്ങളുടെ സ്വയം

വികാസത്തെ ഔദ്യോഗികമായിത്തന്നെ അംഗീകരിച്ച കോൺഗ്രസ് എന്തു കൊണ്ടാണ് അൻപതുകളിൽ മുടന്തൻ ന്യായങ്ങളുന്നയിച്ചു കൊണ്ട് ഭാഷാ സംസ്ഥാന രൂപീകരണത്തെ എതിർത്തത് എന്നു മനസ്സിലാക്കാൻ കോൺഗ്രസിന്റെ വർഗസ്വഭാവം എങ്ങനെ വ്യത്യാസപ്പെട്ടു എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ദേശീയതകളുടെ (രാഷ്ട്രങ്ങളുടെ) സ്വയം നിർണയ അവകാശത്തെക്കുറിച്ചുള്ള ലെനിന്റെ പ്രസിദ്ധമായ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ബൂർഷ്വാ ദേശീയ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ രണ്ടു വ്യത്യസ്ത കാലഘട്ടങ്ങൾ കാണാൻ കഴിയും. ഒന്ന്, ബൂർഷ്വാസി നയിക്കുന്ന ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്കു കർഷകർ, ഇടത്തരക്കാർ, മററു ജനവിഭാഗങ്ങൾ എന്നിവരെ ആകർഷിച്ച് അണിനിരത്തുന്ന ആദ്യഘട്ടം. രണ്ട്, എല്ലാ ബൂർഷ്വാ ദേശീയ ബഹുജന മുന്നേററങ്ങളും കെട്ടടങ്ങുകയും, പരസ്പരവ്യാപാരങ്ങളിലൂടെ ഒന്നിച്ചു ചേരുന്ന ദേശീയ ജനവിഭാഗങ്ങൾക്കിടയിൽ ബഹുദേശീയ മൂലധനവും, ബഹുദേശീയമായി സംഘടിക്കുന്ന തൊഴിലാളിവർഗ പ്രസ്ഥാനവും തമ്മിലുള്ള വൈരുധ്യം വർധിക്കുകയും ചെയ്യുന്ന കാലഘട്ടം. ഈ കാലഘട്ടങ്ങൾ ഒരു പ്രത്യേക ദിവസം ആരംഭിക്കുന്നതോ, അവസാനിക്കുന്നതോ അല്ലെന്ന് ലെനിൽ വ്യക്തമാക്കിയിട്ടുണ്ട്. (Selection from V.I.Lenin and Stain; On National Colonial Questions-Peoples Publishing House, Calcuta, page. 16). ലെനിന്റെ ഈ പരാമർശത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ ദേശീയ ജനവിഭാഗങ്ങളോടുള്ള കോൺഗ്രസിന്റെ സമീപനത്തിൽ വന്ന മാററത്തിന്റെ കാരണം വ്യക്തമാകും,

കോൺഗ്രസ് ഇത്തരത്തിലൊരു മലക്കം മറിച്ചിൽ നടത്തിയെങ്കിലും സ്വാതന്ത്ര്യ സമരകാലത്ത് കോൺഗ്രസ് തന്നെ ഉയർത്തിയ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നു വന്നതിന്റെ ഫലമായി ദേശീയ ജനവിഭാഗങ്ങളുടെ ഏററവും അടിയന്തിരമായ ആവശ്യം— ഭാഷാ സംസ്ഥാന രൂപീകരണം—സർക്കാറിന് അംഗീകരിക്കേണ്ടതായി വന്നു.

## യുദ്ധംകൊണ്ടുണ്ടായ നേട്ടം

ദേശീയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളും യൂനിയൻ സർക്കാറിന്റെ നയങ്ങളും- തമ്മിലുള്ള വൈരുധ്യം ആത്യന്തികമായി കെട്ടടങ്ങിയില്ലെങ്കിലും അറുപതുകളുടെ ആദ്യപകുതിയിൽ നടന്ന യുദ്ധങ്ങളുടെ ഫലമായി ദേശീയ രംഗത്ത് വീണ്ടും വിശാല ദേശീയ മുദ്രാവാക്യങ്ങൾ ഉയർന്നുവന്നു. ചൈനക്കെതിരായും പാകിസ്താനതിരായും

നടന്ന യുദ്ധങ്ങളുടെ മറപിടിച്ചുകൊണ്ട് ഇന്ത്യയിലെ ദേശീയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ അവഗണിക്കാൻ തന്നെ കോൺഗ്രസ് തയ്യാറായി. ജാതി പ്രശ്നത്തെക്കുറിച്ചും ദേശീയ ഉദ്ഗ്രഥനത്തെക്കുറിച്ചും പഠിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന കമ്മിഷനുകൾ "യുദ്ധത്തിന്റെ സാഹചര്യത്തിൽ ഇനി ഇതൊന്നും ഒരു പ്രശ്നമല്ല" എന്ന ഔദ്യോഗിക പ്രഖ്യാപനത്തോടെ സ്വയം പിരിഞ്ഞുപോവുകയാണുണ്ടായത്. എന്നാൽ ഈ സമയത്തുതന്നെ ഹിന്ദി അടിച്ചേൽപിക്കാനുള്ള ശ്രമവും അതിനെതിരായ ശക്തമായ ചെറുത്തുനിൽപ്പും ഭാഷാ പ്രശ്നത്തെ ഒരു സജീവ ചർച്ചാവിഷയമാക്കി.

ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തിനുശേഷം ഇന്ത്യയിലെ ദേശീയ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ അധികവും സംസ്ഥാന പ്രശ്നങ്ങൾ എന്ന രീതിയിലാണ് കൈകാര്യം ചെയ്യപ്പെട്ടത്. കോൺഗ്രസാകട്ടെ കേന്ദ്രീകരണ സ്വഭാവമുള്ള ഇന്ത്യൻ ഭരണഘടനയുടെ വകുപ്പുകളുപയോഗിച്ചുകൊണ്ട് കോൺഗ്രസിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി സംസ്ഥാനങ്ങളിലെ ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരുകളെ പിരിച്ചുവിടാൻപോലും തയ്യാറായി. നമ്മുടെ സംസ്ഥാനത്തുതന്നെ 59–ലും 65–ലും ( സർക്കാർ രൂപീകരിക്കാൻപോലും പ്രധാന രാഷ്ട്രീയകക്ഷിയെ ക്ഷണിച്ചില്ല) ഇത്തരത്തിലുള്ള നടപടികളുണ്ടായി.

## അറുപത്താൻപതിലെ കോൺഗ്രസ്സ് പ്രതിസന്ധിക്കുശേഷം

67 ലെ തെരഞ്ഞെടുപ്പിൽ ഒൻപത് സംസ്ഥാനങ്ങളിൽ കോൺഗ്രസ് അധികാരത്തിൽ നിന്നും പുറത്തായി. ഇതിനെ തുടർന്ന് സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം എന്ന മുദ്രാവാക്യം കൂടുതൽ ശക്തമായിഉന്നയിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ കോൺഗ്രസിനകത്തുണ്ടായ പ്രതിസന്ധി ആ പാർട്ടിയെ രണ്ടായി പിളർത്തി. നിലനില്പിനുവേണ്ടി പുരോഗമനങ്ങളുടെ മുഖം മൂടിയുമായി രംഗത്തുവന്ന ഇന്ദിരാകോൺഗ്രസ് സ്വന്തം സംഘടനക്കകത്ത് എല്ലാ ജനാധിപത്യ സംവിധാനങ്ങളും കാററിൽ പറത്തിക്കളഞ്ഞു. പ്രധാനമന്ത്രിയുടെ പ്രൈവററ് സെക്രട്ടറി പോലുള്ള കോൺഗ്രസ് പ്രസിഡൻറ്മാരും പേഴ്സനൽ സ്ററാഫിനോടുപമിക്കാവുന്ന കോൺഗ്രസ് വർക്കിംഗ് കമ്മററിയും ഇന്ത്യൻ കുത്തക ബൂർഷ്വാ ഭരണകൂടത്തിന്റെ എക്സിക്യൂട്ടീവിനെ സംബന്ധിച്ചിടത്തോളം ഒരു തരം രാഷ്ട്രീയ ലെഫ്ററനൻറ്മാർ മാത്രമായിരുന്നു.

ഒരു ബഹുദേശീയ ജനവിഭാഗത്തെ ഉൾക്കൊള്ളുന്ന രാജ്യത്തിന്റെ ഭരണാധികാരം കയ്യാളുന്ന രാഷ്ട്രീയ പാർട്ടിതന്നെ അതിന്റെ സംഘടനയിൽ വിവിധ ഘടകങ്ങൾക്കുള്ള അവകാശം നഷ്ടപ്പെടുത്തുകയും എല്ലാ അധികാരങ്ങളും ഒരു കുടുംബത്തിലേക്കും വ്യക്തിയിലേക്കും കേന്ദ്രീകരിക്കുകയും ചെയ്യുന്നത് അത്യന്തം അപകടകരമായ ഒരു പ്രവണതയാണു. ഇന്ത്യയെപ്പോലെ ബഹുദേശീയ സ്വഭാവമുള്ള സോവിയററ് യൂണിയന്റെ ഭരണകക്ഷി (CPSU) അതിന്റെ സ്വന്തം സംഘടനയിൽ ദേശീയ ജനവിഭാഗങ്ങൾക്ക് നല്കിയിരിക്കുന്ന ഗൗരവപരമായ പരിഗണനയുമായി തട്ടിച്ച് നോക്കുമ്പോഴെ കോൺഗ്രസിന്റെ അധഃപതനത്തിന്റെ ആഴം മനസിലാകൂ. ഈ കേന്ദ്രീകരണ പ്രക്രിയയുടെ മൂർധന്യമായിരുന്നു അടിയന്തിരാവസ്ഥ.

ഇൻഡ്യൻ ഭരണകക്ഷി സ്വന്തം പാർട്ടിയിലെയും ജനങ്ങളിലെയും ജനാധിപത്യം പടിപടിയായി കവർന്നെടുത്തു കൊണ്ടിരുന്നുവെങ്കിലും ലെനിൻ ശരിയായി ചൂണ്ടിക്കാണിച്ചതുപോലെ ബഹുദേശീയ മൂലധനത്തിനും അതിന്റെ പിന്തുണയുള്ള ഭരണകൂടത്തിനുമെതിരെ ബഹുദേശീയമായി സംഘടിപ്പിക്കപ്പെട്ട തൊഴിലാളികൾ ഇൻഡ്യയെ മ്പാടും വമ്പിച്ച ചെറുത്തുനില്പുകൾ നടത്തി. അറുപത്തിഒൻപതിലെ കമ്പിതപാൽ പണിമുടക്കും എഴുപത്തിനാലിലെ റെയിൽവേ പണിമുടക്കും ഇൻഡ്യയിലെ തൊഴിലാളി വർഗത്തിന്റെ ബഹുദേശീയ വർഗ ഐക്യം വിളിച്ചോതുന്നതായിരുന്നു.

## അടിയന്തിരാവസ്ഥയ്ക്കുശേഷം

അടിയന്തിരാവസ്ഥയ്ക്കുശേഷം ദേശീയ രംഗത്ത് വീണ്ടും നിരവധി പ്രശ്നങ്ങൾ ഉയർന്നുവരികയുണ്ടായി. ബംഗാളിൽ അധികാരത്തിൽ വന്ന ഇടതുപക്ഷസർക്കാർ, യൂണിയൻ—സംസ്ഥാന ബന്ധങ്ങളെ കുറിച്ച് ഫെഡറലിസത്തിന്റെ അടിസ്ഥാനത്തിൽ ഒരു ബദൽ നിർദേശംതന്നെ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനങ്ങളുടെ സാമ്പത്തികവും, രാഷ്ട്രീയവും, വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ സജീവചർച്ചയ്ക്ക് വിധേയമായി.

എന്നാൽ അതേ സമയം പുത്തൻ കേന്ദ്രഭരണക്കാരുടെ വർഗപരമായ ഉള്ളടക്കം ദേശീയ പ്രശ്നത്തെക്കുറിച്ചുള്ള അവരുടെ നിലപാടുകളിലും പ്രതിഫലിച്ചു. ഇന്ത്യൻ ദേശീയതയെ സംബന്ധിച്ച വികൃതധാരണകളുടെ അടിസ്ഥാനത്തിൽ ഗോവധ നിരോധനം ഏർപ്പെടുത്തണമെന്ന ആവശ്യം ഉന്നയിക്കപ്പെടുക മാത്രമല്ല സജീവമായി പരിഗണിക്കപ്പെടുകപോലുമുണ്ടായി. ഒരു ജനതാ പാർട്ടി അംഗം ലോകസഭയിൽ അവതരിപ്പിച്ച മതപരിവർത്തന ബിൽ (ത്യാഗി) ന്യൂനപക്ഷങ്ങളെ

വൃണപ്പെടുത്തുന്നതായിരുന്നു. ഇതോടൊപ്പം തന്നെ ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള ശ്രമവും പുനരാരംഭിച്ചു.

അന്നകക്ഷി ഇത്തരം നടപടികൾ ഒരു ഭാഗത്താരംഭിച്ച സാഹചര്യത്തിൽ തന്നെ ആസാമിൽ സങ്കുചിത ദേശീയ വാദക്കാർ ഇതര ദേശീയജന വിഭാഗങ്ങൾക്കെതിരായി സമരരംഗത്തു വന്നു. ആസാമിൽ അന്നതിന് ഇന്ദിരാകോൺഗ്രസിന്റെ ആശീർവാദവും ഉണ്ടായിരുന്നു.

വർത്തമാനകാലഘട്ടത്തിൽ ഇൻഡ്യൻ ദേശീയ രംഗത്തെ ഏററവും ഗുരുതരമായ പ്രശ്നമായി സങ്കുചിത വിഘടനവാദ പ്രസ്ഥാനങ്ങൾ വളർന്ന് കഴിഞ്ഞിരിക്കുകയാണ്.

ആസാമിലെ പ്രശ്നം ബംഗാളികൾക്കും, നുഴഞ്ഞു കയററക്കാർക്കും എതിരായിട്ടാണ് ആരംഭിച്ചത്. എന്നാൽ ഒടുവിലത് R.S.S ന്റെ അസൂത്രിത അക്രമ പരിപാടിയുടെ ഭാഗമായിത്തീർന്നു.

പഞ്ചാബിൽ അകാലികൾ ഉയർത്തുന്ന മുദ്രാവാക്യങ്ങളിലും സംസ്ഥാനാന്തര ബന്ധത്തെക്കുറിച്ചും യൂണിയൻ-സംസ്ഥാന ബന്ധത്തെക്കുറിച്ചുമെല്ലാമുള്ള മുദ്രാവാക്യങ്ങൾ അടങ്ങിയിട്ടുണ്ട്. ചന്ഡിഗഢിന്റെ പ്രശ്നമായാലും അതിർത്തി ജില്ലകളിലെ വില്ലേജുകൾ ഏതു സംസ്ഥാനത്തിൽ പെടണമെന്ന പ്രശ്നമായാലും ജനാധിപത്യവാദികൾക്ക് യോജിക്കാവുന്നവയാണ്. പക്ഷെ സിക്കുകാർക്കിടയിലെ ഖാലിസ്ഥാൻ വാദക്കാരും, തീവ്രവാദികളും ഒരു പ്രത്യേക രാഷ്ട്രം വേണമെന്ന മുദ്രാവാക്യം ഉയർത്തുന്നവരാണ്. കേന്ദ്ര സർക്കാരാവട്ടെ പ്രശ്നം രമ്യമായി പരിഹരിക്കാതെ സിക്ക് തീവ്രവാദികളുടെ കളിക്കളമാക്കി പഞ്ചാബിനെ മാററിയിരിക്കുകയാണ്. 47 കാലത്ത് വർഗീയ കലാപത്തിന്റെ കയ്പുനീർകുടിച്ച പഞ്ചാബ് വീണ്ടും വർഗീയവാദക്കാരുടെ പിടിയിൽ അമരുകയാണ്.

കാശ്മീർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജമാ അത്തെ ഇസ്ലാമി ഇസ്ലാമിക ദേശീയതയുടെ മുദ്രവാക്യങ്ങൾ ഉയർത്തുമ്പോൾ വടക്ക് കിഴക്കൻ പ്രദേശത്ത് സി. ഐ. എ.യുടെ പിൻബലത്തോടെ മെത്തോഡിസ്ററ് സഭക്കാർക്ക് സ്വാധീനമുള്ള ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽ കിഴക്കൻ മലമുകളിൽ ഒരു ക്രിസ്ത്യൻ രാഷ്ട്രം എന്ന മുദ്രാവാക്യവും പ്രത്യക്ഷപ്പെടുന്നുണ്ട്.

മേൽവിവരിച്ച ദേശീയ രാഷ്ട്രീയ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ മുഖ്യമായി രണ്ട് വിഭാഗങ്ങളാണ് ദേശീയപ്രശ്നത്തെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിക്കുന്നത് എന്ന് കാണുവാൻ കഴിയും.

1. ഇൻഡ്യൻകുത്തകമൂലധനക്കാരുടെ താല്പര്യസംരക്ഷണാർഥം കഴിയാവുന്ന എല്ലാ മേഖലകളിലും പ്രത്യേകിച്ചും രാഷ്ട്രീയ സാമ്പത്തികരംഗത്ത് കേന്ദ്രീകരണപ്രക്രിയകളുമായി മുന്നോട്ടു

പോകുന്ന ഇന്ദിരാകോൺഗ്രസ് ആണ് ഒന്നാമത്തെ വിഭാഗം.

സംസ്ഥാനങ്ങൾക്കകത്തോ സംസ്ഥാനാന്തരമായോ വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള ഭിന്നിപ്പുകളും വൈരുധ്യങ്ങളും പരിഹരിക്കാതെ നിലനിർത്തി താല്ക്കാലികസങ്കുചിതരാഷ്ട്രീയതാല്പര്യത്തിനുവേണ്ടി വൈരുധ്യങ്ങളെ പ്രയോജനപ്പെടുത്തുക എന്ന അടവു കൂടി ഇന്നവർ പയററുന്നുണ്ട്.

2. പ്രാങ്മുതലാളിത്തദേശീയധാരണകളുടെ അടിസ്ഥാനത്തിൽ മതം, ജാതി പോലുള്ള ചേരിതിരിവുകളെ, ജനങ്ങളെ തമ്മിലടിപ്പിക്കാനുള്ള ആയുധമാക്കുന്നവരാണ് രണ്ടാമത്തെ കൂട്ടർ. ഇവരുമായി പരസ്യമായി കൂട്ടുകൂടാനും ഇവരുന്നയിക്കുന്നതിലും "മെച്ചപ്പെട്ട" വർഗീയത പരത്തുന്നതിലും, ഇന്ദിരാകോൺഗ്രസിന് യാതൊരു മടിയുമില്ല.

(A) ഭൂരിപക്ഷ ഹൈന്ദവവാദക്കാർക്ക് ഇൻഡ്യയെ ഭൂമിശാസ്ത്രപരമായി ഭിന്നിപ്പിക്കുന്നതിൽ താല്പര്യമില്ലാ. മറിച്ച് പാക്കിസ്താനും, ബംഗ്ളാദേശും, നേപ്പാളും, ബർമ്മയും ഉൾപ്പെട്ടതാണ് ഇവരുടെ "അഖണ്ഡ"ഭാരതം. ചുരുക്കത്തിൽ എല്ലാ വേറിട്ട് പോകൽവാദത്തിനും (Secessionism) ഇവർ എതിരാണ്. കൂട്ടിചേർക്കലിലാണ് (Annexationism, Expansionism) ഇവർക്ക് താല്പര്യം (ഇവിടെ ഒരു കാര്യം ഓർക്കുന്നത് രസകരമാണ് "ഹൈന്ദവദേശീയത"യെ മാത്രം ഉൾക്കൊള്ളുന്ന ഹൈന്ദവരാഷ്ട്രമായ നേപ്പാളിന്റെ സ്ഥിതി എന്താണെന്ന് ഇവർ പ്രചരിപ്പിക്കാറില്ല. ലോകത്തിലെ ഏററവും ദരിദ്രമായ രാജ്യങ്ങളിൽ ഒന്നാണ് നേപ്പാൾ.)

(B) ഇന്ത്യയിലെ ഭൂരിപക്ഷ ഹൈന്ദവവാദക്കാർ "അഖണ്ഡ" വാദം ഉന്നയിക്കുമ്പോൾ പ്രാദേശികതത്വത്തിന്റെ പേരിലും മതത്തിന്റെ പേരിലും വിഘടനവാദം ഉയർത്തുന്ന മറെറാരു വിഭാഗം കൂടിയുണ്ട്. ആസാമിൽ നേരത്തെ ചൂണ്ടികാണിച്ചതുപോലെ ആർ. എസ്. എസിന്റെ പിൻബലത്തോടെയാണ് പ്രാദേശികവാദവും കുത്തിപ്പൊക്കുന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്.

സിക്ക് മതക്കാരുടെ ഖാലിസ്ഥാൻവാദമാണ് ഇന്ന് ഏററവും മുഖ്യമായ വിഘടനവാദ പ്രശ്നം. തമിഴ്നാട്ടിൽനിന്നുണ്ടായ വിഘടനവാദ വെല്ലുവിളി കെട്ടടങ്ങിയെന്നു തോന്നിയെങ്കിലും ശ്രീലങ്കയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി ചില തമിഴ് നേതാക്കൻമാർ നടത്തിയ പരാമർശങ്ങൾ ആശങ്ക ഉളവാക്കുന്നവയാണ്. കാശ്മീരിലെ ജമാഅത്തുകാർ ഇന്ത്യയുമായി തങ്ങൾക്കൊരു ബന്ധവുമില്ലെന്ന അഭിപ്രായക്കാരാണ്.

ഈ സാഹചര്യത്തിൽ ഇന്ത്യൻ ദേശീയപ്രശ്നം ഏതു തരത്തിലാണ് പരിഹരിക്കപ്പെടേണ്ടതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ബഹുദേശീയ രാജ്യമായ ഇന്ത്യയിലെ ദേശീയപ്രശ്നം ഒരു ദേശീയത മററ് ദേശീയതകളെ കീഴടക്കുന്നു എന്നതല്ല. അത്തരം ഒരു ദേശീയതയെയും നമുക്ക് ഇന്നത്തെ സാഹചര്യത്തിൽ കാണാൻ സാധ്യമല്ല. ഹിന്ദി അടിച്ചേൽപ്പിക്കൽപോലുള്ള പ്രശ്നങ്ങളിൽ ദേശീയ മർദനത്തിൻെറ ലാഞ്ചന കാണാൻ സാധിക്കുമെങ്കിലും വിപ്ലവപൂർവ്വ റഷ്യൻ സാമ്രാജ്യത്തിലുണ്ടായിരുന്നതു പോലുള്ള ദേശീയ മർദനം നമ്മുടെ രാജ്യത്തുണ്ടെന്ന് പറയാൻ വയ്യ. അതുകൊണ്ടുതന്നെ ഒരു പ്രത്യേക ദേശീയതയുടെ മർദനത്തിൽ നിന്ന് മോചനം ലഭിക്കുന്നതിന് ഇതര ദേശീയതകൾ വേറിട്ടുപോവുകയാണ് വേണ്ടതെന്നു വാദിക്കുന്നത് അസംബന്ധമാണ്. ഇന്ത്യൻ കുത്തക ബൂർഷ്വാസിതന്നെ ഇന്ന് ശരിക്കും ബഹുദേശീയമായ ഒന്നായിത്തീർന്നു കഴിഞ്ഞിട്ടുണ്ട്. ദേശീയ പ്രശ്നങ്ങളെ മറെറല്ലാ പ്രശ്നങ്ങളുമെന്നപോലെ കേവലമായി പരിശോധിക്കാൻ സാധ്യമല്ല. ഇന്നത്തെ ലോകരാഷ്ട്രീയ സാഹചര്യത്തിൽ ഇന്ത്യയിലെ വിവിധ ദേശീയതകൾ വേറിട്ടുപോകുന്നത് സാമ്രാജ്യത്വശക്തികളെ ആയിരിക്കും സഹായിക്കുക എന്നത് തർക്കമററ സംഗതിയാണ്. '47–ൽ രൂപീകരിക്കപ്പെട്ട പാകിസ്താൻ ഇന്ന് ഏഷ്യയിലെ സാമ്രാജ്യത്വത്തിൻെറ കൈക്കോടാലിയാണ്. ബംഗ്ലാദേശിൽ ജനാധിപത്യ ശക്തികൾക്ക് താൽക്കാലികമായി വിജയം ഉണ്ടായി എങ്കിലും ഇന്നും പട്ടാള ഭരണത്തിൻെറ കീഴിൽ അവിഭക്ത ഇന്ത്യയിലെ ദേശീയ രാഷ്ട്രീയരംഗത്ത് തിളങ്ങിനിന്ന ബംഗാളികൾ ഞെരിച്ചമർത്തപ്പെടുകയാണ്.

ലെനിൻ ചൂണ്ടിക്കാണിച്ചപോലെ തൊഴിലാളിവർഗം ഏററവും വലിയ ദേശീയ ഐക്യമാണ് ഇഷ്ടപ്പെടുന്നത്. എന്നാൽ വിവിധ ദേശീയതകൾക്ക് സ്വതന്ത്രമായ വളർച്ചക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെടുകയും വേണം.

അതുകൊണ്ട് ഇന്ത്യയിലെ വിവിധ ദേശീയതകളെ അംഗീകരിച്ചുകൊണ്ടും, ജാതിമത ദേശീയ വാദത്തെ തള്ളിക്കളഞ്ഞുകൊണ്ടും, ഇന്നത്തെ സാഹചര്യത്തിൽ സാമ്രാജ്യത്വനുഴഞ്ഞുകയററത്തിനും, അടിമത്തത്തിനും മാത്രം ഉപകരിക്കുന്ന വിഘടന വാദക്കാരെ എതിർത്ത് തോൽപ്പിച്ചുകൊണ്ടും മാത്രമേ ഇന്ത്യയിലെ വിവിധ ദേശീയ ജനവിഭാഗങ്ങൾക്ക് വളർന്നു വികസിക്കാൻ സാധിക്കൂ.

ഈ വളർച്ച ഉണ്ടാകുന്നില്ലെങ്കിൽ ഇൻഡ്യൻ ജനതയുടെ വിശാല ഇൻഡ്യൻതാൽപര്യങ്ങളും (Pan Indian) സംരക്ഷിക്കപ്പെടുവാൻ പോകുന്നില്ല. പരസ്പരം കടിച്ചുകീറുന്ന കുറെ ജനവിഭാഗങ്ങളുടെ താവളമായി നമ്മുടെ രാജ്യം അധഃപതിക്കും. ഈ കാഴ്ചപ്പാടോടുകൂടി നമ്മുടെ നാടിൻെറ വിശാലദേശീയതാല്പര്യം സംരക്ഷിക്കുന്നതിനും വിവിധദേശീയജനവിഭാഗങ്ങൾക്ക് സ്വയം വളരുന്നതിനും ശാസ്

ത്രീയമായ ദേശീയകാഴ്ചപ്പാടോടുകൂടിയ ബഹുദേശീയജനകീയപ്രസ്ഥാനങ്ങൾ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

ബഹുദേശീയമായി സംഘടിപ്പിക്കപ്പെടുന്ന തൊഴിലാളികൾ, കൃഷിക്കാർ, യുവാക്കൾ, വിദ്യാർഥികൾ, സ്ത്രീകളുടെ പ്രത്യേക അവകാശങ്ങൾക്കുവേണ്ടി പൊരുതുന്ന പ്രസ്ഥാനങ്ങൾ എന്നിവയുടെ വളർച്ചയും ഈ അടുത്ത കാലത്തായി വർധിച്ചുവരുന്ന യോജിപ്പും ഭാവിയെക്കുറിച്ച് നമുക്ക് പ്രതീക്ഷ നല്കുന്നുണ്ട്.

## ഫെഡറൽസംവിധാനം ഏകപോംവഴി

ഇൻഡ്യയിലെ വിവിധദേശീയജനവിഭാഗങ്ങളുടെ വികാസത്തിന് നിർദ്ദേശിക്കപ്പെടാവുന്നത് ഫെഡറൽ സംവിധാനം മാത്രമാണ്.

എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ സ്വതവേ യൂണിററിസ്വഭാവമുള്ള ഇൻഡ്യൻ ഭരണഘടനയിലെ അവശേഷിക്കുന്ന ഫെഡറൽ ഉള്ളടക്കം പോലും നശിപ്പിക്കുന്ന രീതിയിലാണ് ഇൻഡ്യൻ ഭരണാധികാരികൾ മുന്നോട്ടുപോകുന്നത്. ഇത് ഇൻഡ്യയിലെ ദേശീയപ്രശ്നത്തെ കൂടുതൽ വഷളാക്കും. ആസ്സാമിലും, പഞ്ചാബിലുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഇനിയും ഭരണാധികാരികൾക്ക് സാധിച്ചിട്ടില്ല. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കൂടുതൽ കൂടുതൽ കവർന്നെടുക്കാനും, കൂടുതൽ വിഷയങ്ങൾ കേന്ദ്രത്തിൻെറ പരിധിയിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾക്ക് ശക്തി കൂടിവരികയാണ്. ഇതിൻെറ വിശദാംശങ്ങൾ പരിശോധിക്കുകയെന്നത് ഈ പ്രബന്ധത്തിൻെറ ഉദ്ദേശ്യമല്ല.

ഇൻഡ്യൻ രാഷ്ട്രീയഘടനക്ക് സംഭവിക്കാവുന്ന ഗുരുതരമായ ഭവിഷ്യത്തിൽനിന്ന് രാജ്യത്തെ ജനങ്ങളെ രക്ഷപ്പെടുത്തുന്നതിനും യഥാർഥ ഫെഡറൽ സംവിധാനം ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള സമരം ഇന്ത്യൻ ദേശീയപ്രശ്നം പരിഹരിക്കുന്നതിനുള്ള സമരത്തിൻെറ ഭാഗമാണ്.

# കേന്ദ്രസംസ്ഥാനബന്ധം

ഡോ: സി. കെ. കരീം

ഭരണഘടന നിലവിൽവന്ന കാലംമുതൽക്ക് ഇന്ത്യൻ യൂണിയനും സംസ്ഥാനഘടകങ്ങളും തമ്മിലുള്ള ബന്ധത്തെ പുരസ്ക്കരിച്ച് ഏറെ വിവാദങ്ങളും, അഭിപ്രായസംഘട്ടനങ്ങളും നിലനിന്നുപോന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ സീൽക്കാരം കേട്ടുതുടങ്ങിയ കാലത്തുതന്നെ സംസ്ഥാനങ്ങൾക്ക് സ്വയംനിർണ്ണയാവകാശം വേണമെന്ന മുദ്രാവാക്യവുമായി ഇന്ത്യയിൽ പലയിടത്തും രാഷ്ട്രീയ പാർടികൾതന്നെ ഉടലെടുത്തിരുന്നു. കേരളസോഷ്യലിസ്റ്റ് പാർടി കേരളം സ്വതന്ത്രമായ ഒരു സ്റ്റേററായിരിക്കണമെന്ന് വീറോടെ വാദിച്ചിരുന്നു. അങ്ങനെയായാൽ കേരളത്തിനും കേരളീയർക്കുമുണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ച് സൈദ്ധാന്തികമായി സ്ഥാപിക്കുവാനുള്ള വാദഗതികളും ന്യായീകരണങ്ങളും അവർ കണ്ടെത്തുകയും ചെയ്തിരുന്നു. തമിഴ്നാട്ടിൽ ദ്രാവിഡകഴകവും, മുന്നേററകഴകവും ഇതേ ആവശ്യമുന്നയിച്ചിരുന്നു. എങ്കിലും, സ്റ്റേററിന്റെ സ്വയംനിർണ്ണയാവകാശം എന്ന വാദത്തെ ഏതുവിധം അവർ ഇന്ത്യൻ ഭരണഘടനക്ക് വിധേയമാക്കി മയപ്പെടുത്തിയോ, അതേവിധംതന്നെ സ്വതന്ത്രകേരളമെന്ന ശാഠ്യം കേരളാസോഷ്യലിസ്റ്റ് പാർടിയും ഭേദഗതി ചെയ്യുകയുണ്ടായി. സർ സി പി രാമസ്വാമി അയ്യരുടെ 'സ്വതന്ത്രതിരുവിതാംകൂർ' എന്ന ആശയം പിൻതിരിപ്പൻ പ്രതിലോമതയുടെ പ്രകടമായ പര്യായമായി ഇന്ത്യയിലുടനീളം വിമർശിക്കപ്പെടുകമാത്രമല്ല, ആ ആശയം അറബിക്കടലിൽ മുക്കിക്കളയേണ്ടതാണെന്ന് ഇന്ത്യൻദേശീയത്വം വിജയകരമായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. സ്വതന്ത്രതിരുവിതാംകൂർ പ്രഖ്യാപനത്തിന്റെ അപമാനകരമായ പരാജയം, സ്വതന്ത്രകേരളം എന്ന ആശയം മുന്നോട്ടുകൊണ്ടുപോകുക എന്നത് അപമാനകരമെന്നുമാത്രമല്ല ആപൽക്കരംകൂടി ആക്കിത്തീർത്തു. എന്നാൽ ഉത്തരേന്ത്യൻ ആധിപത്യത്തെയും, മാർവാഡി, ഗുജറാത്തി മുതലാളിത്തത്തെയും തൊലിയുരിച്ച് കാട്ടുവാനും, ദക്ഷിണസംസ്ഥാനങ്ങളുടെ നേർക്ക് കേന്ദ്രത്തിലെ ഉത്തരേന്ത്യൻമുതലാളിത്തം നടത്തുന്ന ചിററമ്മനയത്തെയും ചൂഷണത്തെയും ജനതാമധ്യത്തിൽ പ്രചരിപ്പിക്കുവാനും കേരളാസോഷ്യലിസ്റ്റ്പാർടി അനവരതം ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ രാഷ്ട്രീയ സമ്മർദങ്ങളും ചേരിതിരിവുകളും കേരളത്തിന്റെ രാഷ്ട്രീയഭൂപടത്തിലുണ്ടാക്കിയ മാററം, സ്വതന്ത്രകേരളവാദം പിൻതള്ളപ്പെ

ടുവാനിടയാക്കി. പിന്നീടാരും അത്ര ഗൗരവമായി ഈ വാദഗതിയെ അംഗീകരിക്കുവാൻ തയ്യാറായതുമില്ല.

വളരെ പറയാനും പരിഭവിക്കുവാനും വകയുള്ള ഈ വിഷയം ഇവിടെ ഹ്രസ്വമായ വിവരണത്തിന് വിധേയമാക്കുന്നത് ഇന്ത്യൻഭരണഘടനയുടെ പരിമിതിക്കകത്തുതന്നെ നിന്നുകൊണ്ട് വേണമെന്ന നിർബന്ധത്തോടുകൂടിയാണ്. മറേറതൊരു രാഷ്ട്രത്തിൻെറ ഭരണഘടനയിൽനിന്നും പല പ്രത്യേകതകളും ഉൾക്കൊള്ളുന്ന ഒന്നാണ് നമ്മുടേത്. ഇത് ഒരു ഫെഡറൽ ഭരണഘടനയായിട്ടാണ് വ്യവഹരിച്ചുപോരുന്നതെങ്കിലും യൂണിററി ഭരണഘടനകളുടെ പല പ്രത്യേകതകളും ഉൾക്കൊള്ളുന്നുവെന്നതുകൊണ്ട് ഇന്ത്യൻഭരണഘടനയെ അർധഫെഡറൽ കോൺസ്ററിററ്യൂഷൻ എന്നു പറയുന്നതാകും ശരി. ഈ സവിശേഷത ഉണ്ടാക്കുവാൻ ചരിത്രപരമായ പശ്ചാത്തലം വളരെ സ്വാധീനിച്ചിട്ടുള്ളതായിക്കാണാം. ഏതൊരു ഫെഡറേഷനും രൂപവൽക്കൃതമാകുന്നത് പൊതുവായ താൽപര്യത്തെ മുൻനിർത്തി സ്വതന്ത്രങ്ങളായ രാജ്യങ്ങൾ ഒരു ഫെഡറേഷൻെറ സൃഷ്ടി നടത്തുന്നതുകൊണ്ടാണ്. ഫെഡറേഷനിൽ അങ്ങനെ സ്വമേധയാ ലയിക്കുന്ന ഘടകസംസ്ഥാനങ്ങൾ അതുവരെ തങ്ങൾ കയ്യാളിയിരുന്ന പരമാധികാരത്തിൽനിന്ന് ഒരംശം ഫെഡറൽഗവൺമെൻറിന് അടിയറവെക്കുകയാണ് ചെയ്യുന്നത്. തൻമൂലം വിദേശകാര്യം, പ്രതിരോധം, വാർത്താവിനിമയം, റെയിൽവെ തുടങ്ങിയ ചുരുക്കം വിഷയങ്ങൾ ഫെഡറൽഗവൺമെൻറിന് നൽകുകയും ബാക്കിയുള്ളവ ഘടകരാജ്യങ്ങൾ മുമ്പേതുവിധം സ്വതന്ത്രമായി കൈകാര്യം ചെയ്തിരുന്നുവോ, അതേപോലെ കൈയടക്കിവെക്കുകയെന്നതുമാണ് ഫെഡറൽ ഗവൺമെൻറുകളുടെ സ്വഭാവം. ഇതിന്നനുസൃതമായവിധം ഭരണഘടനക്ക് രൂപം നൽകുകയും ചെയ്യുന്നു.

എന്നാൽ ബ്രിട്ടീഷുകാർ അധികാരമൊഴിയുമ്പോൾ ഇവിടെ സ്വതന്ത്രരാജ്യങ്ങളോ, സംസ്ഥാനങ്ങളോ ഉണ്ടായിരുന്നില്ലെന്ന് മാത്രമല്ല, സുശക്തമായ ഒരു കേന്ദ്രഗവൺമെൻറ് കൊടികുത്തിവാഴുകയുമായിരുന്നു. ബ്രിട്ടീഷ് പ്രവിശ്യകൾക്ക് പുറമേ ചെറുതും വലുതുമായ 674 നാട്ടുരാജ്യങ്ങൾ തദ്ദേശഭരണാവകാശംമാത്രമനുഭവിച്ച് സുശക്തമായ ഒരു യൂണിററി ഗവൺമെൻറിൻെറ ശാസനകൾക്ക് വഴങ്ങി കഴിയുകയുമായിരുന്നു. എല്ലാ അധികാരങ്ങളും സ്വയം അനുഭവിച്ചുപോന്നിരുന്ന ഒരു കേന്ദ്രീകൃത ഭരണസംവിധാനമാണ് ഇവിടെ നിലനിന്നിരുന്നത്. സ്വാതന്ത്ര്യത്തിനുശേഷം നാട്ടുരാജ്യസംയോജനം നടത്തി പുതിയ സ്റേററുകൾ ഉണ്ടാക്കിയപ്പോഴും അതിന്ശേഷം ഇന്ത്യൻ ഭരണഘടന നിലവിൽ വന്നപ്പോഴും, മറേറതൊരു ഫെഡറേഷനിലുമില്ലാത്ത ഒരു വിപരീതപ്രക്രിയയാണ് ഇന്ത്യൻഭരണഘടനക്ക് അഭിമുഖീകരിക്കേണ്ടതായിവന്നത്. അധികാരമില്ലാതിരുന്ന സംസ്ഥാനങ്ങൾക്ക് അതുവരെ തങ്ങൾ അനുഭവിച്ചിരുന്ന അധികാരത്തിൽനിന്നും കുറെ വിട്ടുകൊടുക്കുക എന്ന

സ്ഥിതിയാണ് ഇന്ത്യയുടെ ഫെഡറൽഗവൺമെൻറിനുണ്ടായത്. അതുവരെ വലിയ അധികാരങ്ങളൊന്നുമില്ലാതിരുന്ന സംസ്ഥാനങ്ങൾക്ക് ഭരണഘടനാവിധേയമായി കുറെയെങ്കിലും അധികാരങ്ങൾ ലഭിച്ചു എന്ന് ചുരുക്കം. കേന്ദ്രം അധികാരവികേന്ദ്രീകരണം നടത്തുന്നില്ല എന്ന ആരോപണമുന്നയിക്കുമ്പോൾ ഇവിടെ സംജാതമായ ഫെഡറൽ ഭരണഘടനയുടെ ഈ ചരിത്രപശ്ചാത്തലം ശരിക്കും മനസ്സിലാക്കിയിരിക്കേണ്ടതായുണ്ട്.

ഈ പശ്ചാത്തലത്തിലാണ് ഫെഡറൽഭരണഘടനയുടെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നുവെങ്കിലും യൂണിററി കോൺസ്ററിററ്യൂഷൻെറ സവിശേഷതകളും നമ്മുടെ ഭരണഘടനയിൽ കടന്നുകൂടി അതിനെ അർധഫെഡറൽഭരണഘടനയാക്കി മാററിയത്. ഒരു ഫെഡറൽഭരണഘടനക്കുവേണ്ട ഘടകങ്ങളുടെ അധികാരനിർണ്ണയം നാമും നടത്തിയിട്ടുണ്ട്. കേന്ദ്രത്തിനും സ്റേററുകൾക്കും ഏതേതെല്ലാം അധികാരങ്ങൾ എന്നതിൻെറ ലിസ്ററ് നമുക്കുണ്ട്. ഇതിനെ സെൻട്രൽ ലിസ്ററ്, സ്റേററ് ലിസ്ററ്, കൺകറൻറ് ലിസ്ററ് എന്നിങ്ങനെ മൂന്ന് വ്യക്തമായ പത്രികകളിൽ പ്രകടമാക്കിയിരിക്കുന്നു. സെൻട്രൽ—സ്റേററ് ലിസ്ററുകളിൽ സെൻട്രൽഗവൺമെൻറിൻെറയും സ്റേററുഗവൺമെൻറുകളുടെയും അധികാരങ്ങളെ എണ്ണിയെണ്ണി പറയുന്നുണ്ട്. കൺകറൻറ്ലിസ്ററാകട്ടെ കേന്ദ്രത്തിനും സ്റേററിനും കൂട്ടായി അധികാരമുള്ള വിഷയങ്ങളെ സ്പഷ്ടമാക്കിയിരിക്കുന്നു. സ്റേററുകളും കേന്ദ്രവും തമ്മിലോ, സ്റേററുകൾ തമ്മിൽ തമ്മിലോ ഏതെങ്കിലും കാരണവശാൽ തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന് ഭരണഘടനാപരമായി അന്തിമതീരുമാനം ചെയ്യുവാൻ എല്ലാ ഫെഡറൽഭരണഘടനയിലും ഒരു പരമാധികാര നീതിന്യായകോടതി ഉണ്ടാകാറുള്ളതുപോലെ നമുക്കും ഈ ഫെഡറൽസവിശേഷത കാണിക്കുന്ന സുപ്രീംകോടതിയുണ്ട്. മറെറാരു ഫെഡറൽ പ്രത്യേകത സ്റേററുകളുടെ വ്യക്തമായ ആശയാഭിലാഷങ്ങൾ പ്രസ്പഷ്ടമാക്കുവാൻ പററുന്ന ഉപരിസഭ വേണമെന്നതാണ്. ഇന്ത്യൻഭരണഘടന ഈ സവിശേഷതയും നമ്മുടെ രാജ്യസഭ മുഖേന നിർവഹിക്കുന്നു. ഇതൊക്കെ ഇന്ത്യൻഭരണഘടനയെ ഒരു ഫെഡറൽ കോൺസ്ററിററ്യൂഷനായി പ്രഥമദൃഷ്ട്യാ തോന്നിപ്പിക്കുന്നവയാണ്.

എന്നാൽ മററു ഫെഡറേഷനുകളിൽ കാണാത്ത ഏകഘടനാപരമായ പ്രത്യേകതകളും നമ്മുടെ ഭരണഘടനയിലുണ്ട്. ഇന്ത്യയിലെ ഏതു സംസ്ഥാനത്ത് ജനിച്ചവനാണെങ്കിലും അയാൾ ഇന്ത്യൻപൗരനാണ്. അമേരിക്കൻ ഫെഡറേഷനിൽ ഉള്ളതുപോലെ ഫെഡറൽപൗരത്വവും സംസ്ഥാനപൗരത്വവും ഇന്ത്യയിൽ വേറെയില്ല. ഇത് ഏകഘടനാഗവൺമെൻറിൻെറ പ്രത്യേകതയിൽപ്പെടുന്നതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതുപോലെ അധികാരങ്ങൾ കേന്ദ്രസ്റേററുകളുടെ ലിസ്ററിൽപ്പെടുത്തി വേർതിരിക്കുമ്പോൾ ഉദ്ഭവി

ച്ചിട്ടില്ലാത്ത പലതും പിന്നീടുണ്ടായെന്നുവരും. അവയെ ഫെഡറൽ ഘടകങ്ങൾക്കാണ് മററെല്ലാ ഫെഡറൽഭരണഘടനകളും നൽകിയിട്ടുള്ളത്. ഇതിനെ അവശിഷ്ടഅധികാരങ്ങൾ എന്നാണ് പറയുക. നമ്മുടെ ഭരണഘടനയനുസരിച്ച് ഇത്തരം അധികാരം കേന്ദ്രത്തിലേക്ക് ലയിക്കുകയാണ് ഇവിടെ ചെയ്യുന്നത്. മററൊന്ന് വിസ്തീർണമോ, ജനസംഖ്യയോ നോക്കാതെ ഉപരിസഭയിൽ എല്ലാ ഫെഡറൽ ഘടകങ്ങൾക്കും സമാനമായ അംഗത്വമാണ് ശരിയായ ഫെഡറൽ സംവിധാനത്തിലുണ്ടായിരിക്കുക. ഉദാഹരണത്തിന് 52 സ്റേററുകളുള്ള അമേരിക്കൻഐക്യനാടുകളിൽ, അവിടത്തെ ഉപരിസഭയായ സെനററിൽ രണ്ടുപേർ വീതം 104 അംഗങ്ങളാണുള്ളത്. എന്നാൽ നമ്മുടെ രാജ്യസഭയിൽ ജനസംഖ്യാനുപാതികമായിട്ടാണ് പ്രാതിനിധ്യം നൽകിയിരിക്കുന്നത്. ഇത് ചെറിയ ചെറിയ ഫെഡറൽഘടകങ്ങളുടെ താൽപര്യത്തിന് ഹാനികരമാണ്. ഇതുപോലെതന്നെ ഫെഡറേഷനിൽനിന്നും വിട്ടുപോകുവാനുള്ള അവകാശം അംഗരാജ്യങ്ങൾക്കുണ്ട്. എന്നാൽ നമ്മുടെ ഭരണഘടന അതനുവദിക്കുന്നില്ലെന്ന വ്യത്യാസം വളരെ വലുതാണ്. കാരണം ഏകഘടനാഭരണത്തിൽ നിന്നും അധികാരവികേന്ദ്രീകരണം നടത്തി ഫെഡറൽഘടകങ്ങളെ സൃഷ്ടിക്കുകയാണ് നാം ചെയ്തത്. അല്ലാതെ സ്വതന്ത്രരാജ്യങ്ങൾ പൊതുതാൽപര്യാടിസ്ഥാനത്തിൽ ഒരു ഫെഡറേഷന് രൂപം കൊടുക്കുകയായിരുന്നില്ല, എന്നർഥം. ഇത് തന്നെയാണ് സ്റേററ് ഗവൺമെൻറുകളെ പിരിച്ചുവിട്ട് പ്രസിഡൻറിന് നേരിട്ട് ഭരണം ഏറെറടുക്കുന്നതിനും, ക്രമസമാധാനപരിപാലനത്തിൻെറയും ആഭ്യന്തര-വിദേശഭീഷണികളുടെയും പേരിലും, സാമ്പത്തികത്തകർച്ചയുടെ അടിസ്ഥാനത്തിലും അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനും ഭരണഘടന കേന്ദ്രത്തിന് അധികാരം നൽകുന്നത്. ഭരണഘടനയുടെ 352 മുതൽ 360 വരെയുള്ള പരിഛേദങ്ങൾ ഈ അധികാരങ്ങൾ കേന്ദ്രത്തിന് നൽകുന്നതാണ്.

തൻമൂലം ഫെഡറൽയൂണിററുകൾ പലപ്പോഴും പലതരത്തിലുള്ള പരാധീനതകൾക്ക് വിധേയമാകേണ്ടതായി വരുന്നു. കേന്ദ്രം ഭരിക്കുന്ന പാർടിയല്ല സ്റേററുകളിൽ അധികാരത്തിൽ വരുന്നതെങ്കിൽ കേന്ദ്രസംസ്ഥാന ബന്ധങ്ങൾ കൂടുതൽ ഉലയുന്നതായിട്ടാണ് അനുഭവം. അതുകൊണ്ടുതന്നെയാണ് ഏതെല്ലാം പ്രത്യേക പരിതഃസ്ഥിതികൾ ചൂണ്ടിക്കാണിക്കുവാനൊത്താലും, മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ ഭരണഘടനയും കേന്ദ്രഗവൺമെൻറും ശരിക്കും ഒരു ഫെഡറൽഗവൺമെൻറായി മാറണമെന്ന് ഭരണഘടനാ വിദഗ്ധൻമാർപോലും ആവശ്യപ്പെടാൻ കാരണം. മൂന്നു ദശാബ്ദത്തിലേറെക്കാലത്തെ പരീക്ഷണങ്ങളിൽനിന്നും കിട്ടിയ അനുഭവത്തിൻെറ വെളിച്ചത്തിൽ കൂടുതൽ വികേന്ദ്രീകരണമെന്ന മുദ്രാവാക്യത്തിന് പ്രസക്തി വർധിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിരോധം, വിദേശനയം, വാർത്താവിനിമയം, റയിൽവെ തുടങ്ങിയ പ്രധാനപ്പെ

ട്ടവമാത്രം കേന്ദ്രഗവൺമെൻറ് നേരിട്ട് നടത്തുകയും മററുള്ളവ ഓരോ സംസ്ഥാനങ്ങൾക്കും നൽകുകയും ചെയ്ത് ഫെഡറൽഘടകങ്ങൾക്ക് കൂടുതൽ അധികാരം നൽകുകയെന്നതാണ് ഇന്ന് പൊതുവെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. വിശാലമായ ഈ രാജ്യത്ത് പല സാമൂഹ്യഘടകങ്ങളും ഉള്ളതുകൊണ്ട് അതാത് സ്റേററുകളുടെ സാമൂഹ്യമായ പ്രത്യേകതകളെയും ആവശ്യങ്ങളെയും അഭിമുഖീകരിക്കുവാൻ സാധിക്കണമെങ്കിൽ ഫെഡറൽഘടകങ്ങൾക്ക് സാമൂഹ്യനീതി ചെയ്യുവാൻ പററുംവിധം നിയമനിർമാണം നടത്തുവാനുള്ള സ്വാതന്ത്ര്യം അഭംഗുരമുണ്ടായിരിക്കണം. സാമൂഹ്യാവശ്യങ്ങൾ ഓരോ സ്റേററിലും വ്യത്യസ്തങ്ങളാണല്ലൊ. പല ഭാഷകൾ സംസാരിക്കുകയും, പല ആചാരങ്ങൾ അനുഷ്ഠിക്കുകയും, പല സാംസ്കാരികധാരകളിലൂടെ പ്രവഹിക്കുകയും ചെയ്യുന്ന ഒരു സങ്കരസങ്കീർണമായ സമൂഹമുള്ള ഇന്ത്യയിൽ, രാജ്യത്തിൻെറ മാതൃകാത്മതക്കും ദേശീയോദ്ഗ്രഥനത്തിനും നാനാത്വത്തിൽ ഏകത്വം എന്ന സിദ്ധാന്തമാണാവശ്യം. അതുപോലെതന്നെ നമ്മുടെ വികസനപ്രവർത്തനത്തിൻെറ കാര്യത്തിലായാലും, പ്രതിശീർഷവരുമാനത്തിൻെറ തോത് നോക്കിയാലും, ഓരോ സംസ്ഥാനവും വ്യത്യസ്തമായ ചിത്രമാണ് കാണിക്കുന്നത് കഷ്മീർ മുതൽ കന്യാകുമാരിവരെയുള്ള സ്ഥലത്ത് നിവസിക്കുന്ന ജനങ്ങളെല്ലാവരുംതന്നെ ഇന്ത്യയുടെ പൗരൻമാരാണെന്ന ഐക്യബോധം, കേന്ദ്രത്തിലും കേന്ദ്രപാർലമെൻറുകളിലും ആധിപത്യം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുള്ള ഉത്തരേന്ത്യൻ ഭരണകർത്താക്കൾക്ക് ഇല്ലാതെ വന്നിട്ടുള്ളപ്പോഴൊക്കെ കേന്ദ്ര അവഗണനയെക്കുറിച്ചുള്ള ഒച്ചപ്പാട് ദക്ഷിണേന്ത്യൻ സ്റേററുകളിൽനിന്നും കേൾക്കാറുള്ളതാണ്.

കേന്ദ്രഗവൺമെൻറ് അധികാരവികേന്ദ്രീകരണമെന്ന ആശയത്തിന് ഒട്ടുംതന്നെ വിലകൽപിക്കാത്തതാണ് പരാതികൾക്കുള്ള മറെറാരു കാരണം. സൗകര്യം കിട്ടുമ്പോഴൊക്കെ സ്റേററുകളുടെ അധികാരത്തിൽ കൈകടത്തുവാനുള്ള അപലപനീയമായ വാസന വർധിച്ചുകൊണ്ടിരിക്കുന്നു. സംസ്ഥാനങ്ങൾ തമ്മിലുള്ള നദീജലതർക്കത്തിൻെറ കാര്യത്തിലായാലും ഭക്ഷ്യസംഭരണത്തിൻെറയും വിതരണത്തിൻെറയും കാര്യത്തിലായാലും, സിനിമ തുടങ്ങിയവയുടെ സംഗതിയിലായാലും, കിട്ടുന്ന സൗകര്യം വിനിയോഗിച്ച് കേന്ദ്രത്തിൻെറ അധികാരം വികസിപ്പിക്കുകയെന്ന രീതിയെങ്കിലും മാററിയേ പററൂ. സ്റേററ് ലിസ്ററിൽപ്പെട്ട വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾകൂടി കേന്ദ്രത്തിന് കിട്ടിയാൽകൊള്ളാമെന്ന സ്ഥിതിവരെ എത്തിയിട്ടുണ്ട്. ക്രമസമാധാനസംരക്ഷണത്തിൻെറ പേരിൽ സ്റേററുകളിൽ താവളമടിച്ചിട്ടുള്ള കേന്ദ്രപൊലീസിനേയൊ, പട്ടാളത്തെതന്നെയുമോ ഉപയോഗിക്കുവാനുള്ള പരമാധികാരവും, സ്റേററ് നിയമസഭകൾ അതാത് സ്റേററുകളുടെ പ്രത്യേക പരിതഃസ്ഥിതികൾക്കനുസൃതമായി നടത്തുന്ന നിയമനിർമാണപ്രക്രിയയെ

കാലവിളംബംകൊണ്ടും നിഷേധംകൊണ്ടും നേരിടുന്ന സമ്പ്രദായവും അവസാനിപ്പിക്കേണ്ടത്യാവശ്യമാണ്. കേന്ദ്രത്തെയും സ്റേററിനെയും ബന്ധിപ്പിക്കുന്ന കണ്ണിയാണല്ലോ ഓരോ സംസ്ഥാനത്തെയും ഗവർണർമാർ. തെരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭക്കും മുഖ്യമന്ത്രിക്കും മുകളിലായി അവരോധിക്കപ്പെട്ടിട്ടുള്ള ഇവർ പലപ്പോഴും കേന്ദ്രഗവൺമെൻറിൻെറ ആജ്ഞാനുവർത്തികളായിട്ടാണ് പ്രവർത്തിക്കുക പതിവ്. ജനകീയവികാരത്തെ വ്രണപ്പെടുത്തുന്ന ഇത്തരം പ്രവണതകൾ അവസാനിക്കണമെങ്കിൽ ഇന്നുള്ള സംവിധാനത്തിൽ തന്നെ മാററങ്ങൾ വരണം. അതാത് സ്റേററ്ഗവൺമെൻറുകളോടാലോചിച്ചുവേണം ഗവർണർമാരെ നിയമിക്കുവാൻ. ഏതെങ്കിലും സ്റേറയിററിൽ അവിടത്തെ മന്ത്രിസഭാതീരുമാനത്തെ മറികടക്കാൻ ശ്രമിക്കുന്ന ഗവർണരെ സംസ്ഥാനത്തുനിന്ന് നീക്കണമെന്ന് ആവശ്യപ്പെട്ടാൽ കേന്ദ്രം അതനുസരിച്ച് പ്രവർത്തിക്കണം. അങ്ങനെ സ്റേററ്മന്ത്രിസഭകളുടെമീതെ ഏത് സമയവും ഒരു ഭീഷണിയായി ഗവർണർമാർ മാറുന്നതിനുപകരം മന്ത്രിസഭകളുമായി ഒത്തൊരുമിച്ച് സഹകരിക്കത്തക്ക സ്ഥിതിവിശേഷമുണ്ടാകണമെങ്കിൽ നിശ്ചയമായും ഗവർണർമാരുടെ നിയമനം തുടങ്ങിയവയിൽ സ്റേററുകൾക്ക് സമാനമായ അധികാരമുണ്ടായിരിക്കണം. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഓരോ സ്റേററിലുമുള്ള രാജഭവനും അതിനോടനുബന്ധമായി സംവിധാനം ചെയ്തിട്ടുള്ള വലിയ ആർഭാടങ്ങളും ഇല്ലാതാക്കുകയെന്നത്. ഭീമമായ തുക അനാവശ്യമായി ചെലവഴിക്കുന്ന ഈ കൊളോണിയൽ-ഫ്യൂഡൽ സമ്പ്രദായം ഗവർണർമാരെ മനുഷ്യരിൽനിന്നും ഒററപ്പെടുത്തുന്ന രീതിയാണ്. മുഖ്യമന്ത്രിക്കുള്ള എല്ലാ സൗകര്യങ്ങളും ഗവർണർമാർക്ക് നൽകുകയും സെക്രട്ടറിയേററിൽ പ്രത്യേകം സജ്ജീകരിച്ച ഓഫീസിൽ ഗവർണർ നിത്യേന വരികയും ചെയ്ത് ജനകീയസമ്പർക്കത്തിനും കേന്ദ്ര—സ്റേററ് ലെയിസൺ നടത്തുന്നതിനും ഒരുങ്ങണം. ഇന്നുള്ള ഈ ധൂർത്ത് അവസാനിപ്പിക്കേണ്ടത് ജനകീയമായ ആവശ്യമാണ്. അമേരിക്കൻ ഐക്യനാടുകളിലേതുപോലെ ഗവർണർമാരെ തെരഞ്ഞെടുക്കുന്ന സമ്പ്രദായവും പരീക്ഷിക്കാവുന്നതാണ്. പൗരൻമാരുമായി ബന്ധപ്പെടുവാനും ജനങ്ങളോട് കൂടുതൽ ഉത്തരവാദിത്വബോധം തോന്നുവാനും ഇത് സഹായിക്കും. കേന്ദ്ര--സ്റേററ്ബന്ധത്തെക്കുറിച്ച് പഠനറിപ്പോർട്ട് തയ്യാറാക്കുവാൻ നിയമിതമായിട്ടുള്ള സർക്കാരിയാകമ്മിഷൻ ഇത്തരം സംഗതികളിൽ കൂടുതൽ വിവേചനാപൂർവം പ്രവർത്തിക്കുമെന്ന് നമുക്കാശിക്കാം.

സ്റേററുകളുടെ വലുപ്പചെറുപ്പം നോക്കാതെ രാജ്യസഭകളിൽ തുല്യമായ പ്രാതിനിധ്യം നൽകുകയെന്ന ഫെഡറൽതത്വം അംഗീകരിച്ചാൽമാത്രമെ ചില സംസ്ഥാനങ്ങൾ അവഗണിക്കപ്പെടുന്നു എന്ന സ്ഥിതി ഒഴിവാക്കുവാൻ പററൂ. വികസനപ്രവർത്തനങ്ങളിലും പഞ്ചവത്സരപദ്ധതികളിലും സ്വരൂപിക്കുന്ന തുക ഓരോ

സ്റേററിനും ജനസംഖ്യാനുപാതികമായി ഭാഗിക്കുവാനുള്ള സംവിധാനമുണ്ടാകണം. കൂടുതൽ വരുമാനമുണ്ടാക്കുന്ന സ്റേററുകാംക്ക് കൂടുതൽ അംശം നൽകിയാൽ മാത്രമേ അവയുടെ അസംതൃപ്തി നീങ്ങുകയുള്ളു. ഇന്ത്യയുടെ വിദേശനാണ്യം സമ്പാദിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. ഒട്ടാകെയുള്ള വിദേശനാണ്യ വരുമാനത്തിൻെറ 20% കേരളം സമ്പാദിക്കുമ്പോാം അതിൽനിന്നും കേരളത്തിന് നൽകുന്ന വിഹിതം വെറും രണ്ടു ശതമാനം മാത്രമാണ്. ഭീമമായ തുക സെൻട്രൽ എക്സൈസ് കേരളത്തിൽനിന്നും പിരിച്ചെടുക്കുകയോ, പിടിച്ചെടുക്കുകയോ ചെയ്യുന്നുണ്ടെങ്കിലും അതിൻെറ നാലുശതമാനം ഓഹരിമാത്രമാണ് കേരളത്തിന് നൽകുന്നത്. ഇതര സ്റേററുകാംക്ക് കിട്ടുന്ന സെൻട്രൽ എക്സൈസ് ഓഹരി ഇതിനെക്കാളൊക്കെ കൂടുതലാണുതാനും. ഈ ഓഹരി പങ്കുവെക്കുന്നതിൻെറ മാനദണ്ഡം അതാത് സ്റേററുകളുടെ വിസ്തീർണത്തിൻെറ അടിസ്ഥാനത്തിലായതാണ്. കേരളത്തിന് ഈ ദുർഗതിപിണയാൻ കാരണം. ഇന്ത്യയുടെ ഒട്ടാകെയുള്ള ഭൂവിസ്താരത്തിൽ കേരളത്തിൻെറത് 1.2 ശതമാനം മാത്രമാകുമ്പോാം വിസ്തീർണാടിസ്ഥാനത്തിലുള്ള ഓഹരിവിഹിതം അങ്ങേയററം കുറവാകാതെ തരമില്ലല്ലോ. അതേസമയം റെയിൽവെയുടെ വരുമാനവിഹിതം നിർണയിക്കുന്നതാകട്ടെ റെയിൽപാളത്തിൻെറ നീളം നോക്കിയുമാണ്. മറേറത് സ്റെറയിററിനേക്കാാം തീവണ്ടിപ്പാത കുറഞ്ഞ സംസ്ഥാനം കേരളമായിരിക്കുമ്പോാം, കേന്ദ്രവിഹിതത്തിൻെറ കാര്യത്തിൽ കേരളം തറപററാതെ നിർവാഹമില്ല. ഭൂവിസ്തൃതിയിൽ 1.2 ശതമാനം മാത്രമുള്ള കേരളം, ജനസംഖ്യയുടെ തോത് നോക്കുമ്പോാം 3 5 ശതമാനത്തിന് മുകളിലുണ്ടുതാനും. ഇതുപോലെതന്നെ എല്ലാ സംസ്ഥാനങ്ങളും കൂട്ടായി ആവശ്യപ്പെടുന്ന കാര്യമാണ് വരുമാനനികുതി, വാഹനനികുതി, ദാനനികുതി തുടങ്ങിയവയിൽനിന്നും കേന്ദ്രം പിരിച്ചെടുക്കുന്ന തുകയിൽ സ്റേററുകളുടെ വിഹിതം വർധിപ്പിക്കണമെന്നത്. വികസനപ്രവർത്തനങ്ങാം കാര്യക്ഷമമാക്കുവാൻ സാമ്പത്തികപരാധീനത വലിയ തടസ്സമായി തീരാറുണ്ട്. കേന്ദ്രതലത്തിൽ പിടിയുള്ള വ്യവസായികളുടെ സ്വാധീനതയിൽ അമർന്ന് പോകുന്നതുകൊണ്ടോ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ പ്രത്യേകമായി പ്രീണിപ്പിക്കണമെന്ന ശാഠ്യംമൂലമോ പലപ്പോഴും കേന്ദ്രഗവൺമെൻറിൻെറ വ്യാവസായിക—ഇറക്കുമതിനയങ്ങാം കേരളംപോലുള്ള ദക്ഷിണേന്ത്യൻസംസ്ഥാനങ്ങളെ പ്രതികൂലമായി ബാധിക്കാറുള്ളത് നമുക്കനുഭവമുള്ളതാണ്. കൊക്കൊ, തോട്ടണ്ടി, റബ്ബർ, കൊപ്ര, വെളിച്ചെണ്ണ തുടങ്ങിയ ഉൽപന്നങ്ങാം ഇറക്കുമതി ചെയ്യുകയും പകരം ചണം തുടങ്ങിയവ കയററിഅയക്കുകയും ചെയ്യുന്ന നയം കേരളത്തിലെ ഈ ഉൽപന്നങ്ങാംക്ക് വിലയിടിവ് വരുത്തുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

അതിവർഷംമൂലമോ, വരാംച്ചകൊണ്ടോ, അതുമല്ലെങ്കിൽ മറേറ

തെങ്കിലും അത്യാഹിതത്താലോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് തു ഛമായ സഹായം എത്തിക്കുന്നതിനുപോലും സ്റേററുകൾ കേന്ദ്ര ത്തെ ആശ്രയിക്കേണ്ടതായിവരുന്നു. ദേശീയവരുമാനത്തിന്റെ മു ഖ്യഭാഗവും കേന്ദ്രം കൈയടക്കിവെക്കുന്നതുകൊണ്ട് എല്ലാ കാര്യ ത്തിനും സ്റേററുകൾ ഫെഡറൽഗവൺമെൻറിന്റെ പക്കൽ നിവേ ദനവുമായി നടക്കേണ്ട ഗതികേട് ഏത് ഫെഡറേഷനും ഭൂഷണമല്ല. സാമ്പത്തികപരാധീനതകൾ ഒഴിവാക്കി ദേശീയവരുമാനം സമാനരീതി യിൽ ഓഹരിവെച്ചില്ലെങ്കിൽ അസംതൃപ്തിയും അവഗണനാമുറവി ളിയും ശക്തമായ എതിർപ്പിന്റെ രൂപംകൊള്ളും. അത് ദേശീയ ഭദ്രതയെ താറുമാറാക്കുകയും ചെയ്യും. ഈ നടപ്പുപഞ്ചവത്സര ക്കാലത്ത് കേരളത്തിൽ നടത്തുന്ന നിക്ഷേപം ആളോഹരി ക്രമമനുസ രിച്ച് 726 രൂപയായിരിക്കുമെന്നാണ് കണക്കുകൂട്ടിയിരിക്കുന്നത്. ജമ്മു—കാഷ്മീർ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ആളോ ഹരി നിക്ഷേപം 1225 രൂപ മുതൽ 1949 രൂപ വരെയാണ്. ഇതിൽ ഗുജറാത്ത് 1371 രൂപ,ഹരിയാന 1793രൂപ, ഹിമാചൽപ്രദേശ് 1618 രൂപ, ജമ്മു—കാഷ്മീർ 919 രൂപ, മഹാരാഷ്ട്ര 1225 രൂപ, രാജ സ്ഥാൻ 1444 രൂപ എന്നിങ്ങനെയാണ് ഈ നിക്ഷേപം സംബന്ധി ച്ചുള്ള വിശദാംശങ്ങൾ എന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴി ഞ്ഞിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ പദ്ധതിപ്രകാരമുള്ള പ്രതി ശീർഷ നിക്ഷേപം 878 രൂപയുമാണ്. ഇതും കേരളത്തിന്റേതിനേ ക്കാൾ 152 രൂപ കൂടുതലാണല്ലൊ. കേരളത്തിന്റെ പദ്ധതിവിഹി തമായ 1550 കോടി രൂപ മൊത്തം പദ്ധതിയുടെ 3.1 ശതമാനം മാത്ര മാകുന്നു. ജനസംഖ്യാനുപാതികമായി നോക്കിയാൽത്തന്നെ ഒട്ടാകെ യുള്ള ജനസംഖ്യയുടെ 3.5 ശതമാനത്തിൽ കൂടുതലുള്ള കേരളത്തിന് 1770 കോടിയെങ്കിലും ന്യായമായും കിട്ടേണ്ടതായുണ്ടെന്ന് ഓർക്കേണ്ട തുണ്ട്. ഇന്ത്യയുടെ ശരാശരി ജനസാന്ദ്രത 182 ആയിരിക്കുമ്പോൾ കേരളത്തിന്റേത് 654 ആണ്. ഭൂവിസ്തീർണത്തിന്റെ പരിമിതി, ജനസാന്ദ്രത, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, നാണ്യവിളക ളുടെ പ്രാധാന്യം തുടങ്ങിയ കേരളത്തിന്റെ പ്രത്യേകതകൾകൂടി ക ണക്കിലെടുക്കുകയാണെങ്കിൽ ആറാം പദ്ധതിയിലെ അടങ്കൽതുക കേരളത്തെ സംബന്ധിച്ച് എത്രയോ അധികമായിരുന്നേനെ.

ഇത്തരം പരാധീനതകളെ യുക്തിസഹമായും നീതിപൂർവ്വമാ യും പരിഹരിക്കുവാനുള്ള മാതൃകാപരമായ ശ്രമം സർക്കാരിയ കമ്മി ഷനിലൂടെ ഉണ്ടാകണമെന്നാണ് ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജന ങ്ങളുടെയും അഭിലാഷം. ജാതീയവും, വർഗീയവും, പ്രാദേശിക വുമായ ചിന്താഗതികൾക്ക് ആക്കം കൂടുകയും അവ ഇന്ത്യയുടെ ദേ ശീയ ഭദ്രതക്കുതന്നെ ഭീഷണിയായിത്തീരുകയും ചെയ്യുന്ന ആപൽക്ക രമായ സ്ഥിതി മാറണമെങ്കിൽ സ്റേററുകൾക്ക് തങ്ങളുടെ ആഭ്യന്തര പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും സംസ്ഥാനങ്ങളുടെ സാമ്പത്തികമേൻമക്കുതകുന്ന പ്രായോഗികയജ്ഞങ്ങൾ നടത്തുന്ന തിനും സഹായകമായ നിലപാട് കേന്ദ്രം സ്വീകരിച്ചേപററൂ. അധി കാരം കേന്ദ്രീകരിക്കുന്നതുകൊണ്ട് ദേശീയഐക്യം ഊട്ടിവളർത്തുവാ നൊക്കുമോ? അതോ, വികേന്ദ്രീകരണമാണോ ദേശീയഭദ്രതക്ക് സ ഹായകമാകുക? ഇന്ത്യയിലെ രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ ഉയർന്നുവന്നിട്ടുള്ള സജീവമായ പ്രശ്നമാണിത്. അധികാരവി കേന്ദ്രീകരണത്തിലൂടെമാത്രമേ രാഷ്ട്രത്തിന്റെ അഖണ്ഡത കാത്ത് സൂക്ഷിക്കുവാനൊക്കുകയുള്ളൂ എന്ന പ്രമേയമാണ് എനിക്കിവിടെ അവതരിപ്പിക്കുവാനുള്ളത്.

*സിമ്പോസിയം: സർക്കാരിയ കമ്മിഷൻ ചോദ്യാവലിയും രാഷ്ട്രീയപാർടികളും*

## സർക്കാരിയാ കമ്മിഷൻെറ ചോദ്യാവലിക്ക് കമ്യൂണിസ്ററ്പാർടി (മാർക്സിസ്ററ്) യുടെ മറുപടി

*ഭാഗം 1:* ആമുഖം

1950 ജനുവരി 26-ന് പ്രാബല്യത്തിൽവന്ന ഇന്ത്യൻ ഭരണഘടന ആവിഷ്കരിച്ച സാഹചര്യങ്ങളെപ്പററിയും ഇക്കഴിഞ്ഞ 34 വർഷക്കാലമായി അത് പ്രാവർത്തികമാക്കിയതെങ്ങനെയെന്നുമുള്ള കാര്യങ്ങളെക്കുറിച്ചുള്ള പൊതുവായ ചില പരാമർശങ്ങളാണ് ഈ ഭാഗത്തിൽ ഞങ്ങൾ നൽകാൻ ആഗ്രഹിക്കുന്നത്. ഈ പ്രശ്നത്തെ ഞങ്ങൾ സമീപിക്കുന്നത് നിയമ—നീതിന്യായപരമായ കാഴ്ചപ്പാടിലൂടെയല്ല. നേരെമറിച്ച് ചരിത്രപരവും രാഷ്ട്രീയവുമായ കാഴ്ചപ്പാടിലൂടെയാണ്. എന്തെന്നാൽ, നിയമ—നീതിന്യായപരമായ പദങ്ങളാൽ രചിക്കപ്പെട്ടതെങ്കിലും ലോകത്തെ മറെറല്ലാ രാഷ്ട്രങ്ങളിലെയും ഭരണഘടനകളെന്നപോലെതന്നെ ഇന്ത്യൻ ഭരണഘടനയും ചില സാമൂഹ്യരാഷ്ട്രീയബന്ധങ്ങളുടെ ആശയപ്രകടനമാണ്. അതുകൊണ്ട് ഭരണഘടനയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള പരിശോധന തുടങ്ങുന്നത് പ്രവർത്തിച്ചുപോരുന്ന രാഷ്ട്രീയ—സാമൂഹിക ശക്തികളെക്കുറിച്ചുള്ള പരിശോധനയിൽനിന്നാകണം.

ഒന്നര ശതാബ്ദക്കാലം രാജ്യത്തിൻെറ ഭരണാധിപത്യം വഹിച്ചിരുന്ന ബ്രിട്ടീഷ്ഭരണാധികാരികൾ ഈ രാജ്യത്ത് വളരെയേറെ കേന്ദ്രീകൃതമായ ഒരു ഭരണനിർവഹണസംവിധാനമാണ് സ്ഥാപിച്ചത്. അങ്ങനെ ഭരണനിർവഹണത്തിൻെറ എല്ലാ കാര്യങ്ങളും ദില്ലിയിൽ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. ദില്ലിയാകട്ടെ ലണ്ടനിൽനിന്ന് നിയന്ത്രിക്കപ്പെടുകയും ചെയ്തിരുന്നു. ഈ രാജ്യത്തിൻെറ ദീർഘകാലചരിത്രത്തിൽ അതിനുമുമ്പൊരിക്കലും ഇത്രമാത്രം കേന്ദ്രീകൃതമായ ഒരു ഭരണനിർവഹണസംവിധാനം ഉണ്ടായിരുന്നില്ല

ഇത്രമാത്രം അതികേന്ദ്രീകൃതമായ ഒരു ഭരണസംവിധാനത്തെ നേരിടേണ്ടിവന്ന സ്വാതന്ത്ര്യപ്രസ്ഥാനത്തിന് ജാതി—മത—ഭാഷാ ഭിന്നതകൾക്കെല്ലാം അതീതമായി ജനങ്ങളെയാകെ യോജിപ്പിക്കുന്ന ഐക്യം ഊട്ടിയുറപ്പിക്കുകയും ജനാധിപത്യം, സമത്വം, സാഹോദര്യം എന്നിവയിലധിസ്ഥിതമായിക്കൊണ്ടുള്ള ഇന്ത്യയുടെ ഐക്യം വളർത്തിക്കൊണ്ടുവരികയും ചെയ്യേണ്ടത് ആവശ്യമായി വന്നു. ഇത് തങ്ങളുടെ വിദേശാധിപത്യത്തിന് നേരെയുള്ള ഗുരുതരമായ ഒരു വെല്ലുവിളിയായതിനാൽ ബ്രിട്ടൺ വളർന്നുവരുന്ന ജനകീയ ഐക്യത്തെ പിളർക്കാൻ വിവിധ മാർഗങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കാൻ തുടങ്ങി.

അങ്ങനെയാണ് കുപ്രസിദ്ധമായ ''ഭിന്നിപ്പിച്ച് ഭരിക്കുക'' എന്ന നയത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. അഹിന്ദു മതന്യൂനപക്ഷങ്ങളെയും അധഃസ്ഥിത—പിന്നോക്കജാതികളെയും നഗരങ്ങളിലെ വ്യാപാരികൾ, മററ് ധനികതാൽപര്യക്കാർ എന്നിവരെയും, ഭൂപ്രഭുക്കൾ, നാട്ടുരാജ്യങ്ങളിലെ രാജാക്കൻമാർ എന്നിവർ ഉൾപ്പെട്ട ഫ്യൂഡൽ ശക്തികളെയും എല്ലാം രാഷ്ട്രീയസ്വാതന്ത്ര്യത്തിനായുള്ള ആവശ്യം ഉന്നയിച്ച കോൺഗ്രസിന് എതിരായിരിക്കുന്ന നയമാണ് അവർ സ്വീകരിച്ചത്. പടിപ്പടിയായി പല ഘട്ടങ്ങളിലായി കൊണ്ടുവന്ന 'ഭരണപരിഷ്കാര'നടപടികൾ, യൂറോപ്യൻ തോട്ടംഉടമകൾ, വ്യാപാരികൾ, വ്യവസായികൾ എന്നിവരുൾപ്പെടെയുള്ള ഈ നിക്ഷിപ്ത താൽപര്യങ്ങൾക്കെല്ലാം 'പരിരക്ഷ' നൽകണമെന്ന വ്യവസ്ഥ ഉൾക്കൊള്ളുന്നവയായിരുന്നു.

സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഐക്യത്തെ പിളർക്കുക എന്ന തങ്ങളുടെ തന്ത്രത്തിനായി ഈ ശക്തികളെയെല്ലാം ഉപയോഗപ്പെടുത്തി. ബ്രിട്ടീഷ് ഭരണാധികാരികൾക്ക് അവരുടെ കൈവശം ഉണ്ടായിരുന്ന ഒരു തുറുപ്പ്ശീട്ടായിരുന്നു 'ഹിന്ദു—മുസ്ലീം പ്രശ്നം'. ഇന്ത്യയുടെ ഐക്യത്തിന്നെതിരായുള്ള ആപത്ത് സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ നേതാക്കൾ, തീർച്ചയായും കണ്ടിരുന്നു. എങ്കിലും സമൂഹത്തിലെ ഉന്നതതലങ്ങളുടെ സങ്കുചിതപ്രാതിനിധ്യം മാത്രമുണ്ടായിരുന്ന ആ നേതാക്കൾക്ക് പൂർണജനാധിപത്യം, യഥാർഥ മതേതരത്വം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഒരു പരിപാടിയിൻമേൽ അധ്വാനിക്കുന്ന ജനസമൂഹത്തെയാകെ യോജിപ്പിച്ചണിനിരത്താൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യസമരത്തിന്റെ പരിണിതഫലം അതുകൊണ്ടുതന്നെ, വിദേശഭരണാധികാരികളും അവരുടെ ഇന്ത്യൻ സഖ്യകക്ഷികളും തമ്മിലുള്ള ഒരു ഒത്തുതീർപ്പായിരുന്നു.

അങ്ങനെ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ നേതാക്കളും ജനങ്ങൾ പൊതുവെയും കാത്തുസൂക്ഷിക്കണമെന്ന് അഭിലഷിച്ചിരുന്നതുപോലെയുള്ള ഇന്ത്യയുടെ ഐക്യം പിളർക്കപ്പെട്ടു. പതിനായിരക്കണക്കി

നാളുകളം എന്തിനുവേണ്ടിയാണോ ജീവത്യാഗം ചെയ്തത്—ലക്ഷക്കണക്കിനാളുകളം എന്തിനുവേണ്ടിയാണോ എല്ലാത്തരത്തിലുമുള്ള കഷ്ടപ്പാടുകളം സഹിച്ചത്—അവിഭക്തമായ ഒരു ഇന്ത്യ രണ്ടായി വിഭജിക്കപ്പെട്ടു. ഈ വിഭജനശസ്ത്രക്രിയ അഭൂതപൂർവമാംവിധം ഉള്ള കൂട്ടക്കൊലകൾക്കിടയാക്കി. ഹിന്ദുവും മുസ്ലീമും തമ്മിലും മുസ്ലീമും സിക്കുകാരനും തമ്മിലും ഉള്ള ബന്ധങ്ങൾ കലുഷിതമായി.

ചരിത്രപരമായ ഈ പശ്ചാത്തലത്തിൽ ആവിഷ്കരിക്കപ്പെട്ട പുതിയ ഭരണഘടനയിൽ ബ്രിട്ടീഷുകാർ 1935—ൽ ഉണ്ടാക്കിയിരുന്ന ഭരണഘടനയിൽ സംസ്ഥാനങ്ങളിലെ ഗവർണർമാർക്ക് നൽകിയിരുന്ന എല്ലാ സവിശേഷാധികാരങ്ങളും നിലനിർത്തി. പുതിയ ഭരണാധികാരികൾക്ക് ഗവർണർപദവിയും ആ ആൾക്ക് നൽകപ്പെട്ട അധികാരങ്ങളും വളരെ സൗകര്യപ്രദമായി. അവർ അത് തുടക്കത്തിൽ പ്രതിപക്ഷത്തിനെതിരായും പിന്നീട് ഭരണകക്ഷിയിലെതന്നെ 'വിമതൻമാർ'ക്കെതിരായും ഉപയോഗിക്കുകയും ചെയ്തു.

ഈ പ്രക്രിയയിലെ ഏററവും വലിയ ചേതം സംഭവിച്ചത് ഫെഡറൽ കേന്ദ്രത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽ പ്രാദേശിക—അല്ലെങ്കിൽ സംസ്ഥാനിക സ്വയംഭരണത്തിനായിരുന്നു. ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനസ്വയംഭരണം എന്ന ആശയത്തിന് മാത്രമല്ല, സ്വാതന്ത്ര്യസമരത്തിലൂടെ ആർജിക്കാൻ കഴിഞ്ഞ ഐക്യത്തെ കാത്തുസൂക്ഷിക്കാനും ശക്തിപ്പെടുത്താനും കഴിയൂ. എന്തുകൊണ്ടെന്നാൽ (എ) സ്വാതന്ത്ര്യപ്രസ്ഥാനം വളർന്നുവന്നതോടെ ദേശീയസംവിധാനത്തിൽ വിവിധ സമൂഹങ്ങളും രാഷ്ട്രീയ ജനവിഭാഗങ്ങളും വ്യതിരിക്തമായ വ്യക്തിത്വത്തിനായുള്ള അന്വേഷണത്തിൽ തങ്ങൾക്ക് പ്രത്യേക സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിക്കാൻ തുടങ്ങി. (ബി) മുസ്ലീംനേതൃത്വമാകട്ടെ കേന്ദ്രത്തിലെ ഹിന്ദുഭൂരിപക്ഷത്തിന് പരിഹാരമായി മുസ്ലീം ഭൂരിപക്ഷപ്രവിശ്യകൾക്ക് സ്വയംഭരണാവകാശം വേണമെന്ന ആവശ്യം ഉന്നയിച്ചു (സി) ദേശീയനേതൃത്വത്തിലെ അമുസ്ലീംവിഭാഗം—കോൺഗ്രസുൾപ്പെടെയുള്ള വിഭാഗം—തങ്ങളുടെ മറുഭാഗത്തെ പ്രതിരൂപമായ മുസ്ലീംനേതൃത്വത്തിൻെറ ഈ ആവശ്യം അംഗീകരിക്കുന്നത് അവരെ ബ്രിട്ടീഷ്ഭരണാധികാരികൾക്കെതിരായ ഐക്യമുന്നണിയിൽ അവരെ നിലനിർത്തിക്കൊണ്ടുപോകുന്നതിന് നൽകേണ്ട വിലയായി അതനുവദിച്ചുകൊടുക്കുന്നതാണ് നല്ലതെന്ന് കരുതി.

1916-ലെ കോൺഗ്രസ്—ലീഗ് സന്ധിയിലും, 1928-ലെ മോത്തിലാൽ നെഹ്റു റിപ്പോർട്ട് തുടങ്ങിയവയിലെല്ലാം വിശദീകരിക്കപ്പെട്ടിരുന്നതുപോലെയുള്ള ഭാവിഭരണഘടനയുടെ ചട്ടക്കൂട്ടിൽ, പ്രവിശ്യകൾക്ക് വിപുലമായ സ്വയംഭരണാവകാശങ്ങളോടുകൂടിയ ഒരു

ഫെഡറൽകേന്ദ്രം എന്ന ആശയം, 1940-കളിലെ ചർച്ചകാംവരെയുള്ള കാലത്തോളം ഉാംക്കൊണ്ടിരുന്നു. എന്നാൽ 1947-ൽ ഒരു സുപ്രധാന മായ മാററം ഉണ്ടായി. അതുണ്ടായതു് ഈ രാജ്യത്തെ ഹിന്ദുഭൂരിപക്ഷ മുള്ള ഇന്ത്യൻ യൂണിയനും മുസ്ലീംഭൂരിപക്ഷമുള്ള പാകിസ്താൻ എന്നീ രണ്ടു് ഖണ്ഡങ്ങളായി വിഭജിച്ചതോടെയാണു്. സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ നിന്നിരുന്ന ബൂർഷ്വാസി ഭരണ വർഗമായിത്തീർന്നതോടെ ഒരു ഫെഡറൽഭരണകൂടം എന്നതിനേക്കാം ഒരു കേന്ദ്രീകൃതഭരണകൂടം ആവശ്യമാക്കിത്തീർക്കുന്ന വിപുലീകൃതമായ ഒരു ആഭ്യന്തരവിപണി ഉണ്ടാകുന്നതിൽ തൽപരരായിരുന്നു. അതുകൊണ്ടു് അവർ മുൻകാലത്തു് ഒരു ഫെഡറൽസംവിധാനത്തിനു്, സംസ്ഥാനസ്വയംഭരണം, ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനഃസംഘടന തുടങ്ങിയുള്ള കാര്യങ്ങളിൽ പ്രതിജ്ഞാബദ്ധമായിരുന്ന നിലപാടിൽനിന്നു് പിൻമാറി.

1950-ൽ ആവിഷ്കരിച്ച ഭരണഘടനയുടെ അടിസ്ഥാനസ്വഭാവം തത്വത്തിൽ ഫെഡറൽരൂപമാണെന്നു് പ്രഖ്യാപിക്കപ്പെട്ടുവെങ്കിലും അതിന്റെ ഉള്ളടക്കം അമിതമായ കേന്ദ്രീകരണത്തിന്റേതായിരുന്നു. കൂടാതെ അതു് പ്രായോഗികമായി ആവിഷ്കരിക്കപ്പെട്ടപ്പോം ഇനിയും കൂടുതൽ കേന്ദ്രീകൃതമാകുകയും ചെയ്തു. മൂന്നു് ദശകങ്ങളോളംകാലം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഒരേ രാഷ്ട്രീയ പാർടിതന്നെ ഭരണാധികാരസ്ഥാനത്തിരുന്നിരുന്നു എന്നതു് ഈ പ്രക്രിയക്കു് കൂടുതൽ സൗകര്യപ്രദമായി. സംസ്ഥാനങ്ങളെക്കൊണ്ടു് ഭരണഘടനയിലെ ആദ്യകാലത്തെ വ്യവസ്ഥകളനുസരിച്ചു് അവയ്ക്കുണ്ടായിരുന്ന അവകാശങ്ങാം ''സ്വമേധയാ'' ഉപേക്ഷിപ്പിക്കാൻ കഴിഞ്ഞു. ഇക്കഴിഞ്ഞ 37 വർഷക്കാലത്തു് ഭരണഘടനയിൽ വരുത്തിയിട്ടുള്ള ഭേദഗതികളിൽ പലതും ആദ്യകാലത്തു് അവർക്കു് എന്തെങ്കിലും തരത്തിലുള്ള സ്വയംഭരണാവകാശങ്ങളെല്ലാം സംസ്ഥാനങ്ങാംക്കു് നഷ്ടപ്പെടുന്ന തരത്തിലുള്ളവയായിരുന്നു.

അതുകൊണ്ടാണു് മററു് പാർടികാം സംസ്ഥാന നിലവാരത്തിലെ ഭരണാധികാരസ്ഥാനത്തിന്റെ നേതൃത്വത്തിൽ വരാൻ തുടങ്ങിയതോടെ കേന്ദ്ര—സംസ്ഥാന ബന്ധങ്ങളുടെ പ്രശ്നം ചൂടുപിടിച്ചു് വിവാദത്തിനു് വിഷയമായിത്തീർന്നതു്. കോൺഗ്രസിതര സംസ്ഥാന ഗവൺമെൻറുകാം കൂടുതൽ അധികാരത്തിനും വിഭവങ്ങളിൽ കൂടുതൽ പങ്കിനുംവേണ്ടി പ്രക്ഷോഭം ഉയർത്താൻ തുടങ്ങിയതോടെ കോൺഗ്രസ്നേതൃത്വത്തിലുള്ള സംസ്ഥാനങ്ങളും ഈ ആവശ്യങ്ങളോടു് യോജിക്കാൻ തുടങ്ങി. തുടരെത്തുടരെ സാമ്പത്തികകാര്യകമ്മിഷനുകളുടെ മുമ്പാകെ സംസ്ഥാനങ്ങാം സമർപ്പിച്ചിട്ടുള്ള മെമ്മൊറാണ്ഡങ്ങാം കാട്ടിത്തരുന്നതു് കോൺഗ്രസ്നേതൃത്വത്തിലുള്ളതും

അല്ലാത്തതും ആയ സംസ്ഥാനഗവൺമെൻറുകളെല്ലാം തമ്മിൽ സംസ്ഥാനങ്ങളുടെ വിഭവങ്ങളിൻമേൽ കേന്ദ്രം നടത്തുന്ന കയ്യേററങ്ങൾക്കെതിരായി പ്രതിഷേധം ഉയർത്തുന്ന കാര്യത്തിൽ യാതൊരു വ്യത്യാസവും ഇല്ലായിരുന്നു എന്നാണ്. ഇത്തരത്തിൽ കയ്യേററം നടത്തുന്ന പ്രക്രിയ ഈ കാലഘട്ടത്തിലാകെ വിഘ്നംകൂടാതെ തുടരുകയായിരുന്നു.

അതുകൊണ്ട് യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ചുള്ള പ്രശ്നമാകെ വിശദമായും പുനഃപരിശോധിക്കേണ്ടതുണ്ട്. ഭരണഘടനക്ക് രൂപം നൽകിയപ്പോൾതന്നെ ഫെഡറൽ തത്വവും സംസ്ഥാനസ്വയംഭരണവും വലിയൊരു പരിധിവരെ ലംഘിക്കപ്പെട്ടു. രൂപം നൽകപ്പെട്ട ഭരണഘടനക്ക് കുഴപ്പമൊന്നും ഇല്ലെന്നും അത് പ്രാവർത്തികമാക്കിയതിലായിരുന്നു കുഴപ്പമെന്നും ഉള്ള വാദത്തോട് ഞങ്ങൾ യോജിക്കുന്നില്ല. അതേസമയം, അത് പ്രാവർത്തികമാക്കിയപ്പോൾ ഭരണഘടന വളച്ചൊടിക്കപ്പെട്ടു എന്നും ഞങ്ങൾക്കഭിപ്രായമുണ്ട്. ഭരണഘടനയിൽ പരിമിതമായ തോതിലെങ്കിലും സ്ഥാനം ലഭിച്ച സ്വയംഭരണാവകാശംപോലും ക്രമേണ നശിപ്പിക്കപ്പെട്ടു. അതുകൊണ്ട് ഭരണഘടനയുടെ അടിസ്ഥാനവ്യവസ്ഥകൾതന്നെ പുനഃപരിശോധനക്ക് വിധേയമാക്കണമെന്ന് ഞങ്ങൾ നിർദേശിക്കുന്നു. ഇത് എങ്ങനെയാണ് ചെയ്യേണ്ടതെന്ന് വിശദീകരിക്കുന്നതിനുമുമ്പേ, കേന്ദ്ര–സംസ്ഥാനബന്ധങ്ങളെ സംബന്ധിച്ചുള്ള ഞങ്ങളുടെ പൊതുവായ നിലപാടെന്താണെന്ന് വിശദീകരിക്കട്ടെ.

ഞങ്ങളുടെ പാർടി രാജ്യത്തിൻെറ ഐക്യത്തിനുവേണ്ടി നിലകൊള്ളുകയും എല്ലാ ശിഥിലീകരണശക്തികൾക്കും എതിരായി പൊരുതുകയും ചെയ്യുന്നു. രാജ്യത്തിൻെറ ഭദ്രത സംരക്ഷിക്കാനും അതിൻെറ സാമ്പത്തികജീവിതം സംഘടിപ്പിക്കുകയും ദൃഢീകരിക്കുകയും ചെയ്യാനും കഴിവുള്ളതും വിദേശനയം, വാർത്താവിനിമയം, വിദേശവ്യാപാരം തുടങ്ങിയ മററ് ചുമതലകൾ നിർവഹിക്കാനാവശ്യമായ അധികാരങ്ങൾ പര്യാപ്തമാംവിധം നൽകപ്പെട്ടതും ആയ കാര്യക്ഷമതയുള്ള ഒരു കേന്ദ്രത്തിനുവേണ്ടിയാണ് വ്യക്തമായും ഞങ്ങൾ നിലകൊള്ളുന്നത്.

നിർഭാഗ്യവശാൽ ജനങ്ങൾക്കിടയിൽ ഐക്യത്തിനുവേണ്ടിയുള്ള ഈ അഭിലാഷത്തെ പുറത്തുനിന്നുള്ള ആക്രമണങ്ങൾക്കെതിരായി ഇന്ത്യയെ സംരക്ഷിക്കണമെന്നുള്ള അവരുടെ ആഗ്രഹത്തെ ഭരണാധികാരകക്ഷി കേന്ദ്രത്തിന് ഏകാധിപത്യപരമായ അധികാരങ്ങൾ കയ്യടക്കാൻവേണ്ടി ചൂഷണം ചെയ്യുകയാണുണ്ടായത്. അതിനായി ഘടകസംസ്ഥാനങ്ങളുടെ അധികാരാവകാശങ്ങളെ ചുരുക്കുകയും ദ്രവീകരിക്കുകയും ചെയ്യുകയാണ് "ശക്തമായ ഒരു കേന്ദ്രം" എന്നതിനെ

ക്കുറിച്ച് ഭരണകക്ഷി പുലർത്തുന്ന ആശയം, അതിൻെറ ആജ്ഞകൾ അനുസരിക്കുന്ന ഒരു ഏകാധിപത്യകേന്ദ്രം എന്നതാണ്. അടിയന്തരാവസ്ഥക്കാലത്ത് അംഗീകരിക്കപ്പെട്ട കുപ്രസിദ്ധമായ 42-ാം ഭരണഘടനാഭേദഗതി സംസ്ഥാനങ്ങളെ കേന്ദ്രത്തിനെ ആശ്രയിച്ചു കഴിയേണ്ട ആജ്ഞാനുവർത്തികളുടെ നിലയിലേക്ക് താഴ്ത്തി എന്ന വസ്തുത കാണിക്കുന്നത് അവയുടെ അധികാരങ്ങളിൻമേലുള്ള ആക്രമണം, സ്വേച്ഛാധിപത്യഭരണത്തിന് അനിവാര്യമായും വേണ്ട ആവശ്യകോപാധി ആണെന്നാണ്. അതുകൊണ്ട് കേന്ദ്ര—സംസ്ഥാന ബന്ധങ്ങളുടെ പ്രശ്നം, ഇന്ത്യയുടെ ഐക്യം സംരക്ഷിക്കുന്ന പ്രശ്നവുമായി മാത്രം ബന്ധപ്പെട്ടതല്ല. ഏകാധിപത്യത്തിൻെറയും ജനാധിപത്യത്തിൻെറയും ശക്തികൾ തമ്മിലുള്ള സമരത്തിൻെറ പ്രശ്നം കൂടി ആയിത്തീർന്നിരിക്കുകയാണത്.

ഇത് ആകസ്മികമായ ഒരു സംഭവമല്ല. സ്വാതന്ത്ര്യത്തിനുശേഷം രൂപീകരിക്കപ്പെട്ട ഭരണഘടന, ഏകീകൃതവും ഏകമായതും ഒരേ സ്വഭാവത്തോടുകൂടിയതുമായ ഒരു വിപണിയെന്ന നിലക്കുള്ള ഇന്ത്യ അവശ്യമായും വേണ്ടിയിരുന്ന മുതലാളിത്തവികസനപാതയുടെ ആവശ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒന്നായിരുന്നു. ഭൂപ്രഭുക്കളുമായി കൂട്ടുചേർന്ന വൻകിടബൂർഷ്വാസിയുടെ ആവശ്യങ്ങളെയാണ് അത് പ്രതിഫലിപ്പിച്ചത്. അവരെ സംബന്ധിച്ചിടത്തോളം ജനാധിപത്യത്തിനും സംസ്ഥാനസ്വയംഭരണാവകാശത്തിനും ഭാഷകൾക്ക് തുല്യമായ സ്ഥാനത്തിനും വേണ്ടിയുള്ള ആവശ്യങ്ങളെല്ലാം തന്നെ അവരുടെ സാമ്പത്തികാധിപത്യത്തിനും രാഷ്ട്രീയാധികാരത്തിനും തടസ്സം സൃഷ്ടിക്കുന്ന കാര്യങ്ങളായാണ് കരുതപ്പെട്ടത്.

ഞങ്ങളുടെ പാർടിപരിപാടിയിൽ ഇങ്ങനെ പറയുന്നു: ''ഇത്തരത്തിലൊരു സ്ഥിതിയിൽ കേന്ദ്രഗവൺമെൻറും സംസ്ഥാനങ്ങളും തമ്മിലുള്ള വൈരുധ്യങ്ങൾ വർധിച്ചുവരുക സ്വാഭാവികം മാത്രമാണ്. ഈ വൈരുധ്യങ്ങൾക്കിടയിൽ പലപ്പോഴും അന്തർലീനമായിരിക്കുന്നത്, ഒരുഭാഗത്ത് വൻകിടബൂർഷ്വാസിയും മറുഭാഗത്ത് ഏതെങ്കിലും ഒരു സംസ്ഥാനത്തെ അല്ലെങ്കിൽ മറെറാന്നിലെ ബൂർഷ്വാസിയുൾപ്പെടെയുള്ള ജനത ഒട്ടാകെയും തമ്മിലുള്ള കൂടുതൽ ആഴമേറിയ വൈരുധ്യങ്ങളായിരിക്കും. ഇങ്ങനെയുള്ള ആഴമേറിയ വൈരുധ്യം മുതലാളിത്തവ്യവസ്ഥിതിയിലെ വികസനത്തിൻെറ അസന്തുലിതാവസ്ഥ രൂക്ഷതരമാകുന്നതുകാരണം, നിരന്തരം രൂക്ഷമായിക്കൊണ്ടിരിക്കും.

കേന്ദ്രത്തിൻെറ നിക്ഷിപ്തതാൽപര്യങ്ങൾക്ക് അനുകൂലമായ നയങ്ങൾ, സാമ്പത്തികക്കുഴപ്പം, സാധാരണജനങ്ങളുടെ പാപ്പരീകരണം എന്നിവയുടെ ഫലം ജനാധിപത്യാവകാശങ്ങൾക്കെതിരല്ല. സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കെതിരായുള്ള വർധിച്ചതോതിലുള്ള

ആക്രമണങ്ങൾ നടത്തുകയെന്നതായിരുന്നു.

ഈ പ്രക്രിയയോടൊപ്പം, സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തോടുള്ള അധമസ്ഥമായ സാമ്പത്തികാശ്രിതത്വവും ഉണ്ടായിരുന്നു. സംസ്ഥാനങ്ങൾ പൊതുവായ്പ തേടേണ്ടതിന്റെ തുക ഇത്രയായിരിക്കണമെന്ന് നിശ്ചയിക്കുന്നത് കേന്ദ്രമാണ്. ബാങ്കിംഗ് രംഗത്തുനിന്ന് ലഭ്യമാകുന്ന വായ്പയിൻമേൽ കേന്ദ്രത്തിന്റെ കുത്തകയാണ്. സംസ്ഥാനങ്ങളെ കേന്ദ്രത്തിൽനിന്നും പ്രത്യേക കാര്യങ്ങൾക്കായി അനുവദിക്കുന്ന ഗ്രാൻറുകളെ ആശ്രയിക്കേണ്ട സ്ഥിതിയിലാകുന്നു. ഇവയും സംസ്ഥാനപദ്ധതിയുടെ തോത് നിർണയിക്കുന്ന രീതിയും കൂടിച്ചേർന്ന് സംസ്ഥാനങ്ങളിലെ ആസൂത്രണത്തെ അപഹാസ്യമാക്കിത്തീർക്കുകയും കേന്ദ്രപദ്ധതിയെ സംബന്ധിച്ച പരിചിന്തനത്തിൻമേൽ ആധിപത്യം വഹിക്കുന്ന വൻകിടവ്യവസായികളുടെ താൽപര്യങ്ങൾക്കനുസൃതമായി സംസ്ഥാനപദ്ധതിത്തുകകൾ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്ന നയം അവലംബിക്കുകയും ചെയ്യുന്നു. പിന്നോക്കാവസ്ഥയും അസന്തുലിതാവസ്ഥ എന്നന്നേക്കും നിലനിർത്തലും ആണ് ഇതിൽനിന്നുളവാകുന്നത്. സംസ്ഥാനങ്ങളിലെ ആസൂത്രണം, അവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമാക്കുന്നില്ല എന്നുമാത്രമല്ല അഖിലേന്ത്യാ വികസനത്തിന്റെ യഥാർഥാവശ്യങ്ങൾക്ക്തന്നെയുംഅനുസൃതമാക്കുന്നില്ല.

ഏറെക്കാലമായുള്ള രാഷ്ട്രീയവും സാമ്പത്തികവും ആയ അധികാരങ്ങൾ കേന്ദ്രത്തിൽ ഇങ്ങനെ കേന്ദ്രീകരിച്ചുപോന്നതുകാരണം ഭരണഘടനയിൽ എന്തെങ്കിലും ഫെഡറൽ ഘടകാംശങ്ങളുണ്ടായിരുന്നെങ്കിൽ അവയിൻമേലെല്ലാം കയ്യേററം നടത്തിപ്പോരുകയായിരുന്നു ചെയ്തത്. അടിയന്തരാവസ്ഥയും അക്കാലത്ത് പ്രാബല്യത്തിൽ വരുത്തിയ ഭരണഘടനാഭേദഗതിനിയമങ്ങളുംവഴി സംസ്ഥാനഗവൺമെൻറുകളുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ കേന്ദ്ര റിസർവ് പൊലീസ് സേനയെ സംസ്ഥാനങ്ങളിലേക്ക് അയക്കാനും അങ്ങനെ സംസ്ഥാനങ്ങളിൽ കൊണ്ടിറക്കപ്പെടുന്ന ഈ സേന കേന്ദ്രത്തിന്റെ ആജ്ഞാനുസരണംമാത്രം പ്രവർത്തിക്കണമെന്ന് അനുശാസിക്കാനും കേന്ദ്രത്തിന് കഴിയുമാറാക്കി. അങ്ങേയററത്തെ കേന്ദ്രീകരണത്തിന്റെ പ്രക്രിയയുടെ സംഗ്രഹിതരൂപങ്ങളായിരുന്നു ഇവയെല്ലാം.

രാജ്യത്തിന്റെ ഏതുഭാഗത്തും ഉയർന്നുവരുന്ന ഏത് പ്രശ്നത്തിലും ഇടപെടാനും അത് കൈകാര്യം ചെയ്യാനും വേണ്ടത്ര അധികാരം, ഭരണഘടന കേന്ദ്രത്തിന്റെ കരങ്ങളിൽ സജ്ജമാക്കിക്കൊടുത്തിരുന്നു. ഇതോടൊപ്പം ഒരേ പാർടിതന്നെ മുപ്പതുവർഷക്കാലം കേന്ദ്രത്തിൽ അധികാരത്തിൽ ഇരിക്കുകയും അതേ പാർടിതന്നെ മിക്ക സംസ്ഥാനങ്ങളിലും അധികാരത്തിലിരിക്കുകയും ചെയ്തതുമൂലം കേന്ദ്രം സ്വയം ഏറെറടുത്ത അധികാരങ്ങളും ഉണ്ട്. ബൃഹത്തായ ഈ

അധികാരങ്ങൾ, സംസ്ഥാനങ്ങളിൽ ക്രമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പ്രതിപക്ഷപാർടികൾക്കെതിരായാണ് പലപ്പോഴും ഉപയോഗിച്ചുവന്നത്. ഗവർണരുടെ അധികാരങ്ങളുടെ ദുരുപയോഗംവഴി ഭരണകക്ഷിയുടെ ന്യൂനപക്ഷമന്ത്രിസഭകൾ സംസ്ഥാനങ്ങളിൽ സ്ഥാപിക്കുകയും തെരഞ്ഞെടുപ്പിലെ ജനവിധിയെ വ്യർഥമാക്കുകയും ചെയ്തുവന്നു.

അതുപോലെതന്നെ സംസ്ഥാന നിയമസഭകൾ അംഗീകരിച്ചയക്കുന്ന ബില്ലുകൾക്ക് പ്രസിഡൻറിൻെറ അനുമതി നൽകാതെ, സംസ്ഥാനങ്ങളുടെ പുരോഗമനപരമായ നിയമനിർമാണനടപടികളെ അട്ടിമറിക്കുന്നതിലും കേന്ദ്രം വിജയിച്ചുപോന്നു.

1957-59-ലെ കേരളഗവൺമെൻറ് തുടങ്ങിവച്ച ഭൂപരിഷ്കരണത്തിൻെറയും വിദ്യാഭ്യാസപരിഷ്കരണത്തിൻെറയും പ്രക്രിയയെ കേന്ദ്രം തടസ്സപ്പെടുത്തി. ഈ അടുത്തകാലത്ത് പശ്ചിമബംഗാളിലെ ഇടതുപക്ഷഗവൺമെൻറ് അംഗീകരിച്ചയച്ച ഭൂപരിഷ്കരണനിയമത്തിന് അത് പാസ്സാക്കിക്കഴിഞ്ഞിട്ട് മാസങ്ങളോളം ആയെങ്കിലും ഇതുവരെ പ്രസിഡൻറിൻെറ അംഗീകാരം നൽകിയിട്ടില്ല. രഹസ്യബാലററിൻെറ അടിസ്ഥാനത്തിൽ ട്രേഡ്യൂണിയനുകൾക്ക് അംഗീകാരം നൽകുന്ന നടപടി, നേരത്തേയുള്ള ഒരു ഇടതുപക്ഷ ഗവൺമെൻറ് കൈക്കൊണ്ടതിനെയും പ്രസിഡൻറിൻെറ അംഗീകാരം നൽകാതിരിക്കുന്ന ഇതേതന്ത്രം ഉപയോഗിച്ച് നിർവഹിക്കുകയാണുണ്ടായത്. സംസ്ഥാനത്തെ ഉപരിസഭ നിർത്തലാക്കുന്ന ആന്ധ്രാ ഗവൺമെൻറിൻെറ ബില്ലിനെയും തടസ്സപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയുടെ ഐക്യം സംരക്ഷിക്കാനും ജനാധിപത്യം കാത്തുസൂക്ഷിക്കാനും ആസൂത്രിതസാമ്പത്തികവികസനം ഏകോപിക്കാനും അവശ്യമായുംവേണ്ടത് കേന്ദ്ര—സംസ്ഥാനഗവൺമെൻറുകളുടെ പ്രവർത്തനങ്ങളുടെ യഥാർഥ ഏകോപനമാണ്. അതുകൊണ്ടാണ് ഞങ്ങളുടെ പാർടി സംസ്ഥാനങ്ങൾക്ക് സ്വയംഭരണാവകാശം വേണമെന്ന് നിർദേശിക്കുന്നത്. ഇതില്ലാതെയിരുന്നാൽ ഇന്ത്യയുടെ ഐക്യം സുസ്ഥിരമായിരിക്കില്ല. ഒരൊററ ജനതയെന്നും ഒരൊററ രാജ്യം എന്നുമുള്ള വികാരത്തിന് ദൗർബല്യം സംഭവിക്കും. വിഘടനശക്തികളുടെ ആക്രമണത്തിനെതിരായി അവശ്യം വേണ്ടത് ഐക്യത്തെക്കുറിച്ചുള്ള സുശക്തമായ ബോധവും അതിനായുള്ള ആവേശവുമാണ്. ഈ ആവശ്യം നിർവഹിക്കപ്പെടുന്നതിന് സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം വളരെയേറെ സഹായകമാകും. സംസ്ഥാന നിയമസഭകൾക്കും ഗവൺമെൻറുകൾക്കും അവയെ തെരഞ്ഞെടുക്കുന്ന ജനങ്ങളുടെ ആഗ്രഹങ്ങളും ആദർശങ്ങളും നിറവേററാൻ വേണ്ടത്ര സ്വാതന്ത്ര്യവും അധികാരങ്ങളും കൂടിയേതീരൂ. സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട നിയമസഭകൾക്കും ഗവൺമെൻറുകൾക്കും ഈ

സ്വാതന്ത്ര്യം നിഷേധിക്കുന്നതും, അതുവഴി കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന കക്ഷിയുടെ ആജ്ഞ ലഭിക്കൽ മാത്രമാണ് കാര്യമായിട്ടുള്ളതെന്ന തോന്നലുളവാക്കുന്നതും ഫെഡറൽഘടകങ്ങളെ വെറും ആശ്രിതഘടകങ്ങൾ മാത്രമായി താഴ്ത്തുകയായിരിക്കും ചെയ്യുന്നത്. അത് ഇന്ത്യൻ ജനാധിപത്യത്തിൻെറ ഒരു കൈവെട്ടിമാററിക്കളയുന്നതിന് തുല്യമായിരിക്കും.

ഞങ്ങളുടെ പാർടി ഈ പ്രശ്നത്തിന് ശരിയായ ഒരു പരിഹാരം ഉണ്ടാകുന്നതുകൊണ്ട് *സ്വയമേവ* ഇന്ത്യൻജനതയുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാകുമെന്ന് വിശ്വസിക്കുന്നില്ല. അവയുടെ പരിഹാരം സമൂഹത്തിൻെറ അടിസ്ഥാനസംവിധാനംതന്നെ മാററിത്തീർക്കുന്നതുമായി ബന്ധപ്പെട്ടതാണ്. എങ്കിലും സംസ്ഥാനങ്ങളെ സ്വയംഭരണാവകാശംകൊണ്ട് സജ്ജമാക്കുന്നതും, കേന്ദ്രത്തിൻെറയും ഭരണകക്ഷിയുടെയും ഏകാധിപത്യപരമായ പിടിമുറുക്കത്തിന് അയവ് വരുത്തുന്നതും സംസ്ഥാനങ്ങളുടെയും കേന്ദ്രഗവൺമെൻറിൻെറയുംമേൽ നിക്ഷിപ്തതാൽപര്യങ്ങൾക്കുള്ള സ്വാധീനശക്തിക്കെതിരായി സമരം ചെയ്യാൻ ജനങ്ങൾക്ക് സഹായകമാകും.

ഇന്ന് കേന്ദ്രം ഭരിക്കുന്നപാർടി, പല സംസ്ഥാനങ്ങളിലെ ഭരണത്തിൻെറ ചുമതല വഹിക്കുന്നില്ല. അതുകൊണ്ടുതന്നെ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ശരിയായ രീതിയിലുള്ള ഒരു അധികാരപുനർവിഭജനത്തിൻെറ പ്രശ്നത്തിന് കൂടുതൽ അടിയന്തരസ്വഭാവം കൈവരുന്നു. അങ്ങനെയായാൽ മാത്രമേ സംസ്ഥാനതലത്തിൽ തെരഞ്ഞെടുപ്പിൽ വിജയിക്കുന്ന പാർടിക്ക് ജനങ്ങൾ നൽകുന്ന രാഷ്ട്രീയോദ്ദേശ്യത്തിന് പ്രാധാന്യം ലഭിക്കുകയുള്ളു.

### *ഭാഗം 2:* നിയമനിർമാണപരമായ ബന്ധങ്ങൾ

മേൽപ്പറഞ്ഞതിൽനിന്നും ചോദ്യാവലിയിൽ ഉറപ്പിച്ച് പറയുന്ന, താഴെ ഉദ്ധരിച്ച്ചേർത്ത ഭാഗത്തിലുള്ള കാഴ്ചപ്പാടിനോട് ഞങ്ങൾ യോജിക്കുന്നില്ലായെന്ന് കാണാം. ''സാധാരണ സന്ദർഭങ്ങളിൽ സംസ്ഥാനങ്ങൾക്ക് ഗണ്യമായ തോതിൽ നിയമനിർമാണാവകാശം ഉറപ്പുവരുത്തുന്ന തരത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നിയമനിർമാണാധികാരവിഭജനത്തിൻെറ നിലവിലുള്ള വ്യവസ്ഥയിൽ അടിസ്ഥാനപരമായി തെററൊന്നുമില്ല'' എന്ന കാഴ്ചപ്പാടിനോടാണ് ഞങ്ങൾക്ക് യോജിപ്പില്ലാത്തത്. നേരെമറിച്ച് ഭരണഘടനയിൽ എഴുതിച്ചേർത്തിട്ടുള്ള മററ് പല വ്യവസ്ഥകളുടെയും കാര്യത്തിലെന്നപോലെ നിയമനിർമാണാധികാരങ്ങളുടെ വിഭജനവും ബ്രിട്ടീഷുകാർ ഉണ്ടാക്കിയ 1935-ലെ മുൻഭരണഘടനാനിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നതിൻെറ ആവർത്തനം ആണ്. ആ നിയമത്തിൻെറ വ്യവസ്ഥയാകെ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ മനഃസാക്ഷിക്ക്

അങ്ങേയററം വെറുപ്പ് ഉളവാക്കിയിരുന്നതാണെന്നും അതുകൊണ്ടു തന്നെ കോൺഗ്രസ്പാർടി അതിലെ ഫെഡറൽഭാഗത്തെ പാടേ തള്ളിക്കളഞ്ഞിരുന്നു എന്ന കാര്യം അനുസ്മരിക്കുമല്ലൊ. പ്രാദേശിക സ്വയംഭരണാവകാശം സംബന്ധിച്ച ഭാഗംപോലും വികലമായിരുന്നു. അതുകൊണ്ടാണ് ചില സംസ്ഥാനങ്ങളിൽ ഭൂരിപക്ഷം നേടിയ കോൺഗ്രസ് മന്ത്രിസഭാരൂപീകരണത്തിന് സമ്മതിക്കുന്നതിനുമുമ്പ്, ഗവർണർമാർ അവരുടെ പ്രത്യേകാധികാരങ്ങരം ഉപയോഗിക്കില്ലെന്ന ഉറപ്പ് കിട്ടണമെന്ന് ആവശ്യപ്പെട്ടത്.

കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള അധികാരവിഭജനത്തിൻെറ കാര്യത്തിലേക്ക് കടന്നാൽ സംസ്ഥാനസ്വയംഭരണാവകാശം യഥാർത്ഥത്തിൽ നിഷേധിക്കപ്പെടുന്ന തരത്തിൽ സർവവ്യാപകമായതാണ് യൂണിയൻെറ അധികാരങ്ങളുടെ പട്ടികയും കേന്ദ്രത്തിനും സംസ്ഥാനങ്ങരംക്കും ഒരേ സമയത്ത് അധികാരം പ്രയോഗിക്കാവുന്നവയുടെ സമാന്തരപ്പട്ടികയും (കൺകറൻറ് ലിസ്ററ്). ഇതിനുംപുറമെയാണ് 'ദേശീയതാൽപര്യ'ത്തിൻെറയും 'പൊതുതാൽപര്യ'ത്തിൻെറയും പേരിൽ സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽമാത്രം വരുന്ന ചില വിഷയങ്ങളിൽപോലും പാർലമെൻറിന് നിയമനിർമാണം നടത്താനുള്ള അധികാരം നൽകുന്ന വ്യവസ്ഥ. കൂടാതെ സംസ്ഥാനം അംഗീകരിക്കുന്ന സുപ്രധാനമായ നിയമനിർമാണനടപടികരം പ്രസിഡൻറിൻെറ അംഗീകാരത്തിനായി *സംവരണം* ചെയ്തുവെക്കാൻ ഗവർണർക്ക് നൽകപ്പെട്ടിട്ടുള്ള അധികാരം. അതുപോലെതന്നെ പ്രസിഡൻറിൻെറ പേരിൽ അധികാരം വിനിയോഗിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറ് നിയമസഭകരം അംഗീകരിക്കുന്ന ബില്ലുകരംക്ക് അംഗീകാരം നൽകാതെ മാററിവെക്കുന്നതും സംസ്ഥാനങ്ങളുടെ നിയമനിർമാണാധികാരാവകാശങ്ങളെ അപഹാസ്യമാക്കുന്നു.

അതുകൊണ്ട് സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ഞങ്ങരംക്ക് നിർദേശിക്കാനുള്ളത്, ഭരണഘടനയുടെ 248-ാം വകുപ്പിൽ താഴെപ്പറയുംപ്രകാരമുള്ള ഒരു ഭേദഗതി വരുത്തണമെന്നാണ്:– യൂണിയൻെറ പട്ടികയിലോ സമാന്തരപട്ടികയിലോ ഉരംപ്പെടുത്തിയിട്ടില്ലാത്ത ഏതു് വിഷയത്തെ സംബന്ധിച്ചും നിയമനിർമാണം നടത്താനുള്ള അധികാരം സംസ്ഥാനങ്ങരംക്കു മാത്രമായി ഉണ്ടായിരിക്കും. (ഈ അധികാരം ഇപ്പോരം പാർലമെൻറിനായി സംവരണം ചെയ്തിരിക്കുകയാണ്). മററുതരത്തിൽ പറഞ്ഞാൽ ഫെഡറേഷൻെറ "അവശിഷ്ടാധികാരങ്ങരം സംസ്ഥാനങ്ങരംക്കായിരിക്കണം, കേന്ദ്രത്തിനായിരിക്കരുത്" എന്നാണ് നിർദേശം. തങ്ങരംക്കായി നീക്കിവെച്ചിട്ടുള്ള മേഖലകളിൽ പൂർണാധികാരം വിനിയോഗിക്കുമ്പോരം കേന്ദ്രഗവൺമെൻറിനായി നീക്കിവെച്ചിട്ടുള്ള മേഖലകളിലേക്ക് അതിലംഘിച്ച് കടക്കാതിരിക്കാൻ സംസ്ഥാന

ങ്ങൾ ശ്രദ്ധിക്കണം. ഒരു സംസ്ഥാനവും മററ് സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾക്ക് അപകടം വരുന്ന തരത്തിൽ തങ്ങളുടെ അധികാരം വിനിയോഗിക്കാൻ പാടില്ല.

സംസ്ഥാനപട്ടികയിൽപ്പെട്ട വിഷയങ്ങളിൽ ദേശീയതാൽപര്യങ്ങളുടെ പേരിൽ നിയമനിർമാണം നടത്താൻ കേന്ദ്രത്തിന് അംഗീകാരം നൽകുന്ന 249-ാം വകുപ്പ് എടുത്തുകളയണം.

സംസ്ഥാനമേഖലയുടെ വ്യാപ്തി വർധിപ്പിക്കുന്നതോടൊപ്പം, കേന്ദ്രഭരണാധികാരത്തിനുമാത്രം ചെയ്യാൻ കഴിയുന്നതും, ഏതെങ്കിലും ഒരു സംസ്ഥാനത്തിനുമാത്രമായി ചെയ്യാനാവാത്തതുമായ ദേശരക്ഷ, വിദേശവ്യാപാരം ഉൾപ്പെടെയുള്ള വിദേശകാര്യങ്ങൾ, നാണയകാര്യങ്ങൾ, വാർത്താവിനിമയം, സാമ്പത്തികകാര്യ ഏകോപനം തുടങ്ങിയ വിഷയങ്ങളിൽ കേന്ദ്രത്തിൻെറ അധികാരം നിലനിർത്താനും ശക്തിപ്പെടുത്താനും ശ്രമിക്കുകയും ചെയ്യണം. ആസൂത്രണം, വിലനിർണയം, വേതനനിർണയം തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്കും കേന്ദ്രത്തോടൊപ്പം പ്രാതിനിധ്യമുള്ള ദേശീയവികസനസമിതി നിർണയിക്കുന്ന മാർഗനിർദേശങ്ങൾക്ക് അനുസൃതമായിരിക്കണം കേന്ദ്രം പ്രവർത്തിക്കേണ്ടത്. ഇപ്പോൾ ഈ വികസനസമിതിയോ ആസൂത്രണകമ്മിഷനോ ഭരണഘടനയിൽ വ്യക്തമായി പരാമർശിക്കപ്പെട്ടിട്ടില്ല. ഈ കുറവ് പരിഹരിക്കുന്നതിന് ഭരണഘടനയിൽ ഒരു പ്രത്യേകവകുപ്പ് (ആർട്ടിക്കിൾ) ചേർക്കണം. ആ വകുപ്പിൽ ദേശീയവികസന കൗൺസിൽ ജനാധിപത്യപരമായി പ്രവർത്തിക്കണമെന്ന് വ്യക്തമാക്കുകയും, വികസനസമിതിയാൽ നിയമിക്കപ്പെടുകയും, അതിനോട് ഉത്തരവാദിത്വമുള്ളതായിരിക്കുകയും ചെയ്യണം—ആസൂത്രണകമ്മിഷൻ എന്ന് വ്യവസ്ഥ ചെയ്യുകയും വേണം. ഇപ്പോൾ വികസനരാജ്യങ്ങൾക്കായുള്ള വായ്പകളും ഗ്രാൻറുകളും അനുവദിക്കുന്നതിൻെറ അധികാരം ആസൂത്രണകമ്മിഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അതുകൊണ്ടുതന്നെ കമ്മിഷൻെറ പ്രവർത്തനത്തെ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിൽ സംസ്ഥാനങ്ങൾക്കും പങ്കാളിത്തം ഉണ്ടാകേണ്ടത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

ഘനവ്യവസായങ്ങൾ, വിദ്യുച്ഛക്തി, ഖനിയെണ്ണ, കൽക്കരി, ഇറിഗേഷൻപദ്ധതികൾ തുടങ്ങിയവ ഒന്നിൽകൂടുതൽ സംസ്ഥാനങ്ങളെ ബാധിക്കുന്നതായതുകൊണ്ട് അവയെ യൂണിയൻപട്ടികയിൽ ചേർക്കണം. എന്നാലേ ഒരു പൊതുനയം അവ സംബന്ധിച്ചുണ്ടാകൂ. വ്യവസായങ്ങൾക്ക് ലൈസൻസ് നൽകൽ തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാരവിഭജനത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട മാററങ്ങൾ വരുത്തേണ്ടതുണ്ട്. ചില വിഭാഗം വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം സംസ്ഥാന

ങ്ങൾക്ക് മാത്രമായി മുഴുവൻ അധികാരവും ഉണ്ടായിരിക്കത്തക്കവണ്ണം ഏഴാംപട്ടിക മാററിത്തയ്യാറാക്കണം.

സംസ്ഥാനങ്ങളിൽ പ്രവർത്തിക്കാനായി കേന്ദ്രറിസർവ് പൊലീസ് സേനയെയും അത്തരം മററ് പൊലീസ് സേനയേയും സംഘടിപ്പിക്കാനുള്ള അധികാരം റദ്ദാക്കണം. ക്രമസമാധാനപാലനം, പൊലീസ് എന്നീ വിഷയങ്ങൾ പൂർണമായും സംസ്ഥാനങ്ങളുടെ മേഖലയായിരിക്കണം. കേന്ദ്രം സൃഷ്ടിക്കുന്ന പൊലീസ് സേനയുമായി ഈ കാര്യങ്ങളിൽ ഇടപെടാൻ പാടില്ല.

*ഭാഗം 3:* ഗവർണർ വഹിക്കേണ്ട പങ്ക്

ബ്രിട്ടീഷുകാർ മുമ്പ് രൂപീകരിച്ച ഭരണഘടനയിൽനിന്നെടുത്ത് 1950-ലെ ഭരണഘടനയിൽ എഴുതിച്ചേർത്ത മറെറാരു വ്യവസ്ഥയാണ് ഗവർണറുടെ അധികാരങ്ങളെ സംബന്ധിച്ച വ്യവസ്ഥ. ബ്രിട്ടീഷുകാരുടെ ഭരണഘടനയിൽ ഗവർണർ ബ്രിട്ടീഷ്ഗവൺമെൻറ് നിയമിക്കുന്നയാളും ഗവർണർജനറൽവഴി ബ്രിട്ടീഷ്ഗവൺമെൻറിനോട് ഉത്തരവാദിത്വമുള്ളയാളും ആയിരുന്നു. സ്വതന്ത്രഇന്ത്യയുടെ ഭരണഘടനയിൽ ഇത് സംബന്ധിച്ചു വരുത്തിയിട്ടുള്ള ഒരേയൊരു ഭേദഗതി ഗവർണർ കേന്ദ്രഗവൺമെൻറ് നിയമിക്കുന്നയാളായിരിക്കും എന്നത് മാത്രമാണ്. ഇതിൻെറ അർത്ഥം കേന്ദ്രത്തിലെ ഭരണകക്ഷിയുടെ ഒരു ഏജൻറായിരിക്കും എന്നതാണ്. യഥാർത്ഥത്തിൽ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് അവർക്കിഷ്ടമുള്ള ഗവൺമെൻറിനെ അധികാരത്തിലേററുന്നത് നിഷേധിക്കാനും അവർക്ക് വേണ്ടാത്ത ഗവൺമെൻറിനെ അവരോധിക്കാനുംവേണ്ടി ഗവർണറുടെ പദവിയെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ഭരണകക്ഷിയുടെ ''ഹൈക്കമൊൻഡിന്'' അലോസരം ഉണ്ടാക്കുന്ന ആ കക്ഷിയിലെതന്നെ ഏതെങ്കിലും ഒരു വിഭാഗത്തിൻെറ നേതാവിന് സ്ഥാനം നൽകാനായും ഈ പദവിയെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഗവർണർ 'നിഷ്പക്ഷത' പാലിക്കുന്ന ആളെന്ന് ആരെങ്കിലും അവകാശപ്പെട്ടാൽ അത് അപഹാസ്യമായിരിക്കും. ഈ പദവി നിർത്തലാക്കുകയാണ് വേണ്ടത്. അഥവാ അത് അസാധ്യമാണെങ്കിൽ സംസ്ഥാന നിയമസഭക്ക് വിശ്വാസമുള്ള ആരെയെങ്കിലും ആയിരിക്കണം ആ സ്ഥാനത്തേക്ക് നിയമിക്കേണ്ടത്. തെരഞ്ഞെടുക്കപ്പെട്ട നിയമസഭ മാറിയാൽ ഗവർണർ തുടർന്നും അധികാരത്തിലിരിക്കാൻ പാടില്ല. ഇന്നത്തെ സ്ഥിതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണനിർവഹണസ്ഥരായ മന്ത്രിസഭയും, നിയമസഭയോട് ഉത്തരവാദിത്വമില്ലാത്തതും കേന്ദ്രത്തിലെ ഭരണാധികാരികളോടുമാത്രം ഉത്തരവാദിത്വമുള്ള, സംസ്ഥാനത്തിൻെറ ഔപചാരികതലവനായ ഗവർണറും തമ്മിൽ അഭിപ്രായസംഘട്ടനങ്ങൾക്ക് ഇടനൽകുന്നു.

*ഭാഗം 4:* ഭരണകാര്യബന്ധങ്ങൾ

ഗവർണറുടെ പദവിയുടെ കാര്യങ്ങൾക്കു പുറമെ സംസ്ഥാനങ്ങളുടെ ഭരണകാര്യങ്ങളിൽ കേന്ദ്രത്തിന് നേരിട്ടോ, അല്ലാത്തതരത്തിലോ ഇടപെടാൻ സാധിക്കുന്ന തരത്തിലുള്ള മററ് പല വ്യവസ്ഥകളും ഉണ്ട്. ഇവയിൽ ഏററവും പ്രധാനപ്പെട്ട വ്യവസ്ഥകൾ, സംസ്ഥാന ഗവൺമെൻറുകളെ ഡിസ്മിസ് ചെയ്യാനും സംസ്ഥാനനിയമസഭകൾ പിരിച്ചുവിടാനും മററും കേന്ദ്രത്തിന് അധികാരം നൽകുന്നവയാണ്. ഇവയെ കുപ്രസിദ്ധമാംവിധം സങ്കുചിതകക്ഷിതാൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചിട്ടുമുണ്ട്.

സംസ്ഥാനങ്ങളിലേക്ക് നിയോഗിക്കപ്പെടുന്നവരാണെങ്കിലും കേന്ദ്രഗവൺമെൻറിൻെറ അച്ചടക്കനിയന്ത്രണങ്ങൾക്കും മേൽനോട്ടത്തിനും വിധേയമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട ഐ എ എസ്, ഐ പി എസ് തുടങ്ങിയ അഖിലേന്ത്യാസർവീസുകൾ നിർത്തലാക്കണം. കേന്ദ്ര-സർവീസുകളും സംസ്ഥാനസർവീസുകളും മാത്രം ഉണ്ടായിരിക്കുകയും അവയിലേക്കുള്ള നിയമങ്ങൾ യഥാക്രമം കേന്ദ്രഗവൺമെൻറും സംസ്ഥാനഗവൺമെൻറും നടത്തുകയും ചെയ്യുന്ന സംവിധാനമായിരിക്കണം. കേന്ദ്രസർവീസുകളിലെ ഉദ്യോഗസ്ഥർ കേന്ദ്രഗവൺമെൻറിൻെറയും സംസ്ഥാനസർവീസുകളിലെ ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട സംസ്ഥാനഗവൺമെൻറുകളുടെയും അച്ചടക്കനിയന്ത്രണത്തിലായിരിക്കണം. സംസ്ഥാനസർവീസുകളിലെ ഉദ്യോഗസ്ഥൻമാരുടെമേൽ കേന്ദ്രഗവൺമെൻറിന് അധികാരമൊന്നും ഉണ്ടായിരിക്കരുത്.

*ഭാഗം 5:* സാമ്പത്തികബന്ധങ്ങൾ

കേന്ദ്രം ഭരിക്കുന്ന പാർടി നയിക്കുന്ന ഗവൺമെൻറുകളുള്ള സംസ്ഥാനങ്ങൾ ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിൽനിന്നും സാർവത്രികമായ വിമർശനം ഇത്രയധികം ഉണ്ടായിട്ടുള്ളതായി ഭരണഘടനയുടെ മറെറാരു ഭാഗവും സാമ്പത്തികകാര്യവ്യവസ്ഥകളെ സംബന്ധിച്ച ഭാഗം പോലെയില്ല. സംസ്ഥാനഗവൺമെൻറുകൾ ഓരോ സാമ്പത്തികകാര്യകമ്മിഷൻെറയും മുമ്പാകെ തുടർച്ചയായി സമർപ്പിച്ചുവന്നിട്ടുള്ള മെമ്മോറാണ്ടങ്ങൾ നോക്കിയാൽ കാണാൻ കഴിയുന്നത് സാമ്പത്തികാധികാരങ്ങളുടെയും വിഭവങ്ങളുടെയും കാര്യത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള വിടവിൻെറ വ്യാപ്തി വളരെയേറെയാണെന്നതാണ്. അതുകൊണ്ട് സാമ്പത്തികകാര്യങ്ങളെ സംബന്ധിക്കുന്ന മേഖലയിലാകെ ഒരു അഴിച്ചുപണി നടത്തേണ്ടതുണ്ട്. പ്രതിരോധവകുപ്പും വിദേശകാര്യവകുപ്പും ഒഴികെ ഭാരിച്ച ചെലവുകൾ വഹിക്കേണ്ടിവരുന്ന മറെറല്ലാ ഭരണവകുപ്പുകളും സംസ്ഥാന ഗവൺമെൻറുകളുടെ അധികാരപരിധിയിലായിരിക്കെ, റവന്യുവരു

മാനമുണ്ടാക്കുന്ന ഇനങ്ങളെല്ലാം കേന്ദ്രത്തിന്റെ കയ്യിലാണ്.

കേന്ദ്രം എല്ലാ ഉറവിടങ്ങളിലൂടെയും ശേഖരിക്കുന്ന റവന്യുവരുമാനത്തിന്റെ 75 ശതമാനംവരുന്ന തുകയും വിവിധ സംസ്ഥാനങ്ങൾക്കായി വിഭജിപ്പിക്കത്തക്കവിധം ഫിനാൻസ് കമ്മിഷന് ലഭ്യമാക്കാനുതകുന്ന ഭേദഗതികൾ ഫിനാൻസ്കമ്മിഷനെ സംബന്ധിച്ചുള്ള ഭരണഘടനാവകുപ്പിൽ വരുത്തണം. ഇത് സംസ്ഥാനങ്ങളുടെ "ഭിക്ഷാംദേഹി" സ്ഥിതി അവസാനിപ്പിക്കാൻ ആവശ്യമാണ്. മൊത്തം വരുമാനത്തിന്റെ ഈ 75 ശതമാനം വരുന്ന തുക ഏത് തോതിൽ, ഏത് തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് വിഭജിക്കേണ്ടതെന്ന് ഫിനാൻസ് കമ്മിഷൻ തീരുമാനിക്കണം. റവന്യുവരുമാനത്തിന്റെ എത്ര തോതാണ് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ വിതരണം ചെയ്യേണ്ടതെന്നകാര്യം തീരുമാനിക്കേണ്ട ജോലി ഫിനാൻസ് കമ്മിഷനായിരിക്കരുത്. അതിന്റെ കടമ കേന്ദ്രം സമാഹരിക്കുന്ന മൊത്തം വരുമാനം ഏത് തോതിലാണ് സംസ്ഥാനങ്ങൾക്കിടയിൽ വിതരണംചെയ്യാനായി ആ വരുമാനത്തിന്റെ 75 ശതമാനം സൂക്ഷിക്കേണ്ടതെന്ന് തീരുമാനിക്കുക മാത്രമായിരിക്കണം. "നികുതികളിൽ നിന്നീടാക്കുന്ന മൊത്തം വരുമാനം, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ വിഭജിക്കുകയോ വിഭജിക്കാതിരിക്കുകയോ ചെയ്യുന്നതിനെ" സംബന്ധിച്ച് വ്യവസ്ഥചെയ്യുന്ന ഭരണഘടനാവകുപ്പ് 280 ഉപവകുപ്പ് 3 (എ) ഒഴിവാക്കുകയും സംസ്ഥാനങ്ങൾക്ക് വരുമാനത്തിന്റെ നിശ്ചിതതോതിലുള്ള തുക നീക്കിവെക്കുന്നതിനായുള്ള ശുപാർശ പ്രസിഡൻറിന് സമർപ്പിക്കേണ്ട ചുമതല ഫിനാൻസ്കമ്മിഷന് ആയിരിക്കണമെന്ന് ഉറപ്പുവരുത്തുന്ന തരത്തിൽ ആ വകുപ്പ് ആകെ മാററിയെഴുതുകയും ചെയ്യണം. സ്വന്തം നിലക്ക് നികുതികൾ ചുമത്താനും അവരവരുടെ സംസ്ഥാനം, പൊതുവായ്പ എടുക്കേണ്ടതിന്റെ പരിധി നിർണയിക്കാനും ആവശ്യമായ കൂടുതൽ അധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകണം. ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനായി ഏഴാംപട്ടിക, യൂണിയൻപട്ടിക, സംസ്ഥാനപട്ടിക, സമാന്തരപട്ടിക എന്നിവയും ഉചിതമായ രീതിയിൽ ഭേദഗതിചെയ്യണം.

## *ഭാഗം 6:* സാമ്പത്തിക-സാമൂഹിക ആസൂത്രണം

ആസൂത്രണവും സാമ്പത്തികവികസനത്തിന്റെ ഏകോപനവും കേന്ദ്രത്തിന്റെ ചുമതലയായിരിക്കണമെന്നും, എന്നാലത് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യപ്രാതിനിധ്യമുള്ള ദേശീയവികസനസമിതിയിൽക്കൂടി ജനാധിപത്യപരമായ രീതിയിലായിരിക്കണം നിർവഹിക്കേണ്ടതെന്നും ഞങ്ങൾ മുകളിൽ വിശദീകരിച്ചിട്ടുണ്ട്. ആ

സമിതിയുടെ കാര്യനിർവഹണസംവിധാനം ആയിരിക്കണം ആസൂത്രണകമ്മിഷനെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആസൂത്രണത്തിൻെറ പ്രക്രിയയെ കേന്ദ്രഗവൺമെൻറും അതിനെ നിയന്ത്രിക്കുന്ന പാർടിയും തങ്ങളുടെ താൽപര്യങ്ങൾക്ക് ഉതകുംവിധം ഉപയോഗിച്ചു പോരുകയാണ് നിർഭാഗ്യവശാൽ ഇതുവരെ ചെയ്തത്. ഇതിനു പുറമെയാണ് പാപ്പരത്തം വെളിവാക്കപ്പെട്ടതരത്തിലുള്ള നയങ്ങൾ ഭരണകക്ഷി പിന്തുടർന്നുപോന്നത്. അതിൻെറ ഫലമായി ദേശീയ സമ്പദ്ഘടന ആകെ കുഴഞ്ഞിരിക്കുകയാണ്.

ഇതിൽനിന്നും ഉദ്ഭൂതമാകുന്ന പ്രതിസന്ധിക്ക് യഥാർഥ പരിഹാരം ആസൂത്രണനയങ്ങളാകെ തിരുത്തുന്നതിൽക്കൂടി മാത്രമെ ഉണ്ടാകൂ. ഒരുവേള ഇത് കമ്മിഷൻെറ പരിധിയിൽപ്പെട്ട നിയമപരവും ഭരണഘടനാപരവുമായ മാററങ്ങളുടെ പരിധിയിൽ വരുന്നതല്ലായിരിക്കാം. എങ്കിലും, കേന്ദ്ര ആസൂത്രണത്തിൻെറ പേരിൽ (ഭരണകക്ഷി ആവശ്യപ്പെടുന്നതിതാണ്) കേന്ദ്രീകരണത്തിലേക്കുള്ള ത്വരിതമായ നീക്കത്തെയോ മററ് ചില പാർടികൾ ആവശ്യപ്പെടുന്നതുപോലെ കേന്ദ്രീകൃതാസൂത്രണം പാടെ ഉപേക്ഷിക്കാനുള്ള നീക്കത്തെയോ ഈ കമ്മിഷൻ അംഗീകരിക്കരുത് എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. സഹായങ്ങളുടെ രൂപീകരണത്തിലും അവ പ്രാവർത്തികമാക്കുന്നതിലും സംസ്ഥാനങ്ങൾക്ക് സജീവപങ്കാളിത്തം ഉറപ്പുവരുത്തുന്നതോടുകൂടിയുള്ള കേന്ദ്രീകൃതആസൂത്രണം അല്ലെങ്കിൽ കേന്ദ്രീകൃതമെങ്കിലും ജനാധിപത്യപരമായ മാർഗനിർദേശങ്ങളോടെയുള്ള സംസ്ഥാനസ്വയംഭരണാവകാശം ആണ് യഥാർഥ പരിഹാരമാർഗം.

## പലവക കാര്യങ്ങൾ

അവസാനമായി ഈ സംഗതത്തിൽ പ്രസക്തമായ കേന്ദ്ര-സംസ്ഥാനബന്ധങ്ങളുടെ മൂന്ന് വശങ്ങളെക്കുറിച്ച് സൂചിപ്പിക്കട്ടെ. അവ, ഭരണകാര്യങ്ങൾക്കായുള്ള ഭാഷ, തെരഞ്ഞെടുപ്പ് സംവിധാനം, ഇന്ത്യൻയൂണിയനകത്ത് കാശ്മീരിനുള്ള സവിശേഷപദവി എന്നിവയാണ്.

തങ്ങളുടെ ആവശ്യങ്ങൾക്ക് ഉതകുംവിധത്തിലുള്ള ഭാഷ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ തമ്മിൽ വളർന്നുവരുന്ന സാമ്പത്തിക–സാമൂഹിക–ബൗദ്ധികബന്ധങ്ങളുടെ പ്രക്രിയയിലൂടെ വളർന്നുവരും എന്ന കാഴ്ചപ്പാടാണ് ഞങ്ങളുടെ പാർടിക്കുള്ളത്. സ്വാഭാവികമായ ഈ പ്രക്രിയയിൽ, മററ് ഭാഷാവിഭാഗങ്ങൾക്കിടയിൽ ഏതെങ്കിലും ഒരൊററ ഭാഷയെ അടിച്ചേൽപിക്കേണ്ടതില്ല. അഹിന്ദി സംസ്ഥാനങ്ങളിലെ ആളുകൾ ഹിന്ദി പഠിക്കുന്നതിന് എല്ലാ പ്രോത്സാഹനവും നൽകുന്നതിനെ ഞങ്ങളുടെ പാർടി അനുകൂലിക്കുമ്പോൾത്തന്നെ എല്ലാ ഇന്ത്യൻഭാഷകളുടെയും സമത്വം അംഗീകരിക്ക

11755



പ്പെടണമെന്നും എല്ലാ നിയമങ്ങളും ഗവൺമെൻറ് ഉത്തരവുകളും കേന്ദ്രത്തിൻറ പ്രമേയങ്ങളും എല്ലാ ഭാഷകളിലും വിവർത്തനംചെയ്ത് നൽകണമെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. നിയമനിർമാണം, നീതിന്യായനിർവഹണം, വിദ്യാഭ്യാസമാധ്യമം എന്നീ നിലകളിൽ ഇംഗ്ലീഷ്ഭാഷയുടെ ഉപയോഗം ഉപേക്ഷിക്കണമെന്നും അതാത് സംസ്ഥാനങ്ങളിലെ ജനങ്ങളുടെ ഭാഷ അതിനുപകരം ഉപയോഗിക്കണമെന്നും ഞങ്ങൾ നിർദേശിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ തങ്ങളുടെ മാതൃഭാഷയിൽ പഠനം ലഭിക്കാനുള്ള ജനങ്ങളുടെ അവകാശം വിദ്യാഭ്യാസരംഗത്തെ ഉന്നതനിലവാരംവരെ ഉണ്ടായിരിക്കത്തക്ക വിധം അംഗീകരിക്കപ്പെടണം. ഉർദുഭാഷയും അതിൻറ ലിപിയും സംരക്ഷിക്കപ്പെടണം. നേപ്പാളിപോലുള്ള ഭാഷകൾകൂടി ഉൾപ്പെടും വിധം എട്ടാംപട്ടിക ഭേദഗതിചെയ്യണം.

ഇന്ന് നിലവിലുള്ള തെരഞ്ഞെടുപ്പ്സംവിധാനം ന്യൂനപക്ഷ വോട്ട് നേടുന്ന ഒരു പാർടിക്ക് പാർലമെൻറിലും നിയമസഭകളിലും ഭൂരിപക്ഷം വോട്ടുകൾകൊണ്ടുമാത്രം അധികാരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ്ഗവൺമെൻറ് പൗരസ്വാതന്ത്ര്യങ്ങളുടെയും ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളുടെമേൽ കടന്നാക്രമണം നടത്തി അടിയന്തരാവസ്ഥക്കാലത്തെ അനുഭവങ്ങൾ ഇതിൻറ ആപൽകരമായ പ്രത്യാഘാതങ്ങൾ വെളിവാക്കി. ഇതെല്ലാം ചെയ്തതാകട്ടെ 'പാർലമെൻറിൻറ പരമാധികാരം' ഉറപ്പിക്കുന്നതിൻറ പേരിലും അയൽ സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം എന്തെങ്കിലും അവശേഷിച്ചിരുന്നെങ്കിൽ അവയുടെമേലും ഖഡ്ഗം വന്നുപതിച്ചു.

അതുകൊണ്ട് ആനുപാതികപ്രാതിനിധ്യവ്യവസ്ഥയും തിരിച്ചുവിളിക്കപ്പെട്ട അവകാശവും പ്രാബല്യത്തിൽ വരുത്തണം

ഇന്ത്യൻയൂണിയനിൽ കാശ്മീരിന് നിലവിലുള്ള സവിശേഷപദവി നിലനിർത്തണം.

Library & Research

B. B. Nayar

എ കെ ജി പഠന ഗവേഷണ കേന്ദ്രം
തിരുവനന്തപുരം

# കേന്ദ്രസംസ്ഥാനബന്ധങ്ങൾ

സെമിനാർ

മെയ് 5–6, 1984

340-5

യൂണിവേഴ്സിറ്റി സ്റ്റുഡൻസ് സെൻറർ
തിരുവനന്തപുരം